032:3M852:12 F7 KOMALAM. SANKARAN NAIR.

032:3M852:12
F7

MURUGAN BINDING WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

032:3M852:12 F7
ANKARAN NAIR.
lam.

740

MUL
050740

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032:3M852:12.

Accession Number 50740

Available for loan from

This book should be returned on or before the date last marked below.

30 APR.

13 JUN 1968

19 DEC 1968

25 MAR 1970

26 AUG 1976

13 JUL 1987

20 MAY 1988

12 NOV 1993

51

# കോമളം

ഗ്രന്ഥകൎത്താ:

കെ. വി. ശങ്കരൻ നായർ എം. എ.

UNIVERSITY LIBRARY
17 MAR 1929
MADRAS

Printed and Published by
The Yogakshemam Co., Ltd., at
The Mangalodayam Press,
Trichur.

1927

വില 1 ക

50740
032:3M852:12
FF17

TO

MY UNCLE,

**M R Ry, K. V. KRISHNAN NAIR Avl., B. A., B. L**

## അദ്ധ്യായങ്ങൾ.


| | | |
|---|---|---|
| 1. | ചിത്രശലഭം. | 1 |
| 2. | കൂട്ടുമ്പുകടി. | 7 |
| 3. | ബന്ധനസ്ഥൻ. | 15 |
| 4. | മൃഗയാവിനോദം. | 22 |
| 5. | അക്ഷരശ്ലോകം. | 28 |
| 6. | ഒരു പന്തയം. | 35 |
| 7. | പ്രേമസമർപ്പണം. | 42 |
| 8. | മുറിഞ്ഞ മാല. | 49 |
| 9. | പുഴക്കത്ത് | 57 |
| 10. | സക്കാർ. | 66 |
| 11. | ഒരു ദശനം. | 75 |
| 12. | കാണാതെ പോയ കത്ത് | 85 |
| 13. | കുള(നുണ)ക്കടവ് | 93 |
| 14. | നുണയിണ | 100 |
| 15. | ഒരു സത്യം | 106 |
| 16. | ഒരു വികൃതവിവാഹം | 116 |
| 17. | വൈരമാല്യം | 124 |
| 18. | ചന്ദ്രികയും ചൂട്ടയും | 137 |
| 19. | തിരോധാനം | 147 |
| 20. | രഹസ്യവും പരസ്യവും | 157 |
| 21. | ആശാൻെറ മതം | 167 |
| 22. | പ്രഥമശിഷ്യ | 176 |
| 23. | വിചിത്രശലഭം | 185 |

UNIVERSITY LIBRARY
17 MAR 1929
MADRAS

# കോമള

## ഒന്നാം അദ്ധ്യായം.

### ചിത്രശലഭം.

തിരുവാററുപുഴയുടെ ഇരുകരകളിലുമുള്ള പാടങ്ങളിൽ വളരെ ദൂരത്തോളം ഇപ്പോഴും മുട്ടിന്നു മീതെ വെള്ളമുണ്ട്. കൎക്കടകമാസത്തിലെ മലവെള്ളത്തിന്റെ കലിപ്പ് ഏതാണ്ടു നിലച്ചു; ചുകപ്പുവൎണ്ണവും ഏറെക്കുറെ ഭേദപ്പെട്ടു; എന്നാൽ ചിങ്ങമാസത്തിൽ പത്തുപതിനഞ്ചു തിയതി കഴിഞ്ഞിട്ടുപോലും തിരുവാററുപുഴ അതിന്റെ പൂൎവ്വസ്ഥിതിയെ പ്രാപിച്ചുകഴിഞ്ഞിട്ടില്ല. യൌവനയുക്തകളായ തരുണീമണികൾക്കു തിരുവാതിരനക്ഷത്രം കഴിഞ്ഞാൽപോലും ഏതാനും ചില ദിവസങ്ങളോളം തിരുവാതിരക്കാലത്തു ലഭിച്ച ഉന്മേഷം നിലനില്ക്കുന്നതുപോലെ ഈ തിരുവാററുപുഴയും വൎഷം കഴിഞ്ഞാലും ചിങ്ങമാസാവസാനം വരെ ഇരുകരയും അതിന്റെ പക്ഷങ്ങൾകൊണ്ടു പൊതിഞ്ഞുതന്നെ കിടക്കുക പതിവാണ്. വിശാലമായ ആ പുഴയുടെ മറുകരയിലെന്നപോലെ അസ്തമയസൂൎയ്യൻ തിരോധാനം ചെയ്യാറായി. തന്റെ തങ്കക്കതിർമാലകളാൽ തിരുവാററു

പുഴയുടെ മദ്ധ്യത്തിൽകൂടി ഒരു സുവർണ്ണപഥം നിർമ്മിച്ചു, പുഴയുടെ കിഴക്കുഭാഗത്തുള്ള നീലമലയുടെ പശ്ചിമപാർശ്വം ആസകലം കാഞ്ചനകിരണങ്ങൾകൊണ്ടു മൂടി. ഏതാണ്ട് ഒരു നാഴിക നീളത്തിൽ, രണ്ടററവും തിരുവാററുപുഴയുടെ കൊച്ചുതിരകളാൽ തലോടപ്പെട്ടുകൊണ്ട് അർദ്ധചന്ദ്രാകൃതിയിൽ വളഞ്ഞുകിടക്കുന്ന നീലമല ചോലക്കരദേശത്തെ ആ താലൂക്കിന്റെ മററു ഭാഗങ്ങളിൽനിന്നും വേർതിരിച്ചിരിക്കുന്നു. തങ്കത്തകിടുപോലെ പശ്ചിമദേശത്തു പരന്നുകിടക്കുന്ന ജലാശയത്തിൽ തട്ടിവരുന്ന ഇളംകുളിർകാററുകൊള്ളുവാൻ ചോലക്കരക്കാരായ ജനങ്ങൾ നീലമലയുടെ പടിഞ്ഞാറെ ചരിവുകളിൽ സായാഹ്നസമയം സഞ്ചരിക്കാറു പതിവാണ്. എന്നാൽ ഒരു കെ. അഞ്ചുപത്തു വീടുകളും അവയിൽ പത്തുനൂറാളുകളും മാത്രമുള്ള ഈ ചെറുഗ്രാമത്തിൽ അന്യഗ്രാമങ്ങളെ അപേക്ഷിച്ചേടത്തോളം ജനവാസം തീരെ ഇല്ലെന്നുതന്നെ തോന്നത്തക്കവണ്ണം ആ ദേശം അത്ര ശാന്തവും ജനശൂന്യവുമായിരുന്നു.

ചമ്പകക്കാവുഭവനം നീലമലയുടെ പാർശ്വത്തിലാണു സ്ഥിതിചെയ്യുന്നത്. ആ ഭവനത്തിന്റെ കിഴക്കെ മുററത്തുനിന്നു കുറെ കല്പടികൾ കയറിപ്പോയാൽ അവരുടെ വക വിശാലമായ ഉദ്യാനത്തിൽ ചെന്നുചേരും. എന്നാൽ ഈ ഉദ്യാനത്തിനു ചമ്പകക്കാവ് എന്നു പേരല്ലാതെ അതിൽ ചമ്പകമൊ പനിനീരൊ മററു സുഗന്ധകുസുമങ്ങളൊ ഇതുവരെയും കണികാണ്മാൻ പോലുമുണ്ടായിരുന്നില്ല. ‘‘റോജാപ്പൂവില്ലാത്ത ഉദ്യാനം

ആ പേരിന്ന് അർഹിക്കുന്നില്ലെങ്കിൽ ഉദ്യാനം എന്ന പേര് അതിന്നു കൊടുക്കാതിരിക്കയാണുത്തമം. അതിൽ അധികമായി കാണുന്നതു്, സ്വല്പപ്രയത്നമാകുന്ന ചെറുചെടികളിൽ തൂങ്ങിക്കിടക്കുന്ന പൂർണ്ണകാമമാകുന്ന ഫലസമൃദ്ധിയാണ്. ശ്രീദേവിയുടെ തൂമന്ദഹാസം ഇടക്കിടെ ഓരോ ചെറുകുസുമങ്ങളിൽ കാണ്മാനുണ്ട്. വെണ്ടക്ക, വഴുതിനിങ്ങ, പയർ മുതലായ അനേകതരം ഫലങ്ങളാണ് ഈ ഉദ്യാനത്തിൽ എങ്ങും കാണ്മാനുള്ളതു്. കുലച്ച വാഴകളും, നാളികേരസമൃദ്ധങ്ങളായ തെങ്ങുകളുമാണ് ഇതിലെ ഒട്ടുമുക്കാലും മരങ്ങൾ. റോജപ്പൂവിന്റെയോ ശീമച്ചെടികളുടെയോ അഭാവം നിമിത്തം ചമ്പകക്കാവുതറവാട്ടിൽ ഒരാൾക്കും ഈ ഉദ്യാനം വെറുപ്പിന്നിടയാക്കീട്ടില്ലെന്നു മാത്രമല്ല, ഇതിലെ ഓരോ ചെടിയെക്കുറിച്ചും അതിലുള്ള ഓരോ ഫലത്തെക്കുറിച്ചും കോമളത്തിന്ന് ഓരോ പ്രത്യേകം കഥ പറയുവാനുമുണ്ടായിരുന്നു. തൊടിയുടെ ഒരററത്തുണ്ടായിരുന്ന ചെന്തെങ്ങിന്റെ ആദ്യത്തെ ഇളന്നീർ കൊഴിഞ്ഞുവീണപ്പോൾ കോമളം ഒരു ദീർഘശ്വാസം വിട്ട കഥ ചമ്പകക്കാവിലെ മരിച്ചുപോയ ഒരു മുത്തശ്ശി മുമ്പു പ്രത്യേകം പ്രസ്താവിക്കാറുണ്ടായിരുന്നു. അവർക്കെല്ലാം ആ തൊടിയിലെ ഓരോ ചെടിയും അവരുടെ പ്രാണനെപ്പോലെ ആയിരുന്നു. കാരണവർ നാരായണൻനായർ തറവാട്ടുവക വ്യവഹാരം കഴിഞ്ഞു മടങ്ങിവരുമ്പോൾ കൊണ്ടുവന്ന ഉറുമാവിൻതൈ കോമളം എത്രകണ്ടു സൂക്ഷിച്ചിട്ടാണു വളർത്തിയതെന്നും, അതിൽ ദൈവയോ

ഗാൽ പടൎന്നുപിടിപ്പാൻ തുടങ്ങിയ ഒരു കല്പവല്ലി ഒരു ദിവസത്തെ കാററിന്നു താഴെ വീണുപോയതു കണ്ടു കോമളം എത്ര മനോവേദനയാണു് അനുഭവിച്ചതെന്നു കോമളത്തിന്നു മാത്രമേ അറിയാവൂ. എന്തിനേറെ; ചമ്പകക്കാവുകാൎക്കു ഒരു നന്ദനോദ്യാനം അവരുടെ സ്വന്തം തൊടിതന്നെയായിരുന്നു.

പതിവുപോലെ കോമളം തൊടിയുടെ ഒരററത്തു് ഏതാണ്ടു നീലമലയുടെ വളരെ മേൽഭാഗത്തു് ഒരു പുൽത്തിണ്ണയിൽ കിടന്നുകാററു കൊള്ളുകയായിരുന്നു. നീലമല ഏതാനും അടിമാത്രം ഉയരമുള്ള ഒരു ചെറുകുന്നായിരുന്നു. അവിടെ ചെന്നിരുന്നു് അവൾ സായന്തനവിനോദത്തിന്നു സാധാരണ ശാകുന്തളം വായിക്കാറുണ്ടായിരുന്നു. അതിൽ ഒരു ഭാഗം വായിച്ചു തന്നെത്താൻ ആ നായകന്റെയോ നായികയുടെയോ നിലയെ കൈക്കൊണ്ടു് അവരുടെ മനോഭാവം അറിവാൻ ശ്രമിക്കയും അതു എത്രകണ്ടു കാളിദാസന്നു ഗ്രഹിപ്പാൻ കഴിഞ്ഞിട്ടുണ്ടെന്നു പരീക്ഷിക്കുകയുമായിരുന്നു അവളുടെ നേരമ്പോക്കു്.

ശാകുന്തളത്തിന്റെ അഭിനയത്തിലോ അനുഭവത്തിലോ ലയിച്ചുകൊണ്ടിരുന്ന കോമളത്തിന്റെ ദൃഷ്ടികൾ പെട്ടെന്നു് ഒരു ചെറുസ്ഫടികത്തിന്മേലാണു പതിഞ്ഞതു്. ആസംഗതമായി തന്റെ പുൽത്തിണ്ണയിൽ ഒരു പളുങ്കിൻകഷണം കണ്ടതിനാൽ കോമളം അതുസൂക്ഷ്മമായി പരിശോധിച്ചു. അതു് ഒരു ചെറിയ പളുങ്കുകുപ്പിയായിരുന്നു. അതിനുള്ളിൽനിന്നു് എന്തോ ഒന്നു

മിന്നുന്നുണ്ടായിരുന്നു. പുൽതിണ്ണയിൽ വിരിച്ചിരുന്ന മേൽമുണ്ട് എടുത്തു വേഗത്തിൽ പുതച്ചു. യാതൊരാളുടെയും വിശിഷ്യ യാതൊരു പുരുഷൻെറയും പ്രവേശനം സിദ്ധിക്കാൻ പതിവില്ലാത്ത ഈ ദിക്കിൽ ഇതിനെ "പണ്ടു കാണാത്ത പുതുമ" കണ്ടപ്പോൾ കോമളത്തിന്നു പെട്ടെന്നു പല പരിഭ്രമങ്ങളുമുണ്ടായി. താൻ ഏകയാണെന്നും, പതിനെട്ടു തികഞ്ഞ ഒരു കന്യകയാണെന്നും, താൻ വെറും ഉടുത്ത വസ്ത്രം മാത്രമായി ഒരു നേരിയമുണ്ടു പുൽതിണ്ണയിൽ വിരിച്ച് അവിടെ കിടക്കുകയാണെന്നും മററുമുള്ള ഓരോ കഥകൾ ഓർത്തു. വല്ലവരും അടുത്തുണ്ടാവരുമുണ്ടായിരിക്കുമോ എന്ന ഒരു ഭയം ജനിച്ചു. വക്ഷസ്സു മാച്ചു വിനീതയായി പതുക്കെച്ചെന്ന് ആ കുപ്പി എടുത്തുനോക്കി. അതിൽ ഒരു ചിത്രശലഭം മരിക്കാറായി പിടക്കുന്നതാണ് അവൾ കണ്ടതു്. അതിൻെറ വേദന അറിഞ്ഞു കോമളം വേഗത്തിൽ കുപ്പിയുടെ മൂടി തുറന്ന് അതിനെ പുറത്തു വിട്ടു. അതു് അവളുടെ ഇടത്തെക്കൈയിൽ കിടന്നു കുറച്ചുനേരം ആശ്വസിച്ചാറെ പറന്നുപോകയും ചെയ്തു.

കുപ്പി മണത്തു നോക്കിയപ്പോൾ അതിന്നുള്ളിൽ നിന്നു എന്തോ ദുസ്സഹമായ ദുർഗ്ഗന്ധം പുറപ്പെടുന്നുണ്ടെന്നു മനസ്സിലായി. നിരുപദ്രവിയായ ഒരു ചിത്രശലഭത്തെ പിടിച്ചു കുപ്പിയിലിട്ടടക്കത്തക്ക ക്രൂരത ഏതൊരു ഹൃദയത്തിന്നായിരിക്കാമെന്നു കോമളം വല്ലാതെ അത്ഭുതപ്പെട്ടു. ചെറുബാലകന്മാർ അവിടെവന്നു കളിക്കാറുള്ളകാലത്തു് —അവർ ചെറു'തുമ്പി'കളുടെ വാലിൽ ക

ടന്നുപിടിച്ച്, അവ പിടക്കുമ്പോൾ 'ഏട്ടത്തി' 'ഏട്ടത്തി' എന്നു പേടിച്ചു നിലവിളിക്കാറുണ്ടായിരുന്നു. അവരാരുംതന്നെ തൽക്കാലം അവിടെ ഇല്ലാതിരുന്നസ്ഥിതിക്കു തന്റെ ആരാമത്തിൽ കടന്നുവന്നു് ഈ വക അക്രമം ചെയ്യാൻ തുനിഞ്ഞതാരായിരിക്കുമെന്നു് അവൾക്കു വലിയ അത്ഭുതം തോന്നി. പക്ഷികളെ കൂട്ടിലിട്ടതു കണ്ടാൽതന്നെ കോമളത്തിന്നു വലിയ സങ്കടമായിരുന്നു. ചമ്പകശ്ശേരിയിൽ 'പാഞ്ചാലി' എന്ന ഒരു കിളിയുണ്ടായിരുന്നതിനെ കോമളമാണു് അവളുടെ കുട്ടിക്കാലത്തു് ഒരുദിവസം തുറന്നുവിട്ടതു്. അവൾ കിളിക്കൂട്ടിന്നരികത്തുനിന്നു കളിച്ചുകൊണ്ടിരിക്കുമ്പോൾ, "അമ്മേ! പാഞ്ചാലിക്കു്, ഓർമ്മയുണ്ടായിരിക്കയില്ലേ, അതിന്നും അതിന്റെ അമ്മയെ കാണേണ്ടേ" എന്നു പറഞ്ഞായിരുന്നു ആ കിളിയെ തുറന്നു വിട്ടിരുന്നതു്.

ഇന്നു് ഈ ചിത്രശലഭത്തേയും അവൾ രക്ഷിച്ചു.

എന്നാൽ തന്റെ ആരാമത്തിൽ കടന്നു വന്ന ആൾ—"അതു ഒരു പുരുഷനായിരിക്കും; പുരുഷന്മാർക്കല്ലാതെ ഈവക ക്രൂരത മററാർക്കുതന്നെയുണ്ടാകും!— ശകുന്തളയെ നിശ്ശേഷം മറന്ന ദുഷ്യന്തന്മാരല്ലേ പുരുഷന്മാർ? ദയാശൂന്യർ! ഇതും ഒരു പുരുഷന്റെ കർമ്മമാണു്." ഒരു പുരുഷനാണെന്നും അയാൾ അടുത്തെങ്ങാനുമുണ്ടായേക്കാമെന്നും ശങ്കിച്ചു കോമളം വീണ്ടും ഭയവിഹ്വലയായി നിശ്ശബ്ദയായി ശ്രദ്ധിച്ചുനോക്കി.

എന്നാൽ ആ പ്രദേശമെങ്ങും അപ്പോൾ നിശ്ശബ്ദ

മായിത്തന്നെയിരുന്നു. നേരവും സന്ധ്യ കഴിഞ്ഞു. അതിനാൽ ആ കുപ്പിയുംകൊണ്ടു കോമളം നേരേ വീട്ടിലേക്കു നടന്നു. അതിന്റെ ഉടമസ്ഥനെ കണ്ടുപിടിക്കേണമെന്നും അയാളെ കണക്കിൽ അധിക്ഷേപിക്കേണമെന്നും അവൾ മനസ്സാ ഉറപ്പിച്ചു.

---

## രണ്ടാം അദ്ധ്യായം.

### കട്ടുറുമ്പു കടി.

കേരളത്തിന്റെ ചില ഭാഗങ്ങളിൽ പരിഷ്കാരരശ്മി ലവലേശം തട്ടീട്ടില്ലാത്ത ചില കുഗ്രാമങ്ങൾ ഇന്നും കാണാവുന്നതാണ്. വളരെ ഉയരത്തിൽ മൂന്നു ഭാഗം നീലമലയും ഒരുഭാഗം അതിവിസ്തീർണ്ണമായ തിരുവാറുപുഴയും ചോലക്കരയെ ചുററിക്കിടക്കുന്നതിനാൽ ഈ ഗ്രാമത്തിൽ നിവസിക്കുന്ന ജനങ്ങൾ വളരെ ദുർല്ലഭമാണ്. അന്യദേശക്കാർ ഇവിടെ വന്നുപോകുന്നതോ അതിലും എത്രയോ ദുർല്ലഭം. പരിഷ്കാരത്തിന്റെ വേഗതയെ ജയിച്ചുകൊണ്ടു പരിഷ്കൃതരാജ്യങ്ങളെ നിശ്ശേഷം ഗ്രസിച്ചുവരുന്ന അതിമോഹവും അതൃപ്തിയും ലവലേശം തീണ്ടീട്ടില്ലാത്ത ചോലക്കരക്കാർ" അവരുടെ ഗ്രാമത്തിലുള്ള വസ്തുക്കൾകൊണ്ടു തൃപ്തിപ്പെടുകയാൽ അവക്ക് അന്യ ഗ്രാമക്കാരുമായി ഇടപെടുവാനും സംഗതിയായിട്ടില്ല. എന്നാൽ ചമ്പകക്കാവിലെ കാണ

വർ നാരായണൻനായർ മാത്രം ആ ഗ്രാമക്കാരുടെ പ്രതിനിധിയായി ചിലപ്പോൾ വ്യവഹാരാവശ്യാർത്ഥം അടുത്ത ഗ്രാമത്തിൽ പോവുക പതിവുണ്ട്. എന്നുമാത്രമല്ല, മതപ്രചരണാർത്ഥം ലോകമാസകലം തിരഞ്ഞുനടക്കുന്ന "പാതിരി"കൾ ഒന്നുരണ്ടു തവണ്, തിരുവാററുപുഴയിൽകൂടി യാത്ര ചെയ്യുമ്പോൾ ചോലക്കരയിൽ ഇറങ്ങീട്ടുമുണ്ട്. അപ്പോഴാണു കോമളം— എന്നുവേണ്ട ആ ഗ്രാമക്കാർ ആസകലം—അച്ചടിപുസ്തകം ഒന്നാമതായി കണ്ടതു്. അവർ സന്തോഷപുരസ്സരം സമ്മാനിച്ച "മാങ്ങ കക്കരുതു്", "യേശുദേവൻ",........................................എന്നിത്യാദി പുസ്തകങ്ങളും; കോമളം വിലകൊടുത്തു വാങ്ങിയ 'ശാകുന്തളം', 'ശീലാവതി' എന്നീ പുസ്തകങ്ങളും ആ ഗ്രാമക്കാരുടെ ഒശ്നസാമഗ്രികളായിത്തീൎന്നു. ഓലഗ്രന്ഥത്തിൽ എഴുതിപ്പഠിച്ച തൻെറ 'ശീലാവതി' അച്ചടിയിൽ കണ്ടപ്പോൾ കോമളത്തിന്നുണ്ടായ അത്ഭുതത്തിന്നു് അതിരുണ്ടായിരുന്നില്ല.

ചോലക്കര ഗ്രാമത്തിൻെറ പരിഷ്കാരസ്ഥിതി വായനക്കാർ ഇപ്പോൾ ഏതാണ്ടു ഗ്രഹിച്ചിട്ടുണ്ടായിരിക്കുമല്ലോ. ദുർഗ്ഗന്ധമുള്ള ഒരു കുപ്പിയിൽ ഒരു ചിത്രശലഭത്തെ ഇട്ടടക്കുക എന്ന കൎമ്മം ആരുടേതാണെന്നോ എന്തൊരുദ്ദേശത്തോടുകൂടി ചെയ്തതാണെന്നോ ആ ഗ്രാമീണകന്യകക്കു ലവലേശം ഗ്രഹിപ്പാൻ കഴിഞ്ഞില്ല. അവളുടെ ഹൃദയം ഭയത്തിൻെറയും ആശ്ചൎയ്യത്തിൻെറയും കളിനിലമായിത്തീൎന്നു. എന്നാൽ കോമ

ളുത്തിന്നു ആ പാഷാണക്കുപ്പിയെ സംബന്ധിച്ച അധിക വിവരം അറിവാൻ അതിധൃതിയായി. അന്നു രാത്രി മുഴുവനേയും കോമളം നിദ്രാരഹിതയായിത്തന്നെ കഴിച്ചു. കുറെ നേരം കിടക്കയിൽ കിടക്കും. വീണ്ടും എഴുനീറ്റു വിളക്കുകൊളുത്തി പാഷാണക്കുപ്പി സൂക്ഷ്മമായി പരിശോധിക്കും. അസാധാരണമായ ഈ സ്ഥിതി കണ്ടു കല്യാണിയമ്മ മകൾ കിടക്കുന്ന മുറിയിലേക്കു വരുമ്പോൾ അമ്മയുടെ കാലടിയൊച്ചകേട്ടു കോമളം വിളക്കണച്ചു വീണ്ടും ശയ്യയിൽ കിടക്കും. "കോമളം! നീ എന്തിനാണു വിളക്കുകൊളുത്തിയതു്?" എന്ന ചോദ്യത്തിന്നു വളരെ നേരം ആലോചിക്കാതെ തന്നെ കോമളം "അതോ, അമ്മേ; പിന്നെ, അതോ, ഞാൻ വെളക്കു കൊളുത്തിയതു പറയാം –" ഞാൻ — ഞാൻ ഈ നില വിളക്കു കൊളുത്തിയതു് — — അതേ – ഒരു കട്ടുറുമ്പു കുത്തീട്ടാണു്! "എന്നു മറുപടി കൊടുത്തു. അതുകേട്ടു കല്യാണിയമ്മമടങ്ങിപ്പോയപ്പോൾ കോമളം തലയിണയുടെഇടയിൽ മുഖം മൂടിക്കൊണ്ടു പൊട്ടിച്ചിരിപ്പാനും തുടങ്ങി.

കോമളത്തിനു ഒരു "കട്ടുറുമ്പു കുത്തു"കിട്ടിയതു വാസ്തവമാണു്. അവളുടെ മനസ്സിന്നു എന്തോ ഒരസ്വാസ്ഥ്യം നേരിട്ടിട്ടുണ്ടു്. തന്നെ ഏതോ ഒരു പുരുഷൻ കണ്ടിട്ടുണ്ടെന്നൊരു ശങ്ക ഒരു വിധം; ഏതോ ഒരാളുടെ ഒരു പാഷാണക്കുപ്പി തന്റെ അധീനത്തിൽ പെട്ടിട്ടുണ്ടെന്ന സന്തോഷം വേറൊരു വിധം; ഇക്കഴിഞ്ഞ പത്തു പതിനെട്ടുകൊല്ലമായിട്ടു താൻ തന്റെ മാതാവിൽ

നിന്നു യാതൊന്നും മറച്ചു വെച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഇപ്പോൾ താൻ എന്തിനാണു് ഈ പളുങ്കു കുപ്പിയുടെ കഥ മാത്രം രഹസ്യമായി വെച്ചതെന്ന ഒരു അത്ഭുതം മറെറാരുവിധം; വാസ്തവത്തിൽ ഒരു കട്ടുറുമ്പുകുത്തു തൻെറ ഹൃദയത്തിന്നു കിട്ടീട്ടുണ്ടെന്നു ഒരു ഭയം പിന്നെയൊരുവിധവും—ആകെ കോമളം അസ്വസ്ഥചിത്തയായിത്തന്നെ നേരം പുലർത്തി.

പ്രഭാതത്തിൽതന്നെ കോമളം തൊടിയിൽ ഓടിച്ചെന്നു ആ പാഷാണക്കുപ്പി സിദ്ധിച്ച സ്ഥലം വിണ്ടും സൂക്ഷ്മമായി പരിശോധിപ്പാൻ തുടങ്ങി. പെട്ടെന്നു ആരുടെയോ ഒരു ചവിട്ടടി ശബ്ദം കേട്ടതും കോമളം ഓടുവാൻ തുടങ്ങിയതും ഒന്നിച്ചു കഴിഞ്ഞു.

“അയ്യോ, ചെറിയമ്മയെന്താണീശ്വര! ഇങ്ങിനെ ഓടുന്നതു്?”

“ഹാ! ശ്രീദേവിയാണോ അതു്?

കോമളത്തിൻെറ പരിഭ്രമവും, ആ പരിഭ്രമം തൊടിയിൽ ചെടികൾക്കു വെള്ളം നനക്കുന്ന ദാസി ശ്രീദേവി കണ്ടുപോയോ എന്ന സംശയവും ഒക്കെ കൂടി, അതിയായ ഒരു ലജ്ജയായിട്ടാണു പുറത്തേക്കു പുറപ്പെട്ടതു്. പക്ഷെ, കോമളത്തിന്നു ലജ്ജ ഒതുക്കുവാൻ അധികസമയം വേണ്ടി വന്നില്ല.

ശ്രീദേവി—അല്ലാതെ, വല്ല ഭൂതമോ, പിശാചോ ആണെന്നു വിചാരിച്ചോ? എന്നാലെങ്കിലും എത്ര നന്നായിരുന്നു. കോഴി കൂവിയപ്പഴ് തുടങ്ങിയിരിക്കു

ന്നു. വെള്ളം കോരാൻ വേറെ ഒരൊററ ആളെങ്കിലു മുണ്ടോ! സഹായത്തിന്നു്?

കോമളം — അതിന്നല്ലേ ഞാൻ വന്നതു്.

ശ്രീ — എന്നിട്ടാണു് ഈ ഓട്ടമൊക്കെക്കണ്ടതു്. സഹായത്തിന്നു വന്നാൽ ഓടുകയാണു വേണ്ടതു് അല്ലേ ചെറിയമ്മേ! നല്ല കഥ. ഇതും ഉണ്ടോ ആ പുസ്തകത്തിൽ പറഞ്ഞിട്ടു്. എല്ലാററിന്നും ഒരു പ്രമാണം ഉണ്ടല്ലൊ.

കോ — ശ്രീദേവി, നീ എന്തൊരു സരസയാണു്! എത്രയായി; വെള്ളം നനച്ചു കഴിയാറായോ? ഞാനും ഒരു കുടമെടുത്തു കൊണ്ടുവരാം.

ശ്രീ — അതാ, വേണ്ട, ചെറിയമ്മേ! വല്യമ്മയങ്ങാൻ കണ്ടാൽ അതു മതി പിന്നെ. എൻെറ ചോററിൽ മണ്ണു വാരിയിടരുതേ. ചെറിയമ്മ വേണോ ഇതിന്നു വെള്ളം നനപ്പാൻ. എത്രപേരുണ്ടു ചമ്പകക്കാവിലെ ഉപ്പും ചോറും തിന്നുന്നവർ? ഓ! തെററി ഞാൻ പറഞ്ഞതു്. അതു മതി ഇനി ലഹളക്കൂട്ടാൻ! അതു മാത്രമല്ല, പുലരുന്നതുവരെ കൂട്ടയും തീയും, അതു വേറെയുമുണ്ടല്ലൊ. കാവൽ കിടക്കുകയാണത്രെ. ഇങ്ങിനെയുള്ളവർതന്നെ വേണം കാവലിന്നു്. അവരെത്തന്നെ എടുത്തുകൊണ്ടുപോയാൽ അവർ അറിയില്ല. നോക്കണം, ചെറിയമ്മെ! ഉറക്കിൻെറ ശക്തി. ഞാൻ ഈ കുടം എടുത്തു തൊടിക്കു വരുമ്പോൾ കാലിന്നു കണക്കിലൊരു ചവിട്ടു കൊടുത്തു. എന്നിട്ടുണ്ടോ കുംഭകർണ്ണൻ ഉണരുന്നു? അല്ലല്ലാ ഞാൻ ചവിട്ടിയതല്ലാ, ഞാനറിയാതെ ചവിട്ടിപ്പോയതാണേ!

കോ—അതാണു ശ്രീദേവിക്ക് ഒരു സഹായമില്ലെന്നു പറഞ്ഞതു്, അല്ലേ? കുറുപ്പു് എനിയും ഉറങ്ങി എഴുനീററിട്ടില്ലെ. ഈ തൊടി മുഴുവൻ രാവിലെ നീ തനിയെയാണോ നനസ്ക്കാറു പതിവു്! എന്തു കഷ്ടമാണു്! ഞാൻ പറഞ്ഞുകൊടുക്കാം അമ്മയോടു്.

ശ്രീ—അയ്യോ ചെറിയമ്മേ! അതും എന്റെ തലയിലാവും. വേണ്ട പറയരുതേ! ഇതാ ഞാൻതന്നെ മുഴുവനും നനസ്ക്കാം—

ശ്രീദേവി വീണ്ടും കുളത്തിലേയ്ക്കു വെള്ളം കോരുവാൻ ഇറങ്ങിയപ്പോൾ കോമളം അവളുടെ പ്രവൃത്തിയും നടത്തി. ആ സ്ഥലമെല്ലാം സൂക്ഷ്മമായി പരിശോധിച്ചു. അവിടെയെങ്ങും യാതൊരാളും വന്നുപോയതായി ഒരു ലക്ഷണവും കാണ്മാനുണ്ടായിരുന്നില്ല. വളരെ നേരം പരിശോധിച്ചാറെ, ഒരിടത്തിൽ കുറെ തള്ളിർപ്പുല്ലു് ഒരു കാലടിച്ചുവിട്ടേററു് അമൎന്നു കിടക്കുന്നതായി കണ്ടു. ആ തൊടിയുടെ വേലിയുടെ അടുത്തായിരുന്നതിനാൽ ആരോ അതിൽക്കൂടി ചാടിപ്പോയിട്ടുണ്ടെന്നു തീരുമാനിച്ചു.

ആരായാലും ആ പാഷാണകപ്പി അവിടെവെച്ചു മറന്നുപോയതായിരിക്കയാൽ അതെടുക്കുവാൻ എപ്പോഴെങ്കിലും വരുമെന്നു് ഒരു സംശയം ജനിച്ചു കോമളം തൊടിയിൽതന്നെ അങ്ങുമിങ്ങും നടന്നു. പതിവുപോലെയുള്ള പ്രഭാതസ്നാനവും മററും മുടങ്ങി. അന്നു കോമളത്തിനു വഴുതിനച്ചെടിയുടെ ഇടയിലെ പുല്ലു പറിച്ചുകളയുന്നതിലും, വരുന്നാണ്ടിലേയ്ക്കു വിത്തിനുവേണ്ടി ചില വെണ്ടക്കയുടെ വലിപ്പവും മൂപ്പുംനോക്കി വേറെതന്നെ

നിക്കിനിത്തുന്നതിലും മാറുമായിരുന്നു. സാധാരണത്തെ നിത്യകൃത്യത്തിനെക്കാൾ അധികം ഉത്സാഹം കണ്ടത്. അതിന്നിടയിൽ വഴതിനപ്പെടിയുടെ ഒരു മുള്ളു കുത്തി കോമളത്തിൻെറ കയ്യിൽ ഒരു ചെറിയ മുറിപററി. കോമളം അതറിഞ്ഞില്ല. അവളുടെ ചെറിയ മേൽമുണ്ടിൽ കറച്ചു രക്തമായി. ശ്രീദേവി വെള്ളം നനക്കുന്നതിന്നിടയിൽ അതു കണ്ടു. പക്ഷെ കല്യാണിയമ്മ പെട്ടെന്നു പതിവുപോലെ കാണ്മാറി അറുക്കുന്നതിന്നു തൊടിയിൽ കടക്കുകയും അവിടെ കോമളത്തെയും അവളുടെ മുണ്ടിൽ രക്തവും കാണുകയും ചെയ്കയാൽ ശ്രീദേവിക്ക് അതിനിടയിൽ ഒന്നും പ്രവൎത്തിപ്പാൻ സാധിച്ചില്ല.

ക—കോമളം! ഇതെന്താ കുട്ടി കളി വേണ്ടേ? എന്താണ് ഈ ചോരയൊക്കെ? എങ്ങിനെയാണ് പററിയത്?

ശ്രീ—ഞാൻ പറഞ്ഞു വല്യമ്മേ! വേണ്ട വേണ്ട എന്ന്. ഞാനില്ലേ, വല്ലതും പറിച്ചുകൊടുക്കാനാണെങ്കിൽ. ചെറിയമ്മതന്നെ ഇതിന്നിടയിൽ കൈയിടണോ? ചെറിയമ്മ എന്താണിവിടെ കാണിച്ചുതിശചരാ! ഓ ഹോ! മനസ്സിലായി! ഇതാ ഈ വഴതിനിയുടെ ഇടയിൽ ഒരു ചുവന്ന പൂവുണ്ട്. എവിടുന്നാണാവോ ഇവിടെ വന്നത് ഇത്. രണ്ടു ദിവസമായി കാണാൻ തുടങ്ങീട്ട്. ഞാനീ ലോകത്തിലൊന്നും കണ്ടിട്ടില്ല ഇങ്ങിനെയൊരു പൂവ്. എന്തൊരു വാസനയാണു വല്യമ്മേ! ഇതാ നോക്കു. ഞാൻ അറു

ത്തു തരാം. മുള്ളുണ്ട്. അതായിരിക്കാം ചെറിയമ്മയുടെ കയ്യിൽ കുത്തിയതു്.

കല്യാ— ഇതല്ലേ കോമളം രോജാപ്പൂ?

കോമളം— എനിക്കറിയില്ല. ഞാൻ പോണു.

കല്യാ— എന്തിനാണു പോകുന്നതു്. നോക്ക്. എന്തൊരു കളിയാണ്! ശ്രീദേവി, ഈ കുട്ടി ഇന്നലെ രാത്രി മുഴുവൻ ഉറങ്ങീട്ടില്ല.

ശ്രീ— അതെ വല്യമ്മേ! നേരം പുലരുമ്പഴ് ഇവിടെ വന്നിരിക്കുന്നു. ഞാൻ പുലരാൻ നാലു നാഴികയുള്ളപ്പഴേ ഇവിടെ ഇല്ലേ?

കല്യാ— അവളെ കട്ടുറുമ്പു കുത്തിയത്രേ ഇന്നലെ.

മാതാവിൻെറ കട്ടുറുമ്പിൻെറം കഥ കേട്ടപ്പോൾ കോമളം ഒന്നു പൊട്ടിച്ചിരിച്ചുപോയി.

സരസകളായ പെൺകിടാങ്ങൾ, അവരുടെ മനോവിചാരങ്ങളെ മററുള്ളവരിൽനിന്നു മറച്ചുവെയ്ക്കുവാൻ ചിലപ്പോൾ എന്തൊക്കെ മായാവിദ്യകളാണു പ്രയോഗിക്കുന്നതു്! മനസ്സിലെ വേദന തലയിലാണെന്നു നടിച്ചു എത്ര പെൺകിടാങ്ങൾ അനാവശ്യമായി തലയിൽ മരുന്നു വാർത്തു ബുദ്ധിമുട്ടിയിരിക്കും! ഈ കട്ടുറുമ്പിൻെറം കുത്തും ആ വകുപ്പിൽപെട്ട ഒന്നാണെന്നു കോമളത്തിന്നും നമുക്കും നിശ്ചയമുണ്ടല്ലൊ. അതുതന്നെയാണു കോമളത്തിൻെറ ആ ചിരിക്കും കാരണം.

## മൂന്നാം അദ്ധ്യായം.

ബന്ധനസ്ഥൻ.

ഉദ്ദിഷ്ടകാൎയ്യനിൎവ്വഹണത്തിൽ നേരിടുന്ന ഏതുതരം പ്രതിബന്ധവും നിഷ്പ്രയാസം ജയിക്കുവാൻ സ്ത്രീകൾക്ക് —വിശിഷ്യ, യുവതികൾക്ക് — ഉള്ള സാമൎത്ഥ്യം ഒന്നു വേറെതന്നെയാണ്. മഹാസമരങ്ങളിൽപോലും ശാന്തമായും ക്ഷമാപൂൎണ്ണമായും ആലോചിച്ച് അപകടങ്ങളെ അകററുവാനുള്ള മാൎഗ്ഗങ്ങൾ കണ്ടുപിടിപ്പാൻ അവർ പ്രത്യേകം സമൎത്ഥകളാണ്. ജീവിതസംഘാടത്തെ പ്രാരബ്ധക്കടലിൽക്കൂടി നയിക്കുന്നതിന്നു തീൎച്ചയായും അമരത്തിരിക്കുന്ന സഹധൎമ്മിണികളാണു സൎവ്വോപരി സഹായമായിത്തീരുന്നത്. ചെങ്കോലെടുത്ത മന്നന്മാൎക്കു ചെവിട്ടിലുപദേശിച്ചു രാജ്യഭാരം നിറവേററുന്നതിലും സിംഹാസനാരോഹം സ്വീകരിക്കുന്ന സ്ത്രീകൾക്കു തുലോം സാമൎത്ഥ്യമുണ്ട്. ചെററപ്പുരയിൽ ചിരട്ടയെടുത്തു കഴിക്കുന്ന ഇരപ്പാളിയുടെ നിസ്സഹായകളായ കൊച്ചുകിടാങ്ങളുടെ ജീവനെ നിലനിൎത്തിപ്പോരുന്നതും ഗൃഹഭരണത്തിൽ അതിസമൎത്ഥകളായ സ്ത്രീകളത്രേ.

സ്ത്രീ അബലയും നിസ്സഹായയുമാണെന്നാണു സാധാരണ പൊതുവിലുള്ള അഭിപ്രായമെന്നിരിക്കിലും, ഒരു യുവതിക്ക് അവളുടെ ഉദ്ദേശനിൎവ്വഹണത്തിന്നുള്ള കെൽപ്പും കോപ്പും സദാ സജ്ജമായിട്ടുണ്ടായിരിക്കും. അതിൽ മനസ്സുറപ്പിച്ചുകഴിഞ്ഞാൽ കാലദേശാചാരമത

ങ്ങൾ തൊട്ട യാതൊരു പ്രതിബന്ധമോ മരണംപോലു മോ അവളെ സ്വാഭിലാഷനിർവ്വഹണത്തിൽനിന്നു പിൻ വലിപ്പിക്കുവാൻ പര്യാപ്തമാകുന്നില്ല.

പിന്നെ തുലോം ശിഥിലകാര്യങ്ങൾ നിവൃത്തിപ്പാൻ അവൾക്കുണ്ടോ വല്ല പ്രയാസവും? കോമളത്തിന്റെ ഉദ്ദേശം ആ പാഷാണക്കുപ്പിയുടെ ഉടമസ്ഥനെ കണ്ടുപിടിക്കേണമെന്നു മാത്രമാണ്. "അതുമാത്രമാണ"ത്രേ!

നിസ്സഹായയും ലോകത്തെപ്പററി യാതൊരു അറിവും ഇല്ലാത്ത ഒരു കുഗ്രാമീണകന്യകയും ആയ കോമളത്തിനു് അയാളെ കണ്ടിട്ടു് എന്തു ഫലമാണ്? അയാളെ ശിക്ഷിപ്പാൻ അവൾക്കു യാതൊരു നിവൃത്തിയുമില്ല. പിന്നെ എന്തിനായിട്ടാണ് അവൾ അയാളെ കാണേണമെന്നു തീർച്ചയാക്കിയതെന്നു് അവൾക്കുതന്നെ ലവലേശം വിവരമില്ല.

മുൻകരുതലില്ലാത്ത പുരുഷന്മാരെന്നപോലെ മുൻകരുതലുള്ള സ്ത്രീകൾ എപ്പോഴും ആപൽക്കടത്തിൽ പെടുന്നതാണല്ലോ. നേരേമറിച്ചു തല്ക്കാലത്തെ ആലോചനയാണു സ്ത്രീകൾക്കു സർവ്വഥാ ഗുണപ്രദമായിത്തീരുന്നതു്. അതിൽ അവർ അതിസമർത്ഥകളുമാണ്. അതിനാൽ കോമളം മുൻകരുതലോടെ പ്രവർത്തിക്കാത്തതിൽ നമുക്കു വ്യസനിപ്പാനില്ല

ആ ഉടമസ്ഥനെ കാണേണമെന്നു "മാത്രം" ഉദ്ദേശമാക്കി കോമളം വൈകുന്നേരം പതിവിലും കുറെ മുമ്പുതന്നെ തൊടിയിലുള്ള തന്റെ പുൽത്തിണ്ണയുടെ നേരെ നടന്നു. തൊടിയിൽ കടന്നു കുറച്ചു ദൂരം ചെന്നാ

റെ അതിൽ കുറെ അകലെ നിന്നു രണ്ടുപേർ സംസാരിക്കുന്നതാണു് അവൾക്കു കേൾപ്പാനിടയായതു്. തലേന്നു ജനിച്ച വിസ്മയം ഒന്നുകൂടി വൎദ്ധിച്ചു. അതിൽ ഒരാളുടെ ശബ്ദം അപരിചിതമായും തോന്നി. തന്റെ കയ്യിലുണ്ടായിരുന്ന 'ശാകുന്തള'വും, പാഷാണക്കുപ്പിയും മേൽമുണ്ടിന്നിടയിൽ മറച്ചുപിടിച്ചു്, അടുത്തുണ്ടായിരുന്ന ഒരു വാഴക്കൂട്ടത്തിൽ ഒളിച്ചുനിന്നു് അവരുടെ സംഭാഷണം കേട്ടു.

"കാരണവരെ, ഞാനൊരു ഉദ്യോഗസ്ഥനാണു്."

"എന്തുദ്യോഗമാണെടാ നിനക്കു്. കണ്ട തൊടിയിൽ കടന്നു കായും കിഴങ്ങും കക്കുക. അല്ലേ? എനിക്കു വെറുതെയല്ല ചമ്പകക്കാവിലെ ഉപ്പും ചോറും. നിന്റെ പല്ലു കൊഴിക്കാനാണു്."

"ഞാൻ കള്ളനല്ല. ഞാനൊരു ബ്രിട്ടീഷുദ്യോഗസ്ഥനാണു്."

"എന്തു്? പ്രിട്ടീഷോ? എന്താണതു്?"

"സൎക്കാർ!"

"സൎക്കാറിന്നു പ്രിട്ടീഷ് എന്നാണെന്നോ പേരു്?"

"അതും ഒരു സൎക്കാറാണു്."

"പോടാ, കള്ളപ്പറങ്കി. മൂപ്പൎക്കറിയാത്ത ഒരു സൎക്കാറുണ്ടോ? മൂപ്പർ ഇങ്ങിനെ പറയാറില്ലല്ലോ?"

"ഏതാണു, കാരണവരേ, മൂപ്പർ?"

"എടാ, എന്റെ മൂപ്പർ; എന്റെ മൂപ്പർതന്നെ. എനിക്കു ചോറു തരുന്ന മൂപ്പർ? നാരായണൻനായരെ കേട്ടിട്ടില്ലേ നീ? എവിടുന്നാണു നീയിപ്പോൾ? ഈ

ലോകത്തിൽനിന്നല്ലേ? നാരായണൻനായരെ കേൾക്കാത്തവരും ഉണ്ടോ ലോകത്തിൽ? അയാൾ ഒരു പിട്ടിഷു സക്കാർ എന്നു പറയാറില്ലല്ലോ."

"അദ്ദേഹം പറയുന്ന സക്കാറിലെ ഒരുദ്യോഗസ്ഥനാണു ഞാൻ. എന്നെ കെട്ടിയിടരുതെ. എന്റെ കയ്യിലെ കയറഴിക്കണേ!"

"അതെല്ലാം പോട്ടെ, കുഞ്ഞേ. ഞാൻ വരുന്നതുവരെ ഇവിടെ നില്ക്കൂ."

"കാരണവർ ചാരായക്കടയ്ക്കാണോ?"

"എന്തിന്നു്?"

"കള്ളു കുടിക്കാൻ!"

"ഓഹോ! മനസ്സിലായിപ്പോയി, നിനക്കു്; അല്ലേ?"

"കാരണവരേ, എന്റെ കുപ്പായത്തിൽനിന്നു് ഈ ഉറുപ്പിക എടുത്തു് എന്റെ കയ്യിൽ തന്നിട്ടുപോകണേ!"

"എന്തു്, ഉറുപ്പികയോ?"

"അതെ."

"എന്നാൽ-പിന്നെ-പിന്നെ-അങ്ങിനെയാവട്ടെ! എന്നിട്ടു പോവാം."

"വേണ്ട. വേണ്ട. അതുംകൊണ്ടു കള്ളുകുടിക്കാൻ പോകുന്നേല്ലേ ഭാവം. ഞാൻ നിങ്ങളുടെ മൂപ്പരെ കാണട്ടെ! ഇതെല്ലാം അയാളോടു പറയും."

"ഹേ! എന്നാൽ അതു കഴിയട്ടെ. ഞാൻ നാളെ രാവിലെ വരാം. അതുവരെ അവിടെ നില്ക്കൂ!"

ചമ്പകക്കാവിലെ തൊടിയിൽ അവിടത്തെ ഭൃത്യൻ, വൃദ്ധനായ കണ്ണക്കുറുപ്പ് ഒരു ഗവർമ്മേണ്ടുദ്യോഗസ്ഥനോടു സംസാരിക്കുകയായിരുന്നുവെന്നു വായനക്കാർ ഗ്രഹിച്ചിരിക്കുമല്ലോ. വൈകുന്നേരം രണ്ടുമൂന്നു നാഴികപ്പകലുള്ളപ്പോൾ ഈ തൊടിയിൽ ചെറുപ്പക്കാരനായ ഒരാളെ കുറുപ്പു കണ്ടെത്തുകയും അയാൾ അപരിചിതനാകയാൽ ഒരു കള്ളനാണെന്നു നിശ്ചയിച്ചു പിടിച്ച് ഒരു തെങ്ങോടു കെട്ടുകയും ചെയ്തു. അതിവിശ്വസ്തനും സ്വാമിഭക്തിയിൽ അദ്വിതീയനും പക്ഷെ നിത്യകൃത്യത്തിൽ അണുവും പിഴക്കാത്ത ആളുമായ കണ്ണക്കുറുപ്പു പതിവുസമയമായപ്പോൾ കള്ളുകുടിപ്പാനും പോയി.

ഒരു യുവാവിനെ — അദ്ദേഹം ഒരുസമയം പാഷാണക്കപ്പിയുടെ ഉടമസ്ഥനാണെങ്കിൽതന്നെ — ഇങ്ങിനെ തൊടിയിൽ കെട്ടിയിട്ടതു കോമളത്തിനു് ഒട്ടും സഹിപ്പാൻ സാധിച്ചില്ല. ഇങ്ങിനെ ദയനീയമായ സ്ഥിതിയിൽ നിസ്സഹായനാക്കി അദ്ദേഹത്തെ കെട്ടിയിടുന്നതു് ഒട്ടും ഭംഗിയല്ലെന്നു കോമളത്തിന്റെ ഹൃദയം പലവുരുവും അവളോടു പറയാതിരുന്നിട്ടില്ല. എന്നാലും കപ്പായവും പാവുമുണ്ടുമായി ഉദ്യാനത്തിൽ ഏകനായി നില്ക്കുന്ന ഒരാളുടെ മുമ്പിൽ, ഉടുപുടവയും പുതച്ച ഒരു നേരിയ മുണ്ടുമായി കോമളത്തിന്നു് എങ്ങിനെയാണു പോവാൻ സാധിക്കുന്നതു്? അവൾ സ്വല്പനേരം കൂടി ആ വാഴക്കൂട്ടത്തിൽതന്നെ മറഞ്ഞുനിന്നു. അദ്ദേഹത്തെ സഹായിക്കേണമെന്ന മോഹവും, അതിന്നു

പ്രതിബന്ധമായ സീമാതീതമായ ലജ്ജയും കോമളത്തിന്റെ ഹൃദയത്തിൽ പോരാടി. അവൾ ക്ഷീണിതയായി. ദേഹം വിയർത്തു. വിറക്കുവാനും തുടങ്ങി.

ഒടുവിൽ ധൈര്യമവലംബിച്ചു കോമളം അയാളുടെ അടുത്തു ചെന്നു.

നവയൌവനയുക്തയായി, സുകുമാരഗാത്രയായ കോമളം, യൌവനദേവതയുടെ കളിമുററമായ അവളുടെ കാഞ്ചനകളേബരത്തിന്റെ നിസർഗ്ഗസൌന്ദര്യം മുഴുവനും പ്രത്യക്ഷമാകുംവിധത്തിൽ, ഏറെസ്സാധാരണമായ രീതിയിലുള്ള വസ്ത്രങ്ങളോടുകൂടി, അസ്തമയസൂര്യൻ കോരിച്ചൊരിയുന്ന തങ്കച്ചാററിൽ ആറാടിക്കൊണ്ടും, സ്വല്പപരവശയാകയാൽ കെട്ടഴിഞ്ഞുലഞ്ഞുവീണ കരിങ്കാർകൂന്തലിൽ മുഖബിംബം അല്പാല്പം മൂടിക്കൊണ്ടും, മാരുതകിശോരന്റെ കുട്ടിക്കളിയിൽനിന്നും തന്റെ ഉടുപുടവയുടെ അററം പിടിച്ചു യഥാസ്ഥാനത്തു നിൎത്തിക്കൊണ്ടും, ഗംഗാധരൻനായരുടെ മുമ്പിൽ ചെന്നപ്പോൾ അദ്ദേഹം തന്നെത്താൻ മറന്നു. വിവിധവൎണ്ണത്തിലുള്ള പട്ടുകൾകൊണ്ടു പൊതിഞ്ഞ പല പരിഷ്കൃതവേഷങ്ങൾ കണ്ടു പഴകിയ അദ്ദേഹത്തിന്റെ അക്ഷികൾ കോമളത്തിന്റെ അനാഡംബരസഹിതയായ തനിത്തങ്കമേനിയിൽ പതിഞ്ഞപ്പോൾ അദ്ദേഹത്തിന്ന് ഇഹലോകത്തിൽനിന്നും താൻ പരലോകത്തിൽ എത്തിയതായി തോന്നി. വാസ്തവത്തിൽ അതു പരദേശത്തിൽനിന്നും താൻ സ്വദേശത്തിൽ എത്തിയതുകൊണ്ടായിരുന്നു. ഈ ഇരുപത്തഞ്ചു വൎഷത്തിൽ ഈ

വിധം ഒരു ദർശനത്തിനുള്ള യോഗം അദ്ദേഹത്തിന്നു സിദ്ധിച്ചിട്ടില്ലെന്നും, ഈ ജീവിതത്തിൽ അദ്ദേഹത്തിന്നുണ്ടാകാനുള്ള മഹാഭാഗ്യം അപ്പോൾ സിദ്ധിച്ചുവെന്നും മറ്റുമുള്ള നാനാ ചിന്തകളിൽ അദ്ദേഹം എന്തുവേണ്ടുവെന്നറിയാതെ അന്ധനായി നിന്നതേയുള്ളു.

കോമളത്തിനാകട്ടെ, ഈ സ്ഥിതി എന്തോ ഒരു സുപരിചിതമായ ഒരു സന്ദർഭത്തെയാണ് അനുസ്മരിപ്പിച്ചതു്: ദുഷ്യന്തനെ സന്ദർശിച്ച ശകുന്തളയുടെ മനോഭാവത്തെ പലകുറിയും കോമളം അഭിനയിച്ച് അനുഭവിച്ചതായിരുന്നു ആ സന്ദർഭം. 'ദുഷ്യന്തൻ—ശകുന്തള' എന്നിങ്ങിനെ ഇരുവരേയും ചേർത്ത് ആലോചിച്ചപ്പോൾ കോമളത്തിൻെറ ലജ്ജ അനേകമടങ്ങു വർദ്ധിച്ചു. അവിടെനിന്നും തിരിച്ചോടി; അഥവാ ഓടുവാൻ തുനിഞ്ഞു.

അധികദൂരം പോകുംമുമ്പെ താൻ ഓടുവാൻ അശക്തയാണെന്നറിഞ്ഞു വീഴാതിരിപ്പാൻവേണ്ടി ഒരു വാഴയുടെ മറവിൽ ഇരുന്നു, കോമളം വീണ്ടും ആലോചിച്ചു. അദ്ദേഹത്തെ നിസ്സഹായനായി ബന്ധനത്തിൽ നിർത്തിപ്പോവുക എന്നതു മഹാ അധർമ്മം. കെട്ടഴിപ്പാൻ അദ്ദേഹത്തിൻെറ അരികെ പോവുക അസാദ്ധ്യവും.

ഗംഗാധരൻനായരാകട്ടെ സ്തബ്ധനായി നിന്നതേയുള്ളു. അദ്ദേഹത്തിന്ന് ഒരു സ്വപ്നസുഖം അനുഭവിച്ചപോലെ മാത്രം, ഒരു നിമിഷനേരം ഒരു സ്വർല്ലോകവനിതയെ കാണ്മാൻ സാധിച്ചു. ആ വനിതാ●ണം പെട്ടെന്നു തിരോധാനം ചെയ്കയാൽ, 'ഉറങ്ങുന്ന ആ

ളെ ഉണൎത്തി അത്താഴമില്ല" എന്നു പറയുംമട്ടിൽ, അദ്ദേഹത്തിന്റെ മനസ്സിൽ എന്തെല്ലാമോ ഒരു മോഹം—ആ ഭുവനൈകസുന്ദരിയെ കണ്ടുകൊണ്ടിരിക്കണമെന്നായിരിക്കുമോ ആ മോഹം?—ജനിപ്പിക്കുകയും, അതു അസാദ്ധ്യമാണെന്നു ഗ്രഹിപ്പിക്കുകയും ചെയ്തു. അയാൾ കണ്ണിമയ്ക്കാതെ, കോമളം തിരോധാനം ചെയ്ത ആ സ്ഥലത്തുതന്നെ നോക്കിക്കൊണ്ടു നിന്നു.

## നാലാം അദ്ധ്യായം.

### മൃഗയാവിനോദം.

നിസ്സഹായനായ ഗംഗാധരൻനായരുടെ ദയനീയാവസ്ഥയിൽ അനുതാപം വൎദ്ധിച്ചതോടുകൂടി കോമളവും തന്നെത്താൻ മറന്നു. പ്രിയപ്പെട്ട ഒരു പുരുഷനെക്കുറിച്ച് ഒരു യുവതിക്ക് എപ്പോൾ അനുതാപമോ സഹതാപമോ ജനിക്കുന്നുവോ, അപ്പോൾ ആ യുവതിയുടെ പൂൎവ്വമനോഭാവങ്ങൾ ഒട്ടുമുക്കാലും അസ്തമിച്ചുപോകുന്നതു സാധാരണമാണ്. പുരുഷഹൃദയത്തെ സ്വാധീനപ്പെടുത്തുവാൻ സ്ത്രീകൾക്കു സ്വന്തഹൃദയത്തോടു നിശ്ശേഷം മറക്കേണ്ടിവരുമെന്നതു് എത്രയോ വാസ്തവവുമാണല്ലോ.

കോമളം, ലജ്ജയെ സധൈൎയ്യം അടക്കി, അഥവാ ലജ്ജയെന്നതുതന്നെ ഒരു നിമിഷം മറന്നു, ഗംഗാ

ധരൻനായരുടെ അരികത്തു ചെന്നു് അദ്ദേഹത്തിൻെറ രണ്ടു കൈകളും അഴിച്ചുവിട്ടു. ആ മൃദുകരം സ്വന്തദേഹത്തിൽ സ്പർശിച്ചതോടുകൂടി ഗംഗാധരൻനായരുടെ ഹൃദയത്തിൽ ഒരു വിദ്യുൽപ്രവാഹമുണ്ടായി. സ്വല്പസമയംമുമ്പത്തെ തൻെറ ദയനീയസ്ഥിതിയും അതിൽനിന്നു് ഒരു യുവതീരത്നം തന്നെ മുക്തനാക്കിയ കഥയും അദ്ദേഹത്തെ ലജ്ജിപ്പിച്ചു. ഇരുവരും ഒരു നിമിഷനേരം നമ്രാസ്യരായി നിന്നിടത്തുതന്നെ നിന്നു.

പെട്ടെന്നു കോമളം യാത്ര പുറപ്പെട്ടു. നിലത്തുവെച്ചിരുന്ന 'ശാകുന്തള'വും പാഷാണക്കുപ്പിയും എടുത്തു. കുപ്പി എടുത്ത ഉടനെതന്നെ കോമളത്തിനു് ആ കുപ്പി, ഉടമസ്ഥനു മടക്കിക്കൊടുക്കേണ്ടതാണെന്ന ബോധം വരികയാൽ പണിപ്പെട്ടു് ഇങ്ങിനെ പറഞ്ഞു.

'ഇതു നിങ്ങളുടേതാണോ?'

'അതേ. ഞാൻ ഇന്നലെ ഇവിടെവെച്ചു മറന്നു പോയതാണു്. വളരെ വന്ദനം!'

വേഗത്തിൽ കുപ്പി അയാൾക്കു മടക്കിക്കൊടുത്തു കോമളം യാത്ര പുറപ്പെട്ടു. ഗംഗാധരൻനായർ അപ്പോഴാണു സ്വപ്നത്തിൽ നിന്നു നല്ലപോലെ ഉണന്നതു്.

"ഞാൻ ഇതിൽ ഒരു ശലഭത്തെ ഇട്ടടച്ചിരുന്നു വല്ലോ?"

'ഉവ്വു്. അതിനെ ഞാനാണു തുറന്നു വിട്ടതു്. ഇങ്ങിനെ പരാറകളെ ബന്ധിച്ചു്. . ബന്ധിച്ചു് . . ."

"ആയിരിക്കാം. അതുതന്നെയായിരിക്കാം. ഞാനും ഇങ്ങിനെ ബന്ധനസ്ഥനായിത്തീൎന്നതു്. രണ്ടാളെയും ഭവതിയാണല്ലോ വിട്ടവിച്ചതു്."

"ആയാലും ബന്ധനം മഹാസങ്കടകരമാണു് —അതാണു് ഞാൻ ആ പാറാവെ പുറത്തു വിട്ടതു് —ഇങ്ങിനെ എന്തിനാണു് ഈ പാഷാണത്തിലിട്ട നിരുപദ്രവികളായ പാറാവകളെ കൊല്ലുന്നതു്."

"അതാണു് എന്റെ ഉദ്യോഗം."

"നല്ല ഉദ്യോഗം! ഈ ഉദ്യോഗത്തിന്നു പ്രതിഫലവും ധാരാളം കിട്ടാറുണ്ടോ?"

"ഇല്ല. ഇപ്പോഴേ അതു കിട്ടിയുള്ളു."

"ഇപ്പോൾ എന്താണു കിട്ടിയതു്?"

"ഞാനും ബന്ധനസ്ഥനായല്ലോ?"

"ഇല്ല. നിങ്ങളെ ഞാൻ അഴിച്ചു വിട്ടവല്ലോ. ഇവിടെ ബന്ധനസ്ഥനാക്കിയ കഥ ആരോടും പറയരുതു!"

"എന്റെ ദേഹത്തെ അഴിച്ചു വിട്ടു."

"ദേഹത്തെയോ?"

"അതെ, മനസ്സുബന്ധനസ്ഥ . . ."

ഗംഗാധരൻനായർ ഇങ്ങിനെ പകുതി പറയുമ്പോഴക്കുതന്നെ കോമളം എങ്ങിനെയാണു് അവിടെ നിന്നു് ഓടി രക്ഷ പ്രാപിച്ചതെന്നു വായനക്കാർ ആലോചിക്കുകയാണുത്തമം. മനസ്സിനെ ബന്ധനത്തിലാക്കി, എന്നു പകുതി പറഞ്ഞപ്പോഴെക്കും അതിസരസയായ കോമളത്തിന്നു കാൎയ്യത്തിന്റെ ഗൌരവം മനസ്സിലാവുകയും ഇനി അവിടെ നില്ക്കുന്നതു് അപായകാ

രമാണെന്നു തോന്നുകയും, അതിന്നുവേണ്ടി ഓട്ടുകയുമാണു ചെയ്തതു്.

വായനക്കാരെ, ഗംഗാധരൻനായരുടെ വാക്കുകൾ കുറെ സാഹസമാണെന്നു നിങ്ങൾ ശങ്കിച്ചേക്കാം. പലവിധപരിഷ്കാരങ്ങളുടെ ഇടയിലായിരുന്നു അദ്ദേഹത്തിന്റെ അധിവാസം. നാനാവിധസുഖാനുഭവങ്ങളുടെ ഒരു പൂർണ്ണജ്ഞാനം അദ്ദേഹത്തിന്നു മദിരാശിയിലെ മൂന്നുകൊല്ലത്തെ വാസത്താലും അനേകം പുസ്തകങ്ങൾ വായിച്ചിട്ടുള്ളതിനാലും സിദ്ധിച്ചിട്ടുമുണ്ടു്. യൌവനയുക്തനായ അദ്ദേഹം കലാശാലാബിരുദധാരിയും ഗവൎമ്മെണ്ടുദ്യോഗസ്ഥനുമാണു്. ബ്രഹ്മചര്യസ്ഥനായ അദ്ദേഹം ഇപ്പോൾ ഒരു മാസത്തെ അവധിക്കു നാട്ടിൽ വന്നിട്ടുള്ളതു "പല ഉദ്ദേശ"ങ്ങളോടുകൂടിയുമാണു്. അദ്ദേഹത്തിന്റെ മുമ്പിൽ കണ്ടതും, തന്റെ ദയനീയസ്ഥിതിയിൽ അതിയായ അനുതാപം പ്രദർശിപ്പിച്ചതും, ഒരു സൎവ്വാംഗസുന്ദരിയുമാണു്. അപരിചിതരും ഒരുദ്യാനത്തിൽ തനിയെയുമായിരുന്നു. ഗംഗാധരൻനായരുടെ വാക്കുകൾ സാഹസമാണെന്നു വായനക്കാർ ഇപ്പോഴും വിചാരിക്കുന്നുവെങ്കിൽ അവർ മേൽപ്രസ്താവിച്ച കഥ ഒന്നുകൂടി ആലോചിക്കട്ടെ!

ഏതായാലും ഗംഗാധരൻനായർ തനിയെയായി. നേരം സന്ധ്യയാകാറുമായി. നന്ദനോദ്യാനത്തിലും മഹത്തരമായിത്തോന്നിയ ആ ഉദ്യാനം — ഒരു വെറും തൊടി — വിട്ടുപോകുവാൻ അയാൾക്കു മനസ്സു വന്നില്ല. ആ കാരണവർ തടിയൻവടിയുമായി രണ്ടാമ

ത്തും വരുമോ എന്ന സംശയം അദ്ദേഹത്തെ അവിടെ നില്പാനും അനുവദിക്കുന്നില്ല. ആ സുന്ദരീരത്നം വീണ്ടും വന്നു് അഴിക്കുമെങ്കിൽ കുറുപ്പു വീണ്ടും എത്രതന്നെയെങ്കിലും കെട്ടിയിടുന്നതിൽ നമ്മുടെ യുവാവിന്നു വിരോധമില്ലായിരുന്നു; അതു് രണ്ടാൾക്കു സന്തോഷവുമായിരുന്നു. എന്തായാലും മനസ്സില്ലാമനസ്സോടെ അദ്ദേഹം ഉദ്യാനത്തിൽനിന്നു പുറത്തു പോവാൻ പുറപ്പെട്ടു.

അഞ്ചുപത്തടി ദൂരം ചെന്നതേയുള്ളു. അപ്പോൾ ഒരു സ്ത്രീ പിന്നിൽക്കൂടി വരുന്നതു കണ്ടു ഗംഗാധരൻ നായർ വേഗം തിരിച്ചുനടന്നു.

"കള്ളാ, ആരാണു നിന്നെ അഴിച്ചുവിട്ടതു്?"

"ആരായാലെന്താണു വേണ്ടതു്?"

"വേണ്ടതോ; വഴുതിനിങ്ങ; വിത്തിന്നു് ഇന്നു രാവിലെയാണു ചെറിയമ്മ മൂത്ത വഴുതിനിങ്ങ ചെട്ടിവെച്ചതു്. അതു കക്കാൻ വന്ന കള്ളാ. നല്ലവണ്ണം വെള്ളം നനക്കണം. നട്ടു പൊട്ടണം. വെറുതെ തിന്നാൻ കിട്ടില്ല."

"നിങ്ങൾ ആരാണു്? ചെറിയമ്മ ആരാണു്?"

"കേടന്നുപോ, കള്ളാ. മതി. മതി. ലോഗ്യം പറിന്റേ."

"അല്ല, ഞാൻ വർത്തമാനം ചോദിച്ചതാണേ, ദേഷ്യപ്പെടേണ്ട. നിങ്ങൾക്കു മുറുക്കാൻ വാങ്ങണ്ടെ? ഇതാ ഇതു വെച്ചോളു."

"എന്താണിതു്? ഏതു പിടികയിലേക്കാണു് ഈ എഴുത്തു്? കോമൻനായരുടെ പീടികയിലാണെങ്കിൽ

അവിടെ നല്ല പുകയില ഇല്ല. ഹാ! എന്തു പല്ലുവേദനയാണ്."

"ഇതു് എഴുത്തല്ല, ഒരുറുപ്പികയുടെ നോട്ടാണ്. ഇതാ ഉറുപ്പികതന്നെ തരാം. എവിടെനിന്നെങ്കിലും വാങ്ങിക്കൊള്ളൂ!"

"അപ്പാ, നല്ല കുട്ടി. എത്ര ദിവസത്തേക്കു പുകയില വാങ്ങാനായി ഇതു് എനിക്ക്! നീ എവിടെയാണപ്പാ?"

"ഞാനി, നീലമലയുടെ അപ്പുറത്താണ്. കുന്നു കയറി മറിയണം. നേരം വൈകി. ഞാൻ പോട്ടെ."

"അങ്ങിനെ ബദ്ധപ്പാടായോ? ഈ വലയെന്തിനാണു കുട്ടി?"

"ഇതോ, ഇതു പാററകളെ വീശിപ്പിടിക്കാൻ!"

"എവിടെ? എങ്ങിനെയാണു പിടിക്കുക. കാണട്ടെ?"

"അതിപ്പോഴോ കാണിപ്പാൻ നേരമില്ല. ഇന്നു വലയിൽ ഒന്നും കിട്ടിയില്ല. ഇവിടെ ചിത്രശലഭം ധാരാളമുണ്ടു്. ഇവിടെ വന്നാൽ ഒരു ശലഭത്തെയെങ്കിലും കിട്ടും. ഇല്ലേ?"

"ആവോ?"

"കിട്ടുമോ? ഇല്ലയോ? — ഈ വിരലിൽ ഏതെങ്കിലും ഒന്നു തൊടു!"

"ഞാൻ തൊടില്ല. തൊട്ടിട്ടു കിട്ടില്ലെങ്കിലോ? ഇതു ചെറിയമ്മയുടെ വിദ്യയാണ്. എന്നിട്ടു് ഒടുവിൽ

തൊററയാൽ എന്നെ കളിയാക്കും. ഞാൻ തൊട്ടിട്ടാണെന്നു പറയും, അതുപോലെ എന്നെക്കൊണ്ടു കഴികയില്ല."

"ഹേ! പെരിയമ്മ ഇങ്ങിനെ ചെയ്യാറുണ്ടോ?"

"ഉവ്വ്."

"എന്നാൽ ഞാൻ കളിയാക്കുകയില്ല. ഒരു വിരൽ തൊടു!"

ശ്രീദേവി പടിഞ്ഞാറോട്ടു തിരിഞ്ഞ് അസ്തമിക്കുന്ന സൂൎയ്യനെ ഒന്നു തൊഴുത് ഒരു വിരൽ തൊട്ടു.

"കിട്ടും! കിട്ടും!!"

"എന്നാൽ കിട്ടട്ടെ!"

ഗംഗാധരൻനായർ തൊടിയിൽനിന്നു പുറത്തേക്കും, ശ്രീദേവി ചമ്പകക്കാവിലെ മുററത്തേക്കും നടന്നു.

## അഞ്ചാം അദ്ധ്യായം.

### അക്ഷരശ്ലോകം.

ഒരു രാജ്യത്തിലെ പരിഷ്കാരങ്ങൾക്ക് അധികം അവകാശമോ കാരണമോ ഉണ്ടാകുന്നത് ആ രാജ്യനിവാസികളുടെ ആന്തരമായ വിചാരംമൂലമാണ്. അന്യരാജ്യങ്ങളിൽ ചെന്ന് അവരുടെ സുഖജീവിതോപായങ്ങളെ ഗ്രഹിച്ച് അവയെയെല്ലാം സ്വന്തനാട്ടിൽ സ്ഥാപിക്കേണമെന്നു മോഹിക്കുന്ന യുവദേശാഭിമാനി

കൾ അവരവരുടെ ദേശത്തിന്റെ താൽക്കാലികമായ സ്ഥിതിയെ ആദ്യമായും, ആ പ്രദേശത്തിൽ വഴിക്കുവഴിയായി ഏതുവിധത്തിലാണു പരിഷ്കാരങ്ങൾ തുടങ്ങേണ്ടതെന്നു ക്രമമായും ആലോചിച്ചുറപ്പിക്കേണ്ടതാണല്ലോ. എന്നാൽ അതിലും അധികമായി വേണ്ടതു്, അതാതു ദേശക്കാൎക്കു് അവരുടെ ജീവിതത്തിൽ സ്വല്പമായ ഭേദഗതികൾ വരുത്തേണ്ട ആവശ്യമുണ്ടെന്നുള്ള ഒരു വിചാരമാണു്.

ഗംഗാധരൻ നായർ, നഗരത്തിലെ തോതനുസരിച്ചു, ചോലക്കരയിലോ, അടുത്ത പരിഷ്കൃതഗ്രാമങ്ങളിൽപ്പോലുമോ, ചിത്രശലഭങ്ങളെ പിടിച്ചു് അവയെ ഓരോ മൊട്ടുസൂചിമേൽ കുത്തിത്തറപ്പിച്ചു് ഒരു കാഴ്ചബംഗ്ലാവു സ്ഥാപിപ്പാൻ ആലോചിച്ചാൽ ആ ഗ്രാമനിവാസികളുടെ നേരമ്പോക്കു് ഏതു തരത്തിലുള്ളതായിരിമെന്നും ആ ശ്രമം എങ്ങിനെ പൎയ്യവസാനിക്കുമെന്നും വായനക്കാൎക്കു് ഊഹിക്കാമല്ലോ.

നേരെമറിച്ചു കേശവനുണ്ണിയുടെ പരിശ്രമം നോക്കുക. ചോലക്കരയിലെ യുവാക്കന്മാരും മദ്ധ്യവയസ്സന്മാരുമായ പുരുഷന്മാർ ഒട്ടുസകലം തിരുവാററുപുഴയുടെ കരയിലുള്ള ദുൎഗ്ഗാക്ഷേത്രത്തിന്റെ മുൻവശത്തുള്ള ആൽത്തറയിൽ പതിവായി എല്ലാം വെള്ളിയാഴ്ചയും ദീപാരാധന കഴിഞ്ഞാൽ സന്നിഹിതരാകാറുണ്ടു്. ദുൎഗ്ഗാദേവിയുടെ ദീപാരാധനയോടുകൂടി, ഏതാണ്ടു് ഒരു നാഴികയിലധികം സമയം സകലരുംകൂടി കൎണ്ണാനന്ദകരമാം വിധത്തിൽ ദേവീസ്തോത്രം പാടുക പതിവാണു്.

മൂകാംബികേ പാഹി, മൂകാംബികേ പാഹി
മൂകാംബികേ പാഹി, പാലയ മാം!

*      *      *      *      *      *      *

എന്നു തുടങ്ങിയ ഭക്തിപരമായ സ്തോത്രം പാടിക്കേൾക്കുന്നതിന്നു ചോലക്കരയിലുള്ള സ്ത്രീകളിൽ ഒട്ടുമുക്കാലും പേർ സന്നിഹിതരാകാറുണ്ട്. വാഗ്രൂപിണിയായി സർവ്വജനസുപൂജിതയായ ദേവി മൂകാംബികയുടെ അനുഗ്രഹത്തിന്നു സർവ്വഥാ അർഹന്മാരും, സാമാന്യം പാത്രീഭൂതരുമായ ചോലക്കരയിലെ നിവാസികൾ എത്രയോ പുരാതനകാലം മുതൽ തന്നെ എത്ര വിദ്വാന്മാരും വിദുഷികളും കലാസമ്പന്നരും കവികളുമായിരുന്നു. ഓലഗ്രന്ഥങ്ങൾ ഓരോ തറവാടുകളിൽനിന്നും എടുത്തു പരിശോധിക്കുന്നതായാൽ കേരളത്തിന്റെ ആദ്യകാലത്തെ പരിഷ്ക്കാരത്തെ സൂചിപ്പിക്കുന്ന അനേകം മഹാകാവ്യങ്ങൾ സിദ്ധിക്കുന്നതാണ്. ഇതുവരെയായും അച്ചടിപുസ്തകം കോമളത്തിന്റെ ശാകുന്തളം ഒഴികെ—കണ്ടിട്ടില്ലാത്ത ചോലക്കരയിൽ ആ വക ഗ്രന്ഥങ്ങൾ ചിതലിന്നും കാലത്തിന്നും ഭക്ഷ്യങ്ങളായി നശിച്ചുപോകുവാനിടയാകുന്നതിൽ അത്ഭുതമില്ലല്ലൊ. ചോലക്കരക്കാരുടെ കർണ്ണാമൃതമായ ദുർഗ്ഗാസ്തോത്രം കേൾക്കുകയാൽ ഇത്രയും പ്രസ്താവിച്ചതാണ്.

ഈ ഭജനം ആ ഗ്രാമക്കാർ പണ്ടുപണ്ടേ ചെയ്തുവരുന്നതായിരുന്നു. എന്നാൽ നാലഞ്ചുകൊല്ലങ്ങൾക്കുമുമ്പു "ദുർഗ്ഗാദാസ്" എന്ന ഒരു മഹാകവി പരദേശങ്ങളിൽനിന്നും തന്റെ ഭൂപ്രദക്ഷിണാവസരത്തിൽ ചോ

ലക്കരയിൽ എത്തുകയും, ആ ഗ്രാമനിവാസികളുടെ ഭക്തിയും പാണ്ഡിത്യവും കണ്ട് അതിസന്തുഷ്ടനായ സ്വാമി ദുർഗ്ഗാദാസ് ഒരു മണ്ഡലകാലം അവിടെ അധിവസിക്കയും അക്കാലത്തു് ആറേഴുപേർ സ്വാമിയുടെ ശിഷ്യസ്ഥാനം സ്വീകരിച്ചു പല ശാസ്ത്രങ്ങളും മഹാകാവ്യങ്ങളും മുഖസ്ഥമാക്കുകയും ചെയ്തിരുന്നു. ആ ശിഷ്യപ്രവരന്മാരിൽ ഒരാളോ ഒന്നാമത്തെയാളോ ആണു കേശവനുണ്ണി.

ചോലക്കരയിൽ മേലേത്തറത്തറവാട്ടു, സുപ്രസിദ്ധനായ മേലേത്തറ ഗുരുക്കൾ എന്ന ഒരു മഹാകവിയുടേതായിരുന്നു. അതിലെ ഇപ്പോഴത്തെ മൂന്നാമത്തെ അംഗവും, ഇരുപത്തഞ്ചു തികഞ്ഞ സുകുമാരനായ ഒരു യുവാവുമാണു കേശവനുണ്ണി. തറവാട്ടുവക കൃഷിമേലന്വേഷണംകൊണ്ടു മദ്ധ്യാഹ്നംവരെ തിരക്കായി കഴിയും. പിന്നെ പുരാണേതിഹാസങ്ങൾ വായിച്ചു ചെറിയ കുട്ടികൾക്കു കഥ പറഞ്ഞുകൊടുത്തും, മുത്തശ്ശിമാരെ പുരാണകഥകളുടെ ഗൂഢാർത്ഥം ഗ്രഹിപ്പിച്ചും വൈകുന്നേരംവരെ കഴിക്കും. ദീപാരാധനക്കു ദുർഗ്ഗാക്ഷേത്രത്തിൽ എത്തും. സ്തോത്രപാരായണാനന്തരം ആൽതറയിൽ സന്നിഹിതരാവുന്ന യുവാക്കന്മാരും മററും 'അക്ഷരശ്ലോകം' ചൊല്ലുന്നതിൽ കേശവനുണ്ണിക്കു് അഗ്രാസനനായിരിക്കേണ്ടു ഭാരമുണ്ടു്. അഗ്രാസനനുടെ നിലയിൽ അക്ഷരശ്ലോകത്തിന്നിടയിൽ ആക്കെങ്കിലും നേരിടുന്ന സംശയത്തിന്നു സമാധാനം പറയേണ്ടതു് അദ്ദേഹമാണു്. ദുർഗ്ഗാദാസ് അടുത്തു് ആ ഗ്രാമം വി

ണ്ടും സന്ദർശിക്കുമെന്നു പറഞ്ഞിരിക്കയാൽ അദ്ദേഹത്തിന്റെ കാൎയ്യക്കാരനും മററും കേശവനുണ്ണിയാണ് ഈ സ്ഥാപനം തുടങ്ങിവെച്ചതു്. ഇതാണു കേശവനുണ്ണിയുടെ പ്രഥമപരിഷ്കാരപരിശ്രമം.

അക്ഷരശ്ലോകം ചൊല്ലുന്നതുകൊണ്ടു് ആ ഗ്രാമനിവാസികളുടെ ആരോഗ്യത്തിന്നോ, അവരുടെ ഗതാഗതമാൎഗ്ഗങ്ങൾക്കോ, അവരുടെ ഭരണരീതിക്കോ യാതൊരു നന്മയും പരിഷ്കാരവും സിദ്ധിക്കുന്നില്ലെന്നു വായനക്കാരിൽ ആരെങ്കിലും ശഠിക്കുന്നുവെങ്കിൽ, ചോലക്കരക്കാൎക്കു് ആ വക പരിഷ്കാരത്തിന്റെ ആവശ്യകതയെപ്പററിപ്പോലും യാതൊരറിവുമില്ല; സംതൃപ്തിയാകുന്ന ഏകധനത്താൽ കുബേരന്മാരായിത്തിന്ന അവൎക്കു മനോവികാസം ഒന്നു മാത്രമായിരുന്നു പരിഷ്കാരം. അതിന്നുതന്നെയാണ് ഇങ്ങിനെ ഒരു സ്ഥാപനം അവരുടെ ഓരോരുത്തരുടെയും ഹൃദയത്തിൽനിന്നു ജനിച്ചതു്, എന്നാണ് എന്റെ മറുപടി.

അക്ഷരശ്ലോകം തുടങ്ങീട്ടു നേരം ഒരു നാഴികയേ ആയിട്ടുള്ളൂ. പതിവുപോലെ വാക്കുകളുടെ ഉച്ചാരണത്തിലും മററും കേശവനുണ്ണി ഇന്നു തെററുതിക്കാതിരിക്കുന്നതായിട്ടാണു കാണുന്നതു്. അദ്ദേഹം അഗ്രാസനനായി അവരുടെ ഇടയിൽ ഇരിക്കുന്നുണ്ടെന്നല്ലാതെ അയാൾ ശ്ലോകങ്ങൾ ഒന്നും കേൾക്കുന്നില്ലെന്ന് എല്ലാവൎക്കും കുറേശ്ശ ഗ്രഹിക്കാറായി. ചോദിക്കാതെ തന്നെ തെററു ചൂണ്ടിക്കാണിക്കാറുള്ള അദ്ദേഹം, ഒരിക്കൽ രണ്ടു കക്ഷിക്കാരും വഴക്കായപ്പോഴാണ് അവരു

ടെ ഭിന്നാഭിപ്രായത്തെക്കുറിച്ച് അറിഞ്ഞതുതന്നെ. കാൎയ്യം ഈ സ്ഥിതിയിലായപ്പോൾ അന്നത്തെ അക്ഷരശ്ലോകം നിൎത്താമെന്നു പൊതുവിൽ ഒരഭിപ്രായം പരന്നു.

അതിനിടയിൽ കേശവനുണ്ണിയുടെ ഉത്തമസുഹൃത്തായിരുന്ന കുമാരനുണ്ണി പതുക്കെ "അതെ, വാസ്തവമാണ്. ഇല്ല" എന്നു് അദ്ദേഹത്തിന്റെ ചെവിട്ടിൽ മന്ത്രിച്ചു. അക്ഷരശ്ലോകത്തിന്റെ കഥപോലും മറന്നു കേശവനുണ്ണി അവിടെനിന്നു് എഴുന്നേറ്റു നേരെ പാടത്തിലേക്കിറങ്ങി. അക്ഷരശ്ലോകസംഘവും പിരിഞ്ഞു.

സ്വപ്നത്തിലെന്നപോലെ കേശവനുണ്ണി കുറെ ദൂരം നടന്നു. അപ്പോൾ എതിർഭാഗത്തുനിന്നു് ഒരാൾ എന്തെല്ലാമോ പുലമ്പിയുംകൊണ്ടു വരുന്നതു കണ്ടു. ഒരസാധാരണ മനോവികാസം സിദ്ധിച്ചവൎക്കു് അചേതനവസ്തുക്കളെന്നു നാം വിചാരിക്കുന്ന വൃക്ഷലതാദികൾപോലും പല രഹസ്യങ്ങളും മന്ത്രിച്ചുകൊടുക്കുമത്രെ. പല മഹൎഷികളും സർ ജഗദീശ് ചന്ദ്രബോസും ഈ സഞ്ചാരിയും അതിന്നു സാക്ഷ്യം വഹിക്കും. അചേതനവസ്തുക്കൾപോലും അവരോട് എന്തോ പറയുന്നുണ്ടെന്നു് അവൎക്കു തോന്നാറുണ്ട്. ആ സഞ്ചാരിയുടെ വാക്കുകൾ തന്നോടാണെന്നു തോന്നുകയാൽ കേശവനുണ്ണി അതു ശ്രദ്ധിച്ചു കേട്ടു.

"തെമ്മാടി...ഞാൻ...ഞാൻ അറി-റി-റി-യില്ലെ. മീ-മീശ...താടി...താടിക്കു തട്ടു...ഉം-ഉം-അ

തെ. അത-ത-താണ ... ശ്രീദേവി... ദേവി... ആ ... ആ-പെണ്ണിന്നു് — ഉം!... പററിയില്ല. ഇന്നു് ... ഒരുവക ... വെള്ളം."

ഇത്രയും പറഞ്ഞപ്പോഴെക്കു ആ മദ്യപിച്ച സഞ്ചാരി, കേശവനുണ്ണി നില്ക്കുന്ന വഴിമുറിയത്തിൽ കാപ്പാറ് എത്തി.

അദ്ദേഹം മദ്യപിച്ചിട്ടുണ്ടെന്നോ, സ്വസ്ഥമാനസനല്ലെന്നോ ലവലേശം തോന്നാത്തവിധത്തിൽ കഴുത്തിൽ നിന്നു മുണ്ടെടുത്തു് അരയിൽ കെട്ടി, കയ്യിലെ തടിയൻ വടി ഇടത്തെ കക്ഷത്തിൽ ഉറപ്പിച്ചു്, ഇരുകൈകളും കൂമ്പി, അർദ്ധനിമീലിതങ്ങളായ നയനങ്ങൾ മുഴവൻ അടച്ചു, നിവിൻനിന്നു "ദേവി! മൂകാംബികേ! ശരണം" എന്നുച്ചരിച്ചു വീണ്ടും യാത്ര തുടന്നു. ക്ഷേത്രങ്ങളുടെ ആവശ്യകതയെപ്പററിയും, വിഗ്രഹാരാധനയുടെ സാധുതയെപ്പററിയും സംശയിക്കുന്നവരായ വായനക്കാരോടു്, ആനാംസികം മദ്യം നിറച്ചു, മദോന്മത്തനായി ആടിയും കുഴഞ്ഞും, തുപ്പിയും പുലമ്പിയും, 'തിക്കല്ലേ മതിലേ!' എന്നു വഴിഭിത്തികളെ അധിക്ഷേപിച്ചും, തൻെറ സ്വന്തം കളത്രത്തെയും കുഡുംബത്തെയും പാറിപ്പാടത്തിലെ പാഴ്ചെടികളോടു പിലയാട്ടു പറഞ്ഞും നടക്കുന്ന കരുതംമണ്ടപ്പരിഷകളുടെ പ്രതിനിധിയായ കണ്ണക്കുറുപ്പിൻെറ അക്ഷയ്യഭക്തിയോടുകൂടിയ ഈ പ്രാത്ഥനയും തൊഴലും ഒന്നു കാണുവാൻ പ്രാത്ഥിക്കയല്ലാതെ മററെന്താണു ചെയ്യേണ്ടതുള്ളതു്!

ദുസ്സാമർശനത്തോടുകൂടി കുറുപ്പിൻെറ സംസാരവിഷയവും മാറി.

"ദേവി. മൂകാംബികെ ഹാ! എന്തൊരു രൂ— രൂ— ദേവി! ആ ചിരി ചിരി— ഗ്രന്ഥം— ദേവിയുടെ കയ്യിലെ— ഈശ്വരി— രി— ജഗദീശ്വരീ— രീ— രി— രി— രി— രി— രീ—"

എന്നു സ്തുതി ഒരു മൂളിപ്പാട്ടിൽ കലാശിച്ചു.

കേശവനുണ്ണിയുടെ മനസ്സിൽ ഇതെല്ലാം കൂടുതൽ അസ്വാസ്ഥ്യത്തെയാണുണ്ടാക്കിയത്. എന്നാലും കുറുപ്പിൻെറ ഭക്തിയിൽ താനും സ്വന്തകഥയെ സ്മരിക്കാതിരുന്നില്ല. ആ നിന്ന ദിക്കിൽ നിന്നു ദേവിയുടെ നിടിലത്തിൽ തിളങ്ങുന്ന പ്രഭയെ നല്ലപോലെ നോക്കി ഭക്തിപുരസ്സരം "മഹാമായേ! ശരണം!" എന്നു ധ്യാനിച്ചു സ്വഗൃഹത്തിലേക്കു തിരിച്ചു. അവിടേയും അദ്ദേഹത്തിന്നു ഊണിന്നും മററും യാതൊരു രസവുമുണ്ടായിരുന്നില്ല. നിദ്രാദേവിപോലും അദ്ദേഹത്തിൻെറ സുഖശയ്യയെ അന്നുരാത്രി ഒരു കണ്ടകത്തിന്നുയാക്കിത്തീക്കുകയാണു ചെയ്തതു്.

## ആറാം അദ്ധ്യായം.

### ഒരു ചിന്തയം.

"ശ്രീദേവി! ശ്രീദേവി!

ഇതു നോക്കൂ. ഒരു ദിക്കിൽ കിടന്നോമ്മാൻ സൈ്വ

രം തരില്ല. ചോറല്ലേ തിത്തിണ്ണയുടെ അടുക്കെ. അതു ണ്ട് അവിടെ കിടന്നോ. എന്നെക്കൊണ്ടിപ്പൊഴ് വാതിൽ തുറക്കാൻ ഒന്നും കഴിയില്ല."

"അല്ലാ, നോക്കു. ഒന്നു പറയട്ടെ.

ഒന്നും പറയണ്ട. വയറ നല്ല ഭരണിയാക്കീട്ടില്ലേ. അയ്യോ, കഷ്ടം! ഇതിനു കൊള്ളാം. ഞാനിതാ ഇപ്പൊഴ തിത്തിണ്ണയിൽ തിയ്യംകുട്ടി ഇവിടെ കിടന്നതേയുള്ളു. നേരം പാതിരയായില്ലേ. മിണ്ടാതെ അവിടെ കിടന്നോ. എന്താ, പൂമുഖത്തു തനിയേ കിടപ്പാൻ പേടിയായിത്തു ടങ്ങിയോ?"

"പറയുന്നതു കേൾക്കുല്ലല്ലോ. എനിക്കു ഇതൊന്നും വേണ്ട— തിയ്യം വേണ്ട— ഒരു കിണ്ടി വെള്ളം!"

"കുടിപ്പ വെള്ളമൊന്നും പോരേ? ഒരു ഭരണി നിറയേ കുടിപ്പിച്ചിട്ടില്ലേ?"

"അതിനെന്തല്ലേ; പെണ്ണായാൽ, ഒരു സ്നേഹം ഇല്ല."

"ഓഹോ! മതി. മതി— ഇതല്ലേ ആണിന്റെ സ്നേഹം. പാതിരക്കു വന്നു ബുദ്ധിമുട്ടിക്കുക— കോഴി കൂവുമ്പൊഴ ഞാനാണ് എഴുനില്ക്കേണ്ടതു്— മതി മതി—"

"ഇതാ, ഈ ജനവാതിലിൽകൂടി ഒഴിച്ചു തന്നാൽ മതി, ഇത്ര വെള്ളം. പുകയില തലക്കു പിടിച്ചിട്ടാണു പറയുന്നതു്."

"ഇത്ര നല്ല പുകയില എവിടുന്നാണു കിട്ടിപ്പോയതു്. ഇതാ ഞാൻ വെള്ളംകൊണ്ടു വരാം."

പുകയിലയുടെ പേരു കേട്ടപ്പോഴേക്കു ശ്രീദേവി വെള്ളവും കൊണ്ടു വാതിൽ തുറന്നു കുറുപ്പിൻെറ മുമ്പിൽ വെച്ചു കഴിഞ്ഞു.

"നോക്കട്ടെ, ആ നല്ല പുകയില്ല—എത്രകാലമായി ഒരു കഷണം നല്ല പുകയില മുറുക്കീട്ട്."

"എന്തു പൊകയില?"

"തലക്കു പിടിച്ച പുകയില?"

"ആരു പറഞ്ഞു തലക്കു പിടിച്ച എന്ന്?"

"പിന്നെ എന്താണിപ്പഴ് പറഞ്ഞത്?"

"അതു നിന്നെ വരുത്താൻ പറഞ്ഞതല്ലെ!"

ശ്രീദേവിക്കു വല്ലാതെ ദേഷ്യം വന്നു. കയ്യിലെ കിണ്ടിവെള്ളം കൊണ്ടു കുറുപ്പിനെ അഭിഷേകം കഴിച്ചു. "ഇതാണു വരുത്തിയാലത്തെ ഫലം കണ്ടോ!" എന്നും പറഞ്ഞു.

"നന്നായി. ഇനി ശ്രീദേവി ഒന്നു തോർത്തിത്തന്നാൽ മതി—ഇന്നു ഞാൻ കുളിച്ചിട്ടേയില്ല. അതങ്ങു മറന്നു."

"ഈ വക കള്ളുകുടിയൻെറ കളിയൊന്നും എന്നോടു കൊണ്ടുവരണ്ട."

"ഒാട്ടെ, നീ ആ തൊടിയിലെ മിശക്കാരനെ കണ്ടില്ലെ?"

"കണ്ടുവെങ്കിലെന്താ. ഞാനൊരു കാശു് അതിൽനിന്നു തരില്ല. എനിക്കും നല്ല പുകയില കിട്ടുമോ എന്നു നോക്കട്ടെ."

"അപ്പോൾ ശ്രീദേവിക്ക് അയാൾ പണം തന്നു അല്ലേ? എനിക്കു തന്നില്ല."

"എനിക്കും തന്നില്ല. ആരാണു തന്നതെന്നു പറഞ്ഞു?"

"അല്ല, വിലയാട്ടൊന്നുമില്ല. അയാൾ നമുക്കു പണം തരേണ്ടതാണു്.

"എന്തിനാണു പണം തരുന്നതു്? അയാളെ കെട്ടിയിട്ടതിന്നോ?

"അതു പോകട്ടെ. അതൊന്നും അയാൾ അത്ര സാരമാക്കുകയില്ല. കാര്യം പുറത്തായാൽ അപ്പോൾ അതൊന്നും സാരമില്ല താനും. കെട്ടിയിട്ടു— അതു സാരമുണ്ടോ, സാരമില്ല, സാരമില്ലേ സാരമുണ്ടു്."

"മതി ഈ അതിസാരം! കാര്യം പറയൂ!"

"നിലവിളിക്കല്ലേ. പതുക്കെ. ഒക്കെ ഗോപ്യം! സ്വകാര്യം—! സ്വകാര്യം—"

"എന്നാൽ പതുക്കെ പറയൂ! അയാൾ ആരാണു്?"

"അതൊക്കെ പറയാം— പക്ഷേ ശ്രീദേവിയോടു പറയാൻ — — —"

"പാടില്ലേ? എന്നാൽ വേണ്ട— എന്നോടു് ഇനി ഒരു കാര്യവും പറയേണ്ട ആവശ്യമില്ല. ഞാനായി എന്റെ പാടായി—"

"ഛേ! നീ അങ്ങിനെ ദേഷ്യപ്പെടല്ലേ. ശ്രീദേവിയോടു പറയാതെ എനിക്കൊരു കാര്യമുണ്ടോ?"

"മതി മതി, മുഖസ്തുതി. പറയാൻ മനസ്സുണ്ടെങ്കിൽ പറയു. നോം, അയ്യോ! എനി ഒന്നു കണ്ണു ചിമ്പാൻ സമയമില്ല. കേട്ടോ"

"തങ്കമ്മ, ഉറങ്ങിയോ?"

"ഉവ്വ്. ഇപ്പഴാണ് അവർ വിളക്കണച്ചത്. ഇടക്കിടെ ചില ദിവസം ഇങ്ങിനെ നേരം വൈകിട്ടേ ചെറിയമ്മ ഉറങ്ങാറുള്ളൂ. ഇപ്പോൾ നല്ല ഉറക്കായിക്കാണും."

"എന്നാൽ പറയാം—! പക്ഷെ നീ ആരോടും, ആരോടും — — —"

"എന്തൊരു മാലയാണിത്! എന്നെ എനിയും വിശ്വാസമായിട്ടില്ലെ? എന്നാൽ — — —"

"അയ്യോ, നിന്നെ ഇനി ഒരു വിശ്വാസമാകാനുണ്ടോ?—നീ തന്നെ വിശ്വാസം! ഞാൻ വിശ്വസിക്കാതിരിക്കയല്ല. കാര്യം അത്ര സ്വകാര്യമാണ്—അതാണ്."

എന്നു പറഞ്ഞു കണ്ണക്കുറുപ്പ തന്റെ തോഴിയുടെ ചെകിട്ടിൽ എന്തോ മന്ത്രിച്ചു. ഒരു നാലഞ്ചു നിമിഷനേരത്തെ, തലയണമന്ത്രം. അല്ലല്ല, തലയിണമന്ത്രം—കഴിഞ്ഞപ്പോൾ ശ്രീദേവിക്ക് അത്ഭുതം സഹിക്കവയ്യാതായി. അവൾക്ക് അക്കഥകളൊക്കെ വിശ്വാസയോഗ്യമായിത്തോന്നിയില്ല. ഒരു വേള അതെല്ലാം കുറുപ്പിന്റെ സ്വന്തം കള്ളഭരണിയിൽനിന്നു പുറപ്പെടുന്ന കഥയായിരിക്കുമെന്നു ഭയന്ന് അവൾ, തന്റെ തോഴരുടെ താടിക്ക് ഒരു തട്ടു കൊടുത്തു. "നോക്കു! ഒരു കാര്യ

മുണ്ട്. നാട്ടിലില്ലാത്ത നുന്നയൊക്കെ കെട്ടിച്ചമച്ചു പറയേണ്ടതു് എന്നോടല്ല. കെട്ടോ!" എന്നു പറഞ്ഞു.

"പോടി! നിണക്കെന്തറിയാം!"

"ആ മിശയൊ?"

"അതിനെന്താണ്. എനിക്കില്ലെ മിശ".

"ആ കുടമയൊക്കെയെവിടെപ്പോയി?"

"അതു മുറിച്ചു കളഞ്ഞാൽ തിന്നില്ലേ!"

"മുറിക്കുന്നു. എന്തെങ്കിലും പറയാതിരിക്കണം. അതു എന്തു തങ്കക്കേടം. ഇതു ഏതു കാടനെം?"

"ആട്ടെ. നീ പിന്നെ വിശ്വസിക്കും. ഇപ്പോൾ ഇതു ഗോപ്യമായി വെക്കുമോ?"

"ഇതു് എന്തു സ്വകാര്യമാണ്. എന്നാൽ ഞാൻ ഒരു സ്വകാര്യം പറയാം. ആരോടും പറയരുതു്. സത്യം ചെയ്യണം".

"സത്യം!"

"ഒരിക്കൽ ഒരു പൂച്ചയും ഒരു നായയും കൂടികൂടി—"

"ഛെ; പെണ്ണേ! പൂച്ചയുടെ കഥയാണൊ ഇതു്? അങ്ങിനെത്തെ കഥയാണൊ ഇതു്?"

"ഓ അല്ല, വേറൊരു കഥ പറയാം. സ്വകാര്യം. ഒരു നാരായണനും ഒരു നാരായണിയുംകൂടി മുറുക്കാൻ തുടങ്ങി."

"ഛീ, തെമ്മാടി! നിണക്കെന്തറിയാം? പറഞ്ഞാൽ മനസ്സിലാകുമൊ? പറഞ്ഞാൽ മനസ്സിലാകുന്നവളാ പെണ്ണ്. നീ പെണ്ണല്ല."

"എന്നാൽ നിങ്ങൾ ആണല്ല. പറയുന്ന കള്ളവു പറയുന്നവനാണു പുരുഷൻ. ഈ പച്ചപ്പൊളി പറയുന്നവൻ ആണല്ല."

"ആട്ടെ ഞാൻ പറഞ്ഞതു ശരിയായാലൊ?"

"എന്നാൽ ഈ ഞാൻ ശ്രീദേവിയല്ല. കള്ളവായാലൊ?"

"എന്നാൽ ഞാൻ കണ്ണക്കുറുപ്പല്ല."

"ശരി!"

ഇവരുടെ സഖ്യം ഇത്രയായപ്പോൾ കോമളം കിടക്കുന്ന മുറിയുടെ അടുത്തുനിന്നു് ഒരു ശബ്ദം കേട്ടു. രണ്ടുപേരും അത്ഭുതപ്പെട്ടു് അങ്ങട്ടു നോക്കി. അവിടെ ആരെയും കാണ്മാനുണ്ടായിരുന്നില്ല. ചമ്പകക്കാവിലെ പുറത്തെക്കോലായിൽനിന്നു ദാസൻ കുറുപ്പും ദാസി ശ്രീദേവിയുമായിരുന്നു മേല്പറഞ്ഞ സംഭാഷണം നടത്തിയതു്. കുറുപ്പു കാവൽക്കാരനുമായിരുന്നതിനാൽ കോമളത്തിന്റെ മുറിക്കരികെനിന്നു് ഒരു ശബ്ദം കേട്ടപ്പോൾ, തന്റെ കൃത്യനിർവ്വഹണത്തിൽ നേരിട്ട ഔദാസീന്യവും തന്റെ ഗോപ്യസംഗതിയെ ആരെങ്കിലും ഗ്രഹിച്ചുവോ എന്ന ഭയവും അദ്ദേഹത്തെ അപ്രദേശത്തേക്കു് ആനയിച്ചു. ഒരുവിധത്തിൽ തടിയൻവടിയുമായി കുറുപ്പു് ആ മുറിയുടെ ജനവാതിലിന്നരികത്തെത്തി ആ ദിക്കെല്ലാം പരിശോധിച്ചു. അവിടെ ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ തന്നെ ആ രാത്രി ചെന്നു് ആ സമയം കൊണ്ടു വേറൊരു ലോകത്തെത്താമായിരുന്നു. ആരെയും കാണാതെ കുറുപ്പു മടങ്ങി എത്തി. അപ്പോഴെക്കു ശ്രീദേവി വാതിലടച്ചു കിടന്നുകഴിഞ്ഞിരുന്നു. കുറുപ്പു കുംഭകണ്ണസേവയും തുടങ്ങി.

# ഏഴാം അദ്ധ്യായം.

## പ്രേമസമർപ്പണം.

മലയാളം എഴുത്താണിക്കും പകരം കടലാസ്സും പെൻസിലും ചോലക്കരയിൽ ആദ്യമായി പ്രവേശിപ്പിച്ചതു ചമ്പകക്കാവിലെ കാരണവർ നാരായണൻനായരായിരുന്നു. എന്നാൽ അതിനെ ദുർല്ലഭം ചിലർ മാത്രമേ പിന്നീടും ഉപയോഗപ്പെടുത്താറുള്ളു. അതിൽ ഒരാളാണു ചമ്പകക്കാവിലെ കോമളം.

കോമളത്തിനു് ഇടയുള്ളപ്പോഴെല്ലാം കടലാസ്സിൽ എഴുതുവാൻ ബഹു ഉത്സാഹമായിരുന്നു. ഇടത്തെക്കയ്യിന്റെ അംഗുഷ്ഠത്തിന്റെ പുറമേതാൽ എഴുത്താണി തട്ടി വേദനിക്കാതെ കടലാസ്സ നിലത്തു വെച്ചു രണ്ടു മൂന്നു വിരലുകളുടെ സഹായം മാത്രംകൊണ്ടു് എഴുതുന്നതു് അവർക്കു് ആദ്യം വലിയ അത്ഭുതവും, പിന്നീടു് ഒരു നേരമ്പോക്കുമായിരുന്നു.

കല്ല്യാണിയമ്മ മകളുടെ ഈ സാമർത്ഥ്യം കണ്ടു രസിക്കാറു പതിവാണു്. മകൾ ഒരു ഗ്രന്ഥത്തിൽനിന്നു 'കുമാരസംഭവം' കാവ്യം പുസ്തകത്തിൽ എഴുതിത്തീക്കുന്നതു പല കുറിയും കല്ല്യാണിയമ്മ നോക്കിനില്ക്കയും 'കോമളം എത്ര വേഗത്തിലാണു് എഴുതുന്നതു്' എന്നു് അത്ഭുതപ്പെട്ടു പറയുകയും ചെയ്തിരുന്നു.

തന്നിമിത്തം കോമളം എഴുതുകയും വെട്ടുകയും പിന്നീടും എഴുതുകയും കടലാസ്സ ചീന്തി ചെറുതുണ്ടുകളാ

ക്കിക്കളയുകയും ചെയ്യുന്നതു കണ്ടപ്പോൾ ശ്രീദേവിക്കു വലിയ അത്ഭുതം തോന്നി.

"എന്താ ചെറിയമ്മേ! കടലാസ്സിൽ എഴുതാൻ മറന്നുപോയോ?"

എന്നു അവൾ പിന്നിൽനിന്നു ചോദിച്ചപ്പോൾ കോമളം ഒന്നു നട്ടങ്ങിപ്പോയി. പക്ഷേ ശ്രീദേവിക്കു എഴുതുവാനും വായിപ്പാനും അറിയാത്ത സ്ഥിതിക്കു കോമളത്തിന്നു അത്ര പരിഭ്രമിപ്പാനുണ്ടായില്ല. അവളെ തല്ക്കാലം ഒരു കളവു പറഞ്ഞു പററിക്കാമെന്നു നിശ്ചയിച്ചു—വായനക്കാരെ! ഇയ്യിടയിൽ കോമളത്തിന്നു അമ്മയിൽനിന്നും മററു ജനങ്ങളിൽനിന്നും മറച്ചുവെക്കത്തക്ക സംഗതികൾ ധാരാളമായതിലും തന്നിമിത്തം ധാരാളം കളവു പറയേണ്ടിവന്നതിലും അത്ഭുതപ്പെടുകയില്ലല്ലോ. ഗുരുജനങ്ങളുടെ വാത്സല്യപൂർവ്വമുള്ള അനുഗ്രഹത്തിൽനിന്നു ജനിക്കുന്ന ഗുണങ്ങളും, അഗതികൾക്കേകുന്ന ശിഥില സഹായത്തിൽനിന്നു ഉത്ഭവിക്കുന്ന ദൈവയോഗങ്ങളും, വേശ്യാസ്ത്രീയുടെ ചെവിട്ടിൽ മന്ത്രിച്ച രാജ്യതന്ത്രരഹസ്യത്തിൽനിന്നു പുറപ്പെടുന്ന നാനാവിധദോഷങ്ങളും പോലെ ഒരു യുവതിയുടെ ഹൃദയത്തിൽ നിക്ഷേപിച്ച രഹസ്യത്തെ മറക്കുവാൻ പുറപ്പെടുന്ന കളവുകൾ അനേകങ്ങളാണു്. കോമളം യാതൊരാളേയും ദ്രോഹിപ്പാൻ വേണ്ടിയല്ല, തന്റെ മനസ്സിലുള്ള ഒരു രഹസ്യത്തെ അന്യരിൽനിന്നു ഒഴിപ്പിപ്പാൻ നിർബന്ധിതയായിട്ടാണു ദുർല്ലഭം ചില കളവുകൾ പറയുന്നതു്. അവ എത്ര നിരുപദ്രവങ്ങളാണെന്നു വായനക്കാർ തന്നെ തീരുമാനിക്കട്ടെ.

"എഴുതാനല്ല മറന്നതു്. ഞാൻ പഠിച്ച 'കൌമുദി' മുഴുവൻ മറന്നു. അതു് ഓൎമ്മയിൽനിന്നു പകൎത്താൻ ശ്രമിക്കയാണു്. അതു് ആരാണു് ഒന്നു ശരിയാണോ എന്നു പരിശോധിക്കാൻ!"

"എഴുതണം, ചെറിയമ്മേ! ആരെയെങ്കിലും കാണിക്കരുതേ."

"ആരെയാണു്. നീ പറ."

കേശവനുണ്ണിആശാനെ കാണിക്കാം. എന്താ അയാൾ പോരെ? അയാൾ ഇവിടെ വരുമല്ലോ.

"അതു തരക്കേടില്ല. പക്ഷെ, ഇവിടെ നിന്നു കാണിക്കണ്ട. നീ ഇതു കൊണ്ടുപോയി അയാൾക്കു കൊടുത്തു പരിശോധിച്ചു വാങ്ങിക്കൊണ്ടുവന്നാൽ മതി. എന്റേതാണെന്നും പറയരുതു്."

"എന്നാൽ ഒരാളുണ്ടല്ലോ അപ്പുറത്തു്. അയാളെ അറിയക്കാം."

"ഛേ! അതു മണ്ടൻ! കറപ്പിന്നു് ഒരു വിവരവുമില്ല. ശ്രീദേവിക്കേ അതിന്നു സാമൎത്ഥ്യമുള്ളൂ."

"അതെ അതെ. അയാൾ ഒരു വിഡ്ഢിയാണല്ലൊ. ഞാൻ അതൊക്കെ പിഴ തീൎത്തു കൊണ്ടുതരാം."

"എന്നാൽ നീ കുറെ കഴിഞ്ഞു് ഇങ്ങട്ടു വാ. അപ്പോഴെക്കു ഞാൻ കുറെ എഴുതിവെക്കാം."

കോമളം ജയഭേരി അടിച്ചു. അഥവാ ശ്രീദേവിയുടെ പുറത്തു് ഒന്നു തട്ടി. കേശവനുണ്ണിക്കു് ഒരെഴുത്തെഴുതേണമെന്നായിരുന്നു അവളുടെ മോഹം. അദ്ദേഹം തന്നെ സവ്വാത്മനാ സ്നേഹിക്കുന്നുണ്ടെന്നും, താൻ

ഒന്നുരണ്ടു ദിവസം തൊടിയിലെ ചില നേരമ്പോക്കുകൾ നിമിത്തം ദുർഗ്ഗാദീപാരാധനക്കു പോകാഞ്ഞയാൽ അദ്ദേഹം അരയാൽത്തറയിലെ അക്ഷരശ്ലോകാവസരത്തിൽ അസ്വസ്ഥനായിത്തീർന്നിരുന്നുവെന്നും, അതിനാൽ അന്നു രാത്രി അദ്ദേഹം അവിടെ വന്നു തന്റെ മുറിയിൽ നോക്കിയപ്പോഴാണു കുറുപ്പും ശ്രീദേവിയും കേട്ടതായി പ്രസ്താവിച്ച ആ ശബ്ദം ഉണ്ടായതെന്നും കോമളത്തിനു നിശ്ചയമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നേരെ തനിക്കും അതിരററ ബഹുമാനം ഉണ്ടെന്നു കോമളത്തിനു തീച്ചയുണ്ട്. പക്ഷേ, സുകുമാരശരീരനായ ആ യുവാവിന്റെ തേജോമയമായ വദനബിംബം സദാ സ്വാധീനത്തിൽ വേണമെന്നു തോന്നുന്നതു ബഹുമാമാനംകൊണ്ടാണോ എന്നും, അദ്ദേഹത്തെ കാണാത്ത അവസരങ്ങളിൽ അദ്ദേഹത്തിന്റെ സ്വരൂപത്തെ തന്റെ മനഃപീഠത്തിൽ പ്രതിഷ്ഠിച്ച് ആത്മാവിനെക്കൊണ്ടു സദാ പൂജചെയ്യുന്നതു ബഹുമാനംകൊണ്ടല്ലേ എന്നും ആയൌവനയുക്തക്കു തീച്ചയായിട്ടില്ലായിരുന്നു. അദ്ദേഹത്തിൽ അവൾക്കു സീമാതീതമായ സ്നേഹമുണ്ടായിരുന്നുവെന്നതു തീച്ചയാണ്. എന്നാൽ, ആ മഹാവിദ്വാനും പണ്ഡിതകേസരിയുമായ ആശാന്റെ പാദാരണുക്കൾ അണിയുവാൻപോലും താൻ അർഹയല്ലല്ലോ എന്നു ഭയപ്പെടുന്നതു സ്നേഹംകൊണ്ടാണോ എന്നും, തനിക്ക് എന്തുതന്നെ അപകടം നേരിട്ടാലും അദ്ദേഹത്തിന്റെ മുഖത്തിൽ ലവലേശം ക്ഷീണം പോലും ത

ട്ടികാണ്മാൻ സഹിക്കവയ്യാതെ വരുന്നതു്, സ്നേഹം കൊണ്ടല്ലേ എന്നും ആ സാധുപ്പെൺമണിക്കു തീർച്ചയായിട്ടില്ലായിരുന്നു. തന്റെ സർവ്വസ്വവും അദ്ദേഹത്തിന്റെ പാദത്തിൽ സമർപ്പിച്ചു് അദ്ദേഹത്തിന്റെ ചരണകമലത്തെ സ്വന്തം ആത്മാവിനെക്കൊണ്ടു് അർച്ചിച്ചു് ആരാധിപ്പാൻ മോഹിച്ചും, താൻതന്നെ അദ്ദേഹത്തിന്റെ ആത്മാവിന്റെ ഒരംഗമാണെന്നു സങ്കല്പിച്ചും യൌവനയുക്തയായ ഒരു സതീശിരോമാലിക ഒരു പുരുഷനെ എന്തൊരു മനോഭാവത്തോടെയാണു സ്വീകരിക്കുന്നതു് എന്നു കോമളത്തിന്നു നിശ്ചയമുണ്ടായിരുന്നില്ല. ചെറുപെൺകുട്ടികൾ യാതൊരു ഉപദേശവും സ്വീകരിക്കാതെ "അതെന്തോ എനിക്കു് ആ കാപ്പു വേണം!" എന്നു ശഠിക്കുന്ന രീതിയിൽ മനോനൈർമ്മല്യത്തെ അപേക്ഷിച്ചേടത്തോളം കേവലം കോമളത്തിന്റെ മനസ്സും, "അതൊക്കെയെന്തോ, ഞാൻ കേശവനുണ്ണിയെ സ്നേഹിക്കുന്നുണ്ടു്" എന്നു ശഠിച്ചുകൊണ്ടിരുന്നു.

അദ്ദേഹത്തിന്നു് ഒരെഴുത്തെഴുതേണമെന്നു് അവൾക്കു മോഹമുണ്ടായിരുന്നു. ഇതുവരെ ഒരാൾക്കും അവൾ എഴുത്തെഴുതീട്ടില്ലായ്കയാലും കേശവനുണ്ണിക്കു് എന്തൊരു നിലയിലാണു് അവൾ എഴുതേണ്ടതെന്നു സംശയിക്കയാലും പല കുറിയും ഓരോന്നു കുറിച്ചു് അതുകൊണ്ടു തൃപ്തിപ്പെടാതെ അവൾ അവയെ ചീന്തിയെറിയുകയാണു ചെയ്തതു്.

ഒരിക്കൽ "കേശവനുണ്ണി!" എന്നെഴുതി അതു വീ

ണ്ടും വായിച്ചപ്പോൾ ആ ആശാൻെറ പേർ അങ്ങിനെ നിശ്ശങ്കം വിളിക്കുന്നതു് അദ്ദേഹത്തെ അധിക്ഷേപിക്കയാണെന്നു തോന്നി അതിനെ വെട്ടി. "ആശാൻ" എന്നു് എഴുതിയപ്പോൾ, അദ്ദേഹം ഗുരുവരൻ തന്നെയെങ്കിലും ആ വാക്കിൽനിന്നു് അദ്ദേഹം തൻെറ ഇംഗിതം ശരിയായി ഗ്രഹിക്കയില്ലെന്നു ഭയന്നു് അതും ചീന്തിയെറിഞ്ഞു. പിന്നെയും കുറെ ആലോചിച്ചു പെൻസിലിൻെറ അററം കുറെ കടിച്ചു. കടലാസ്സു തിരിച്ചും മറിച്ചും പിടിച്ചു. അഴിഞ്ഞുവീണ കേശഭാരം കെട്ടി പിൻഭാഗത്തേക്കു നീക്കി. "പ്രാണനാഥാ" എന്നെഴുതി. അതുതന്നെയാണൊ തൻെറ യഥാൎത്ഥമായ മനോഭാവം എന്നും സംശയിച്ചു. 'പ്രാണൻ' 'നാഥൻ' എന്നീ വാക്കുകളുടെ ഗൌരവത്തെയും പരസ്പരബന്ധത്തെയും കുറിച്ചു് ആലോചിച്ചു ഒടുവിൽ അതിന്നു തല്ക്കാലം തനിക്കു അധികാരമില്ലെന്നു കണ്ടു അതും തള്ളി. ദേഹമാസകലം നിറഞ്ഞ സ്വേദബിന്ദുക്കൾ മേൽമുണ്ടുകൊണ്ടു തുടച്ചു. അളകാന്തത്തിൽ മണിമണിയായി തിളങ്ങുന്ന സ്വേദകണങ്ങൾ ഓരോന്നും തൻെറ പത്രത്തിൽ വീണുതുടങ്ങി. ആ പത്രം തന്നെ അയച്ചിരുന്നുവെങ്കിൽ അതിൽ യാതൊരക്ഷരവും ഇല്ലെങ്കിലും ആ കാമിനിയുടെ ഇംഗിതം ആ ഓരോ കണങ്ങളും വിശദമായി കേശവനുണ്ണിയെ ധരിപ്പിക്കുമായിരുന്നു. കോമളം ആ കടലാസ്സും ചീന്തിയെറിഞ്ഞു. ഇങ്ങിനെ ഓരോരോ വാക്കും എഴുതിയും വെട്ടിയും വളരെ നേരം കഴിച്ചു.

കോമളം! നിനക്ക് ആശാനിൽ പ്രേമമുണ്ടെന്നു നിനക്കു നിശ്ചയമുണ്ടോ? പ്രേമസമ്പൂർണ്ണങ്ങളായ ഹൃദയങ്ങൾ പരസ്പരം ഗാഢാലിംഗനാവസരത്തിൽ ഗ്രഹിക്കേണ്ട കഥകളെയാണോ നീ വെറും ഒരു തുണ്ടം കടലാസ്സിൽ കേശവനുണ്ണിആശാന്ന് അയപ്പാൻ ഉദ്ദേശിക്കുന്നത്. കോമളം! അനന്തമായ ആ പ്രേമത്തെ നിൻെറ ആ ചെറുതൂലികയുടെ തുമ്പിൽക്കൂടി നീ എത്രതന്നെ പ്രവഹിപ്പിക്കും? ഒരു ജലബിന്ദുവെ കാട്ടിയാണോ നീ "ഇതാണു സമുദ്രം" എന്നു പറയുവാൻപോകുന്നത്? ഭാരതംപോലെ നീ എത്ര കടലാസ്സുതന്നെ എഴുതിത്തീൎത്താലും, എത്ര നല്ല പദങ്ങൾതന്നെ ഉപയോഗിച്ചാലും, അവ നിൻെറ ഹൃദയത്തിൽ തങ്ങുന്ന നിൎമ്മലപ്രേമത്തിൻെറ ഒരു ശിഥിലസന്ദേശമാകുവാൻപോലും പൎയ്യാപ്തമാകുന്നില്ല. ഭദ്രേ! ഭവതിയുടെ ഈ സാഹസം മതിയാക്കു! ദേഹമാസകലം തളൎന്നു. കൈവിരലുകൾപോലും കഴഞ്ഞു. കാമിനികാമുകന്മാർ അന്യോന്യം അയക്കുന്ന എഴുത്തുകൾ എഴുതിത്തീൎപ്പാൻ അത്ര എളുപ്പമല്ല. അതിന്നുള്ള അഭ്യാസം ഭവതി ഇപ്പോഴെങ്കിലും ഗ്രഹിച്ചുവല്ലോ. മതി. മതി. ആ കാണുന്ന നാലഞ്ചക്ഷരം ഭവതിയുടെ ഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെട്ടതാണ്. അതു ഭവതിയുടെ ഉദ്ദേശം സാധിപ്പിച്ചുകൊള്ളും!

ശ്രീദേവി അകത്തു കടന്നപ്പോൾ സീമാതീതമായ ഒരു ലജ്ജയാണു കോമളത്തിനുണ്ടായത്.

"എന്താണു ചെറിയമ്മേ!"

കോമളത്തിന്നു് ഒരു രണ്ടു നിമിഷം സംസാരിപ്പാൻ കഴിഞ്ഞില്ല. എന്നാൽ ഈവക അവസരങ്ങളിൽ എളുപ്പത്തിൽ അതിനെ മാററിമറിക്കുവാൻ സ്ത്രീകൾക്കു സാധിക്കുന്നതാണല്ലൊ.

"ഇത്ര ചെറിയ ഒരു തെററു് എങ്ങിനെയാണു് ആശാനോടു ചോദിക്കുക എന്നാണു് എനിക്കു പരിഭ്രമം."

"അതൊന്നും സാരമില്ല. ശ്രീദേവി അതിനൊക്കെ വിദ്യ കണ്ടിട്ടുണ്ടു്. ഇങ്ങട്ടു തരു."

"വേണ്ട, വേണ്ട. പിന്നെയാകാം."

## എട്ടാം അദ്ധ്യായം.

### മുറിഞ്ഞ മാല.

വൈകുന്നേരം നാലഞ്ചു നാഴികപ്പകലുള്ളപ്പോൾ ഗംഗാധരൻനായർ ചമ്പകക്കാവിലെ തൊടിയിൽ ഹാജർ കൊടുക്കുക പതിവായിത്തീർന്നു. ആ സമയത്തു തൊടിയിൽ സാധാരണയായി കണ്ണുക്കുറുപ്പും ശ്രീദേവിയും മാത്രമേ പോകാറുണ്ടായിരുന്നുള്ളു. ദുർല്ലഭം ചിലപ്പോൾ കോമളവും കാററുകൊള്ളുവാൻ അവിടെ ചെന്നിരുന്നു. എന്നാൽ അവൾ തന്റെ പുൽത്തിണ്ണയിൽ പോയിരിക്കുകയും, ശാകുന്തളം വായിക്കുകയും, സന്ധ്യക്കുമുമ്പേ ദുർഗ്ഗാദിപാരാധനയ്ക്കു പോകുകയും പതിവാക്കിയിരുന്നതിനാൽ തൊടിയിൽ നടക്കുന്ന വസ്തുതകൾ ദുർല്ലഭമേ അവൾ അറിഞ്ഞിരുന്നുള്ളു.

തൊടിയിൽനിന്നു പുറത്തു വരുന്നതിന്നു മുമ്പും അതിൽ പ്രവേശിക്കുമ്പോഴും കോമളം സാധാരണയായി ഒരു തെങ്ങിന്റെ നേരെ നോക്കാറുണ്ടായിരുന്നു. ഈ തെങ്ങിന്നുള്ള മാഹാത്മ്യം വായനക്കാൎക്കറിയാമല്ലോ. അന്നും ആ അപരിചിതനെ അവിടെ ആരെങ്കിലും ബന്ധനസ്ഥനാക്കീട്ടുണ്ടോ എന്ന് അന്വേഷിക്കുകമാത്രമായിരുന്നു ആ ചെറുനോട്ടത്തിന്റെ ഉദ്ദേശം. അപരിചിതനാണെങ്കിലും അദ്ദേഹം ബന്ധനത്തിലിരിക്കുന്നത് അവൾക്ക് അസഹ്യമായിരുന്നു. അദ്ദേഹം എന്നും ഒരു ദുഃഖവുമെന്നിയെ സുഖിച്ചിരിക്കേണമെന്നതു കോമളത്തിന്നു ക്രമേണ ഒരു മോഹമായിത്തീൎന്നു. അദ്ദേഹത്തിന്റെ അന്നത്തെ ദയനീയാവസ്ഥ വിചാരിക്കുംതോറും അവളുടെ അനുതാപപ്രവാഹത്തിന്നു ശക്തി വൎദ്ധിച്ചുവന്നതേയുള്ളൂ.

യുവതികളുടെ അനുതാപം സാധാരണയായി അവരെ പുരുഷവശംഗതകളാക്കുന്നതാണ്.

കുറുപ്പും ഗംഗാധരൻനായരും തമ്മിൽ ആ തെങ്ങിന്റെ അരികത്തിരുന്ന് ഓരോ നേരമ്പോക്കു പറയുന്നതാണു കോമളത്തിന്ന് ഇന്നത്തെ ദിവസം കാണ്മാനിടയായത്. ആ അപരിചിതനെപ്പററി അധികവിവരം അറിവാനുള്ള യുവതിസഹജമായ ജിജ്ഞാസ നിമിത്തം അവൾ ചില ചെടികൾ മറത്തിരുന്ന് അവരുടെ സംഭാഷണം കേൾപ്പാൻ ശ്രമിച്ചു.

ഇവരുടെ സംഭാഷണവിഷയം അധികവും കള്ളും ശിമച്ചാരായവും തമ്മിലുള്ള വ്യത്യാസമായിരുന്നതി

നാൽ കോമളത്തിന്ന് അതിൽ വളരെ രസമൊന്നും തോന്നിയില്ല. പക്ഷെ, കുറുപ്പിന്റെ ഓരോ ചോദ്യത്തിന്നു നായരുടെ അതിരസകരമായ മറുപടി കോമളത്തിന്ന് ഇടയ്ക്കിടയ്ക്കു ചിരിപ്പാൻ വകയാക്കിത്തീക്കാതിരുന്നില്ല. അപ്പോഴൊക്കെ അദ്ദേഹത്തിന്റെ അപാരമായ പാണ്ഡിത്യത്തെപ്പററി കോമളം അത്ഭുതപ്പെടുകയും ചെയ്തിരുന്നു.

കണ്ണക്കുറുപ്പിന്നു വൈകുന്നേരത്തെ "പതിവ്" മുടക്കാതിരിപ്പാൻ പോകേണ്ട സമയവുമായി.

"ആട്ടെ, നാളെ കാണാം. എനിക്ക് അല്പം ജോലിയുണ്ട്."

"ഉവ്വ്, ഉവ്വ്. കള്ളുപിടികയിവല്ലേ?"

"അതെവിടെയെങ്കിലും ആയിക്കോട്ടെ. ഇപ്പഴ് നിങ്ങൾ കുട്ടികൾക്ക് അങ്ങിനെയൊക്കെത്തോന്നും. കുറച്ചു പ്രായമായാൽ നിങ്ങളും—എന്താണു ചെറിയമ്മയ്ക്ക് ഒരു ശ്ലോകമുണ്ടു ചൊല്ലുാൻ. അതു ഞാൻ മറന്നുപോയൊ?—ആ—"മുമ്പേ ഗമിച്ചിടിന ഗോവുതന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം" എന്നപോലെ. കുറുപ്പിന്റെ പിന്നാലെ—നിങ്ങളും."

കുറുപ്പു പോയ ഉടനെ ഗംഗാധരൻനായർ തന്റെ വലയുമായി ശലഭത്തെ പിടിപ്പാൻ ആ തോട്ടിയിൽ അങ്ങുമിങ്ങും നടക്കുകയായി. ഇതുതന്നെയായിരുന്നു കോമളത്തിന്ന് അദ്ദേഹത്തിന്റെ വേഷത്തേയും അതിൻവിശേഷത്തേയും നല്ലപോലെ പരിശോധിപ്പാൻ ഒരവസരം. കുടുമവെട്ടി നറുക്കി മുഴവൻ പിൻഭാഗം ഒയ്യ ചീകി ഒതു

ക്കി മിനുക്കിയിട്ടിരുന്നു. ഓഷ്ഠമദ്ധ്യത്തിൽ കരാംഗുലം നിളത്തിൽ കറുത്തിരുണ്ട മീശ ഇടക്കിടെ ഇടത്തുകൈകൊണ്ടു പിടിച്ചു പിരിമുറുക്കുമ്പോഴും, മീശയുടെ അററം മുട്ടവായി കീഴ്പ്പല്ലുകൊണ്ടു് ഒരു ഭാഗത്തുകൂടി പിടിച്ചു കടിക്കുമ്പോഴും, നാസികയുടെ ശയ്യയായ ആ ചില്ലപാനം ചെറുരോമങ്ങൾക്കു് എന്തോ ഒരു കോമളിമയുണ്ടെന്നു കോമളത്തിന്നു തോന്നാതിരുന്നില്ല. ഒരു മൽ ബണിയനായിരുന്നു അദ്ദേഹം ധരിച്ചിരുന്നതു്. അതിന്റെ സ്വർണ്ണക്കുടുക്കുകളിൽ അസ്തമനസൂര്യന്റെ കിരണജാലം പതിഞ്ഞു് അതിൽനിന്നും പുറപ്പെടുന്ന പ്രഭാപൂരം ഒന്നുരണ്ടു കുറി കോമളത്തിന്റെ കണ്ണിൽതന്നെ പതിയുകയാൽ അവളുടെ "കണ്ണു മഞ്ഞളിച്ചു"പോയിരുന്നു. ഒരു കറുപ്പു സ്ലിപ്പറിട്ടിട്ടാണു് അദ്ദേഹം ആ ആരാമത്തിൽ നിശ്ശബ്ദമായി നടക്കുന്നതു്. രത്നഖചിതമായ സ്വർണ്ണാംഗുലീയങ്ങൾ എന്നു വായിച്ചുകേട്ടതല്ലാതെ, മുമ്പു കോമളം കണ്ടിട്ടുണ്ടായിരുന്നില്ല. മഹാരാജാക്കന്മാരുടെ—ദുഷ്യന്തന്റെ—ആ മോതിരം ആ യുവാവിന്റെ വിരലുകളിൽ കണ്ടപ്പോൾ നമ്മുടെ യുവതിക്കു് എന്തെല്ലാമോ ആലോചനകളും അനുസ്മരണകളും ജനിക്കാതിരുന്നില്ല. എന്നാൽ ഒന്നുമാത്രം കോമളത്തിനു് അതിയായ അസഹ്യതയുണ്ടാക്കിത്തീർത്തു. അതു് അദ്ദേഹത്തിന്റെ "മൂറിമൂക്കം"യിരുന്നു. കണ്ണടയുടെ രണ്ടു ഭാഗത്തെച്ചില്ലുകളും യോജിപ്പിച്ചു മൂക്കിൽ ഇറുക്കിപ്പിടിക്കുന്ന ആ ലോഹക്കമ്പിയാണു് കോമളത്തിനു് ഈ ധാരണയുണ്ടാക്കിത്തീർത്തതു്. പക്ഷെ ഇടക്കൊരി

കൽ ആ കണ്ണാട കയ്യിലെടുത്തു കയ്യുറുമാൽകൊണ്ടു കണ്ണും മുഖവും തുടയ്ക്കുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ മൂക്കു മുറിഞ്ഞിട്ടില്ലെന്നു കണ്ടു കോമളത്തിന്റെ അസഹ്യത തീൎന്നുവെന്നു മാത്രമല്ല, അതിലും ഒരു പുതുമ തോന്നി.

ഗംഗാധരൻനായരുടെ രൂപമാധുൎയ്യമോ വേഷപ്പുതുമയോ ഏതാണെന്നറിയുന്നില്ല, കോമളത്തിന്നു് അദ്ദേഹത്തെ കണ്ടുകൊണ്ടിരിക്കണമെന്ന മോഹം പൂൎവ്വാധികം വൎദ്ധിപ്പിച്ചു. അദ്ദേഹം പോയ്ക്കളയുമോ എന്ന ഭയം സദാ മനസ്സിൽ കളിച്ചുകൊണ്ടിരുന്നു. 'അന്നു് അദ്ദേഹത്തെ അഴിച്ചുവിട്ടതാണു തെറ്റു്. അല്ലെങ്കിൽ എന്നും എനിക്കു കാണാമായിരുന്നു,' എന്നും കോമളം ആലോചിക്കാതിരുന്നില്ല. 'ഇപ്പോൾ പിടിച്ചുകെട്ടിയാലോ' എന്നു് ഒരു നിമിഷത്തിൽ ആലോചിക്കും. മറുനിമിഷത്തിൽ തന്റെ സാഹസത്തെപ്പറ്റി ആശ്ചൎയ്യപ്പെടും. നിരുപദ്രവികളായ ശലഭങ്ങളെപ്പിടിച്ചു കൊല്ലുന്ന ഒരാളുടെ ഹൃദയത്തിൽ അനുകമ്പ എന്നതു കണികാണ്മാനുണ്ടാകുമോ എന്നു സംശയിക്കും. കുറച്ചുനേരം അദ്ദേഹം ഒരു പാറ്റയേയും പിടിക്കാതെ വല വെറുതെ കയ്യിൽ പിടിച്ചു നടക്കുന്നതു കാണുമ്പോൾ തന്റെ ആ സംശയത്തെ അകറ്റും. മദനോപമനായ ഇദ്ദേഹത്തിന്റെ പ്രിയതമ ഏതൊരു ഭാഗ്യവതിയായിരിക്കുമെന്നു് ഇടയ്ക്കിടയ്ക്കു് അസൂയ — ഇല്ലില്ല, ആശ്ചൎയ്യ — പ്പെടും. താൻ അന്നു് ഒളിച്ചിരുന്ന രംഗാതരവെ ആദ്യം ഒളിക്കണ്ണിനാൽ ദൂരാനിന്നും, ക്രമേണ

അടർത്തു ചെന്നു് ഓരോ ഇല നീക്കി സൂക്ഷ്മമായും അദ്ദേഹം പരിശോധിക്കുന്നതു കാണുമ്പോൾ ഒരു ആശ—ഇല്ല, സംശയം മാത്രം—ബാക്കിയാകും. എന്തിനേറെ, കോമളം ഒരു സാഹസത്തിന്നുതന്നെ ഒരുമ്പെട്ടു. അവൾ ഒളിച്ചിരുന്ന സ്ഥലത്തുനിന്നും പുറത്തു വന്നു, നിയമാധികാരി ഒരു തടവുപുള്ളിയോടെന്നവിധം "നിങ്ങൾ എന്താണു് ഇവിടെ വന്നതു്?" എന്നു സഗൌരവം ചോദിച്ചു.

ഗംഗാധരൻനായർ അത്ഭുതപരതന്ത്രനായി ഒരു നിമിഷം അവിടെ നിന്നുപോയി. തൻെറ ആഗ്രഹം ഒരുപക്ഷേ രൂപമെടുത്തു തന്നെ ശിക്ഷിക്കയായിരിക്കുമോ എന്നു ഭയന്നു. തന്നിൽ അനുകമ്പ തോന്നി ആ യുവതിതന്നെ അവിടെ വന്നതായിരിക്കുമെന്നു സമാശ്വസിച്ചു. ഋഷിവര്യന്മാർക്കു് ഈശ്വരൻ അവരുടെ സമാധിയിൽ മാത്രം പ്രത്യക്ഷമാകുന്ന സ്ഥിതിയിൽ ഈ സുന്ദരി തൻെറ മനസ്സിൽ മാത്രമാണോ ഇപ്പോഴും പ്രത്യക്ഷമായിട്ടുള്ളതെന്നു വ്യസനിച്ചു ഗംഗാധരൻ നായരുടെ മോഹം ആ തന്വിയുടെ സ്ഥൂലശരീരത്തേയും തൻെറ ഭുജവലയത്താൽ ബന്ധിക്കേണമെന്നായിരുന്നു.

സൂര്യരശ്മിയുടെ ദർശനമാത്രത്താൽ തിരോധാനം ചെയ്യുന്ന മഞ്ഞുപോലെ, അവളുടെ ഗൌരവത്തിൽ അദ്ദേഹത്തിൻെറ അലസതയും, നായരുടെ അത്ഭുതത്തിൽ കോമളത്തിൻെറ ഗൌരവവും ഒരുമിച്ചു തിരോധാനം ചെയ്തു.

ഗം. നാ—ഞാൻ എന്തിന്നാണു് ഇവിടെ വന്നതു് എന്നു് എനിക്കു നിശ്ചയമില്ല.

കോമള—എന്നാൽ ആൎക്കാണു നിശ്ചയം?

ഗം—ഭവതിക്കു്.

ഈ സന്ദൎഭത്തിൽ, "എന്റെ മനസ്സിനെ ബാധിച്ചു"വെന്ന അദ്ദേഹത്തിന്റെ മുമ്പേത്തെ ഒരു മറുപടി കോമളത്തിന്നു് ഓൎമ്മവന്നു. അവ രണ്ടും തമ്മിൽ ചേൎത്തുകോൎത്തു് ആ മാല്യത്തെ തന്റെ ഇംഗിതത്തിൽ ചാൎത്തി.

കോ—എനിക്കു നിശ്ചയമില്ല. പാററകളെ പിടിക്കുവാനാണോ?

ഗം—അല്ലല്ല, എനിക്കു പാററകളെ വേണ്ട. എന്റെ ഒരു ചിത്രശലഭം ഈ ഉദ്യാനത്തിൽ ഉണ്ടു്. അതിനെ തിരികെ കിട്ടാനാണു ഞാൻ ശ്രമിക്കുന്നതു്.

തന്റെ ഇംഗിതത്തിൽ ചാൎത്തിയ ആ മാല്യത്തിൽ കോമളം ഈ ഓരോ നവകുസുമങ്ങളും വീണ്ടും കോൎത്തുതുടങ്ങി.

കോ—തിരികെ കിട്ടുവാനോ?

ഗം—അതെ. അതു് ഒരിക്കൽ എന്റേതായിരുന്നു. ഞാൻ അങ്ങിനെ കരുതിയിരുന്നു.

ഇക്കുറി ഒരു പുഷ്പം ആ മാല്യത്തിൽ ചേൎപ്പാൻ സിദ്ധിച്ചില്ലല്ലോ എന്നു കോമളത്തിന്നു വ്യസനമായി.

കോ—ഒരിക്കൽ, എന്നുവെച്ചാൽ അന്നു് ഉദ്യാനത്തിൽ വന്ന ദിവസമോ?

ഗം—അതെ.

കോമളം ഒരു രണ്ടാംതരം പാനിനിർമ്മാതാവാണ് ആ മാലയിൽ ഇപ്പോഴാം കോൎത്തിണക്കിയതു്. അവളുടെ മനസ്സിൽ സന്തോഷം വൎദ്ധിച്ചുവന്നു. അവഠം പിന്നെയും ഓരോ സുഗന്ധകുസുമം ആരാഞ്ഞുതുടങ്ങി.

കോ— എങ്ങിനെയാണ് ആ ശലഭം നഷ്ടമായതു്? ഞാൻ തുറന്നുവിട്ടതുകൊണ്ടായിരിക്കുമോ?

ഈ ചോദ്യം ചിന്താഗ്രസ്തനായ ഗംഗാധരൻനായർ കേട്ടില്ലെന്നു തോന്നുന്നു. അദ്ദേഹത്തിൻെറ ഓരോ ആലോചനയ്ക്കും കോമളത്തിൻെറ യോജിച്ച മറുപടി സിദ്ധിച്ചപ്പോഴും, വിശിഷ്യ തൻെറ ഇംഗിതത്തെ അറിഞ്ഞു ചോദിക്കുന്നപോലുള്ള അവളുടെ ചോദ്യം കേട്ടപ്പോഴും, ഗംഗാധരൻനായർ തൻെറ മനോഭൂമിയിൽ ഒരു വിജയസ്തംഭം പണിതുവരികയായിരുന്നു. അതിനാൽ കോമളത്തിൻെറ ഒടുവിലത്തെ ചോദ്യം അയാഠം കേട്ടില്ല.

ഗം— 'ഒരിക്കൽ' എന്നതു വളരെ കൊല്ലങ്ങഠംക്കുമുമ്പാണ്. അന്ന് ആ ചിത്രശലഭം എൻേറതും ഞാൻ ആ ചിത്രശലഭത്തിൻേറതുമായിരുന്നു. അതൊക്കെ ഇപ്പോഠം ആ ശലഭം ഓൎക്കുന്നുണ്ടോ എന്നുതന്നെ സംശയമാണ്.

പാവം! കോമളത്തിൻെറ മാലയിതാ ചരടററു താഴെ വീഴുന്നു! ഉറപ്പില്ലാത്ത ഒരു പട്ടുനൂലിൽ ഇത്രയധികം കുസുമങ്ങളെ കോൎത്തു, തൻെറ ഇംഗിതത്തെ ആപാദചൂഡം അലങ്കരിക്കാമെന്നല്ലേ ആ സാധുയുവതി മോഹിച്ചതു്! ഭഗ്നോത്സാഹയായ കോമളത്തിന്നു

തന്റെ സാഹസത്തെക്കുറിച്ചു് ഇപ്പോഴാണു് ഓൎമ്മവന്നതു്. ഏകാകിനിയായി താൻ അപരിചിതനായ ഒരു യുവാവിന്റെ മുമ്പിലാണു നില്ക്കുന്നതെന്നു് ഓൎക്കുകയും, "ഈശ്വര! ഇതെങ്ങാൻ വല്ല ജീവിയും കണ്ടാലത്തെ കഥയോ?" എന്നു നടുങ്ങുകയും ചെയ്തു, കോമളം തൊടിയിൽനിന്നു് ഒരേ ഒരു ഓട്ടത്തിൽ മുറ്റത്തെത്തിക്കഴിഞ്ഞു. ഓരോരോ നിമിഷം കഴിയുംതോറും കോമളത്തിന്നു ഭയം വൎദ്ധിച്ചതേയുള്ളൂ. മുറ്റത്തെത്തി, ആരെങ്കിലും തന്നെ കണ്ടുവോ എന്നു നാലുപാടും നോക്കിയപ്പോൾ, ശ്രീദേവി ആ അപരിചിതനുമായി സംസാരിക്കുന്നതാണു് അവൾക്കു കാണ്മാനിടയായതു്. അവൾ തൊടിയിൽ ഉണ്ടായിരുന്നുവെന്നും, തന്റെ സാഹസകൃത്യം — സംഭാഷണം — അറിഞ്ഞുകഴിഞ്ഞുവെന്നും, അതിന്നു് ആ യുവാവിനെ അധിക്ഷേപിക്കുകയാണു് അവൾ ഇപ്പോൾ ചെയ്യുന്നതെന്നും സാധു തീൎമ്മാനിച്ചപ്പോൾ, അവളുടെ ദേഹമാസകലം അരയാലിലപോലെ വിറച്ചു.

## ഒമ്പതാം അദ്ധ്യായം.

### പുഴുക്കുത്തു്.

കല്യാണിയമ്മ ദീപവുമായി അകത്തു കടന്നു, "കോമളം! കോമളം, ദീപം! ദീപം, സന്ധ്യാദീപമാണു; തൊഴുതോളൂ!" എന്നു മന്ദമായി പറഞ്ഞു് അതി

ലെ ഒരു തിരി നീട്ടിക്കത്തിച്ചു. അൎദ്ധനിമീലിതങ്ങളായ കോമളത്തിന്റെ നയനപങ്കേരുഹം ആ ദീപകിരണങ്ങൾ പതിച്ചപ്പോൾ ഒന്നു തുറന്നു. കേവലം ബലഹീനങ്ങളെങ്കിലും ഇരുകൈകളും മെല്ലെ പൊക്കി മാറിൽ ചേൎത്തു കൂപ്പി "സന്ധ്യാദീപം നമാമ്യഹം" എന്നുച്ചരിച്ചു, തൊഴുകയ്യുമായി പാവം കരയാൻ തുടങ്ങി. "കഷ്ടമേ! എനിക്ക ശബ്ദിപ്പാൻകൂടി കഴിയുന്നില്ലാ!" എന്നായിരുന്നു അവളുടെ അപ്പോഴത്തെ വ്യസനം.

കോമളം ഇങ്ങിനെ രോഗശയ്യയിൽ കിടന്നുതുടങ്ങീട്ട ദിവസം മൂന്നേ കഴിഞ്ഞിട്ടുള്ളുവെങ്കിലും, അവളുടെ ദേഹം കണ്ടാൽ ആൎക്കും അവളെ തിരിച്ചറിയുവാൻ പ്രയാസമാകുംവിധത്തിൽ അവൾ അത്യധികം പാവശയായിരുന്നു. കല്യാണിയമ്മ ഇതു ദൃഷ്ടിദോഷത്താൽ വന്നതാണെന്നു ശപഥം ചെയ്യുകയും അതിന്നു പല ക്ഷേത്രങ്ങളിലും വഴിപാടുകൾ പ്രാൎത്ഥിക്കുകയും, അവ കഴിക്കുന്നതുവരെ തന്റെ കഴുത്തിലെ താലി "നേൎന്നു വെയ്ക്കുക"യും ചെയ്തു. കാരണവർ നാരായണൻ നായർ ഗ്രഹപ്പിഴകളെ ഗണിച്ച് അവയ്ക്കു പരിഹാരങ്ങളെ ചിന്തിച്ചുകൊണ്ടു ബുദ്ധിമുട്ടുകയാണ്. കണ്ണക്കുറുപ്പിന്റെ വിശ്വാസം, താൻ ഇപ്പോൾ ഉണ്ടാക്കിവരുന്ന കഷായം, എണ്ണ ഇതു രണ്ടും തയ്യാറായാൽ രോഗം ഏതു വഴിക്കാണ് ഓടേണ്ടതെന്നു ഭയപ്പെടും എന്നായിരുന്നു. അതിന്നാണ് അദ്ദേഹം കഷായത്തിന്നടുത്തുതന്നെ ഇരുന്നു തീ കത്തിച്ചുകൊണ്ടിരിക്കുന്നതു്. രാമുണ്ണിപ്പണിക്കർ നാലുനാഴികപ്പകലേ രോഗത്തിന്നു ശമനം കണ്ടെത്തു

ടങ്ങും എന്നു താൻ ഗണിച്ചിരുന്നതു ശരിയായില്ലെന്നു കണ്ടതുമുതൽ ഇതു ദേഹവ്യാധിയല്ലെന്നും മനോവ്യാധിയാണെന്നും മനസാ തീരുമാനിച്ചുകഴിച്ചിരുന്നു. കാരണവരുടെ "എന്നാൽ ആ അഭിപ്രായം മുമ്പേതന്നെ എഴുന്നെള്ളിക്കായിരുന്നില്ലേ?" എന്ന ദേഷ്യവാചകം ഭയന്നാണ് അയാൾ അതു തുറന്നു പറയാതിരിക്കുന്നതു്. മനോവ്യാധിയാണെന്നു പറഞ്ഞാൽപ്പോലും കോമളം അതു സമ്മതിക്കയില്ല. തനിക്ക് ഒരു മനോവ്യാധിയുള്ളതായി ആ യമ്മ ക്കറിവില്ല. അന്നു തൊടിയിൽനിന്നു് ഓടി മടങ്ങിവന്നപ്പോഴാണു തനിക്കു കുറേശ്ശ പനിയുണ്ടെന്നു് ആദ്യമായി തോന്നിയതെങ്കിലും അതാണു തനിക്കു പിന്നീടു് ഒന്നുരണ്ടുതവണയുണ്ടായ മോഹാലസ്യത്തിന്നും പനിക്കും തലവേദനക്കും കാരണമെന്നു കോമളത്തിന്നു ലവലേശം വിശ്വാസമില്ല. ശ്രീദേവിക്ക് ഒന്നറിയാം. അതായതു ചുവന്ന ഗുരുസി, കറുത്ത ഗുരുസി ഇവ രണ്ടും വിധിയാംവണ്ണം ഉഴിഞ്ഞുകളഞ്ഞാൽ കോമളത്തിന്റെ സകലരോഗവും ഭേദമാവും എന്നായിരുന്നു അവളുടെ പക്ഷം.

ശ്രീദേവി ഗുരുസികൾ രണ്ടുകയ്യിലും പിടിച്ചു് ഉഴിയുവാൻ തുടങ്ങിയപ്പോൾ കോമളത്തിന്റെ മുഖം കേവലം വിളർത്തിരുന്നു. അവളുടെ നോട്ടം ശ്രീദേവിയുടെ മുഖത്തായിരുന്നു. ശ്രീദേവി ഭദ്രകാളി എന്തോ മററോ മന്ത്രിക്കുന്നതു കോമളം നോക്കിക്കൊണ്ടിരുന്നു. ഒടുവി...

"സ്വാഹാ ഗുരുവിനാ..." എന്നു ...

കോമളത്തിനു് അല്പമൊ...

050740
MUL

ഗ്ഗരുസിയുംകൊണ്ടു പുറത്തു പോയപ്പോൾ കോമളത്തിന്റെ മുഖത്തു് ഒരു ആശ്വാസം ഉദിച്ചുവരുന്നതു കണ്ടു കല്യാണിയമ്മ; "ആ ഗ്ഗരുസി പോയപ്പോൾതന്നെ കോമളത്തിന്നു കുറെ ആശ്വാസമായി!" എന്നു പറഞ്ഞു സമാധാനിച്ചു.

അതു കേട്ടു ശ്രീദേവി ജയഭേരിയടിച്ചുകൊണ്ടു വീണ്ടും അകത്തു കടന്നു. ആ സമയം മുതൽ കോമളം അവളുടെ മുഖത്തുതന്നെ കണ്ണിമക്കാതെ നോക്കിനില്ക്കുകയായിരുന്നു. അപ്പോൾ തോടിയിൽവെച്ചു തന്നെയും ആ യുവാവിനെയും ഒരുമിച്ചു കണ്ട കഥ വല്ലവരോടുമോ തന്നോടുതന്നെയോ പറയുവാൻ തുടങ്ങുമോ എന്ന ഭയമായിരുന്നു ആ നോട്ടത്തിന്റെ അൎത്ഥം.

കല്യാണിയമ്മ പുറത്തു പോയ ഉടനെ ശ്രീദേവി തന്റെ സാമൎത്ഥ്യത്തെക്കുറിച്ചു പ്രശംസിപ്പാനുദ്ദേശിച്ചു കോമളത്തോടു പറവാൻ തുടങ്ങി. അവരവൎക്കു് ഇഷ്ടമുള്ള വസ്തുക്കളെക്കുറിച്ചു രോഗികളോടു സംസാരിക്കാവു എന്നു് ആരോ തന്നോടു പറഞ്ഞിരുന്നതോൎത്തു സംസാരിക്കാനുദ്ദേശിച്ച വിഷയവും തിച്ചപ്പെടുത്തി.

ശ്രീ—ചെറിയമ്മേ!

കോ—അയ്യോ! ശ്രീദേവി! നീ പറയരുതേ!

ശ്രീദേവിക്കു കോമളത്തിന്റെ ഈ നിലവിളിയുടെ അൎത്ഥം മനസ്സിലായില്ല. എന്നുമാത്രമല്ല, കോമളത്തിന്റെ നിശ്വാസത്തിന്റെ വേഗത വൎദ്ധിക്കുകയും ശബ്ദം പൊങ്ങുകയും ചെയ്തപ്പോൾ ശ്രീദേവിയുടെ പരിഭ്രമം സീമാധികം വൎദ്ധിച്ചു. എന്നാൽ ആ സമയത്തു്

അവിടെ അമളിയുണ്ടാകാതിരിപ്പാൻവേണ്ടി അവർ തൻെറ സ്വന്തം നയം തന്നെ പ്രയോഗിപ്പാനാവല്ല.

ശ്രീ—നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു കാൎയ്യമാണു ഞാൻ പറയുവാൻ പോകുന്നതു്.

കോ—അമ്മേ! അമ്മേ!

ദയനീയമായ ഈ വിളികൾ കോമളത്തിനെ ശ്രീദേവിയുടെ വാക്കുകളിൽനിന്നും രക്ഷിപ്പാനുദ്ദേശിച്ചവയാണെന്നു ശ്രീദേവിക്കു മനസ്സിലായി. താൻ പറയാൻ പോകുന്ന കാൎയ്യത്തിൻെറ ഗൌരവംകൊണ്ടല്ല, ഇപ്പോൾ അവൾക്കു സംസാരിക്കുന്നതു കേൾപ്പാൻ ഹിതമില്ലായ്കയാലാണു് അങ്ങിനെ ചെയ്തതെന്നായിരുന്നു ആ ദാസി മനസ്സിലാക്കിയതു്. അവൾ വേഗം കല്യാണിയമ്മയെ വിളിച്ചുകൊണ്ടുവന്നു.

കല്യാണിയമ്മയുടെ ധൃതിയിലുള്ള പോക്കു കണ്ടു പുറത്തളത്തിൽനിന്നും കണ്ണക്കുറുപ്പും കുറുപ്പിൻെറ പാച്ചൽ കണ്ടു പടിപ്പുരയിൽനിന്നു കാരണവർ നാരായണൻനായരും വേറെ ഒന്നുരണ്ടു ദാസന്മാരും ദാസികളും ഒക്കെ കൂടി രോഗിയുടെ അടുത്തെത്തിക്കഴിഞ്ഞു. ഭാഗ്യവശാൽ കുഞ്ഞുണ്ണിവൈദ്യരും അവിടെയുണ്ടായിരുന്നു. കോമളത്തിന്നു വീണ്ടും ഒരു മോഹാലസ്യമാണുണ്ടായിട്ടുള്ളതു്. അന്നു സന്ധ്യ കഴിയുന്നവരെയും ആലസ്യമുണ്ടാകാതിരുന്നതിനാൽ രോഗത്തിനു ശമനം വന്നുതുടങ്ങിട്ടുണ്ടെന്നു കുറേശ്ശ സംശയിച്ചിരുന്നതെല്ലാം വിഫലമായി. കുഞ്ഞുണ്ണിവൈദ്യൎക്കു് അകത്തു കടപ്പാൻ പാടില്ലാത്തതിനാൽ പുറത്തു നിന്നു് ഓരോ ചോദ്യം

ചോദിക്കുകയും അതിന്നു മറുപടി കിട്ടുമ്പോറം ഓരോ മരുന്നും ഗുളികയും പുറത്തുനിന്നു കറുപ്പിന്റെ കയ്യിൽ കൊടുത്തയക്കുകയുമായിരുന്നു ചെയ്തിരുന്നതു്.

നാരായണൻനായർ—കുട്ടിക്കു് ഇന്നും മോഹാലസ്യമായല്ലോ; വൈദ്യരെ!

വൈദ്യർ—അതുതന്നെയാണു് അടിയനും ആലോചിക്കുന്നതു്. മരുന്നുഅമരേത്തു കഴിഞ്ഞിട്ടില്ലായിരിക്കമൊ എന്തോ?

നാരാ-നാ—കുറുപ്പേ, ചോദിക്കു. അകത്തു ചെന്നു ചോദിച്ചുവാ?

രാമുണ്ണിപ്പണിക്കർ—വൈദ്യർ ഇതുവരെയിലും വാതപ്രകൃതമാണെന്നല്ലെ തീരുമാനിച്ചിരുന്നതു്?

വൈദ്യർ—അതെ. അങ്ങിനെ തന്നെയല്ലെ കവിടി "വാരിവെച്ച"പ്പോഴും പറഞ്ഞതു്?

പണി—അതെ. അതെ.

നാരാ—പിന്നെയെന്താണു് ഇപ്പഴ് സംശയം?

പണി—സംശയമില്ല. സംശയമില്ല. പക്ഷേ—

നാരാ—എന്തു പക്ഷെയാണു്?

പണി—പക്ഷെ ഇതു് ആധിയൊ വ്യാധിയോ എന്നാണു സംശയം.

വൈദ്യർ—വ്യാധിയാണെന്നു തീരുമാനിച്ചിട്ടല്ലെ പിന്നെ വാതപ്രകൃതമാണെന്നു തിട്ടപ്പെടുത്തിയതും.

പണി—അതെ. അതെ. അതൊക്കെ ശരിയാണു്. എന്നാൽ വ്യാധി, മനോവ്യാധിയായിക്കൂടെ? അതായതു് ആധി.

വൈദ്യർ—ആധിയാണെങ്കിൽ ചികിത്സിപ്പാൻ അടിയനല്ലല്ലൊ. തമ്പുരാൻ കേട്ടിട്ടില്ലേ ഇയാൾ വ്യാധിയാണെന്നു പറയുന്നതു്. അതല്ലേ അടിയൻ ചികിത്സിക്കാൻ തുടങ്ങിയതു്.

നാരായണൻനായർ—അതെ. അതെ. എന്തും പണിക്കരെ? ഈ അഭിപ്രായം ആദ്യം ഇങ്ങട്ടു് എഴുന്നെള്ളിക്കായിരുന്നില്ലേ? ഇപ്പൊഴാണൊ പറയുക?

പണി—ഇല്ലില്ല. പറഞ്ഞുവെന്നേയുള്ളു. രോഗം ഈ ചികിത്സകൊണ്ടുതന്നെ ഭേദമാവും. ഔഷധം രോഗത്തിനെ ജയിച്ചുകഴിഞ്ഞിരിക്കുന്നു.

വൈദ്യ—ഉവ്വോ? എന്നാൽ ഈ ഔഷധം മതി.

പണി—മതി മതി.

കുറുപ്പു്—മരുന്നു കഴിച്ചിട്ടില്ല. ഇപ്പോൾ ശ്വാസത്തിന്നു് ഒരിടച്ചു് വന്നിരിക്കുന്നു. ശ്വാസത്തിന്നു ശബ്ദവും കൂടുതലായിരിക്കുന്നു.

വൈദ്യ—ഹെ! അതെന്താണു്? എപ്പഴാണു തുടങ്ങിയതു്?

നാരായണൻനായർ ഒന്നു വൈദ്യരുടെ മുഖത്തും വൈദ്യർ ഒന്നു പണിക്കരുടെ മുഖത്തും, പണിക്കർ മേല്പോട്ടു ആകാശത്തിലേക്കും ഓരോന്നു നോക്കി.

"നോക്കട്ടെ, ഞാനൊന്നു നോക്കട്ടെ." എന്നു പറഞ്ഞു കാരണവർ നാരായണൻനായർ തന്നെ അകത്തേക്കു കടന്നു.

പണിക്കർ—അല്ലല്ലം, ഒന്നു മറന്നു. ഇന്നാണു് എന്റെ കുറി. പത്തുറുപ്പിക വെക്കണം എന്റെ അന്നു

രുക്കുന്നു്. ഒരു കാൎയ്യം ശരിയായിട്ടില്ല” എന്നു പറഞ്ഞു മെല്ലെ കോണി കടന്നു പാടത്തിലിറങ്ങി (രക്ഷപ്രാപിച്ചു.)

വൈദ്യർ കുറേശ്ശ കുറേശ്ശ മുറിയുടെ ജനവാതില്ക്കൽവരെ ചെന്നു. ശ്വാസത്തിന്റെ ശബ്ദം സൂക്ഷിച്ചു ശ്രവിച്ചു. അതിന്നിടയിൽ ഒരു നായ കുരക്കുന്നതു കേട്ടു, “കറുപ്പതമ്പുരാനേ! ആ നായ അങ്ങിനെ കുരയരുത്. അതു കേടാണ്. അതിനെ അടിച്ച് ഓടിക്കണം” എന്ന് ആജ്ഞാപിച്ചു, കാരണവരുടെ ശ്രദ്ധ ആകൎഷിപ്പാൻ “ഹും” എന്നൊന്നു കുരച്ചു. കാരണവർ “എന്താ വൈദ്യരെ, ഇങ്ങട്ട് അകത്തുതന്നെ കടന്നോളൂ. ഇപ്പഴ് അതൊന്നും നോക്കാനില്ല. വല്ലതും വേണ്ടിവന്നാൽതന്നെ ശുദ്ധിയൊക്കെ ചെയ്യാം” എന്നു കല്പനയും കൊടുത്തു.

വൈദ്യർ പടിയും കയറി അകത്തു കടന്നു. വയസ്സു എഴുപതിൽപരമായിരുന്നതിനാൽ അകത്തും വടികുത്തിയേ നടക്കാറുള്ളൂ. രോഗിയുടെ കിടക്കയുടെ അടുത്തു് ഒതുങ്ങിയിരുന്നു കുറെ നേരം ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ മുഖത്തു മാറിയും മറിഞ്ഞും ഉദിച്ചും അസ്തമിച്ചും വരുന്ന വികാരങ്ങളെ കല്യാണിയമ്മ അടുത്ത മുറിയിൽനിന്നു ജനവാതിലിന്നിടയിൽകൂടി സൂക്ഷിച്ചു പരിശോധിച്ചുകൊണ്ടിരുന്നു.

ഒടുവിൽ “അമ്മത്തമ്പുരാട്ടിക്ക് ഒരു സുഖക്കേടുമില്ല; പക്ഷെ സ്ഥിതി കുറെ വിഷമത്തിലാണ്.” എന്ന് ഒരിക്കലും, കുറേക്കൂടി ശ്രദ്ധിച്ചു, “സാരമില്ല; ഇന്നു രാ

ത്രി കഴിയണം. എന്നാൽ ഒന്നും പേടിക്കാനില്ല" എന്നു പിന്നൊരിക്കലുമായി വൈദ്യർ കാരണവരോടായി വാധിപറഞ്ഞു.

ഇരുഭാഗത്തുനിന്നും കൈക്കൂലി വാങ്ങിയ ന്യായാധിപതിയുടെ വിധിന്യായംപോലെയുള്ള ഈ വാക്കുകൾ കല്യാണിയമ്മയുടെ അസ്വാസ്ഥ്യത്തെ ലവവും ശിഥിലീകരിപ്പാൻ പര്യാപ്തമായില്ലെന്നു പറയേണ്ടതില്ലല്ലൊ.

വൈദ്യർ, കുറച്ചു ജീരകവെള്ളം വാങ്ങിച്ച് അതിൽ ഒരു ഗുളിക അരപ്പാനും തുടങ്ങി.

മനോവ്യാധിക്കു ജീരകവെള്ളത്തിൽ ഗുളിക അരക്കുന്ന വൈദ്യരുടെ കഥ അങ്ങിനെ ഇരിക്കട്ടെ!

"ഒരു സാഹസകൃത്യണു താൻ പ്രവൎത്തിച്ചതു്. ഒരു യുവാവിനോട് സംസാരിച്ചുനിന്നു" എന്നു മനസ്സാക്ഷിയുടെ കുത്തു്. അതു ശ്രീദേവി കണ്ടുകൊണ്ടിരിക്കുന്നു എന്നു ഒരു സംശയം. ഇപ്പോൾ അതു ലോകം മുഴുവൻ പാത്തുമെന്ന ഭയം. ഇതാണു് അവളുടെ രോഗത്തിന്നു കാരണം. വൈദ്യരെ! അരക്കൂ, ഗുളിക അരക്കൂ!

കോമളം! ശ്രീദേവി നിങ്ങൾ ഇരുവരെ ഒന്നായി കണ്ടിട്ടില്ല. കണ്ടുവെങ്കിൽതന്നെ അവൾ അതിൽനിന്നു യാതൊന്നും കെട്ടിച്ചമക്കുവാൻ സമൎത്ഥയല്ല. അവൾക്കു കോമളത്തിന്നു് ഒരു കാലവും ഒരു ദോഷം ചെയ്യേണമെന്നു തോന്നുകയുമില്ല. എന്നുമാത്രമല്ല, നേരെമറിച്ചു്, അവൾ ഈ കഥ പറഞ്ഞുതന്നെയാണു ഭവതി

യെ സുഖപ്പെടുത്തുവാൻ തുനിയുന്നതും. ഭവതിയെ വെറും തെററിദ്ധാരണക്കു വശംവദയായി ഇതാ രോഗഗ്രസ്തയായി മരണശയ്യയിൽ—അല്ലല്ല, രോഗശയ്യയിൽ—കിടക്കുന്നു. കോമളം! നീ തെററിദ്ധരിക്കയാണ്.

തെററിദ്ധാരണേ! ഈശ്വരാ! അതെന്തൊരു മഹാപാതകിയായ പുഴുവാണ്. പ്രേമതന്തുക്കൾകൊണ്ടു നിബിഡമായി ബന്ധിച്ചിരിക്കുന്ന ഹൃദയകുസുമങ്ങളെ എത്ര എളുപ്പത്തിലാണ് അതു ഭിന്നിച്ചു നശിപ്പിക്കുന്നതു്! നിഷ്കളങ്കമായ എത്ര മനോകുസുമങ്ങളിലാണ് അതു കടന്നുചെന്ന്, അവയെ ആയിരമായിരം പുഴുക്കുത്തുകളാൽ ദുഷ്ടങ്ങളും ദോഷജനകങ്ങളുമാക്കിത്തീർക്കുന്നതു്! സംതൃപ്തവും സ്വർഗ്ഗസുഖതുല്യവുമായ എത്ര ഗാർഹസ്ഥ്യോദ്യാനത്തിൽ അതു് ഇഴഞ്ഞുചെന്ന് അവയെ നരകതുല്യമാക്കിത്തീർത്തിട്ടുണ്ടു്. ആതാ! അതുതന്നെയാണു നമ്മുടെ കോമളത്തിന്റെ ഹൃദയത്തെയും വഷളാക്കുന്നതു്.

---

## പത്താം അദ്ധ്യായം.

### സക്കാർ.

കോമളം, ഒരു മാൻകിടാവിനെപ്പോലെ, പരിഭ്രമിച്ചു് ഓടി, മറഞ്ഞു ചെന്നു നിന്നു തിരിഞ്ഞുനോക്കിയ

ത്തു നാലുനാൾ മുമ്പായിരുന്നു. അതിന്നുശേഷം ഇത്തുവരെയായിട്ടും ആ തരുണീമണിയുടെ ദശ്നസായുജ്യം സിദ്ധിക്കുന്നതിന്നു ഗംഗാധരൻനായക്കു ഭാഗ്യമുണ്ടായിട്ടില്ല. ഒളിച്ചു തൊടിയിൽ കാക്കുക പതിവായിരുന്ന നമ്മുടെ യുവാവിന്നു "ഭജനം മൂത്തു് ഊരായ്മ"യായി, ഇപ്പോൾ തൊടി, യഥേഷ്ടം വിഹരിക്കുന്നതിന്നുള്ള ഉദ്യാനമായിത്തീൎന്നിരിക്കുന്നു. ഇപ്പോഴിതാ അദ്ദേഹം തൊടിയുടെ അററത്തുള്ള മുററത്തേക്കും കാലെടുത്തുവെക്കുന്നു.

തൻെറ ഹൃദയം കവൎന്ന ഒരു സുന്ദരീരത്നത്തെ ആരാഞ്ഞുപോവുകയാണു താനെന്ന കഥ മാത്രമേ അദ്ദേഹത്തിന്നു് ഓൎമ്മയുണ്ടായിരുന്നുള്ളു. എന്നാൽ മുററത്തിറങ്ങിയതോടുകൂടി അദ്ദേഹത്തിന്നു സുബോധം വന്നു. ലൌകികത്തെ ബഹുമാനിക്കേണമെന്ന വിചാരവും ഉടനെ ജനിച്ചു.

ശ്രീദേവിയുടെ ആ 'ചെറിയമ്മ' ആരാണെന്നും താൻ ഏതൊരു തൊടിയിലാണു കടന്നു ചെന്നിരുന്നതെന്നും ഗംഗാധരൻനായക്കു് ആദ്യത്തെ ദിവസം മനസ്സിലായിട്ടില്ലായിരുന്നുവെങ്കിലും, ആ യുവതീദശ്നാനന്തരം അദ്ദേഹം ആ സ്ഥലത്തെപ്പററിയും ജനങ്ങളെപ്പററിയുമുള്ള സകലവിവരങ്ങളും നാനാമുഖത്തുനിന്നും ശ്രവിച്ചുകഴിഞ്ഞിരുന്നു. ആ തറവാട്ടുകാരുടെ പൂവ്വചരിത്രം തനിക്കു നിശ്ചയവുമുണ്ടായിരുന്നു. അതിനാൽ താൻ കടന്നുചെന്ന ഭവനം ഏതാണെന്നും അവർ ഏതു തരക്കാരാണെന്നും അവിടെ ആരെല്ലാമാണു

ള്ളതെന്നും അവരിൽ തന്റെ ഹൃദയാധിനാഥ ആരാണെന്നും അദ്ദേഹത്തെ ആരും പറഞ്ഞുധരിപ്പിക്കേണ്ടിയിരുന്നില്ല. എന്നാൽ ചമ്പകക്കാവുകാക്കാകട്ടെ, നാരായണൻനായക്കപോലുമാകട്ടെ, ആ മീശക്കാരൻ യുവാവ് ആരാണെന്നറിഞ്ഞിരുന്നില്ല. കോമളത്തിന്നു കണ്ടുപരിചയമുണ്ടെന്നു വായനക്കാക്കറിയാം. എന്നാൽ അദ്ദേഹത്തിന്റെ ചരിത്രത്തെയൊന്നും അവൾ ഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല. കുറുപ്പിന്നു് അദ്ദേഹത്തിന്റെ കഥകളൊക്കെ അറിയാമെന്നു് അയാൾ നടിക്കുന്നുണ്ട്. പക്ഷെ ശ്രീദേവിക്ക് അക്കഥകൾ അത്ര വിശ്വാസമായിട്ടും ഇല്ല. അദ്ദേഹം കടന്നുചെന്ന ഉടനെ കഷായത്തിന്നു തീ കത്തിക്കുന്ന ശ്രീദേവിയോടു, കുറെ വിറകും കൊണ്ടിട്ടു് അവിടെ നില്ക്കുന്ന കുറുപ്പ് ഇങ്ങിനെ പറഞ്ഞു.

"അപ്പുക്കുട്ടനെ കണ്ടുവോ? ഇതാ വന്നിരിക്കുന്നു."

ശ്രീ—എന്തെങ്കിലും നുണ പറയണ്ട. ശ്രീദേവിക്കും അപ്പുക്കുട്ടനെ അറിയില്ലേ? ഈ മീശക്കാരൻ. . . .

കു—പോടി. നീയെന്തു കണ്ടു. ചാത്തുക്കുറുപ്പ പറഞ്ഞതാണു് എന്നോട്. ചാത്തുക്കുറുപ്പ, ചാത്തുക്കുറുപ്പിനെ അറിയില്ലേ നീ? കറുത്തു്, ഇരുണ്ടു, തടിച്ചു്.

ശ്രീ—കള്ളഭരണി! അല്ലേ?

കു—അതെ, അതെ, എന്നെക്കാൾ കുടിക്കും തിന്നും. പക്ഷെ പണയം വെച്ചാൽ ഞാൻ ജയിക്കാറുണ്ടു്.

ശ്രീ.—എന്തു മാരണമാണിതു്. ആ ഭരണിയാണോ

ഈ നരണ പറഞ്ഞതു്. എന്നാൽ തന്നെ തീച്ചയായി. ഇതു ശുദ്ധ കളവു്.

ഏതുവിധമായിട്ടും ഗംഗാധരൻനായർ മുററത്തു നിന്നപ്പോഠം ആരും പരിചയം നടിച്ചില്ല. ഒരാഠം, "ഇയാളുടെ മീശ കണ്ടാൽ, പണ്ടിവിടെ തീവണ്ടിയെന്നോ മറേറാ പറഞ്ഞ ഒരു സാധനം കൊണ്ടുവരാൻ വന്ന ഒരാളാണെന്നു തോന്നുന്നു" എന്നും, വേറൊരാഠം, "കുപ്പായം കണ്ടാൽ പണ്ടു പുസ്തകംകൊണ്ടു വന്നു് ഇവിടെ നടന്ന പാതിരിയുടെ മാതിരിയുണ്ടു തീച്ച്" എന്നും ഇങ്ങിനെ പലരും പലവിധത്തിൽ ആലോചിച്ചു. കോമളത്തിൻെറ സുഖക്കേടു നിമിത്തം അവിടെ പത്തിരുപത്തഞ്ചു പേരുണ്ടായിരുന്നതിനാൽ ഓരോരുത്തരും ഗംഗാധരൻനായക്കു് ഓരോരോ സ്ഥാനം നൽകി.

ഏതായാലും വന്ന ആളെ സൽക്കരിക്ക എന്നു വിചാരിച്ചു നാരായണൻനായർ മുററത്തിറങ്ങി കൈകൊണ്ടു് ആംഗ്യം കാട്ടി കോലായിലേക്കു ക്ഷണിച്ചു.

നാരായണൻനായരെ കണ്ടപ്പോഠം ഗംഗാധരൻനായക്കു നാനാവികാരങ്ങളും ജനിച്ചു. തലയിൽ ഒരൊററ രോമം ഇല്ലാതെ മുഴവൻ കഷണ്ടിയായി ആ വൃദ്ധൻ അരയിൽ ഒരു തോത്തുമുണ്ടും ചുററി, ഭയഭക്തി ബഹുമാനപുരസ്സരം തന്നെ എതിരേൽക്കുന്നതു കണ്ടപ്പോഠം ഗംഗാധരൻനായരുടെ നാട്യമൊക്കെ മറന്നു. താനും മലയാളതറവാടുകളിൽ ജനിച്ച ഒരു ചെറുപ്പക്കാരനാണെന്നും, ആ വക തറവാടുകളുടെ സ്ഥാവ

സ്വത്തായ ഗൌരവവും നിലയും രക്ഷിച്ചുപോരേണ്ടതു തൻെറയും ധൎമ്മമാണെന്നും, മൂലപ്പാലിൽകൂടി സിദ്ധിച്ച് എന്നും തൻെറ ദേഹത്തിലെ ഓരോ നാഡികളിലും അന്തൎല്ലയിച്ചിരിക്കുന്ന ആ തറവാടിത്വം, ഗുരുഭൂതന്മാരുടെയും കാരണവന്മാരുടെയും നേരെയുള്ള ഭക്തി ഒന്നു മാത്രമാണെന്നും, തനിക്കും അഖിലതറവാട്ടുകാൎക്കുമുള്ള സകലൈശ്വൎയ്യങ്ങളും നിത്യവും നിരുപമവുമായ ആ ഭക്തിയിലും അനുസരണത്തിലും നിന്നു ജനിക്കുന്നതാണെന്നും, ഒരു തറവാട്ടിലോ, ഒരു സമുദായത്തിലോ, ഒരു രാജ്യത്തിലോ തനിക്കുള്ള നിലയും, അവകാശവും, ധൎമ്മവും, ചുമതലയും താന്താൻ അറിയുക ഒന്നു മാത്രമാണ് അഭ്യുദയത്തിൻെറ ഉദയമെന്നും, ഭക്തിസ്നേഹവിശ്വാസബഹുമാനാദികൾകൊണ്ടു മേലധികാരിയുടെയോ കാരണവരുടെയോ പ്രീതി സമ്പാദിക്കുന്നതാണു, ഭീഷണിയും നുണയും കാപട്യവും ചതിയുംകൊണ്ട് അവരെ സ്വാധീനത്തിലാക്കുന്നതിനേക്കാൾ ത്രിലോകശ്ലാഘ്യതരവും സുസ്ഥിരവും എന്നും ഗംഗാധരൻ നായർ ഒരു നിമിഷത്തിൽ ആലോചിച്ചു.

തന്നിമിത്തം തന്നെ താൻ അറിയാതെ, നമ്മുടെ യുവാവിൻെറ കാലിൽനിന്നു സ്ലിപ്പർ ഒരു ഭാഗത്തേക്കു നീങ്ങിപ്പോയി. ഗംഗാധരൻനായർ തൻെറ നിലക്ക് ഒത്തവണ്ണം താൻ ഒരു ചെറുപ്പക്കാരനാണെന്ന ബോധത്തോടെ— ഭക്തിപുരസ്സരം കാരണവരെ ബഹുമാനിച്ചു— ഇരുവരും,— നാരായണൻനായരുടെ പിന്നിൽ ഗംഗാധരൻനായർ— കോലായിൽ കയറി.

കാരണവർ എത്രതന്നെ ശഠിച്ചിട്ടും ഗംഗാധരൻനായർ ഇരുന്നില്ല. കട്ടവിൽ നാരായണൻനായർ "പുറംനാട്ടുകാർക്ക് ഇങ്ങിനെ സാധാരണ ബഹുമാനം കാണാറില്ല!" എന്നു തന്നത്താൻ, എങ്കിലും ഗംഗാധരൻനായർക്കു കേൾക്കാൻ സാധിക്കുംശബ്ദത്തിൽ, പറഞ്ഞു.

ഗംഗാധരൻനായർ നാരായണൻനായരെ വേറൊരവസരത്തിലാണ, വേറൊരു ദിക്കിലാണ കണ്ടിരുന്നതെങ്കിൽ ഇങ്ങിനെ ബഹുമാനിച്ചിരിക്കുമോ എന്നു സംശയമാണ്. തൻെറ ഉദ്യോഗസ്ഥലത്താണ കണ്ടിരുന്നതെങ്കിൽ താൻ അദ്ദേഹത്തെ കണ്ടു നോക്കുകയെങ്കിലും ചെയ്യുമോ എന്നും ശങ്കിക്കേണ്ടിയിരിക്കുന്നു. എത്രയെത്ര ചെറുപ്പക്കാരാണ് ഉദ്യോഗതിമിരത്താൽ തറവാടിത്വവും—തൻേറടവും—ഗുരുത്വവും വിററു ശീമച്ചാരായം കുടിച്ചു, പോരെങ്കിൽ സ്വാഭിമാനവും, സ്വജനസ്നേഹവും പണയവും വെച്ചു, കാരണവന്മാരെയും ഗുരുഭൂതന്മാരെയും അപമാനിച്ചു തേവിടിശ്ശിത്തെരുവുകളിൽ 'കാമ്പടി'(Camp)ച്ചു കഴിക്കുന്നതു്!

തൻെറ—അതെ, തൻെറ ഹൃദയത്തെ കവന്നുകൊണ്ടു, തൻെറ—കോമളത്തിൻെറ കാരണവരായിരുന്നതിനാലാണോ താൻ അദ്ദേഹത്തോട് ഇത്രയധികം ബഹുമാനം കാണിക്കുന്നതെന്നും, തന്നിൽ പെട്ടെന്നു പൊട്ടിപ്പൊടിച്ചു വളൎന്ന തറവാടിത്വം, കോമളത്തിൻെറ ദൎശനമാകുന്ന മാന്ത്രികവിദ്യയാലാണോ എന്നും ഗംഗാധരൻനായർക്കു തിട്ടമുണ്ടായിരുന്നില്ല. ഇങ്ങിനെ അയാൾ ഒരാളെ സൎവ്വാത്മനാ ബഹുമാനിക്കുന്ന

തും ഇതു് ആത്യമാണു്. സ്വന്തകാൎയ്യസാദ്ധ്യത്തിന്നു പലതവണയും പലരേയും ആവശ്യമുള്ളത്രമാത്രം ബഹുമാനിക്കുന്ന ആ മട്ടെവിടെ; നാരായണൻനായർ എന്തു പറയുന്നുവോ അതു വേദവാക്യമാണു്. അദ്ദേഹത്തോട്ട് ഒരക്ഷരം അധികം സംസാരിക്കുന്നതു മഹാകുററമാണു് എന്നീത്തരത്തിലുള്ള ഈ നിലയെവിടെ, ഇതിന്നെല്ലാം കാരണം ഒരു സ്ത്രീ—കോമളം—യായിരുന്നു.

പുരുഷന്മാരെ, വിശിഷ്യ യുവാക്കന്മാരെ നന്നാക്കുന്നതിന്നും ചീത്തയാക്കുന്നതിന്നും സൎവ്വോപരി ഉപയുക്തമാകുന്നതു സ്ത്രീകളത്രെ. സൽഗ്ഗുണവതിയായ ഒരു യുവതിയുടെ സാന്നിദ്ധ്യം ഒന്നുകൊണ്ടുമാത്രം നികൃഷ്ടജീവിതമഹാകൂപത്തിൽ പതിച്ച ഒരു യുവാവിന്നു സായൂജ്യം സിദ്ധിക്കുന്നതാണു്. പ്രേമമാകുന്ന ശ്രുതി ചേൎത്തു് ആ കുലധൎമ്മപത്നി പാടുന്ന സദുപദേശസ്തോത്രങ്ങളിലെ ഓരോ നാദബിന്ദുക്കളും, ശിലാതുല്യമായ ഒരു കഠിനഹൃദയത്തെ ദ്രവിഭവിപ്പിച്ച് ഒരു പുരുഷനെ സദ്വ്രതനും സുശീലനും ആക്കിത്തീൎക്കുന്നതാണു്. നേരേ മറിച്ചു, സൌജന്യശീലം, സൽസ്വഭാവം എന്നിവകളാൽ കുബേരനായിത്തീൎന്ന ഒരു യുവാവായാലും ശരി, ഒരു നിമിഷനേരം അയാൾക്കു ദുർവ്വൃത്തയും കുലടയുമായ ഒരു സ്ത്രീയുമായി സഹവസിക്കുവാൻ ഇടയാകുന്നുവെങ്കിൽ അവളുടെ വശ്യമാന്ത്രികശക്തിയാൽ ആ ഒരൊററ നിമിഷത്തിൽ അയാളുടെ ഹൃദയത്തിൽ അവൾ ചണ്ഡാളകൃത്യങ്ങളുടെ വിത്തു പാകി,

മുളപ്പിച്ചു; ഫലസമ്പൂർണ്ണങ്ങളാക്കിത്തീർക്കും. ഒരു സമുദായത്തിലെ ജനങ്ങളുടെ സ്വഭാവം ഒട്ടുമുക്കാലും അതിലെ സ്ത്രീകളുടെ സ്വഭാവത്തെ അനുസരിച്ചിരിക്കും.

നാരായണൻനായർ ഇരുന്നും ഗംഗാധരൻനായർ നിന്നും കുറെ നേരം സർക്കാരിനെപ്പറ്റി സംസാരിച്ചു. ഗംഗാധരൻനായർ ഒരു സർക്കാർ ഉദ്യോഗസ്ഥനാണെന്നു കേട്ടപ്പോൾ നാരായണൻനായർക്കുണ്ടായ സന്തോഷത്തിന്നു് അതിരില്ല. സർക്കാർതന്നെ ഇങ്ങിനെ തന്നെ ബഹുമാനിക്കുന്നതോർത്തും, മേലാൽ സകലവ്യവഹാരത്തിലും സർക്കാർ തന്റെ ഭാഗത്തായിരിക്കുമെന്നു വിചാരിച്ചും അദ്ദേഹം തന്നെത്താൻ മറന്ന നിലയിലായി.

അപ്പോഴാണു ശ്രീദേവി വന്നു് ഒരു വാതിൽ മറഞ്ഞുനിന്നു "കഷായം കൊടുക്കാറായോ എന്നു ചോദിക്കുന്നു വല്യമ്മ" എന്നു നാരായണൻനായരോടു ചോദിച്ചതു്.

നാരായണൻനായർ വേഗം മുറ്റത്തിറങ്ങി നക്ഷത്രം നോക്കി കണക്കു കൂട്ടുവാൻ തുടങ്ങി.

അതിന്നിടയിൽ ശ്രീദേവി വരാന്തയിൽ കടന്നു് "അമ്പടാ കള്ളാ! നീ എന്താ ഇങ്ങട്ടു കടന്നതു്?" എന്നു ചോദിച്ചു.

ഗംഗാ—നിന്റെ ചെറിയമ്മക്കാണോ കഷായം?

ശ്രീ—അയ്യോ, ചെറിയമ്മ എങ്ങിനെയായിപ്പോയി! ഇന്നലെ കഴിഞ്ഞു എന്നു വിചാരിച്ചതാണു്. പണിക്കരുംകൂടെ ഇന്നലെ രാത്രി കഴിയില്ല എന്നു പറഞ്ഞു.

ഗംഗാധരൻനായരുടെ ഹൃദയം വല്ലാതെ വിഷമിച്ചു. "ആവു! എന്റെ കോമളത്തിന്നു ഇത്ര കലശലായ സുഖക്കേടോ? അയ്യോ എന്റെ മോഹമെല്ലാം എവിടെ? കഷ്ടമേ, കോമളത്തെ ഒരൊററ നോക്കു് എനിക്കു കാണ്മാൻ സാധിക്കുമോ? എങ്ങിനെ സാധിക്കുന്നു! കോമളം എന്തു വിചാരിക്കും. ഇത്ര ദിവസമായിട്ടു ഞാൻ അവളെ വന്നു കണ്ടില്ലല്ലോ. ഞാൻ നിർദ്ദയനല്ലേ. എനിക്കു സ്നേഹമുണ്ടോ. പക്ഷെ ഞാനെങ്ങിനെയാണു് അറിയേണ്ടതു്. അവൾക്കു സുഖക്കേടാണെന്നു ഞാനറിഞ്ഞില്ലല്ലോ. രോഗമാണെങ്കിൽ അവൾ എന്നെ അറിയിക്കേണ്ടതല്ലേ. ഇങ്ങിനെ സുഖക്കേടു പിടിച്ചു, രാവുപകൽ നിദ്രയില്ലാതെ കിടക്കുമ്പോൾ അയ്യോ, കോമളം എന്നെ മറന്നിരിക്കില്ലേ. കഷ്ടം! ലവലേശം ദയയില്ലാത്ത പെണ്ണു്. അവൾ എന്നെ അറിയിച്ചുവോ? ഒരു കാക്കയെങ്കിലും എന്നോടു പറഞ്ഞിരുന്നുവെങ്കിൽ ഞാൻ ഓടിയെത്തി അവളെ ആശ്വസിപ്പിക്കുമായിരുന്നില്ലേ. എന്നെ അറിയിച്ചില്ലല്ലോ. എന്റെ കോമളം! നീയെന്നെ മറന്നുവല്ലോ. നിനക്കു എന്നിൽ സ്നേഹമില്ല. ഇല്ല. എനിക്കു മനസ്സിലായി. ഇന്നലെ നീ എന്നെ കാണണമെന്നു ആരോടെങ്കിലും പറഞ്ഞയച്ചുവോ? കഷ്ടമേ! നിന്നെ ഞാനെങ്ങിനെ സ്നേഹിക്കുന്നുവെന്നു നിണക്കറിയാമോ? നീ എന്നോ അറിയിക്കാത്തതു സ്നേഹമില്ലാഴ്കയാൽ—സ്നേഹമോ? എന്നെ അവൾ സ്നേഹിക്കുന്നുണ്ടെന്നു ആരു പറഞ്ഞു? അവൾ പറഞ്ഞിട്ടില്ലല്ലോ. ഞാനെന്തു ചാപല്യമാണു് ഈ കാണിക്കുന്നതു്."

ഗംഗാധരൻനായരുടെ ആലോചന ഈ ഘട്ടത്തിലെത്തിയപ്പോൾ, നാരായണൻനായർ മുററത്തുനിന്നു കയറി, "കുട്ടീ! സമയം ഒരു യാമം കഴിഞ്ഞു. ഇനി കഷായം കൊടുക്കാം" എന്നു് അകത്തേക്കു നോക്കി കല്പന കൊടുത്തു.

---

# പതിനൊന്നാം അദ്ധ്യായം.

## ഒരു ദർശനം.

ഇതുതന്നെ അവസരം എന്നു നിശ്ചയിച്ച ഗംഗാധരൻനായർ "ഇവിടെ ആൎക്കാണു സുഖക്കേടു്" എന്നു ചോദിച്ചു.

നാ-നാ—നമ്മുടെ മരുമകൾ കോമളത്തിന്നു്! ഒരു മരുമകളേ ഉള്ളു. കല്യാണിക്കാണെങ്കിൽ ഇനി കുട്ടിയുണ്ടാകില്ല. അമ്മാൾ അങ്ങട്ടു മരിക്കയും ചെയ്തു. എന്റെ ഈശ്വരാ! എന്റെ തറവാടു സന്തതിയില്ലാതെയായിപ്പോകുമോ? മൺമറഞ്ഞ ഗുരുകാരണവന്മാരുടെയും 'പരദേവത'യുടെയും കൃപയുണ്ടായിട്ടു കോമളത്തിന്റെ രോഗമൊന്നു ഭേദമായിട്ടു കണ്ടാൽ മതിയായിരുന്നു.

ശുദ്ധഹൃദയനായ നാരായണൻനായരുടെ കണ്ണിൽ വെള്ളം നിറഞ്ഞു. പകുതി ചുണ്ണാമ്പു തേച്ച

വെററില ചെല്ലത്തിൽതന്നെയിട്ടു് അദ്ദേഹം കണ്ണീർ തുടപ്പാൻ തുടങ്ങി.

ഗംഗാധരൻനായക്കും അതിയായ വ്യസനമുണ്ടായിരുന്നു. ശ്രീദേവിയുടെ വാക്കു കേട്ടപ്പോൾതന്നെ അയാളുടെ മനസ്സ് അസ്വസ്ഥമായും തീവ്രവ്യാകുലപൂർണ്ണമായുമിരുന്നു. അതു നാരായണൻനായരുടെ കണ്ണീർധിരദർശനത്തോടുകൂടി പൂർവ്വാധികം ശക്തിമത്തായിത്തീന്നു. ഹൃദയം തുടിക്കുന്നതിനാലും അക്ഷമം ഗൽഗദപൂർണ്ണമായിത്തീന്നതിനാലും ഗംഗാധരൻനായർ ഒരക്ഷരമെങ്കിലും ആശ്വാസവാചകം പുറപ്പെടുവിപ്പാൻ ശക്തനായില്ല.

തനിക്കു ചമ്പകക്കാവിലെ സകലവർത്തമാനവും അറിയാമായിരുന്നു. കടന്നുപറവാൻ പുറപ്പെടുന്നതായാൽ ആ കഥകളൊക്കെ വെളിക്കു ചാടുമെന്നും അയാൾക്കു നിശ്ചയമുണ്ടായിരുന്നു. എന്നാലും തൽക്കാലത്തെ ഹൃദയസ്ഥിതി അയാളെ തുറന്നു പറവാൻതന്നെ നിർബ്ബന്ധിച്ചു.

ഗം-നാ—നിങ്ങളുടെ മരുമകൾക്ക് എന്താണു സുഖക്കേടു്?

നാ-നാ—ഈശ്വരാ! വൈദ്യർ കാണാത്ത രോഗമല്ലേ അവൾക്കു വന്നുപിണഞ്ഞതു. അയാൾക്ക് ഇതുവരെയും എന്താണെന്നു തീരുമാനിക്കാൻ സാധിച്ചിട്ടില്ലല്ലോ.

ഗം-നാ—നാട്ടുവൈദ്യരല്ലേ?

നാ-നാ—അല്ലല്ലയെന്നോ. ഈ നാട്ടുവൈദ്യർ! ഒന്നാം

തരം വൈദ്യർ! അയാളെ കണ്ടാൽതന്നെ രോഗം പേടിക്കും. അത്ര സുപ്രസിദ്ധൻ. ആയുർവ്വേദം കലക്കിക്കുടിച്ച ആൾ!

ഗം-നാ—എന്താണു് ഇപ്പോൾ രോഗത്തിന്റെ സ്ഥിതി?

നാ-നാ—ഇതാ നിങ്ങൾക്കുതന്നെ കാണാമല്ലോ. (അകത്തു നോക്കി) കുട്ടീ! കുട്ടീ! കോമളത്തെ ഒന്നു് ഇയാൾക്കു കാണിച്ചുകൊടുക്കണം. എന്താ- അതിന്റെ അകം ഒക്കെ ശരിയാക്കിയാട്ടെ.

ഗംഗാധരൻ നായരുടെ മനസ്സു വീണ്ടും അസ്വാസ്ഥമായി. താൻ ലോകൈകസുന്ദരിയായി തൊടിയിൽ വെച്ചു കണ്ട ഒരു യുവതിയെയാണു് ഇപ്പോൾ കാണ്മാൻ പോകുന്നതു്. അപാരമായ അപമാനത്തിൽനിന്നും ജീവാപായങ്ങളിൽ നിന്നും തനിക്കു മോചനം നല്കിയ ഒരു മഹാമനസ്കയെയാണു താൻ വീണ്ടും ദർശിക്കുന്നതു്. തന്റെ ഹൃദയത്തെ കവർന്നു സൂക്ഷിച്ച ഒരു കന്യകാരത്നത്തെയാണു് അവളുടെ കാരണവർ തനിക്കു കാണിച്ചുതരുവാൻ പോകുന്നതു്. ഈവക വിചാരത്താൽ സന്തോഷം ഒരു ഭാഗമായി വന്നുനിറയും. ഈ യുവതിയെ തനിക്കു നല്ലപോലെ അറിയാം. അവളുമായി താൻ ഒന്നുരണ്ടു കുറി തൊടിയിൽവെച്ചു സംസാരിച്ചിട്ടുണ്ടു്. തന്റെ ഹൃദയത്തെ അവൾ ബന്ധനസ്ഥമാക്കീട്ടുണ്ടെന്നു താൻ അവളോടു പറഞ്ഞിട്ടും ഉണ്ടു്. സ്നേഹത്തോടുകൂടി കുറച്ചു നേരം സംസാരിച്ചിട്ടുണ്ടു്. പക്ഷെ എന്തോ പേടിച്ചു ഓടുകയുണ്ടായിട്ടുണ്ടു്. തന്നി

മിത്തം തന്റെ ദശ്നം അവൾക്കു അസുഖത്തിന്നല്ലേ അധികം ഇടയാക്കുന്നതു്. എന്നു മാത്രമല്ല എനിക്കു കാരണവരുടെ മുമ്പിൽ നിന്നു് പരിചയം നടിപ്പാൻ നിവ്വാഹമില്ല. അവിടെ ഞാൻ ഒരു അപരിചിതന്റെയും അന്യന്റെയും നാട്യം കാണിക്കേണ്ടിയിരിക്കുന്നു. അവൾക്കു് എന്നിൽ അനുരാഗം-സ്നേഹം-ഉണ്ടെങ്കിൽ ഞങ്ങൾ തിരെ അപരിചിതന്മാരുടെ നിലയിൽ സംസാരിപ്പാനിടയാകുന്നതു ഞങ്ങൾക്കു് എത്ര അസഹനീയമാണു്. "കോമളം" എന്നു സസ്നേഹം വിളിക്കുന്നതിന്നു പകരം 'നിങ്ങളുടെ മരുമകൾ' എന്നോ 'ഈ അമ്മ' എന്നോ വിളിക്കുന്നതു് എന്നിൽ നിറഞ്ഞൊഴുകുന്ന പ്രേമശക്തിക്കു് എന്തൊരു കുറവും ഹാനികരവുമാണു്! എന്നീ വിചാരത്താൽ പരിഭ്രമവും വ്യസനവും വേറൊരു ഭാഗത്തു കൂടി വന്നുനിറയും.

*   *   *   *

എന്തോ പരിചിതമായ ഒരു ശബ്ദം കേട്ടതുമുതൽ കോമളം അതു തന്നെ ശ്രവിച്ചുകൊണ്ടിരിക്കയായിരുന്നു. പക്ഷെ അതു് ആരുടെതാണെന്നോ ആ ശബ്ദം എന്താണെന്നോ അവളുടെ ക്ഷീണിതശ്രവണത്തിന്നു അത്ര ദൂരെ നിന്നു ഗ്രഹിപ്പാൻ കഴിഞ്ഞില്ല. എന്നാൽ ശ്രീദേവി മരുന്നുപാത്രങ്ങൾ ഒരു ഭാഗത്തു് ഒതുക്കിവെക്കുന്നതും, തന്റെ പുതപ്പു പിടിച്ചു നേരെ നിൎത്തി മൂടുന്നതും, ജനവാതിലിന്റെ ഒരു പലക അല്പം തുറക്കുന്നതും, എല്ലാവരും-പ്രിയ മാതാവും-ആ മുറിയിൽനിന്നു പുറത്തു പോകുന്നതും കണ്ടപ്പോൾ കോമളത്തിന്നു് അല്പ

മൊരു പരിഭ്രമമാണുണ്ടായത്. സംസാരിപ്പാൻ അശിക്തയും, ഒരു നാഴിക കഴിഞ്ഞാൽ അത്രനേരം ജീവച്ചുവെന്നു പറയാം' എന്ന നിലയിലുള്ള രോഗത്തിൽ നിമഗ്നയും ആയ കോമളം പെട്ടെന്നു "ശ്രീദേവി" എന്നു വിളിച്ചപ്പോൾ പുറത്തേക്കു വെച്ച കാൽ അവൾ പിൻവലിച്ചു രോഗിണിയുടെ അടുത്തു വന്നു നിന്ന് അധരങ്ങളുടെ അനക്കം കണ്ട് എന്തോ സംസാരിക്കുന്നുണ്ടെന്നു മനസ്സിലാക്കി ശ്രീദേവി തന്റെ ചെവി കോമളത്തിന്റെ മുഖത്തിന്നടുത്തു കൊണ്ടുചെന്നു.

കോമളം — ആരാണു വരുന്നത്?

ശ്രീ (ആത്മഗതം) — അയ്യോ, രോഗികൾ ആരാണു വരുന്നതെന്നു ചോദിക്കരുതല്ലോ. എന്തൊരു ദുർല്ലക്ഷണമാണിതീശ്വരാ! (പ്രകാശം) ചെറിയമ്മയുടെ രോഗം നോക്കാൻ വരുന്ന ഒരാളാണ്.

കോ — ആര്?

ശ്രീ — കുപ്പായമിട്ട ഒരാളാണ്.

കോ — ശ്രീദേവി! ശ്രീദേവി!

ശ്രീ — എന്താണു ചെറിയമ്മേ? കരയുകയാണോ? അയ്യോ കരയരുത്. അയാൾ നല്ല ആളാണു. ചെറിയമ്മയെ ഒന്നും ചെയ്കയില്ല.

കോ — അമ്മാമൻ.

ശ്രീ — ഉവ്വ്. അമ്മാമനും വരുന്നുണ്ട്.

കോമളത്തിന്ന് ആ പരിചിതശബ്ദത്തിന്റെ ഉടമസ്ഥൻ ആരാണെന്നു മനസ്സിലായിക്കഴിഞ്ഞു. അദ്ദേ

ഫാതന്നെയാണു തന്റെ രോഗത്തിന്നു ഹേതു. തന്റെ രഹസ്യവൃത്താന്തം അമ്മാമൻ അറിഞ്ഞുകഴിഞ്ഞിരിക്കാം. എന്നാൽ തന്നെ ശിക്ഷിക്കാൻ ഈയവസരത്തിൽ അമ്മാമൻ തുനിയുമൊ? ഇല്ല. അതിനാൽ എനിക്കു മാപ്പു തരുവാനായിരിക്കുമൊ വരവു്? എന്നിങ്ങിനെ സ്വല്പനേരം വിചാരിച്ചു ദേഹമാസകലം വിയൎത്തു.

കോമളം — അമ്മാമൻ അടിക്കുമൊ?

കേവലം ഒരു ശിശുവിന്റെ നിലയിൽ കോമളം ഇങ്ങിനെ ചോദിക്കുന്നതു കേട്ടപ്പോൾ ശ്രീദേവി വല്ലാതെ വ്യസനിച്ചു. കോമളം അശ്രുപൂൎണ്ണമിഴിയായി തന്റെ മുഖത്തു തന്നെ നോക്കുന്നതു കണ്ടപ്പോൾ ശ്രീദേവിയുടെ ഹൃദയം അലിഞ്ഞുപോയി.

ശ്രീ— അടിക്കുകയൊ? അമ്മാമനൊ? ശിവ! ശിവ! ചെറിയമ്മയുടെ മേൽ പൂഴി നുള്ളിയിടാൻ ഒരാളെ അമ്മാമൻ സമ്മതിക്കയില്ല. ചെറിയമ്മയുടെ രോഗം മാറിയാൽ കൊല്ലത്തിൽ നാല്പതുദിവസം ഭജിക്കുവാനും എന്തൊക്കെയാണു് അവർ പ്രാൎത്ഥിച്ചിട്ടുള്ളതു്. അയ്യോ ചെറിയമ്മക്കു് 'ആയിരം താലി' വേണമെന്നു പറഞ്ഞാൽകൂടി അവർ ഇപ്പോൾ തയ്യാറാകും.

ഇത്രയും പറഞ്ഞപ്പോഴേക്കു നാരായണൻ നായർ മുമ്പിലും ഗംഗാധരൻ നായർ പിമ്പിലുമായി 'ഹും!' എന്നു കാച്ചിക്കൊണ്ടു് ഇരുവരും അകത്തു കടന്നു. ശ്രീദേവി എഴുനീറ്റു മാറാൻ ഭാവിച്ചപ്പോൾ കോമളത്തി

ൻെറ ക്ഷീണിതപാണികൊണ്ട് അവളുടെ കൈ കട
ന്നു പിടിച്ചു.

നാ_നാ__വേണ്ട. വേണ്ട. ശ്രീദേവി അവിടെ നിന്നോ
ളൂ. കോമളത്തിൻെറ ഇഷ്ടം എന്തോ അതുപോലെ
പ്രവൎത്തിക്കണം സകലരും_അല്ലെങ്കിൽ ഞാൻ ക
ഞ്ഞിവെള്ളം തരില്ല നിങ്ങൾക്കൊക്കെ_അവളുടെ ഇ
ഷ്ടം അങ്ങിനെയാണെങ്കിൽ നി അവിടെ ഇരുന്നോം.
നില്ക്കയുംകൂടി വേണ്ട. ഇരുന്നോ. ഇരി! ഇരി!

കോമളം അമ്മാമനേയും നായരെയും ഒന്നു കടാ
ക്ഷിച്ചു. ലജ്ജയും പരിഭ്രമവുംനിമിത്തം കോമളം പണി
പ്പെട്ടെങ്കിലും കിടന്ന ദിക്കിൽനിന്ന് എതിർഭാഗത്തേ
ക്ക് ഒന്നു ചരിഞ്ഞു, ശ്രീദേവിയുടെ മടിയിൽ കൈവെ
ച്ചു കിടന്നു. അമ്മാമൻെറ സ്നേഹപൂൎണ്ണമായ വാചകം
ശ്രവിച്ചതോടുകൂടി കോമളത്തിൻെറ ദേഹത്തിൽ വീ
ണ്ടും ജീവൻ പതിഞ്ഞു.

നാ_നാ__അവൾ ആളെ കണ്ടിട്ടാണൊ ചരിഞ്ഞുകിട
ന്നതു്. മുഖം കാണുന്നില്ല. അല്ലേ. മുഖം കാണണം
ക്ഷീണം അറിയാൻ. കോമളം! കോമളം!

ഗം_നാ__വേണ്ട, വേണ്ട. "ആയമ്മ" ഇഷ്ടംപോലെ
കിടന്നുകൊള്ളട്ടെ. രോഗികൾക്ക് ഇഷ്ടം എന്തോ
അതുപോലെ പ്രവൎത്തിക്കണം. അതു് ഒന്നുമാത്രമാ
ണു ശരിയായ ചികിത്സ.

നാ_നാ__അതെ. അതെ. അതുതന്നെയാണ് എൻെറ
യും അഭിപ്രായം. അവൾക്കു നല്ല അറിവും വിവ

വും ഉണ്ടു്. അവളുടെ ഹിതത്തിന്നനുസരിച്ചാണു് ഇനിയൊക്കെ. അവൾ എന്തു പറയുന്നുവൊ അതു് എനിക്കു വേദവാക്യമാണു്. എൻെറ ജീവൻകൂടി ഞാൻ കൊടുക്കാൻ തയ്യാറാണു്. എനിക്കു് ഒരു ഒററ മരുമകളാണു്. എൻെറ തറവാടു് അന്യം വന്നു പോകാതിരിപ്പാൻ ഇവൾ വേണം. ഇവൾ ഒന്നു "കിഴക്കോട്ടു തിരിഞ്ഞുനിന്നു" കാണണമെന്നാണു ഞങ്ങളുടെ മോഹം. അതിന്നു തക്കവണ്ണം ഒരാളും വന്നുചേൎന്നിട്ടില്ല. എല്ലാം ഈശ്വരൻെറ കരുണ!

നാരായണൻനായൎക്കു ഗംഗാധരൻനായർ ഒരു യുവാവാണെന്നൊ അപരിചിതനാണെന്നൊ യാതൊരു ഭാവവുമുണ്ടായിരുന്നില്ല. അദ്ദേഹം സൎക്കാരാണെന്ന ഒരു വിശ്വാസം മാത്രമേ അദ്ദേഹത്തിൻെറ മനസ്സിൽ ഉണ്ടായിരുന്നുള്ളു. സൎക്കാരോടു് അപേക്ഷിച്ചാൽ സാധിക്കാത്ത കാൎയ്യമില്ലെന്നു് അദ്ദേഹം പണ്ടുപണ്ടേ വിശ്വസിച്ചുംവന്നു. മരുമകളുടെ വിവാഹകാൎയ്യവും അതു നിമിത്തമാണു് അറിയാതെ പ്രസ്താവിച്ചുപോയതു്.

ശുദ്ധാത്മാവായ അമ്മാമൻ പറഞ്ഞു പറഞ്ഞു കാൎയ്യം അപകടത്തിൽ ചാടിക്കുമെന്നും ആ അപരിചിതൻ അയാളുടെ പണ്ടത്തെക്കഥയൊക്കെയിപ്പോൾ അവിടെക്കൊണ്ടു വിളമ്പുമെന്നും ഭയന്നു കോമളം, "അമ്മെ!, അമ്മെ!" എന്നു വിളിച്ചു.

നാ-നാ.—ശ്രീദേവി കല്യാണിയെ വിളിക്കു. ഞങ്ങൾ

പുറത്തേക്കു പോകാം. വിശക്കുന്നുണ്ടായിരിക്കും. കഞ്ഞി ആയിട്ടില്ലേ? ആ കണ്ണിമാങ്ങ വിശേഷമാണ്. കോമളം അതു കൂട്ടിയാൽ തന്നെ സുഖക്കേട പകുതി ഭേദമാവും. നമുക്കു പുറത്തു പോകാം— കണ്ടില്ലേ-- എങ്ങിനെ പരവശയായിരിക്കുന്നു. ഈ വീടു തന്നെ ഉറങ്ങിപ്പോയി. ആരുണ്ട്? രാവിലെ ഒരു അഷ്ടപദി ചൊല്ലാൻ—രാത്രി എനിക്കു രാമായണം വായിച്ചു തരാൻ—ആരുണ്ട് അഞ്ചു ദിവസമായി രാമായണം വായിച്ചിട്ട്. അതു പോട്ടെ—അവളുടെ രോഗം ഭേദപ്പെട്ടാൽ ഞാൻ ഒക്കെ ക്രമത്തിൽ ശരിപ്പെടുത്തിക്കൊള്ളാം. എന്റെ ഈശ്വരാ! പിന്നെ. അതു മറന്നു. എന്താ പേര്.

ഗം-നാ. ഗംഗാധരൻ എന്നാണ്.

നാ-നാ- ഗംഗാധരനോ! ഓഹോ അപ്പോൾ നായരാണോ?

ഗം-നാ—അതെ.

നാ-നാ—ആഹാ! അതു ഞാൻ മനസ്സിലാക്കിയില്ല. എന്നാൽ ഈ മീശ എങ്ങിനെ വന്നു?

ഗം-നാ—പരദേശത്തിലൊക്കെ ഇങ്ങിനെ വേണം.

നാ-നാ—നായന്മാക്കും വേണോ?

ഗം-നാ—ഉവ്വ്. നിർബ്ബന്ധമില്ല. പക്ഷെ സാധാരണയാണ്.

നാ-നാ—വിഷമേ! പരദേശത്തിൽ പോകാത്തതാണു നല്ലതു്. എനിക്കും തോന്നി. ഒരിക്കൽ നിരത്തുവ

ക്കിൽനിന്നു കുറച്ചൊരു അബദ്ധം പററി. എന്തൊരു ബഹളമാണു പരദേശത്തു്. അവിടെയെവിടെയാണു താമസം?

ഗം-നാ—മദിരാശിയിൽ.

നാ-നാ—മദിരാശിയിലൊ—അപ്പൊഴ സക്കാർ കോഴിക്കോട്ടു് അല്ലെ? അവിടെയാണല്ലൊ കച്ചേരികളും ഫള്ളുവും ഒക്കെ.

ഗം-നാ—അവിടേയും ഉണ്ടു്.

നാ-നാ—ആട്ടെ. കളി കഴിക്കതന്നെ. രാത്രി അഞ്ചെട്ടു നാഴികയായി. കോമളത്തിൻെറ ഭോഗത്തിൽ ബാക്കി ഒക്കെ മറക്കുകയാണു്. ലോഗ്യം ഒക്കെ മറന്നു. ഉഴണു കാലായിരിക്കാം.

ഗം-നാ—അല്ല ഞാൻ പോവുകയാണു്.

നാ-നാ—ഇപ്പൊഴ രാത്രിയൊ?

ഗം-നാ—അതേ—ദൂരമില്ല.

നാ-നാ—മദിരാശിക്കൊ?

ഗം-നാ—അല്ല, ഇവിടെ അടുത്തു താമസിക്കുന്ന ഒരു സ്ഥലമുണ്ടു്.

നാ-നാ—എന്നാൽ അങ്ങിനെയാകട്ടെ. ഇട്ടിക്കിലൊക്കെ വന്നാൽ ഇടക്കിടക്കു്.—

ഗം-നാ—ഞാൻ യാത്രയായിട്ടില്ല. നാളെ കാണാം.

നാ-ന—ഓഹോ! വളരെ സന്തോഷം!

———0———

# പന്ത്രണ്ടാം അദ്ധ്യായം

## കാണാതെ പോയ കത്തു്.

ചമ്പകക്കാവിൽ ഗംഗാധരൻനായർ ഒരു നിത്യനായി. കോമളം സുഖക്കേടായി കിടക്കുന്നതുവരെ തനിക്കു സുഖക്കേടന്വേഷിപ്പാനും, ചമ്പകക്കാവുകാരെ സഹായിപ്പാനും അവിടെ സാധാരണ പോകാമായിരുന്നു. പക്ഷെ ഒരാഴ്ചക്കകം അവളുടെ സുഖക്കേടു മാറുകയാൽ ആ കാരണം പറഞ്ഞു് അവിടെ പോകാനും തരമില്ലാതായി. എന്നു മാത്രമല്ല, ഒന്നാമത്തെ ദിവസമൊഴികെ തനിക്കു രോഗിയെ കാണ്മാനും സാധിച്ചില്ല. ഇപ്പോൾ വീണ്ടും ചമ്പകക്കാവിലെ തൊടിയിൽ മാത്രമേ കടപ്പാൻ മനസ്സാക്ഷി സമ്മതിച്ചുള്ളു. ദുർല്ലഭം ചിലപ്പോൾ ശ്രീദേവിയെ കണ്ടു കോമളത്തിന്റെ വർത്തമാനം അന്വേഷിക്കാറുണ്ടായിരുന്നതല്ലാതെ, ആ ജഗന്മോഹിനിയെ ആ നന്ദനോദ്യാനത്തിൽ വന്നു കാണ്മാൻ ആ വഴതിനിങ്ങാക്കുള്ളുന്നു സാധിച്ചില്ല.

ജ്യോത്സ്യരും വൈദ്യരും കയ്യൊഴിച്ച കോമളം ഗംഗാധരൻനായരുടെ വരവിനു ശേഷം അതിജാഗ്രതയിൽ രോഗശയ്യയിൽനിന്നു് എഴുന്നേറ്റതു കോമളത്തിനുപോലും ഒരു അത്ഭുതമായിരുന്നു. തനിക്കു പത്ഥ്യമായ ഔഷധം അദ്ദേഹത്തിന്റെ സാന്നിദ്ധ്യമായിരുന്നുവെന്നു കോമളത്തിനു വ്യക്തമായി. പൊടിയരിക്കഞ്ഞിയും കണ്ണിമാങ്ങയുമാണെങ്കിൽകൂടി രോഗികൾ

12 MAR 1929 MADRAS

ക്ക പത്ഥ്യമായ ജനങ്ങളുടെ കയ്യിൽനിന്നു കിട്ടുന്നതു ഭേഷജങ്ങളിൽ ഉത്തമോത്തമമാണെന്നു് അനുഭവിച്ചവൎക്കേ അറിയാവൂ.

കോമളത്തിന്നു് ഇതുകൊണ്ടുതന്നെ ഗംഗാധരൻ നായരെ പൂൎവ്വാധികം പത്ഥ്യമായിത്തീൎന്നു. രോഗശയ്യയിൽനിന്നു കൈപിടിച്ചെഴുനീല്പിച്ചതു തന്റെ ഹൃദയാധിവാസിയായ ആ സുകുമാരനാണെന്നുതന്നെ പറയാം. മൃത്യുവക്ത്രത്തിൽനിന്നു തന്നെ വീണ്ടുകൊണ്ടതു തന്റെ ഹൃദയം കവൎന്ന പ്രിയകാമുകനല്ലെ. എന്നിങ്ങിനെ കോമളത്തിന്റെ മനസ്സിൽ ഗംഗാധരൻനായരെക്കുറിച്ചു് ഓരോ നൂതനവികാരങ്ങളും വിചാരങ്ങളും വൎദ്ധിച്ചുവന്നു.

കേവലം കാമുകന്റെ ഗുണദോഷവിചിന്തനകൾക്ക സന്നദ്ധയാകാതെ അന്ധയായി അദ്ദേഹത്തെ ആരാധിച്ചുപോരുന്ന ഒരു യുവതി, അദ്ദേഹം അറിഞ്ഞും അറിയാതേയും ചെയ്യുന്ന ഓരോ കൎമ്മവും തന്റെ സുഖത്തിന്നും ഗുണത്തിന്നും വേണ്ടി അദ്ദേഹം അത്യന്തം ബന്ധപ്പെട്ടു പ്രവൎത്തിക്കുന്ന ഒരു മഹൽകൎമ്മമായി കരുതി, ഹൃദയത്തിൽ പ്രതിഷ്ഠചെയ്ത ആ കാമുകന്നു് ഓരോ നവനിശ്വാസമാല്യം ചാൎത്തി തന്റെ പൂൎവ്വാധികം പ്രേമാരാധനാനിരതയാകുന്നതാണല്ലൊ.

കോമളത്തിന്നു ഗംഗാധരൻനായരെ വീണ്ടും ഒന്നു കാണേണമെന്നുകൂടി തോന്നിത്തുടങ്ങി. പക്ഷെ പണ്ടത്തെ അനുഭവം—തന്റെ രോഗത്തിന്റെ കാരണം—തന്നെ അതിന്നു് അനുവദിച്ചില്ല. ജനവാതിലിന്നടു

യിൽക്കൂടി ഇടക്കിടക്ക്—അല്ല, സദാ—തോടിയിലേക്കും തോടിയിലെ ഒരു തെങ്ങിൻെറ നേരെയും നോക്കി നില്ക്കു പതിവായിത്തീൎന്നു. അങ്ങട്ട നോക്കുന്തോറും അവൾക്കു തൻെറ പ്രിയപ്പെട്ട ഉദ്യാനത്തിൽ പോകുവാൻ മോഹം വൎദ്ധിച്ചുവന്നു. എന്തിനേറെ, ആ യുവതിയുടെ മോഹം തൻെറ പണ്ടത്തെ അനുഭവത്തെ പമ്പകടത്തി. ഉദ്യാനത്തിലേക്കു പുറപ്പെട്ടു.

സന്ധ്യാസമയത്തായിരുന്നു അവൾ മുററത്തിറങ്ങിയതു്. ആരോ ഒരാൾ ആ തെങ്ങിൻെറ അരികത്തു നില്ക്കുന്നുണ്ടെന്നു കണ്ടപ്പോൾ, താൻ ഉദ്യാനത്തിലേക്കു പുറപ്പെട്ടതല്ലെന്നും മുററത്തു കുറച്ചു കാററുകൊള്ളാനിറങ്ങിയതാണെന്നും നടിച്ച് അവിടെ അങ്ങട്ടുമിങ്ങട്ടും നടന്നു. പക്ഷെ ആ മനുഷ്യനു കാൎയ്യം വേഗത്തിൽ മനസ്സിലായി. അയാൾ തോടിയിൽനിന്നു വെളിക്കിറങ്ങി. അതു കണ്ടു കോമളം ആ തെങ്ങിൻെറ അരികത്തു ചെന്നു.

അവിടെ തെങ്ങിൻെറ അരികത്തു് ഒരു വെളുത്ത സാധനം കിടന്നതു് അവളുടെ ദൃഷ്ടിയിൽ പതിഞ്ഞു. പെട്ടെന്നു് അതു് എടുത്തു തൻെറ മടിയിൽ തിരുകി ഇരുപാടും നോക്കി ആരും തന്നെ കണ്ടില്ലെന്നു തീൎച്ചയാക്കി വീട്ടിനുള്ളിലേക്ക് ഒരോട്ടമോടി.

കോമളം തനിക്കു ജപിക്കുവാൻ വെളുക്കു കൊളുത്തിവെച്ചിരുന്ന മുറിയിൽ കടന്നു് അകത്തുനിന്നു വാതിലടച്ചു. അവളുടെ ഹൃദയം തുടിക്കുവാൻ തുടങ്ങി. അവ

ളുടെ മടിയിൽ മറഞ്ഞു കിടക്കുന്ന ആ വെളുത്ത സാധനം എന്താണെന്നു വായനക്കാർ ഊഹിച്ചിരിക്കുമല്ലോ. കോമളത്തിന്നു് അതെന്താണെന്നും, അതു് ആരുടെ എഴുത്താണെന്നും മനസ്സിലായിരുന്നു. അതുകൊണ്ടു തന്നെയാണു് അവളുടെ ഹൃദയം തുടിക്കുന്നതും.

കോമളം! നീ എന്തിനാണു് ഇങ്ങിനെ പരിഭ്രമിക്കുന്നതു്? നിന്റെ ഈ മനഃക്ഷോഭം നിന്നെപ്പോലെ മുമ്പു നൂറായിരം യുവതികൾ അനുഭവിച്ചതു തന്നെയാണു്. പ്രിയകാമുകന്മാരുടെ കാമലേഖനം സാധാരണയായി--വിശിഷ്യ ഒന്നാമതായി-- ഒരു കാമിനിക്കു സിദ്ധിക്കുമ്പോൾ അവരുടെ ഹൃദയത്തിൽ വിവിധക്ഷോഭങ്ങൾ ജനിക്കുന്നതു സാധാരണയാണു്. ഇവരുടെ വികാരപരമ്പരകൾക്കും, വിവിധചേഷ്ടകൾക്കും പല ചാപല്യങ്ങൾക്കും, എന്നു വേണ്ട ക്ഷണനേരത്തെ ബുദ്ധിഭ്രമങ്ങൾക്കും, ഈ ഭജനമുറിയെന്നപോലെ, അനേകായിരം ഉറക്കറകളും, കുളക്കടവുകളും ഉദ്യാനങ്ങളും ഉരൽപുരകളും സാക്ഷ്യം വഹിക്കുന്നതാണു്. അതെ, ഈ വിളക്കുപോലെ എത്ര അടുപ്പിലെ തീയ്യും, അറമനയിലെ മണിദീപവും, എത്ര "അമ്പിളിയമ്മാമ"നും, വൈദ്യുതദീപവും ഈ വികാരങ്ങൾ കണ്ടു രസിച്ചിരിക്കും. നീ ഇത്ര മാത്രമോർത്തു പരിഭ്രമിക്കേണ്ട.

കോമളം മടിയിൽനിന്നു് എഴുത്തെടുത്തു വായിപ്പാൻ തുടങ്ങി.

വായനക്കാരെ! അന്യോന്യം ഹൃദയം കവൎന്നുവെന്നു കരുതുന്ന കാമിനീകാമുകന്മാർ അവരുടെ പരസ്പരാ

നുരാഗത്തിന്റെ പ്രഥമഘട്ടത്തിൽ എന്തെല്ലാം ഒരു കാമലേഖനത്തിൽ എഴുതുമെന്നു നിങ്ങളെ ഉപദേശിപ്പാൻ വിടുകയല്ലാതെ, പാവം, ആ കോമളത്തിന്റെ മുറിയിലേക്കു നിങ്ങളെ ക്ഷണിച്ചുകൊണ്ടു പോയി അവൾ വിളക്കിന്നരികത്തിരുന്നു വായിക്കുന്ന ഗംഗാധരൻ നായരുടെ പ്രഥമകാമലേഖനത്തിലെ വാചകങ്ങളും ആശയങ്ങളും അവളുടെ പിന്നിൽനിന്നു് അവളുടെ അഴിഞ്ഞുവീണ കുന്തളഭാരത്തിന്നിടക്കൂടി വായിപ്പാൻ നിങ്ങളെ ക്ഷണിക്കുന്നതു കുറെ സാഹസമല്ലേ? എന്നു മാത്രമല്ല. ആ കോമളം തന്നെ അറിഞ്ഞാൽ അവൾ നമ്മെപ്പറ്റി എന്തു വിചാരിക്കും!

കത്തു വായിച്ചുതീർന്നുവെന്നു തോന്നുന്നു. അവൾ ഒന്നുരണ്ടു ദീർഘനിശ്വാസം വിട്ടു, വാതിലിന്നു നേരെ നോക്കി. ആദ്യം അതു തന്റെ തലയണയുടെ അടിയിൽ കൊണ്ടുവെച്ചു. കുറച്ചാലോചിച്ചു. ശ്രീദേവിയുടെ ശബ്ദം കേട്ടപ്പോൾ വേഗം അതു് അവിടെ നിന്നെടുത്തു മടിയിൽതന്നെ തിരുകി. വീണ്ടും ആലോചിച്ചു. വീണ്ടും എടുത്തൊരാവൃത്തി വായിച്ചു.

'ഇതു്, എവിടെ സൂക്ഷിക്കും' എന്നായിരുന്നു അവളുടെ പരിഭ്രമം. കിടക്കയിൽ വെച്ചാൽ ശ്രീദേവിയുടെ എറുമ്പിനെ തിരയുന്ന കണ്ണിലുണ്ടോ ഇതു പെടാതിരിക്കുന്നു! മടിയിൽ വെച്ചാൽ താൻ അറിയാതെ തന്നെ ഒരു കൈ എപ്പോഴും അവിടെ ചെല്ലുന്നതു് ആരെങ്കിലും കണ്ടാലൊ. ഹൃദയത്തിൽ സൂക്ഷിക്കാമായിരുന്നു. അല്ലാതെ കോമളത്തിന്നു വേറെ പെട്ടിയുണ്ടായിരുന്നി

ല്ല. എന്നു മാത്രമല്ല പരിഷ്കൃതാംഗനകളെപ്പോലെ പ്രാണനാഥന്റെ കണ്ണുകൾ കളിപ്പിപ്പാൻ തക്കവണ്ണം അവൾ ഒരു വൈകയും ഇടാറില്ലല്ലൊ. "ഞാൻ ഇപ്പോൾ തന്നെ ഇതു ഹൃദയത്തിൽ സൂക്ഷിച്ചിട്ടുണ്ടല്ലൊ" എന്നോൎത്തു് എഴുത്തെടുത്തു വിളക്കിനു മീതെ പിടിച്ചു. ഹാ! എന്തു സാഹസം! ഗംഗാധരൻനായർ താലോലിച്ചിട്ടുകൂടിയുണ്ടായിരിക്കും! അങ്ങിനെയുള്ള ഒരു കാമ്യവസ്തു കത്തിച്ചുകളയുകയൊ? ഏതായാലും അഗ്നിഭഗവാൻ കോമളത്തിന്റെ ഈ ആലോചനകൾക്കൊന്നും അവസരം നൽകിയില്ല. ആ എഴുത്തിന്റെ ഒരു കഷണം മാത്രമെ കത്തിപ്പോകാതെ അവൾക്കു രക്ഷിപ്പാൻ സാധിച്ചുള്ളു. അതു പരിശോധിച്ചപ്പോൾ അതിൽ "കോമളം" എന്ന നാമാക്ഷരം മാത്രമെ വ്യക്തമായി കാണ്മാനുണ്ടായിരുന്നുള്ളു. അതു ശാകുന്തളം പുസ്തകത്തിൽ സൂക്ഷിച്ചുവെച്ചു.

'മറുപടി' എന്നായിരുന്നു അവളുടെ പിന്നത്തെ ആലോചന. പക്ഷേ, "എന്താണീശ്വരാ! ഊണും ഇല്ലെ ഇന്നു്. കുറെ നേരമായല്ലൊ ജപിക്കാൻ പോയിട്ടു്. വല്യമ്മയല്ലെ വിളിക്കുന്നു" എന്ന ശ്രീദേവിയുടെ പുറത്തു നിന്നുള്ള ആവലാധി കേട്ടപ്പോൾ കോമളം ദുൎഗ്ഗാദേവിയെ മനസ്സുകൊണ്ടു് ഒന്നു ധ്യാനിച്ചു വേഗം പതിൽ തുറന്നു.

പിറേറന്നു സന്ധ്യക്കുമുമ്പു തന്നെ കോമളം മുററത്തിറങ്ങി. വളരെ ദൂരെ ഒരു യുവാവിനെ കണ്ടു. സംശയം തീൎന്നു. "എന്നെ കണ്ടാൽ വാഴപ്പോളയുടെ ഇട

യിൽ വെച്ചാൽ മതി—എന്ന വാചകം അനുസ്മരിച്ച് ഓടിപ്പോന്നു തന്റെ മടിയിൽനിന്ന് ഒരെഴുത്തെടുത്തു വാഴപ്പോളയുടെ ഇടയിൽ ഒളിപ്പിച്ചു വെച്ചു നിസ്സംശയം കോമളം തിരികെ പോന്നു.

നിത്യകൃത്യം നിറവേററിയ ചാരിതാർത്ഥ്യത്തോടെ, എഴുത്തിനെപ്പററിയ കഥകളൊക്കെ മറപ്പാൻ വേണ്ടി, അമ്മയോടു കുറച്ചു ദിവസമായിട്ടു ദുർഗ്ഗാക്ഷേത്രത്തിൽ നടക്കാറുള്ള കഥകളെപ്പററി സംസാരിപ്പാൻ തുടങ്ങി.

“അവ്വ! ‘അന്നു രാത്രി കഴിയണം’ എന്നു സമയം കുറിക്കുന്ന കേട്ടപ്പോൾ കോമളം ഇങ്ങിനെ മാൻകുട്ടിയെപ്പോലെ ഓടിച്ചാടി കളിക്കുമെന്നു ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിട്ടില്ല, കേട്ടോ! എന്റെ ദുർഗ്ഗാദേവി! കൂട്ടപ്പായസം ഇന്നുതന്നെയാക്കിക്കളയാം.”

“ശരിതന്നെ, അമ്മേ! ഇന്നു വെള്ളിയാഴ്ചയല്ലേ. അക്ഷരശ്ലോകവുമുണ്ടല്ലോ. എത്ര ദിവസമായി അതു കേട്ടിട്ട്.”

“ഓ, അതെ, കുട്ടി. ആശാനു കുറച്ചുദിവസമായി അക്ഷരശ്ലോകത്തിൽ അത്രയേ ശ്രദ്ധയുള്ളൂ. ഒരായാൾ വരാറുണ്ട്. അത്രമാത്രം.”

“എന്താണമ്മേ! അയാൾക്ക്?”

“അയാളെന്തൊരു വിദ്വാനാണ്! നമ്മുടെ ഒക്കെ പുണ്യംകൊണ്ട് ഇവിടെ ഇങ്ങിനെ കാണുന്നു. അല്ലാതെ അയാൾ ഇതൊക്കെ ഉപേക്ഷിച്ചു സന്ന്യാസത്തിനു വല്ല കാട്ടിലും പോകാനല്ലേ നോക്കുന്നത്. മ

ഫഷിയല്ല അയാൾ. എന്തൊരറിവാണ്. എന്തൊരു സ്വഭാവമാണ്. എന്തൊരു വകതിരിവാണ്. എന്തൊരു ദയയാണ്!"

കോമളം അസ്വസ്ഥയായി.

"സന്യസിക്കുകയൊ? നല്ല ആളുകളൊക്കെ സന്യസിക്കുകയാണൊ വേണ്ടതു?"

"വേണ്ടിട്ടല്ല. അങ്ങിനെയൊരു മനോഭാവമാണെങ്കിൽ പിന്നെ നമുക്കു വിചാരിച്ചാൽ നിവൃത്തിയില്ല."

"ആരു പറഞ്ഞു അങ്ങിനെ ആലോചനയുണ്ടെന്ന്?"

"ആരാണു പറയേണ്ടതു്. കണ്ടാലറിയില്ലേ! നമ്മുടെ കാരണവർ. ഞാൻ കുട്ടിയായിരിക്കുമ്പോൾ കണ്ട കഥയാണ്. ഇങ്ങിനെയല്ലെ സന്യസിച്ചതു്."

"ഒക്കെ ഞാൻ പറയാം. ഞാൻ ഇന്ന് അക്ഷരശ്ലോകം ചൊല്ലുന്നതു കാണാൻ നില്ക്കുന്നുണ്ട്."

"മതി, മതി. അത്ര നേരം വൈകിയാൽ വല്ല സുഖക്കേടും—"

"ഒരു സുഖക്കേടും വരില്ല അമ്മെ!"

സംഭാഷണം ഇത്രയായപ്പോഴെക്കും കോമളത്തിന്നു വീണ്ടും തന്റെ എഴുത്തിന്റെ കഥ ഓർമ്മവന്നു. അതു ഗംഗാധരൻനായർക്കു കിട്ടിയിരിക്കുമൊ എന്നു പരിശോധിപ്പാൻ അവൾ വീണ്ടും തൊടിയിലേക്കു ചെന്നു. നേരം സന്ധ്യയായിരുന്നു.

ഗംഗാധരൻനായർ വാഴയുടെ പോളകൾ ഓരോന്നായി അടത്തി പരിശോധിച്ചിട്ടും എഴുത്തു കണ്ടില്ല.

കടവിൽ ഭഗ്നാശനായി തന്നത്താനറിയാതെ ആ വാഴയുടെ ഏതാനും പോളകൾ അടൎത്തിവിട്ടു. അപ്പോഴാണു തന്റെ സാഹസം അയാൾക്ക് ഓൎമ്മവന്നതു് "എന്നെക്കാണണമെന്നു ഭവതിക്കു മോഹമുണ്ടെങ്കിൽ നാളെത്തന്നെ മറുപടി തരുമല്ലൊ!" എന്നു തന്റെ എഴുത്തിലെ വാചകത്തെ ഓൎത്തു. അതെഴുതിയിരുന്നില്ലെങ്കിൽ തനിക്കു ഈ മനോവേദനക്കു കാരണമില്ലായിരുന്നുവെന്നു തന്നെത്താൻ ശപിച്ചുകൊണ്ടു ഗംഗാധരൻനായർ തിരികെ പോകുന്നതാണു കോമളത്തിന്നു കാണ്മാനിടയായതു്.

അവൾ പരിഭ്രമിച്ചു.

കോമളത്തെ കണ്ടപ്പോൾ ഗംഗാധരൻനായർ അല്പം സമാധാനിച്ചു, "എവിടെ?" എന്നു ചോദിച്ചു.

"കിട്ടിയില്ലെ" എന്നു അവൾ മറുപടി പറഞ്ഞു.

ഗം—ഇല്ല.

കോ—കുറച്ചു മുമ്പ് ഇവിടെ വന്നിരുന്നില്ലെ?

ഗം—ഇല്ല. ഞാൻ ഇപ്പോഴാണു് ഇതാ വന്നതു്.

---

## പതിമ്മൂന്നാം അദ്ധ്യായം.

### കുള(നഃന)ക്കടവ്.

കുളിമുറിയും കോരിക്കുളിയും വരുന്നതിന്നുമുമ്പ് അതിപരിഷ്കാരം കടന്നു പിടികൂടാത്ത ഗ്രാമങ്ങളിൽ സ്വാ

ധാരണ ആബാലവൃദ്ധം ജനങ്ങൾ കുളത്തിൽനിന്നു മുങ്ങിക്കുളിക്കുകയാണല്ലോ പതിവു്. ദേഹശുചീകരണത്തിന്നു പുറമെ "കുളിക്കാൻ പോക്കും," "കുളക്കടവിലെ വായു"വും ചിലൎക്കു മറുവിധത്തിലും ദേഹസുഖം നല്കിവരാറുണ്ടു്. ശ്രീദേവിക്കു് അമ്മിണിയെയും അമ്മാളുവേയും കണ്ടു് കൊററവാക്കു് പറയാനും, നല്ല പുകയില എത്ര പിടികയിലാണു കിട്ടുന്നതെന്നു് അന്വേഷിക്കാനും, രണ്ടുവരി കാൽ നിൎത്തു നടപ്പാനും കുളിപ്പാൻപോകുന്നതുതന്നെയാണു് ഒരവസരം. എന്നു മാത്രമല്ല, കുറുപ്പിന്നു വൈകുന്നേരം നാട്ടുവൎത്തമാനങ്ങൾ അറിവാൻ വേറെ ഒരു സ്ഥലം ഉള്ളതുകൊണ്ടു്, അയാൾക്കു ശ്രീദേവിയുടെ കിണ്ടിവെള്ളംകൊണ്ടുള്ള അഭിഷേകംകൊണ്ടു തൃപ്തിപ്പെടാമെങ്കിലും, ആവക സൌകൎയ്യം സിദ്ധിക്കാത്ത ശ്രീദേവിക്കു് അമ്മിണിയോടും അമ്മാളുവോടും വൎത്തമാനം പറഞ്ഞുകൊണ്ടു കുളക്കടവിൽ തന്നെ ചെന്നു് ഒന്നു മുങ്ങിക്കുളിക്കാതെ നിൎവ്വാഹമില്ല. ഈ കുളക്കടവിനെയാണു ശാരദ "ആവൂ! ഇതു കുളക്കടവല്ല, ഇതൊരു നുണക്കൂട്ടമാണെന്നു"ന്നു് അധിക്ഷേപിച്ചതു്. അവളുടെ ആക്ഷേപം അസ്ഥാനത്തിലല്ല, അസംഗതവുമല്ല. അതു് അത്യന്താംഹമാണു്.

"ശാരദ ഇയ്യിടെ കുളിക്കാൻ വരവില്ലാതായെ?"

"ഒന്നുമില്ല, ഞാൻ സാധാരണ വരാറുണ്ടു്."

"ഇല്ലപിന്നെ. നിയെന്താണു ശാരദക്കു കുളി നിന്നുവെന്നാണെന്നോ വിചാരിച്ചതു്?"

“ഓഹൊ, നിങ്ങൾ രണ്ടാളും വലിയ സരസകൾ തന്നെ.”

“ഞങ്ങൾക്കെന്തു സാരസ്യമാണ്! ഞങ്ങളെപ്പററിയ്ക്കല്ലേ നാട്ടുകാരൊക്കെ കേശവനുണ്ണിആശാനെപ്പററി ശ്ലോകമുണ്ടാക്കി എന്നൊക്കെപ്പറയുന്നത്.”

“എന്താ ഏട്ടത്തി, പിന്നെ ശാരദയെപ്പററിയാണൊ നാട്ടുകാരൊക്കെ പറയുന്നത്?”

“വേണ്ടാ, ഞാൻ അങ്ങിനെ പറഞ്ഞുവൊ? വെറുതെ ആളുകളെക്കൊണ്ടു തമ്മിലടിപ്പിക്കാൻ! വാ, കളിക്കാം.”

“അല്ലല്ലാ, നിങ്ങൾ എന്നെപ്പററിയാണൊ ഇപ്പോൾ പറഞ്ഞത്. കേൾക്കട്ടെ കൂട്ടരെ! ശരി ശരി മിണ്ടാതിരുന്നാലാണ് ഇപ്പോൾ കുററം! ഒരു സാധുവുണ്ടല്ലൊ നിങ്ങൾക്കൊക്കെ എന്തും പറയുവാൻ!”

“അയ്യോ, ശാരദയെപ്പററിയൊ? വെറുതെ ഒന്നും വിചാരിക്കണ്ട. ഏതൊ ഒരുത്തി, ആരാണെന്നു ഞാനറിയില്ല. ശാരദെ, എന്റെ ബാലകൃഷ്ണനാണെ ഞാൻ നേരാണെ പറയുന്നത്. കള്ളുപറഞ്ഞിട്ടെന്താണു കാര്യം? അതും പറയണ്ട കള്ളു് ഇത്തരത്തിലുള്ളതല്ല! കെട്ടുപോട്ടെ നാട്ടു! എന്റീശ്വരാ! എന്തെല്ലാം നുണയാണു പൊട്ടിപ്പുറപ്പെടുന്നത്”

“ഏട്ടത്തി കാര്യം പറയൂ!”

“നില്ലു കുട്ടി. നീ വെറുതെ ശാരദയെ ദേഷ്യം പിടിപ്പിക്കണ്ട. അതൊ, ശാരദെ, ഞാൻ പറയാം. ഏതോ ഒരുത്തി. ബാലകൃഷ്ണന്റെ അച്ഛൻ പറഞ്ഞതാ

ണ്ട് ഏട്ടനോട്ട്. നമ്മളുടെ ആശാനെ കണ്ടു മയങ്ങി പോലും! മയങ്ങേണ്ട ആളാം! അയാളാം വേദാന്തത്തിൽ മുഴുകി, ഈശ്വരാം, മഹർഷിയെപ്പോലത്തെ ആളാം. അയാളാം ഇവളുടെ നേരെ നോക്കുകയുംകൂടി ഇല്ല. അവളെം വിവാഹം ഇന്നു നാളെ എന്നു കരുതിക്കൂടിയിരിക്കുന്നുപോലും. 'പോലും' ആണേ. ഞാനറിയില്ലേ. ശാരദേ, നീ എന്നോടു മുഷിഞ്ഞിട്ടെന്താണു ഫലം?"

"ഞാനെന്തിനാണു മുഷിയുന്നതു്? ഏതോ ഒരുത്തിയല്ലെ?"

"അല്ല, ഞാൻ പറയുകയാണ്. ഏതൊ ഒരുത്തി. അതെ. എന്നാലും പറഞ്ഞാൽ നിണക്കു മുഷിച്ചലാവുമെ എന്നു വിചാരിച്ചിട്ടാണ്. ഇല്ല. എനിക്കറിയാം. എന്നിട്ടെന്തു പറയട്ടെ. ഒരു ദിവസം അവളാം രണ്ടു ശ്ലോകം എഴുതിയത്രെ. ശ്ലോകം കേശവനുണ്ണിയെക്കുറിച്ചു. അയാളുടെ സ്നേഹത്തെപ്പററിയാണ്. ആണുപോലും. ഞാൻ കണ്ടിട്ടില്ലല്ലൊ. എനിക്കൊന്നു കാണണമായിരുന്നു ഇവളുടെ കവിത."

"എനിക്കു തോന്നും ഏട്ടത്തി! ചില വരികളാം."

"മിണ്ടാതിരി! തേവിടിശ്ശി! ഓരോ ഗോഷ്ടി പറയുന്നു ഇടക്കിടക്ക്."

"എന്താണെടോ വരി കേൾക്കട്ടെ."

"ഇല്ല ഞാൻ മറന്നുപോയി! അതിൻെറ ആദ്യത്തെ അക്ഷരം "ശാ" എന്നാണ്"

"രണ്ടാമത്തെ അക്ഷരമോ?"

"രണ്ടാമത്തെ വരിയുടെ ഒന്നാമത്തെ അക്ഷരം "രോ" എന്ന്. അത്ര എനിക്കറിയുള്ളൂ.

“മതി. മതി. നിങ്ങൾ ജ്യേഷ്ഠാനുജത്തിമാരെ ഞാനറിയും! നിങ്ങൾക്കെന്താ മററു പണി. കണ്ട കെട്ടുകഥകളും കെട്ടിച്ചമച്ചു നാട്ടുകാരെ ചിത്തയാക്കുക! തറവാട്ടിൽ ജനിച്ച പെണ്ണുങ്ങളായാൽ തൻേറടവും ഗുരുത്വവും വേണം. നിങ്ങളുടെ ധിക്കാരം! പോ!”

“അതെ! ശാരദേ! ജ്യേഷ്ഠത്തിയുടെ ധിക്കാരം! മൂന്നാമത്തെ അക്ഷരം ‘ദ’ എന്നാണു്.”

ശാരദയ്ക്കു് ആ ജ്യേഷ്ഠാനുജത്തിമാരുടെ നേരെ കോപം സഹിക്കവയ്യാതായി.

“കാരണവന്മാർക്കു കീഴടങ്ങി നടക്കാഞ്ഞാൽ തന്നെ ദോഷമാണു്. എന്നാൽ പെണ്ണായാൽ കുറച്ചൊരു പേടി വേണം. പത്തു വയസ്സാകാത്ത ഈ പെണ്ണിന്റെ വാക്കു കേട്ടില്ലേ. നിന്നേക്കാൾ ഒരു പത്തു വയസ്സധികമില്ലേ എനിക്കു്. കുറച്ചൊരു ഗുരുത്വം വേണം. പെണ്ണുങ്ങൾക്കു ആണല്ലോ, ആണില്ലെങ്കിൽ ഒരു തൂണിനെയെങ്കിലും പേടി വേണം—”

ശാരദ താളിയും തോർത്തുമെടുത്തു് അടുത്ത കടവിൽ നിന്നു കുളിക്കുന്ന വേറൊരു ചങ്ങാതിയുടെ അടുത്തേക്കു പോയി.

“നീയല്ലാതെ ഈ പത്തു തികയാത്ത പെൺപിള്ളരോടു പറയാൻ നില്ക്കുമോ?”

“ഇല്ലാ, നോക്കെടൊ, അതിന്റെ ഒരു കുറുമ്പു്.”

“പോട്ടെ. അതിന്റെ കഥ. അത്രയും നേരം ആശാൻ പറയുംപോലെ ‘നാരായണാ’ എന്നു ജപിച്ചാൽ പുണ്യമെങ്കിലുമുണ്ടു്.”

"ഓം, അതല്ലേ നേരമ്പോക്ക്. ഏതോ ഒരുത്തി ആശാനെക്കുറിച്ചു ശ്ലോകമെഴുതിയത്രെ. അതെല്ലാംകൂടി ഇപ്പോൾ എന്റെ തലയിലാണ്."

"ഞാനും കേട്ടു ഈക്കഥ. പക്ഷെ ഞാനത്ര വിശ്വസിച്ചില്ല. അനുരാഗമാണത്രെ! ഞാനെന്റെ ഈ ഇരുപത്തഞ്ചു വയസ്സിനകത്തു് അങ്ങിനെ ഒരു രോഗത്തിൽ പെട്ടിട്ടില്ല. കുട്ടിക്കാലത്തങ്ങാൻ വന്നിട്ടുണ്ടോ എന്തോ? എനിക്കു ബുദ്ധിയായശേഷം ഞാനതിൽ കിടപ്പിലായിട്ടില്ല. അതു പോട്ടെ. ആശാനെന്താണ് ഇപ്പോൾ. ഒരു രോഗിയുടെ മാതിരിയായിരിക്കുന്നു."

"അതെ. എനിക്കും തോന്നി."

"നിനക്കു തോന്നിയതേയുള്ളു?"

"അത്രയുള്ളു."

"അല്ലാതെ നീ അറിയില്ലേ?"

"ഞാനറിയുമോ. ഞാനെങ്ങിനെയാണ് അറിയേണ്ടതു്? നിങ്ങളറിയോ? അതുപോലെ അല്ലാതെന്താണ്?"

"ശരി, ശരി! നീയറിയില്ല. എങ്ങിനെയാണെടോ നമ്മൾ സ്ത്രീകൾ, പുരുഷന്മാരുടെ സുഖക്കേട് അറിയുന്നതു്? നേരാണു നീ പറഞ്ഞതു്."

"അറിയുന്നാളുണ്ടായിരിക്കും."

"അതെ. നീ ഒരു കഥ കേട്ടുവൊ?"

"ഇല്ല. ഏതു കഥ?"

"ചമ്പകക്കാവിൽ ഒരു മീശക്കാരൻ വന്നിരിക്കുന്നു പോലും. അമ്മുവിന്റെ വണ്ണത്താൻ—അയാളെ അവി

ടെവെച്ച് കണ്ടുവെന്ന് അവളോടു പറഞ്ഞുവെന്ന് അവളാണ് എന്നോടു പറഞ്ഞത്."

"അവൾ തന്നെ എന്നോടും പറഞ്ഞു. ഏതാണയാൾ എന്നു നിങ്ങൾ അറിയുമൊ?"

"ഞാനി ചോലക്കരയിൽ ഇതുവരെ കണ്ടിട്ടില്ല അയാളെ."

"ഒരാൾക്കെങ്കിലും അയാളെ അറിയില്ല. ആൾ കണ്ടാൽ നല്ല ആളും!"

"എന്താ ശാരദേ! ആളെ ഒരു നോട്ടം."

"അയ്യൊ. അങ്ങിനേയും ആയൊ. ഞാൻ വെറുതെ പറഞ്ഞതാണേ."

"ആദ്യം ആദ്യം വെറുതെ പറയും."

"ഓ, അല്ല, അയാളെ കണ്ടു ഭ്രമിച്ചിരിക്കുന്നു. ഞാൻ എന്താണു വേണ്ടത്?

"ഒന്നും വേണ്ടതില്ല. വല്ലതും വേണ്ടിവരും പിന്നീട്. ഇന്നു രാവിലെ അയാൾ അമ്പലക്കാട്ടിലേക്കു പോകുമ്പോൾ ഓർമ്മയുണ്ടോ?"

"എന്ത്?"

"എന്താണ്? ആരെയൊ ഒരുത്തിയെ, ഒരു സുന്ദരി എന്നു നടിക്കുന്നവളെ, തെളിയുന്നവളെ- ഞാൻ മുഴുവൻ പറഞ്ഞാൽ നിനക്കു ദേഷ്യമാവുമൊ?"

"എനിക്കെന്തിനാണു ദേഷ്യം?"

"ഒരു ദേവസ്ത്രീയാണു താനെന്നു ഭ്രമിക്കുന്ന ഒരുവളെ അയാൾ കണ്ടു. അവളും അയാളുമായി എന്തൊ സംസാരിച്ചുവെന്ന്, എന്തൊക്കെ, അല്ല അങ്ങിനെ ഒ

രു പ്രസ്താവം. ഞാനറിയില്ല. ഇളയമ്മ കണ്ടുപോലും. ഇളയമ്മക്ക് അവളുടെ പേരും അറിയാം. എനിക്കും അറിയാം പേർ!”

ശാരദ അസ്ത്രം കൊണ്ട മാനിനെപ്പോലെ ഒരു മിനിട്ടു തരിച്ചു നിന്നുപോയി. പിന്നീട് ഒരു ദീർഘശ്വാസം വിട്ടു പകുതി തോർത്തിയ ദിക്കിൽനിന്ന് “ആവു ഇതു കുളക്കടവല്ല, ഇതൊരു നുണക്കടവാണെ”ന്നും പറഞ്ഞ് അതിജാഗ്രതയിൽ സ്വഗൃഹത്തിലേക്കു തിരിച്ചു.

## പതിനാലാം അദ്ധ്യായം.

### നു ണ യി ണ

നാഴിപ്പാലിൽ നാലു നാഴി വെള്ളം ചേർക്കുന്നതു പണ്ടു പണ്ടേ പതിവാണ്. “കുളിക്കാൻ പോകുമ്പോൾ അവളെക്കണ്ടു” എന്നു പറഞ്ഞാൽ ‘കുളി നിന്നു’ എന്ന അപവാദമായിരിക്കും അതിൽനിന്നുത്ഭവിക്കുന്നതു്. ‘ഞാൻ മുമ്പേ അറിയും’ എന്നു പറഞ്ഞാൽ “അവരുടെ രഹസ്യം ഇന്നും ഇന്നലേയും ഉള്ളതല്ല. പല നാൾ കട്ടാൽ ഒരുനാളറിയും” എന്നായിരിക്കും അതിന്റെ വ്യാഖ്യാനം. ക്രൂരലോകമേ! എന്തെല്ലാം അഴിമതികളാണു നീ അപവാദത്തെക്കൊണ്ടു ചെയ്യിക്കുന്നതു്. പാടത്തിലും പടിയിലും ഒളിച്ചിരുന്നു മറവുള്ളവരുടെ പച്ചപ്പരമാർത്ഥം കേട്ട് അതിൽ അന്യായവും അപവാദവും കുത്തിച്ചെലുത്തി നീ എന്തൊരു വിഷബീജത്തെ

യാണു കളങ്കമററ കാരാ സമുദായത്തിലും പിതക്കുന്നതു്. നിഷ്കളങ്കകളായ എത്ര എത്ര തരുണികളെയാണു് നീ ആജീവനാന്തം അറയിൽ അടച്ചിരിപ്പാനിടയാക്കിയതു്. നിഷ്കപടകളായ എത്ര കുലാംഗനകളെയാണു നീ തൂങ്ങുകയറിന്നും ചട്ടിക്കളത്തിന്നും ഇരയാക്കീട്ടുള്ളതു്. ആജീവനാന്തം ആത്മമിത്രങ്ങളായിരുന്ന എത്ര പേരുടെ സ്നേഹശൃംഖലയെ നീ നിസ്സംശയം വെട്ടിമുറുത്തിട്ടുണ്ടു്. പ്രേമഭാജനത്തിന്റെ കവിൾത്തടത്തിൽ തലോടുന്ന എത്ര കാമുകന്മാരുടെ മുദുകത്തിൽ നീ കട്ടാരി തിരുകീട്ടുണ്ടു്. പൊൻപൈതലിനെ താലോലിക്കേണ്ട എത്ര പിതാക്കന്മാരെ നീ കാരാഗൃഹത്തിലേക്കു് ആനയിപ്പിച്ചിട്ടുണ്ടു്. നീചബുദ്ധേ! മാനവും മര്യാദയും മററു തന്റേടവും തറവാടിത്തവുമില്ലാതെ, മാതാപിതാക്കളേയും സഹോദരികളേയും മറന്ന മഹാപാതകി! നീ എത്ര നിഷ്കന്മഷകളായ സാധ്വീരത്നങ്ങളെ കണ്ണീരും കയ്യുമായി കാലം കഴിപ്പാൻ കല്പിച്ചിട്ടുണ്ടു്! അപവാദമേ! നീ ജനിച്ച ഉദരംമേ നശിച്ചാൽ മാത്രമേ ലോകത്തിൽ സമാധാനവും ശാന്തിയും വീണ്ടും ജനിക്കയുള്ളൂ. നിർമ്മലകളും നിഷ്കളങ്കകളുമായ ഈ സകലദണ്ഡിതാത്മാക്കളുടേയും ശാപാഗ്നി നിന്നെ ഈ നിമിഷം ഭസ്മമാക്കിത്തീർക്കട്ടെ!

കേശവനുണ്ണിയെ ആർക്കാണു ബഹുമാനമില്ലാത്തതു്! അറിവുകൊണ്ടും, അതിനെ ജയിക്കുന്ന വിനയംകൊണ്ടും ചോലക്കരക്കാരിൽ ഒരൊററ ആൾ ഒഴിയാതെ സർവ്വരുടേയും സീമാതീതബഹുമാനം സമ്പാദി

ക്കാൻ സാധിച്ച അംശനെ ശാരദ രണ്ടു ശ്ലോകമുണ്ടാക്കിക്കാട്ടിയതിൽ എന്താണത്ഭുതമുള്ളതു്. തന്റെ ജ്യേഷ്ഠൻ കമാരനുണ്ണിയുടെ ഉത്തമമിത്രമായ അദ്ദേഹം അധികസമയവും തന്റെ ഗൃഹത്തിലാണു കഴിച്ചിരുന്നതു്. അവളുടെ അമ്മക്കും, കമാരനുണ്ണി അവിടെയില്ലാത്ത സമയം ശാരദക്കും അദ്ദേഹവുമായി സംസാരിപ്പാൻ സൌകര്യം സിദ്ധിക്കാറുണ്ടു്. ശാരദ കേവലം ലൌകികകാര്യങ്ങൾ മാത്രമേ അദ്ദേഹവുമായി സംസാരിക്കാറുള്ളു. അതും വാസ്തവമാണു്. കേശവനുണ്ണി പുരാണകഥകൾ പറയുമ്പോൾ അതിൽ സ്ത്രീപുരുഷന്മാരുടേയും മററും മനോവികാരങ്ങളെക്കറിച്ച ശാരദ അദ്ദേഹത്തോടു പല സംശയങ്ങളും ചോദിക്കാറുണ്ടായിരുന്നു. അതിന്നിടയിൽ ഒരു ദിവസം അനുരാഗത്തെപ്പററി ദീർഘമായ ഒരു വാദപ്രതിവാദം അവർ തമ്മിൽ നടന്നതും വാസ്തവമാണു്. ദുഷ്യന്തശകുന്തളമാരുടെ അനുരാഗത്തെ ലക്ഷ്യമാക്കി കേശവനുണ്ണി വളരെ വിസ്തരിച്ചിരുന്നതിനാൽ തന്റെ വാസനാസ്വഭാവംനിമിത്തം, ശകുന്തള ദുഷ്യന്തനോടു പറയുന്നതായി അവൾ രണ്ടു ശ്ലോകം ഉണ്ടാക്കിയതും കളവല്ല. അറിഞ്ഞോ അറിയാതേയോ അതിൽ ശാ, ര, ദ, എന്നീ അക്ഷരങ്ങൾ മൂന്നു വരികളുടെ ആദ്യലിപികളായിപ്പോയിരുന്നു. ഇതിന്നു കേശവനുണ്ണി ഒരു സട്ടിഫിക്കററും കൊടുത്തിരുന്നു.

ഇതാണു കുളക്കടവിലെ ഒരു നുണ. മാന്യവായനക്കാരേ! ഇതിൽ "കേശവനുണ്ണി എന്നെ നാളെ

വിവാഹം കഴിക്കും" എന്ന ശാരദയുടെ മോഹം എവിടെയാണുള്ളതെന്നു നിങ്ങൾതന്നെ തീർച്ചയാക്കിക്കൊള്ളുവിൻ!

കേശവനുണ്ണിയെ ഭർത്താവായി കിട്ടണമെന്നു മോഹിക്കുന്ന യുവതികൾ ചോലക്കരയിൽ ചിലരുണ്ടായിരുന്നു. കേശവനുണ്ണിയെ—വിവാഹാവശ്യാർത്ഥമോ എന്തോ—സീമാതീതമായി സ്നേഹിച്ചവരും ഉണ്ടായിരുന്നു. എന്നാൽ ശാരദയ്ക്കു കുളക്കടവിലെ സംഭവംവരെ അങ്ങിനെ ഒരു വിചാരമുണ്ടായിരുന്നില്ലെന്നു ഞാൻ തീർത്തുപറയാം. ഇതിന്നു പല കാരണങ്ങളുമുണ്ട്. ഒന്നാമത്, ശീതളമായ ശശിബിംബത്തെയല്ലാതെ തേജോമയമായ മദ്ധ്യാഹ്നസൂര്യബിംബത്തെ നോക്കുവാൻ പോലും അവൾ ശക്തയല്ല. മഹാവിദ്വാനായ കേശവനുണ്ണിയെവിടെ, കേവലസ്ത്രീയായ ശാരദയെവിടെ? രണ്ടാമത്, തന്റെ ബാല്യകാലത്തിലെ ഉത്തമബന്ധുവായിരുന്ന ചമ്പകക്കാവിലെ കോമളത്തിനെ കേശവനുണ്ണി എത്രകണ്ടു സ്നേഹിക്കുന്നുണ്ടെന്ന് അവൾക്കു നല്ലപോലെ അറിയാം. അതിന്നിടയിൽ തന്റെ 'ചെപ്പടി വിദ്യ' എവിടെ ഫലിക്കാൻ പോകുന്നു!

ശാരദ പതിനെട്ടു തികഞ്ഞ നവയൌവനയുക്തയും, അതിസുന്ദരിയും, സുകുമാരഗാത്രയും ആണെങ്കിലും, ചോലക്കരയിലെ സുന്ദരികളുടെ ഇടയിൽ തനിക്ക് ഏതൊരു സ്ഥാനമാണുള്ളതെന്നു താൻ നല്ലപോലെ ഗ്രഹിച്ചിരിക്കയാൽ, ആകാശത്തിലെ അമ്പിളിക്കു കൈ പൊക്കിക്കരയാതിരിപ്പാൻ മാത്രം അവൾക്കു ബുദ്ധിയുണ്ടായിരുന്നു.

എന്നാൽ യുവാക്കന്മാരുടെ രൂപവിലാസം കണ്ടാൽ, ആ യുവാക്കന്മാർ തങ്ങളെ സരസമായൊ വിരസമായൊ കടാക്ഷിച്ചതെന്നു തീച്ചപ്പെടുത്തി, അതിന്നനുസരിച്ചു മുമ്പിൽവെച്ചു പുഞ്ചിരിക്കയും പിമ്പിൽവെച്ചു പുകഴ്ത്തുകയുമൊ, അല്ലാ, അടുത്തുനിന്ന് അലക്ഷ്യം നടിക്കയും അകത്തുനിന്നു അപഹസിക്കയുമൊ ചെയ്യുന്ന സാധാരണസ്ത്രീസഹജമായ സമ്പ്രദായം ശാരദയ്ക്കുമുണ്ടായിരുന്നു. ഗംഗാധരൻനായരെ കണ്ട ഉടനെ ഏതൊ ഒരു പരിചയം തോന്നുകയാൽ ശാരദ അങ്ങോട്ടാണ് ആദ്യം ചിരിച്ചുപോയതു്. അദ്ദേഹവും ചിരിച്ചുവെങ്കിലും, ആൾ മാറിപ്പോയെന്നു കണ്ടപ്പോൾ ദൂരെ മാറിനിന്നു ശാരദ "ആളെ തെററിപ്പോയതാണേ. പരിചയമില്ലാത്തതുകൊണ്ടു മുഷിയരുതേ" എന്നു ക്ഷമായാചനം ചെയ്യാതിരുന്നില്ല.

പക്ഷേ ഗംഗാധരൻനായർ "തീരെ പരിചയമില്ലാഴ്കയില്ല, ശാരദാമ്മേ! മുമ്പറിയും!" എന്നു മറുപടിപറഞ്ഞുപോവുകയും ചെയ്തു.

ഇതാണു ശാരദയുടെ പേരിൽ വേറൊരു വലിയ "ചാർജ്ജ്"

ഗംഗാധരൻനായർ പറഞ്ഞതു ശരിയാണെങ്കിൽ മുമ്പറിയുന്ന ഒരാളോടു കുറെ കാലം കഴിഞ്ഞാൽ തീരെ മിണ്ടാതെ അറിയില്ലെന്നു നടിക്കുന്നതു് എത്ര അക്ഷന്തവ്യമായ ഒരു കുററമാണ്. പക്ഷെ ശാരദയ്ക്കു് അദ്ദേഹത്തെ അറിയുമെന്നു ഒരു സംശയമേ ഉണ്ടായിരുന്നുള്ളു.

പിന്നീട് അറിയുകയില്ലെന്നും അവൾ തീച്ചപ്പെടുത്തിയിരുന്നു. എന്നാലും അമ്പരപ്പിൽ വായിൽനിന്ന് ഒരക്ഷരം വീണുപോയെങ്കിൽ തന്നെ അതിന്ന് അവളെ ഒരു ജ്യേഷ്ഠത്തിയും അനുജത്തിയുംകൂടി ഇങ്ങിനെ 'നുണക്കുടവിൽ'വെച്ചു ശിക്ഷിക്കേണ്ടിയിരുന്നുവൊ?

സാധു ശാരദ! കുളക്കടവിലെ സംഭവം അവളെ അത്യന്തം അസ്വസ്ഥചിത്തയാക്കി.

"എന്തെല്ലാം വിധത്തിലാണീശ്വരാ ലോകം എന്നെ അപവാദത്തിലിറക്കുന്നതു്! നിരുപദ്രവിയായ എന്നെ. ഞാനെന്തൊന്നു പിഴച്ചു. ആശാന്റെ നേരെ അനുരാഗമെന്ന് ഇവർ വൃഥാ നാടൊക്കെ കൊട്ടിഘോഷിക്കുന്നുവല്ലൊ. ഇവർ എന്റെ മനസ്സു ലവലേശം അറിഞ്ഞിട്ടുണ്ടോ? അദ്ദേഹത്തെയാണെങ്കിൽ എന്റെ സോദരനെപ്പോലെയാണു ഞാൻ കരുതുന്നതു്. അദ്ദേഹത്തിന്ന് എന്റെ നേരെയും അങ്ങിനെ തന്നെയാണു്. ഇതു ഞങ്ങൾക്കല്ലെ അറികയുള്ളൂ. ഇതിനെ ലോകം അന്യഥാ വ്യവഹരിക്കുന്നുവല്ലൊ. ഞാൻ എന്തു ചെയ്യട്ടെ. ഈ നുണകൾ അദ്ദേഹം കേട്ടാൽ എന്റെ മനസ്സിൽ ഒരുവേള അങ്ങിനെ ഒരു മോഹമുണ്ടായിരിക്കുമൊ എന്ന് ഒരു സംശയമെങ്കിലും അദ്ദേഹത്തിൽ ജനിക്കാതിരിക്കുമൊ. കഷ്ടമേ! ഞാൻ സ്വപ്നത്തിൽകൂടി ആലോചിച്ചിട്ടില്ല. അദ്ദേഹത്തിനുവേണ്ടി ഞാൻ എന്തും ചെയ്വാൻ തയ്യാറാണു്. ശരി. പക്ഷെ അതു വിവാഹം ചെയ്വാനുള്ള മോഹമാണൊ? ഒരാൾക്ക് ഏതുവിധത്തിലും സുഖമുണ്ടായിരിക്കണമെന്നു വിചാരിക്കുന്നതു കുറാമാ

ണൊ? എൻെറ അച്ഛൻ ഇതറിയാതിരിക്കുമൊ? അറിഞ്ഞാൽ അവർ എന്തു വിചാരിക്കും? ഇനി മററ ആ പുതിയ ആളുടെ കഥയൊ? ശിവനേ! ഇക്കഥ ഇങ്ങിനെ നാടൊക്കെ പരന്നുകഴിഞ്ഞുപോ? ഞാനിനി എങ്ങിനെ ജനങ്ങളുടെ മുഖത്തു നോക്കും. എന്നെ എന്തിനാണു ലോകം ഇങ്ങിനെ കഷ്ടപ്പെടുത്തുന്നതു്. നിരുപദ്രവി! ഞാനൊരാളെപ്പററിയെങ്കിലും ഒരു നന്നയൊ അപവാദമൊ പറഞ്ഞിട്ടില്ലല്ലൊ. ഈശ്വരാ! എനിക്കീ ശിക്ഷ എന്തിനു തന്നു?"

"ഞാനെൻെറ സങ്കടം ആരോടു പറയട്ടെ! മൂകാംബികേ! ജഗദ്രക്ഷിണി! അഗതിവത്സലേ! ശരണ്യേ! ആശാനോടു ഞാൻ തന്നെ ഇതു പറയുന്നതു ഭംഗിയല്ലല്ലൊ. പിന്നെ അമ്മയോടു പറവാനും നിവൃത്തിയില്ലല്ലൊ. ദേവി! ഞാനെന്തു ചെയ്യട്ടെ! കരുണാകരയായ ദേവിമൂകാംബികെ, നിസ്സഹായയായ എന്നെ, നിഷ്കളങ്കയായ എന്നെ രക്ഷിക്കേണമേ! ലോകമാതാവേ! മൂകാംബികേ! ശരണം."

---

## പതിനഞ്ചാം അദ്ധ്യായം.

---

### ഒരു സത്യം.

---

കോമളം തീർച്ചയായും തനിക്കു മറുപടി അയക്കുമെന്നു നിശ്ചയിച്ചിട്ടായിരുന്നു എന്നെ കാണണമെങ്കിൽ നീ തീർച്ചയായും നാളെത്തന്നെ മറുപടി അയക്കുമല്ലൊ.?

എന്നു ഗംഗാധരൻ നായർ എഴുതിയിരിക്കുന്നതു്. അല്ലാതെ മറുപടി അയച്ചിട്ടില്ലെങ്കിൽ താൻ ഇനി കോമളത്തെ കാണ്മാൻ ഭാവമില്ലെന്നൊ, കോമളം മറുപടി അയക്കാതിരുന്നതുകൊണ്ടു് അവളുടെ നേരെ വിരോധമാകാൻ തനിക്കു സാധിക്കുമെന്നൊ ഗംഗാധരൻനായർ ആലോചിച്ചിട്ടേയില്ല. എന്നു മാത്രമല്ല, "വോക്കിന്നു വിലയുള്ള പുരുഷനാണെങ്കിൽ നി ഇനി കോമളത്തെത്തേടി ഓടരുതു്." എന്നു തന്റെ മനസ്സാക്ഷിയുടെ വാദത്തിന്നു താൻ സഹിക്കവയ്യാത്ത വാശിയോടെ എതിർത്തു വാദിക്കുന്നുമുണ്ടു്. "അവൾ ഒരു പെണ്ണല്ലെ. ഈ എഴുത്തെഴുതേണ്ടതു സ്വകാര്യം വേണ്ടതല്ലെ. ഞാൻ വിചാരിക്കുമ്പോലെ പെട്ടെന്നു മറുപടി എഴുതാൻ സാധിച്ചു എന്നു വരുമൊ? അവൾക്കു് എന്തെല്ലാം തടസ്ഥങ്ങളുണ്ടാകും. ആരെങ്കിലും എഴുതുന്നതു കണ്ടാലൊ."

"അതിന്നാണൊ പെണ്ണുങ്ങൾക്കു സാമത്ഥ്യമില്ലാത്തതു്. വല്ല പുസ്തകത്തിലും വെച്ചു വല്ല പാട്ടും എഴുതുന്നതാണെന്നു പറഞ്ഞാൽ പിന്നെയാരാണു പരിശോധിപ്പാൻ പോകുന്നതു്?"

"ശരി, അതു് അവൾക്കു പെട്ടെന്നു സാധിക്കുമൊ. ആരു കണ്ടു ആ ശ്രീദേവി അവിടെ ഇല്ലെ എന്നു?"

"ശ്രീദേവി ഉണ്ടായാൽ തന്നെ എന്താ! സ്ത്രീകൾക്കാണൊ സാമത്ഥ്യമില്ലാത്തതു്. ശ്രീദേവിയെക്കൊണ്ടു തന്നെ ഒരെഴുത്തു നിണക്കു കൊണ്ടു തരുവിക്കുവാൻ കോമളത്തിന്നു കഴിയുമല്ലൊ. ആവു! സ്ത്രീകളുടെ മനോദൃഢത അറിഞ്ഞവൎക്കല്ലെ അറിയാവു! മദ്ധ്യാഹ്നസൂൎയ്യകിര

ണംപോലെയാണു്. അതിൻെറ മുമ്പിൽ എന്തു പ്രതിബന്ധവും വെറും മഞ്ഞുപോലെയല്ലേ."

"അതെ, ഇതൊക്കെ എനിക്കു് എഴുതേണമെന്നു് അവൾക്ക മോഹമുണ്ടെങ്കിലല്ലേ. ഒരുപക്ഷേ ഒരു യുവാവിന്നു് എഴുത്തെഴുതുന്നതു് അവൾക്കു ഹിതമല്ലെങ്കിലോ?"

"അതു ശരി! ഞാൻ അതാണു പറയുന്നതു്. ഫലംകൊണ്ടു് അങ്ങിനെയല്ലേ കണ്ടതും. അവൾക്കു നിന്നെക്കാണണമെന്നുണ്ടെങ്കിൽ ഇന്നലെത്തന്നെ അവൾ മറുപടി തരില്ലായിരുന്നുവൊ? ഇനി നീ അവളെത്തേടി ഈ തൊടിയിൽ വീണ്ടും വരുന്നുവല്ലൊ?"

"അവൾക്കു് എന്നെ സ്നേഹമുണ്ടോ ഇല്ലയോ എന്ന സംശയംകൂടി എനിക്കില്ല."

"തീർച്ചയുണ്ടോ?"

"അതു് എനിക്ക സംശയിപ്പാൻപോലും വയ്യ!"

"പേടികൊണ്ടല്ലേ? ആലോചിച്ചാൽ ഒരു സമയം അവൾ നിന്നെ സ്നേഹിക്കുന്നില്ലെന്നു നിനക്കു മനസ്സിലാകും. അതിന്നു ധൈര്യമില്ല."

"അല്ലല്ല. അങ്ങിനെയൊരു ആലോചന ആവശ്യമില്ല. എൻെറ പ്രിയതമയൊ? എൻെറ പ്രിയതമേ! എന്നിൽ സ്നേഹമില്ലെന്നൊ?"

മനസ്സാക്ഷിയും താനുമായി മേൽകാണിച്ചപ്രകാരമുള്ള അന്തഃകരണസംഭാഷണം ഇത്രയുമായപ്പോഴെക്കു തൻെറ പിന്നിൽനിന്നു് ആരുടെയൊ കാലടിശബ്ദം കേട്ടു് തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതാരെയാണു? ത

ൻെറ സംശയത്തിന്നും സംഭാഷണത്തിന്നും വിഷയമാ യ—തൻെറ ജീവിതത്തിൻെറ ആധാരമായ—തൻെറ പ്രിയതമ, കോമളമല്ലാതെ മററാരാണ്?

ആദ്യം കാണാറുണ്ടായിരുന്ന പരിഭ്രമവും ഭയവു മല്ല; ഇപ്പോഠം തീവ്രമായ എന്തോ ഒരു സങ്കടമായി രുന്നു അവളുടെ മുഖത്തു സ്ഫുരിച്ചിരുന്നതു്. നമ്രമു ഖിയായ കോമളത്തിൻെറ നയനങ്ങളിൽനിന്നു് അ ശ്രുകണങ്ങഠം പൊഴിയുന്നതും ഗംഗാധരൻനായക്കു കാണായി.

കോമളത്തിൻെറ നയനങ്ങളിൽനിന്നു് ഒരു ഒററ സന്താപാശ്രുബിന്ദു പൊഴിയാതിരിപ്പാനിടയാകുമെ ങ്കിൽ തൻെറ ജീവനെത്തന്നെ ബലി കഴിക്കുവാൻ താൻ തയ്യാറാണ്. ഗംഗാധരൻനായർ ഇതെങ്ങിനെ കണ്ടു സഹിക്കും! അടുത്തു പോകുവാനും ആ കണ്ണീർ കണം തുടച്ചുകളയുവാനും ഗംഗാധരൻനായക്കു ധൈ ര്യമുണ്ടായില്ല. അദ്ദേഹത്തിന്നു് അതിന്നു് അധികാര മുണ്ടോ?

എന്തായാലും ഇരുവരുടെയും നയനങ്ങഠം അന്യോ ന്യം സ്വാഗതം പറഞ്ഞതോടുകൂടി ഗംഗാധരൻനാ യർ മൌനം ഭഞ്ജിച്ചു.

"കോമളം എന്താണ് ഇങ്ങിനെ കരയുന്നതു്? ഈയുള്ളവനെക്കൊണ്ടു വല്ലതും സാധിക്കുമോ?"

"എഴുത്തു കിട്ടിയില്ലല്ലൊ?"

"എഴുത്തോ, ഇല്ല. എന്താണ് എഴുതി ഇ വിടെ വെച്ചിരുന്നുവോ?"

"ഉവ്വ്."

"ഹേ! എന്നാലെവിടെ? എനിക്കു കിട്ടിയില്ല ല്ലോ?"

വീണ്ടും ഇരുവരും മൌനം സ്വീകരിച്ചു. തന്റെ എഴുത്തു കട്ടുകൊണ്ടുപോവാൻ തക്കവണ്ണം തനിക്കാരാണൊരു ശത്രുവെന്നായിരുന്നു കോമളം ആലോചിച്ചിരുന്നതു്. കോമളത്തെ താൻ അന്യഥാ ശങ്കിച്ചതിനെക്കുറിച്ചു തന്നെത്താൻ കുററപ്പെടുത്തുകയായിരുന്നു ഗംഗാധരൻനായർ മനസാ ചെയ്തിരുന്നതു്. കോമളം വീണ്ടും ഒരു ദീർഘനിശ്വാസം വിട്ടു മൌനം ലംഘിച്ചു.

"എന്താണു് ആലോചിക്കുന്നതു്?"

"കോമളം എനിക്കു റുപടി അയക്കാതിരുന്നതുകൊണ്ടു് ഒരുപക്ഷെ എന്നെ ഇനി കാണേണ്ടാ എന്നായിരിക്കുമോ കോമളത്തിന്റെ ആഗ്രഹം എന്നായിരുന്നു എന്റെ ആലോചന."

"എനിക്കു കാണേണ്ട എന്നില്ല. എപ്പോഴും കാണണമെന്നുതന്നൊണാണു് ആഗ്രഹം."

"എന്നുതന്നെയായിരുന്നുവോ ആ പൊയ്പോയ എഴുത്തിലും എഴുതിയിരുന്നതു്?"

"അല്ല."

ഗംഗാധരൻനായക്കു് ഒരു നല്ല വെട്ടു കൊണ്ടു. തന്റെ ആഗ്രഹമഹാസൌധത്തിന്റെ അടിക്കല്ലു് ഇളകി മറിഞ്ഞുകഴിഞ്ഞു.

"പിന്നെയെന്താണെഴുതിയിരുന്നതു?"

"എഴുതിയതെല്ലാം എനിക്കിപ്പോൾ പറവാൻ കഴികയില്ല."

"എന്നാൽ എനിക്ക് അതെല്ലാം വീണ്ടും എഴുതിത്തരുമോ?"

"എങ്ങിനെയാണ് എഴുതിത്തരേണ്ടത് എന്നാണ് എനിക്കു മനസ്സിലാകാത്തത്."

"കോമളംതന്നെ ആലോചിക്കൂ. ഈ വക സന്ദർഭങ്ങളിൽ സ്ത്രീകൾക്കാണു തീർച്ചയായും അധികസാമർത്ഥ്യം കാണാറു പതിവ്."

"അതെ, അതെ. കളവു കാണിക്കുന്നതിൽ സ്ത്രീകൾക്കാണ് അതിസാമർത്ഥ്യം അല്ലേ?"

"അല്ലല്ല, ഞാൻ കോമളത്തെ കുററപ്പെടുത്തുകയല്ല. നാം മനസാ വല്ല കാൎയ്യവും ചെയ്യാൻ തീർച്ചപ്പെടുത്തിയാൽ അതിന്നുവേണ്ട വഴികൾ കണ്ടുപിടിച്ച് ഉപദേശിപ്പാൻ തീർച്ചയായും ഭാൎയ്യമാരാണു സമർത്ഥകൾ"

"സ്ത്രീകളാണു സമർത്ഥകൾ!"

തന്റെ വാചകത്തിലെ ഭാൎയ്യമാരെന്നതു സ്ത്രീകളെന്നാക്കിയതു, ഗംഗാധരൻനായൎക്കു വേറൊരു വലിയ വെട്ടുകൊണ്ട നിലയിലായി. പക്ഷേ സന്ദർഭോചിതം പോലെ സംസാരിക്കതന്നെ എന്നു നിശ്ചയിച്ചു താൻ തന്നെ തെററുതിരുത്തി.

"സ്ത്രീകളാണു സമർത്ഥകൾ. ഇക്കാൎയ്യത്തിലും അതിന്നു കോമളം തന്നെയാണു സമർത്ഥ. എന്നെ ഏതുവിധവും കോമളം ജയിച്ചിട്ടുണ്ടല്ലോ."

"മുഖസ്തുതി മതി. ഞാനൊന്നുരണ്ടു മാറ്റം കാണുന്നുണ്ട്. ഒന്നാമത് ഇവിടെ ആരും കാരണവരെ "കുരുപ്പ്" എന്നു വിളിക്കാറില്ല. സന്ധ്യാസമയത്തു തൊടിയിൽ കടന്ന് ഉറക്കെ കുരുപ്പിനെ വിളിക്കണം. സന്ധ്യക്ക് അമ്മാമ ഇവിടെ ഉണ്ടാകില്ലെന്നും അറിയാമല്ലോ. എന്നാൽ ആ വിളി കേട്ടാൽ ഞാനിവിടെ വരാം. അപ്പോൾ എഴുത്തു കയ്യിൽതന്നെ തരാം. എനിക്കും മറുപടി എൻെറ കയ്യിൽ തന്നാൽ മതി. വളരെ സൂക്ഷിക്കേണം."

"ഒന്നാംതരം! അതു മതി അങ്ങിനെതന്നെ. വേറെ ഒരു മാറ്റവും വേണ്ടാ!"

"നാം എന്തൊരു മഹാകളവാണു കാണിക്കുന്നതെന്ന് ഓക്കുന്നുണ്ടോ? ഈശ്വരാ! ഞാനെന്തിനാണ് ഈവക ദുർമ്മാർഗ്ഗങ്ങളിൽ പ്രവേശിക്കുന്നത്! ഇതിന്ന് എനിക്ക് ഈശ്വരൻ മാപ്പുതരുമോ?"

"ഇതിൽ എന്തൊരു കളവാണുള്ളത്? ഇതൊരു ഉപായം, അത്രമാത്രമല്ലേ ഉള്ളൂ."

"എൻെറ പൊയ്പ്പോയ എഴുത്ത് ആരുടെ കയ്യിൽ കിട്ടിയിരിക്കുമോ ആവോ? അതുകൊണ്ട് ഇനി എന്തെല്ലാം ആപത്തു വരുമോ?"

"അതിനെന്താണിനി നിവൃത്തി? കോമളം ഞാൻ എന്തു ചെയ്യണമെന്നാണു പറയുന്നത്, അതു ചെയ്വാൻ ഞാൻ തയ്യാറാണ്. എനിക്കുവേണ്ടിയല്ലേ കോമളം ഇതിൽ പ്രവേശിച്ചത്."

"എന്തു ചെയ്യാമെ? പതിവുപോലെ സന്ധ്യക്ക് ഇവിടെ വരുമ്പോൾ' എന്നു ഞാൻ ആ എഴുത്തിൽ എഴുതിട്ടുണ്ടായിരുന്നു. നാളെ കാലത്തു ഇവിടെ വന്ന് ഒരെഴുത്തെഴുതി ഈ വാഴയുടെ ഇടയിൽ വെയ്ക്കണം. അതിൽ 'നിന്റെ കളവു പിടിച്ചു. കള്ളാ! എനി നീ ഞങ്ങളുടെ കണ്ണു മോഷ്ടിക്കാൻ നോക്കേണ്ടാ! നിന്നെ എനിക്ക് അറിയാം.' എന്ന് എഴുതിയയക്കണം. കള്ളൻ ഒരുസമയം ദിവസേന ഇവിടെ വരുന്നുണ്ടായിരിക്കണം. എന്നാൽ കള്ളൻ കണ്ടാൽ ഭയപ്പെടും."

"കോമളം, ഇതു ഞാൻ ചെയ്യാം. പക്ഷെ ഫലിക്കുമോ എന്ന് എനിക്കു നിശ്ചയമില്ല. കോമളം എനിക്ക് ആ പോയ്പോയ കത്തു വീണ്ടും എഴുതി അയക്കണം."

"അതു വേണ്ടെന്നാണ് എനിക്കു തോന്നുന്നത്."

"അല്ലാ വേണം."

"അതുകൊണ്ടു നിങ്ങൾ എന്റെ നേരെ പരിഭവിക്കുമോ?"

"എനിക്കു കോമളത്തിന്റെ നേരെ മുഷിച്ചിലിന്നു യാതൊരവകാശവുമില്ല."

"സത്യം ചെയ്യാമോ?"

"ഓഹോ!"

"എന്നാൽ ഈ തെങ്ങിനെ—കാണ്മാനുണ്ടോ ഈ തെങ്ങ്—ഇതിനെക്കുറിച്ച് ആണയിടുകതന്നെ."

"അതിനെക്കുറിച്ചുതന്നെ സത്യം! ഞാൻ കോമളത്തിന്റെ നേരെ ഒരു കാലവും ഒന്നുകൊണ്ടും മുഷിയുകയില്ല."

കേവലം മുമ്പുപിമ്പു് ആലോചിക്കാതെ ആ എഴുത്തിൽ എന്താണെഴുതിയിരിക്കുന്നതെന്നു യാതൊരാലോചനയുമില്ലാതെ, അതിൽ എന്തുതന്നെ എഴുതിയിരുന്നാലും ശരി എന്നു കരുതി ഗംഗാധരൻനായർ ആണയുമിട്ടു. സംശയലേശമില്ലാത്ത നിഷ്കളങ്കപ്രേമമേ! നിന്നെ ഞാൻ ശിരസാ നമിക്കുന്നു. അനാവശ്യമായി ഭാര്യയേയും ഭർത്താവിനേയുംകൊണ്ടു തെററിദ്ധരിപ്പിച്ചു് അവരുടെ മനസ്സു വ്രണപ്പെടുത്തി, ജീവിതം ദുഃഖഭൂയിഷ്ഠവും, ലോകം നരകപ്രായവുമാക്കിത്തീക്കുന്ന സംശയമാകുന്ന മഹാരാക്ഷസിയുടെ കഴുത്തിൽ നിന്റെ ഖഡ്ഗം വീഴുന്നതു കാണ്മാൻ എനിക്കു് അത്യന്തം സന്തോഷംതന്നെ.

എന്നാൽ കോമളത്തിന്നു ഗംഗാധരൻനായരുടെ നേരെ പ്രേമമുണ്ടെന്നുകൂടി അയാൾക്കു തിട്ടപ്പെടുത്താറായിട്ടില്ല. ആ എഴുത്തിൽതന്നെ "എനിക്കു നിങ്ങളുടെ നേരെ ഇഷ്ടമില്ല" എന്നാണെഴുതിയിരുന്നതെങ്കിലോ? അപ്പോൾ ഗംഗാധരൻനായർ എന്തു ചെയ്യും? അയാൾക്കു കോമളത്തിന്റെ നേരെ പരിഭവം തോന്നുകയില്ലേ? അയാൾ പിന്നെ എന്തിനെയാണു് ആണയിട്ടതു്!

ഓഹോ! ശരി! എന്നാൽപോലും അയാൾക്കു കോമളത്തെ സ്നേഹിപ്പാൻ പാടില്ലേന്നോ? എത്ര ആയിരം പുരുഷന്മാർ അവരുടെ സർവ്വസ്വവും ഒരു കാമിനിയെ സിദ്ധിക്കുവാൻവേണ്ടി ബലികഴിക്കുന്നു! അവരെക്കാ

ക്കെ ആ തരുണിയെ കിട്ടാറുണ്ടോ! അങ്ങിനെ കിട്ടാറുണ്ടെങ്കിൽ ലോകത്തിൽ ദുഃഖമെവിടെ? അങ്ങിനെയുള്ള പുരുഷന്മാരിൽ ചിലർ "എന്നെ ഭർത്താവായി സ്വീകരിച്ചിട്ടില്ലെങ്കിലും ശരി, ആ സാധ്വസ്ത്രീക്ക് ഇഹലോകത്തിൽ യാതൊരു വ്യസനവും നേരിടാതെ കഴിപ്പാൻ ഞാൻ എന്റെ ജീവനേയും, വസ്തുവകകളേയും എന്നെത്തന്നെയും ബലികഴിക്കാം" എന്നു തീരുമാനിക്കാറില്ലേ? അങ്ങിനെ അവരവരുടെ ഹൃദയത്തിൽ വെച്ചു പൂജിച്ചുവരുന്ന എത്ര എത്ര കാമിനികൾക്കുവേണ്ടി, ആ കാമിനികൾ അണുവും അറിഞ്ഞിട്ടില്ലെങ്കിലും, എത്ര പുരുഷന്മാർ ആയുഷ്കാലം വിനിയോഗിക്കുന്നുണ്ട്!

"ഞാൻ ഏതാണ്ട് ആ കത്തുതന്നെ നാളെ എഴുതിക്കൊണ്ടുവരാം."

"നാളെ സന്ധ്യവരെ!, അത് ഒരു യുഗംപോലെ തോന്നുന്നു. അതിനു മുമ്പുതന്നെ കോമളത്തോട് ഒന്നു ചോദിക്കട്ടെ."

"എന്താണു്."

"കോമളത്തിന്ന് ഇവിടെ വളരെ സ്നേഹം തോന്നുന്ന വല്ലവരും ഉണ്ടോ?"

"ഉണ്ടു്."

# പതിനാറാം അദ്ധ്യായം.

—

## ഒരു വികൃതവിവാഹം.

പാതിരികൾക്കും പരദേശബ്രാഹ്മണൎക്കുമെന്നപോലെ, പകൎച്ചവ്യാധികൾക്കും പരദോഷങ്ങൾക്കും എവിടേയും പരക്കുവാൻ പ്രയാസമില്ലല്ലൊ. കുളക്കടവിൽ നിന്നുത്ഭവിച്ച നുണയിന്ന ഒള്ളൂര നേരം കഴിയുന്നതിന്നുമുമ്പുതന്നെ ചമ്പകക്കാവിലെ തൊടിയിൽ എത്തികഴിഞ്ഞിരുന്നു. ശ്രീദേവി രാവിലെ തൊടി നനയ്ക്കുന്നതിന്നിടയിൽ പിറുപിറുത്തുകൊണ്ടിരുന്നതും അതുതന്നെയായിരുന്നു.

“പണ്ടു കേൾക്കാത്ത പുതുമ! പുരുഷന്മാരല്ലേ സ്ത്രീകളെ അന്വേഷിച്ചു നടക്കുക പതിവ്. കലി മൂത്തുപോയി! എന്തൊരു നേരമ്പോക്കാണിത്. ഇപ്പോഴിതാ സ്ത്രീകൾ പുരുഷന്മാരെ തിരഞ്ഞു നടക്കുന്നു. ഇനി സ്ത്രീകൾ പുരുഷന്മാരുടെ പ്രവൃത്തികൾ ഒക്കെ എടുക്കുമെന്നു തോന്നുന്നു. അങ്ങിനെയാണെങ്കിൽ ഇനി വല്ല്യമ്മയാണല്ലൊ കോടതിക്കു പോകേണ്ടതു്. മൂപ്പർ ഇവിടെ വീട്ടിലിരിക്കയോ? നല്ല കഥയായി! ആവൂ, ഈ നാരകത്തിന്റെ ചുവട്ടിൽ എത്ര വെള്ളമൊഴിച്ചാലും ഒരു നാഴിക കഴിയുമ്പോഴെയ്ക്കും ഉണങ്ങി പാറപോലെയാകുന്നു. എത്രയാണു് ഇതിന്നൊക്കെ വെള്ളമൊഴിക്കുക. എന്നെക്കൊണ്ടു വയ്യ, എന്റീശ്വരാ. ഞാനൊരു പെണ്ണല്ലേ. ആലോചിച്ചുനോക്കിയാൽ കലിയുടെ വരവു

നല്ലതായിട്ടാണു തോന്നുന്നതു്. ഈപ്പുണ്ണി ഇനി ഞാനെടുക്കേണ്ടല്ലൊ. എനിക്കു കുട്ടയും തിണ്ണമായി കുംഭകൎണ്ണസ്സേവിച്ചു കിടന്നാൽ മതിയല്ലൊ. ഞാനവിടെ കാവലിനും അയാളിവിടെ വെള്ളമൊഴിക്കാനും. വൈകുന്നേരമായാൽ മാത്രം കാൎയ്യം പറ്റില്ലതാനും. കള്ളുകുടിക്കുന്ന കാൎയ്യമാണു പ്രാരബ്ധം. അതു് എന്നെക്കൊണ്ടു വയ്യ."

"ഞാൻ കേട്ടതു നേരാണെങ്കിൽ—നേരല്ലാതെ പിന്നെ കളവാണോ ലക്ഷോപലക്ഷം ജനങ്ങൾ വിശ്വസിക്കുന്നതു്—ശാരദയുടെ കാൎയ്യം മഹാമോശംതന്നെ. ഈ കൊച്ചുപെണ്ണു് ഇങ്ങിനെ കണ്ടാന്ന ആളുകളുടെ വഴിയെയൊക്കെ ഓടുന്നുവല്ലൊ. ഈശ്വരാ. ഗംഗാധരന്റെ വഴിയേ ഓടുന്നതു് ഇരിക്കട്ടെ. അയാൾ ഇപ്പോഴും ഒരു കളിക്കുട്ടിയാണു്. ആ ഈശാനെപ്പോലെയുള്ള ആശാന്റെ പിന്നാലെ ഓടുന്നതാണു് എനിക്കു വിചാരിച്ചുകൂടാത്തതു്."

"എന്താണു ശ്രീദേവി, നീ ആരോടാണു് ആവലാതികളൊക്കെ പറയുന്നതു്; കാരണവരോടാണോ?"

"ഓ, കാരണ്ണോരു്. ഇങ്ങിനെ ഒത്ത കാരണവരുണ്ടോ?"

"ആട്ടെ നീ എന്താണു പറയുന്നതു്. കേൾക്കട്ടെ."

"ഒന്നും ഇല്ല, ചെറിയമ്മേ; എത്ര പ്രാവശ്യമായി ഞാൻ ഈ അവരവള്ളി ഈ മുരിങ്ങയോടു പിടിച്ചുകെട്ടുന്നു. എത്ര കെട്ടിയാലും അതു ഇവിടെ നില്ക്കില്ല."

"ഇഷ്ടമില്ലാത്ത മരത്തോട്ട പിടിച്ചു കെട്ടീട്ടല്ലേ നില്ലാത്തത്.

"ഓ എനി ഇതിന്നോട്ട ചോദിക്കണം എന്നു തോന്നുവല്ലോ, ഏതു മരത്തിനെയാണു നിണക്കിഷ്ടം എന്ന്. മരത്തിന്നും വള്ളിക്കും ഉണ്ടോ ഇഷ്ടവും അനിഷ്ടവും ഒക്കെ."

"അതില്ല; ശ്രീദേവിക്കു കാരണവരെ അങ്ങിനെ ഇഷ്ടമൊ..."

"ഛെി. ഛെി. അമ്മേ അങ്ങിനെയൊന്നും പറയരുതേ. വേണമെങ്കിൽ ശാരദക്കു ഗംഗാധരനെ എങ്ങിനെ ഇഷ്ടമോ എന്നു പറഞ്ഞോളൂ. എന്തിനാണ്......"

"എന്താണതു്, ശ്രീദേവി! ഇതൊരു പുതിയ കഥയാണല്ലോ."

"പുതിയ കഥയോ, ഒരു നാലഞ്ചു കൊല്ലം മുമ്പു് ഇതൊരു പുതിയ കഥയായിരിക്കും. ഇപ്പഴ് ഇതു ഞങ്ങൾക്കൊക്കെ പഴയ കഥയാണ്"

"ഞാൻ കേട്ടിട്ടില്ല. നാലഞ്ചുകൊല്ലം മുമ്പ് അയാൾ ഇവിടെ വന്നിട്ടുതന്നെയില്ലല്ലോ. എന്താണു കേൾക്കട്ടെ"

"ഞാൻ ഒന്നും അറിയില്ല അമ്മേ! എനി എത്രയുണ്ട വെള്ളം നനയ്ക്കാൻ. എപ്പഴാണിതു തീരുക."

"അതൊക്കെ അവിടെയിരിക്കട്ടെ."

എന്നു കോമളം ശ്രീദേവിയുടെ കയ്യിൽനിന്നു കുടം ബലാൽ വാങ്ങി നിലത്തു വെച്ചു.

"ഇവിടെ വന്നിട്ടില്ല അന്നൊരു ദിവസം ഒരു ഗംഗാധരൻ; ചെറിയമ്മക്കു സുഖക്കേടായപ്പോൾ വന്നു

നോക്കിയിട്ടില്ല ഒരു സുന്ദരൻ. അയാളും ശാരദയുമായി വളരെ സ്നേഹത്തിലാണെന്നും എന്തൊക്കെയോ പലതും കേൾക്കുന്നുണ്ടു്. അയാൾക്കു് അവളെ കാണാതെ ഒരു നിമിഷം ഇരിപ്പാൻ കഴികയില്ലത്രെ. അവൾക്കും അങ്ങിനെതന്നെ. അവരുടെ വിവാഹം കഴിഞ്ഞിട്ടില്ല എന്നു ചെറിയമ്മയ്ക്കു് അറിഞ്ഞുകൂടെ. അതിന്നുമുമ്പാണു് ഇതൊക്കെ. പോരെ ചീത്തത്വം. രണ്ടുനാൾക്കുള്ളിൽ സംബന്ധമുണ്ടത്രെ. എന്നാൽ അതു കഴിഞ്ഞിട്ടു പോരെ ഈ കളികളൊക്കെ. ഈ കഥയൊക്കെ രാവിലത്തെ സമയം പറയുകതന്നെ അരുതു്. അശുഭമാണു്."

ശ്രീദേവിയുടെ കഥ കോമളത്തിന്നു് ഒരു അസ്ത്രം തറച്ചതുപോലെ തോന്നി. സർവ്വാത്മനാ താൻ സ്നേഹിക്കുന്ന ആളും തന്റെ പ്രാണനാഥനാണെന്നു കരുതുന്ന ദേഹവുമായ ഗംഗാധരൻനായരെ താൻ അറിയാതെ ശാരദ കരസ്ഥമാക്കുന്നുവെന്നു് ഓർത്തപ്പോൾ കോമളം തനിക്കു നേരിട്ട ആപത്തിൽ അന്ധയായിത്തീർന്നു. ബലമേറിയ പാറക്കെട്ടിൽ താൻ സ്വൈരമായി പണിതുപൂർത്തിയാക്കിവരുന്ന മോഹമഹാദുർഗ്ഗം ഒരു ചെറു അരുവി അരിച്ചു ഒഴുക്കിക്കളഞ്ഞുവെന്നും തോന്നാതിരുന്നില്ല. കോപവും, നിരാശയും മുഴുത്തു. ചെറുപ്പമേ താൻ ഒരു സഖിയും സ്നേഹിതയുമെന്നു കരുതിയിരുന്ന ശാരദ ഇങ്ങിനെ തന്റെ അമൂല്യരത്നത്തെ അഥവാ ജീവനെത്തന്നെ കവർന്നുകൊണ്ടുപോകുന്ന കഥയോർത്തപ്പോൾ അവൾക്കു ശാരദയുടെ നേരെ സീമാതീതമായ കോപം

ജനിച്ചു. തൻെറ കാമ്യഫലം കരസ്ഥമാണെന്നു കരുതിയിരിക്കെ, ഏതോ ശിഥിലമായ ഒരു ഔദാസീന്യത്താൽ അതു തനിക്ക് എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടുപോയതോർത്ത് അവൾക്കു താപവും വർദ്ധിച്ചുവന്നു. നിസ്സഹായകളായ നാരികൾക്ക് ഏറെസ്സാധാരണമാംവിധത്തിൽ കോപവും താപവും കോമളത്തിന്നു കണ്ണീരായി പ്രകാശിച്ചു. മുഖം ചുകന്നു. ചുണ്ടുകൾ വിറച്ചു. അവൾ എങ്ങിനെയോ തൊടിയിൽനിന്ന് അകത്തെത്തി വീണു വാതിലും അടച്ചു കരയുവാൻ തുടങ്ങി.

ഏതാണ്ട് ഒരു നാഴിക ഇങ്ങിനെ കഴിഞ്ഞു. കോമളം കുറെ കരഞ്ഞു. അവളുടെ ഉപധാനമെല്ലാം നനഞ്ഞു. ആലോചനയിലും അനുതാപത്തിലും പുരുഷന്മാരേയും സ്ത്രീകളേയും ഒരുപോലെ സഹായിക്കുന്ന തലയണയുടെ സാന്നിദ്ധ്യം കോമളത്തേയും അല്പം സഹായിച്ചു. വരുന്നതുവരട്ടെ, ഏതായാലും കാര്യത്തിൻെറ ഗൌരവം സൂക്ഷ്മമായി ഗ്രഹിക്കണമെന്നു കരുതി അവൾ വീണ്ടും മുറിയിൽനിന്നു പുറത്തിറങ്ങി ശ്രീദേവിയെ കാണ്മാൻ തൊടിയിലേയ്ക്കു പുറപ്പെട്ടു. കുറച്ചു ദൂരം ചെന്നപ്പോൾ തൊടിയിൽ ശ്രീദേവിയും കണ്ണക്കുറുപ്പും സംസാരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. അവരുടെ സംഭാഷണം മൃദുസ്വരത്തിലായിരുന്നതിനാലും, ശ്രീദേവിക്ക് ആ സംസാരത്തിൽ അതിശ്രദ്ധ കണ്ടതിനാലും കോമളം അതെന്താണെന്നു ശ്രദ്ധിച്ചുനോക്കി.

“ശ്രീദേവീ, നീ പെണ്ണല്ല”

“ഓ, കുംഭകർണ്ണൻ ഉണർന്നുവോ? എന്താ രാവി

ലെ തൊടിയിൽ വരാൻ തോന്നിപ്പോയതു്. എന്താ പറഞ്ഞതു്. ഞാൻ പെണ്ണല്ലേ. ഇതു് ഇന്നലെ കണ്ട 'കിനാവാ'ണോ. ഞാൻ ആണാണോ പിന്നെ?"

"കിനാവൊന്നുമല്ല. ഞാൻ നേരാണു പറയുന്നതു്. നീ പെണ്ണല്ല."

"മതി മതി. ഈ പിത്തലാട്ടമൊക്കെ."

"ഇപ്പൊഴ്, ഞാൻ പറഞ്ഞതല്ലേ ശരി! ഞാൻ പറഞ്ഞതൊക്കെ പച്ചപ്പൊളിയാണെന്നല്ലേ നീ അന്നു പറഞ്ഞതു്. അതു ശരിയാണെങ്കിൽ നീ പെണ്ണല്ല എന്നു പറഞ്ഞതു് ഓൎമ്മയുണ്ടോ?"

"ഏതു പച്ചപ്പൊളി?"

"അപ്പുക്കുട്ടൻ! അവന്റെ രഹസ്യം."

"പോ, പോ, ഓരോ കഥയുംകൊണ്ടു്. എനിക്കു് ഒരു രഹസ്യവും കേൾക്കണ്ട."

"അല്ല, ശ്രീദേവി, നീ കേൾക്കു്. ഈ ഗംഗാധരൻനായർതന്നെയാണു് ആ അപ്പുക്കുട്ടൻ. ഞാൻ ഇന്നു രാവിലെ കുളത്തിൽ പോയിരുന്നു. വരുന്നവഴി അമ്പലക്കാട്ടിൽ കയറി."

"ഓഹോ ശരി, അവിടെ കയറാതെ കഴികയില്ലല്ലോ. മാണിക്കത്തിന്നു സുഖമല്ലേ?"

"അയ്യോ, എന്റെ ശ്രീദേവി! എന്തിനാണു് എന്നെ ഇങ്ങിനെ പറയുന്നതു്. ഞാൻ മാണിക്കത്തിനെ കാണാതെകണ്ടു് ഒരു പന്തിരാണ്ടായി. എനിക്കു ശ്രീദേവിയോടല്ലാതെ മറ്റാരോടും സ്നേഹമില്ല.

"വേണ്ട വേണ്ട, മുഖസ്തുതി."

“അതു പോട്ടെ, നീ കേൾക്ക്. അമ്പലക്കാട്ടിൽ എന്തു നേരമ്പോക്കാണ്. അമ്പലക്കാട്ടിലെ വല്ല്യമ്മ മരിക്കുമ്പോൾ അവരുടെ ഒസ്യത്തു കുമാരനുണ്ണിയുടെ അമ്മയുടെ കയ്യിൽ കൊടുത്തിരുന്നുവല്ലൊ. വല്ല്യമ്മയുടെ ചെറിയ മകൻ അപ്പുക്കുട്ടൻ മൂന്നു വയസ്സായപ്പോൾ അമ്മാമനോടൊപ്പം വിദേശത്തേയ്ക്കും പോയില്ലേ. ഇപ്പോൾ ആ ഒസ്യത്തു കാണണമെന്നും, താനാണ് ആ അപ്പുക്കുട്ടനെന്നും പറഞ്ഞുവത്രെ ഗംഗാധരൻ ഇന്നലെ രാത്രി. അതുകൊണ്ട് അത് ഇന്നു രാവിലെ പൊളിച്ചുനോക്കി. അതിലെന്തൊക്കെ നേരമ്പോക്കാണ് എഴുതിയിരിക്കുന്നത്! ആ മരിച്ച വല്ല്യമ്മയുടെ മകൻ അപ്പുക്കുട്ടൻ വല്ലപ്പോഴും സ്വദേശത്തേയ്ക്ക് തിരിച്ചുവരുന്നതായാൽ, അമ്പലക്കാട്ടുപറമ്പും ഭവനവും അവന്നു തന്നെ തിരിച്ചുകൊടുക്കേണമെന്നും, അതുവരെ ആ പറമ്പും ഭവനവും കുമാരനുണ്ണിയുടെ അമ്മയ്ക്ക് അനുഭവിക്കാമെന്നും, ആ വല്ല്യമ്മയ്ക്ക് എത്രയും പ്രിയപ്പെട്ട ആറുമാസം മാത്രം പ്രായമായ കുമാരനുണ്ണിയുടെ അനുജത്തി ശാരദയെ അപ്പുക്കുട്ടൻ വിവാഹം കഴിക്കണമെന്നും, തന്റെ ഈ ആഗ്രഹം നിറവേറാത്തപക്ഷം അപ്പുക്കുട്ടന് ആ പറമ്പിലും ഭവനത്തിലും യാതൊരവകാശവുമില്ലെന്നും മറ്റുമാണത്രേ ഒസ്യത്തിലെ വാചകം.”

“എന്നിട്ടോ, ഗംഗാധരൻ എന്തു പറഞ്ഞു?”

“എന്തു പറയാനാണ്. ആരെങ്കിലും ഇത്ര വലിയ വീടും പറമ്പും വേണ്ടെന്നു വെക്കുമോ. ഗംഗാധരൻ ശാരദയെത്തന്നെ വിവാഹം കഴിക്കും. അങ്ങിനെയാണ് എതാണ്ടൊക്കെ പറഞ്ഞുവെച്ചത്.”

ഇത്രയും പറഞ്ഞപ്പോഴേയ്ക്കു കറച്ച് അകലെയായി ഇതെല്ലാം കേട്ടുനിന്നിരുന്ന കോമള്ളത്തിന്നു കോപവും വ്യസനവും സഹിക്കവയ്യാതായി. അവൾക്ക് ഇതു കത്തുന്ന തീയിൽ നെയ്യൊഴിച്ചമാതിരിയായിത്തീൎന്നു. കോമള്ളത്തിന്ന് ഇത്തവണ ശാരദയുടെ നേരെയുള്ളതിനേക്കാൾ അധികം കോപം ഗംഗാധരൻനായരുടെ നേരെയാണുണ്ടായത്. കോമള്ളത്തിന്നു തന്റെ സൌന്ദൎയ്യത്തെപ്പററി വലിയ അഭിപ്രായമാണ്. സാധാരണയായി ഏതു സ്ത്രീക്കും—വിശിഷ്യ സൌന്ദൎയ്യലവത്തിന്നു വല്ല അൎഹതയും ഉണ്ടെങ്കിൽ അവൾക്ക്—തന്റെ സൌന്ദൎയ്യം നിരുപമമാണെന്നു തോന്നാറുണ്ട്. അത്തരത്തിൽ കോമള്ളത്തിന്നു തന്നേക്കാൾ സുന്ദരിയായി ചോലക്കരയിൽ എന്നല്ല ലോകത്തിലാസകലം വേറൊരു സ്ത്രീയില്ല എന്ന അഭിമാനമുണ്ടായിരുന്നു. (വായനക്കാരെ! ഈ സ്ത്രീസഹജമായ അഭിമാനം കോമള്ളത്തിന്റെ ഗൎവ്വാണെന്നു കണക്കാക്കരുതേ) അതിനാൽ ഗംഗാധരൻനായർ തന്നോളം സൌന്ദൎയ്യമില്ലാത്ത ശാരദയെ സ്വീകരിച്ചതുകൊണ്ട്, 'ആയാൾക്ക കണ്ണില്ല' എന്നു കോമള്ളം വിധികല്പിച്ചു. തന്റെ ഇഷ്ടത്തിയും സുന്ദരിയുമായ ശാരദയ്ക്കു പ്രത്യക്ഷത്തിൽ ചില വൈരുപ്യംകൂടി അവൾ സമ്മാനിയ്ക്കാതിരുന്നില്ല. വീട്ടും പറമ്പും പോരയ്ക്കുകുന്നതുകൊണ്ടാണ ഗംഗാധരൻനായർ ശാരദയെ വിവാഹം കഴിക്കുന്നതെന്ന് ഓൎത്തപ്പോൾ അവൾക്ക പുച്ഛംകൂടി തോന്നാതിരുന്നില്ല. തന്റെ അനുരാഗത്തെ അത്രമാത്രമേ വിലവെച്ചിട്ടുള്ളൂ

ലെന്നു് ഓൎത്തപ്പോൾ ഗംഗാധരൻനായർ ആരിലും തന്നെ അനുരക്തനാകാൻ തക്കവണ്ണം അയാൾക്കു് ഒരു ഹൃദയമുണ്ടോ എന്നും കോമളം തന്നെത്താൻ ചോദിക്കാതിരുന്നില്ല. നൂതനഗൃഹാലംകൃതവും ഫലവൃക്ഷസമൃദ്ധവുമായ ആ പറമ്പിനെ കോമളത്തിൻെറ ശ്രേഷ്ഠ്യവും നിഃശംസയും ഒരു തരിശ്ശുപറമ്പാക്കി കല്പിച്ചു. എന്നുവേണ്ട ഗംഗാധരൻനായരുടേയും ശാരദയുടേയും ഒരു വികൃതവിവാഹംതന്നെ അവളുടെ മനോഭൂവിൽവെച്ചു് അവൾ നടത്തി എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

## പതിനേഴാം അദ്ധ്യായം.

### ഒരു വൈരമാല്യം.

ദിനകരഭഗവാൻ തിരോധാനം ചെയ്തു. അന്ധകാരം വ്യാപിപ്പാനും തുടങ്ങി. ചേലക്കരയിൽ സന്ധ്യാദേവി കളിയാടിക്കൊണ്ടിരുന്നു. ഈ സമയം ചമ്പകക്കാവിലെ തൊടിയിൽ കോമളം അങ്ങുമിങ്ങും നടക്കുകയായിരുന്നു. അവളുടെ ഹൃദയത്തിലും ഒരു ഇരുൾ കടന്നുകൂടീട്ടുണ്ടു്. അവിടെ ശാരദയുടെ സൌന്ദൎയ്യം വൈരൂപ്യമായും, ഗംഗാധരൻനായർ സ്നേഹരഹിതനായും പരിണമിച്ചു. ലോകത്തിൽ എല്ലാ വസ്തുക്കളുടേയും ഗുണദോഷങ്ങൾ പ്രായേണ അതാതു വസ്തുക്കളുടെ വിശേഷങ്ങളല്ലാതെയും, കാണികളുടേയോ ശ്രോ

താക്കളുടേയോ നിരൂപകന്മാരുടേയോ രുചിയെ മാത്രം അനുസരിച്ചിരിക്കുന്നതായുമാണല്ലോ കണ്ടുവരുന്നതു്. അതിനാൽ കോമളത്തിന്റെ അഭിപ്രായത്തിൽ ശാരദാഗംഗാധരന്മാൎക്കു നേരിട്ട അപായം, ഗുണഭൂയിഷ്ഠമായ ഒരു നോവൽ അതിന്റെ നിരൂപകന്റെ നിബന്ധനകൾപോലെ എഴുതാതിരുന്നാൽ അതിനു നേരിടുന്ന അപായംപോലെയോ, മനോഹരമായി നന്ദനോദ്യാനതുല്യമായ ചമ്പകക്കാവിലെ തൊടികൾപോലും ഇരുളിൽ ഒരു അപരിചിതന്റെ ദൃഷ്ടിയിൽ പെടുന്ന അപായംപോലെയോ ഉള്ളതല്ലാതെ, വസ്തുവിനു തന്നെ നേരിട്ട അപായമല്ല. കോമളത്തിനു ഗംഗാധരൻനായരുടെ നേരെ അതിയായ വിരോധംതന്നെ തോന്നി. യാതൊരാളുടെ സാന്നിദ്ധ്യം ആ തൊടിയെ കോമളത്തിനു പ്രിയതരമാക്കിത്തീൎത്തിരുന്നുവോ, യാതൊരാളെ സദാ ആ തൊടിയിൽതന്നെ കണ്ടുകൊണ്ടിരിക്കേണമെന്നു് അവൾ മോഹിച്ചിരുന്നുവോ, ആയാളെ ഇനിയൊരു കുറി കാണുന്നതു് അവൾക്കു ചതുൎത്ഥിച്ചന്ദ്രദൎശനത്തിനു തുല്യമായിരുന്നു.

ഇപ്രകാരം ശാരദാഗംഗാധരന്മാരെ മനസാ ശപിച്ചുകൊണ്ടു തൊടിയിൽ അങ്ങുമിങ്ങും നടന്നുകൊണ്ടിരിക്കുമ്പോൾ "കുറുപ്പേ, കുറുപ്പേ!" എന്നു് ആരോ വിളിക്കുന്നതു കേട്ടു. ഈ വിളി ആരുടേതാണെന്നും, അതിന്റെ ഉദ്ദേശമെന്താണെന്നും മനസ്സിലാക്കുവാൻ കോമളത്തിനു് ഒരു നിമിഷം വേണ്ടിവന്നില്ല. അവളുടെ ഹൃദയത്തിൽ സന്തോഷമാകുന്ന ഒരു ദീപമാലയും,

പ്രതിനിമിഷത്തിൽ അവിടെത്തന്നെ വിഷാദമാകുന്ന കരിക്കട്ടയും സംജാതമായി. ഗംഗാധരൻനായരെ തനിക്കു വേണമെന്ന ഒരു മോഹവും, ശാരദയുടെ നേരെ ഒരു പരിഭവവും, നായരുടെ നേരെ ഒരു കോപവും വഴിക്കുവഴി വന്നു കരേറി.

ഒരു ക്ഷണനേരംകൊണ്ടു ഗംഗാധരൻനായർ കോമളം നടക്കുന്ന സ്ഥലത്തെത്തി. അപ്പോൾ അവൾ മടിയിൽനിന്നു് ഒരു കഷണം കടലാസ്സെടുത്തു ഗംഗാധരൻനായൎക്കു് എറിഞ്ഞുകൊടുത്തു; പിന്നീടു് ഒരക്ഷരം സംസാരിപ്പാൻ നില്ക്കാതെ, അസൂയയും നിരാശയുമാകുന്ന രണ്ടു ചിറകുകൾകൊണ്ടു പറന്നുപോകുമ്പോലെ, അവൾ അതിജാഗ്രതയിൽ അവിടെനിന്നു മറഞ്ഞു. ഗംഗാധരൻനായൎക്കു് ഒരു കനകകുംഭം കാണാതെ കിട്ടിയതുപോലെ തോന്നി. നിശ്ചിതസമയത്തുതന്നെ കോമളം അവിടെ വന്നിരുന്നതും, വാഗ്ദത്തപ്രകാരം തനിക്കു് എഴുത്തെഴുതിത്തന്നതും ഓൎത്തപ്പോൾ ഗംഗാധരൻനായൎക്കു കോമളത്തിൻെറ കൃത്യനിഷ്ഠയിൽ ഒരു അത്ഭുതവും, അനുരാഗത്തിൽ ഒരു ആനന്ദവും തോന്നി. അവൾ ഒന്നും സംസാരിക്കാതിരുന്നതും, പെട്ടെന്നു് ഓടിപ്പോയിക്കളഞ്ഞതും അയാൾ അത്ര സാരമായി കരുതിയിരുന്നില്ല.

ഗംഗാധരൻനായർ അത്യാനന്ദസാഗരത്തിൽ കോമളത്തിൻെറ കത്താകുന്ന ഒരു ചെറുപോതവുംകൊണ്ടു തോണിക്കളിക്കായിരുന്നു തുടൎന്നു്. ആനന്ദസാഗരത്തിൽ സദാ ചുററിക്കളിക്കുന്ന അപായലക്ഷണങ്ങളെ

അയാൾ ഓൎത്തിരുന്നില്ല. അടിക്കടിക്കു പോകുന്തോറും അതിൽ സന്താപങ്ങളാകുന്ന ക്ഷുപങ്ങളും, അതിൽ ചുററിക്കൊണ്ടു നിരാശാളികളാകുന്ന തിമിംഗലങ്ങളും, അസൂയാദികളാകുന്ന ചുഴിപ്പുകളും, അതിന്മേൽ സദാശത്രുബാധയാകുന്ന ഓളങ്ങളും ഉണ്ടെന്നും, സത്യധൎമ്മാദികളാകുന്ന സംഘാടങ്ങളിൽ മാത്രം സഞ്ചരിക്കുന്നവൎക്കേ ആ സാഗരം ആനന്ദസാഗരമായിരിക്കയുള്ളു എന്നും ഗംഗാധരൻനായർ ഓൎത്തിരുന്നില്ല. അമരവും തുഴയും വിട്ടു, കാററിനും ഓളത്തിനും പൂൎണ്ണസ്വാതന്ത്ര്യം നല്കി. കോമളത്തിന്റെ ഒരു എഴുത്തിനെമാത്രം അവലംബമാക്കീട്ടായിരുന്നു ഗംഗാധരൻനായർ ഇപ്പോൾ ആനന്ദസാഗരത്തിൽ തോണികളിക്കു തുനിഞ്ഞിരുന്നതു്. കുറമാണൊ പിന്നെ ആ ചെറുതോണി മറിയുന്നതും ഗംഗാധരൻനായർ നിരാശയാകുന്ന ഒരു ഭീമമത്സ്യത്തിന്റെ വായിൽ പെടുന്നതും. കോമളത്തിന്റെ കത്തിൽ അദ്ദേഹം ഇനി സൗഖ്യമായി സുഖിച്ചിരുന്നാൽ മതിയെന്നും തന്നെ ഇനിമേലാലെങ്കിലും ഇങ്ങിനെ ചതിക്കാതിരിപ്പാൻ മനസ്സുണ്ടാകണമെന്നും കോമളത്തെ മറന്നേക്കണമെന്നും മററുമായിരുന്നു പുരുഷസ്വരത്തിൽ അവൾ എഴുതിയിരുന്നതു്. ഗംഗാധരൻനായർ ഇതു വായിച്ചതോടുകൂടി അദ്ദേഹം ഒരു ഇടിവെട്ടിയ മരംപോലെ നിശ്ചേഷ്ടനായി നിന്നുപോയി.

"എന്റെ കോമളം! നീ എന്നോടു മുഷിയുകയോ. എന്നെ നി ഇങ്ങിനെ തള്ളിക്കളയുകയൊ. ഞാൻ മനസാ വാചാ കൎമ്മണാ നിണക്കു് അഹിതമായി യാതൊ

നും ചെയ്തിട്ടില്ലല്ലോ. പിന്നെ നി എന്തിനാണ് എന്നോട്ട് ഈ സാഹസത്തിന്നു തുനിയുന്നത്. നിന്നെ ഞാൻ എന്റെ സ്വന്തമായിട്ടല്ലെ കരുതിയത്. നിനക്ക് എന്നോട്ട സ്നേഹമുണ്ടെന്നല്ലെ ഞാൻ ധരിച്ചത്. എന്റെ ഹൃദയപീഠത്തിൽ വെച്ചു നിന്നെ ഞാൻ സദാ ആരാധിക്കുന്നതു നി അറിഞ്ഞിരുന്നുവെങ്കിൽ നി ഈ കഠിനത്തിന്നു തുനിയുമൊ? എന്റെ കരതലത്തിലാണെന്നു കരുതിയ രത്നം അപ്രാപ്യമായ ഖനിക്കടിയിൽ കിടക്കുകയാണെന്നൊ വന്നതിശാപം! എന്റെ സ്വാധീനത്തിലാണെന്നു ഞാൻ വിശ്വസിച്ച കോമളം എന്റെ ഹൃദയത്തിൽ ഒരു പ്രതിബിംബം മാത്രമാണെന്നൊ വന്നതു്. കോമളം നി എന്നെ ചതിച്ചൊ?"

ഗംഗാധരൻനായർ ചിന്താകുലനായി സ്വല്പനേരം ഇരുന്നുപോയി. പിന്നിട്ട വീണ്ടും ഒരാവൎത്തി ആ കത്തു വായിച്ചുനോക്കി. അതിൽനിന്നു ശാരദയുടേയും തന്റേയും നേരെ കോമളത്തിന്നു ഒരു വിരോധമുള്ളതായി സ്പഷ്ടമായി. അതോടുകൂടി തന്റെ ആലോചന ശാരദയെപ്പററിയായി. തന്നേയും ശാരദയേയും പററി കോമളത്തിന്നു വല്ല ദുഷ്പ്രസ്താവവും കേൾപ്പാനിടയായിരിക്കുമെന്നും, അഥവാ, ആ മരണപത്രത്തിലെ വൎത്തമാനം കോമളം കേട്ടിരിക്കുമെന്നും, ആ ശാസനം താൻ സ്വീകരിച്ചുവെന്നു വിശ്വസിച്ചിരിക്കുമെന്നും, ഗംഗാധരൻനായർ സംശയിച്ചു. ശാരദ ശാന്തശീലയും സമൎത്ഥയും സോദരിസാധാരണമായ സ്നേഹംമാത്രം പ്രദൎശിപ്പിച്ചുവരുന്നവളുമായിരുന്നുവെങ്കിലും നമ്മുടെ യുവാവി

ന്നു ആ യുവതിയുടെ നേരെ വിരോധംതന്നെ തോന്നി. അവൾ ആലോചിക്കാത്ത ഒരു വൈരമാല്യം അയാൾ അയാളുടെ കഴുത്തിൽ ചാർത്തി. അവളെഉപേക്ഷിച്ചുകൊണ്ടു ഗംഗാധരൻ നായർ ജീവച്ഛവമായി അമ്പലക്കാട്ടിൽ ചെന്നു തൻെറ മുറിയിൽ കടന്നു വാതിലടച്ചു കിടന്നു.

ഗംഗാധരൻ നായരുടെ അന്നത്തെ അസാധാരണ സമ്പ്രദായത്തെപ്പററി എല്ലാവരും സംസാരിച്ചുതുടങ്ങി. പതിവുപോലെ അത്താഴം കഴിക്കുകയോ, ശാരദയോടു പാട്ടുപാടുവാൻ പറയുകയോ ഒന്നും ചെയ്യാതെ രണ്ടുമൂന്നു നാഴിക രാത്രിയായപ്പോഴേക്കുതന്നെ വാതിലടച്ചു കിടന്നതിനെപ്പററി ശാരദയുടെ അമ്മക്ക് അസ്വാസ്ഥ്യമായി. അയാൾക്കു വല്ല സുഖക്കേടുമായിരിക്കുമെന്ന ശങ്കയാൽ ആയമ്മ വാതിലിന്നടുത്തു ചെന്ന് ഒന്നുരണ്ടു തവണ "അപ്പുക്കുട്ടാ, അപ്പുക്കുട്ടാ!" എന്നു വിളിച്ചു. പക്ഷേ യാതൊരു മറുപടിയുമുണ്ടായിരുന്നില്ല. പിന്നേയും രണ്ടു നാഴിക കഴിഞ്ഞു വാതില്ക്കൽ ചെന്നു വിളിച്ചു.

"അമ്മയെന്തിനാണ് അപ്പുക്കുട്ടാ എന്നു വിളിക്കുന്നതു്?"

"അതല്ലെ അവൻെറ ആദ്യത്തെ ഓമനപ്പേർ. അതായിരിക്കും അവന്ന് അധികമിഷ്ടം എന്നു വെച്ചിട്ടാണ് അങ്ങിനെ വിളിച്ചതു്. എന്നാൽ മുമ്പേത്തെപ്പോലെ വിളിച്ചുനോക്കാം."

വീണ്ടും അമ്മ "ഗംഗാധരാ! ഗംഗാധരാ!" എ

ന്നു പല കുറിയും വിളിച്ചുനോക്കി. അതിന്നും യാതൊരു മറുപടിയും കണ്ടില്ല. ഇപ്പോൾ ശാരദക്കും അമ്മക്കും രണ്ടുപേൎക്കും അസ്വാസ്ഥ്യമായി നേരം പാതിരാത്രിയുമായി.

അമ്മ ഊണു കഴിച്ചു് ഉറങ്ങിക്കൊള്ളൂ. ഞാൻ ഉറക്കൊഴിച്ചു കാത്തിരിക്കാം. അല്ലാതെ എല്ലാവരും ഉറക്കൊഴിച്ചിട്ടു് എന്താണു കാൎയ്യം?" എന്നു പറഞ്ഞു ശാരദ അമ്മയെ ഉറങ്ങുവാൻ അയച്ചു.

"സുഖക്കേടാണെങ്കിൽ ഇങ്ങിനെ ബോധംകെട്ട നിദ്രയുണ്ടാകുമോ? അഥവാ ഉറങ്ങിയാൽതന്നെ വല്ലപ്പോഴും ഉണരാതെയിരിക്കുമോ. നേരം പാതിരയായിട്ടും ഗംഗാധരൻ ഉണരാത്തതിന്റെ അൎത്ഥമെന്താണു. സാരമില്ലാത്ത ഒരു തലവേദനയുണ്ടായിട്ടുപോലും അന്നു് അമ്മയോടു പറഞ്ഞതും അമ്മ അതിന്നു മരുന്നു പുരട്ടിയതും ഒക്കെ ആലോചിക്കുമ്പോൾ ഇതു സുഖക്കേടായിരിക്കാൻ തരമില്ല. ഒരുസമയം വെറുതെ ഉറങ്ങിപ്പോയി. അത്രമാത്രമേ ഉണ്ടായിരിക്കയുള്ളൂ. കാച്ചുനിന്നാൽ ഉണരുവാൻ മതി." എന്നു മനസ്സുകൊണ്ടു സമാധാനിച്ചു ശാരദ ദാസിയോടു് ഓരോ വൎത്തമാനം പറയാൻ തുടങ്ങി. അതിന്നിടയിൽ അവൾ "ചെറിയമ്മ വിളിച്ചാൽ ഒരുസമയം ഉണരും." എന്നു പറഞ്ഞു.

ഗം—നീയും തുടങ്ങിയൊ പരിഹാസം?

ദാ—ഞാൻ പരിഹസിക്കയല്ല ചെയ്തതു്. നേരം ഇത്രയായില്ലെ? എന്നിട്ടും ആരും ഊണുകഴിച്ചിട്ടില്ലല്ലൊ. അതുകൊണ്ടു പറഞ്ഞതാണു്.

ശാ — നിങ്ങൾക്കു ബുദ്ധിമുട്ടാണെങ്കിൽ നീ ഊണു കഴിച്ചോ.

ദാ — അച്ഛനും അമ്മയും മൂപ്പരും മററും ഊണുകഴിക്കാതെ ഞാൻ ഊണു കഴിക്കയല്ലേ. ചിത്രമായി!

ദാസി അവിടെ കിടപ്പായി. അഞ്ചു നിമിഷത്തിന്നകം അവൾ നിദ്രാദേവിയുടെ താരാട്ടിന്നു താളമൊന്ന് ശ്രുതിയോ പിടിപ്പാനും തുടങ്ങി.

ശാരദയുടെ ആലോചന ഇപ്പോൾ വേറൊരു പന്ഥാവിലേക്കു തിരിഞ്ഞു. തിങ്ങിവിങ്ങിക്കിടക്കുന്ന ജലം ഒരു ചെറുസുഷിരം സിദ്ധിച്ചാൽ അതിൽകൂടി പ്രവഹിക്കുന്നതുപോലെ, ശാരദയുടെ മനസ്സിൽ നിറഞ്ഞുകിടന്നിരുന്ന വിചാരം, "പെറിയമ്മ വിളിച്ചാലുന്നതും" എന്ന ദാസിയുടെ ഒരു ചെറുവാചകശ്രവണത്താൽകൂടി പൊട്ടിപ്പുറപ്പെട്ടു. ഒരു സമയം അതു് അവൾ പറഞ്ഞപോലെ തന്നെയായിരിക്കും. എന്റെ ഗംഗാധരാ! എന്നെ ഇത്രയൊക്കെ സംശയിക്കാനുണ്ടോ. ഞാൻ ഭവാന്റെ ചരണകമലത്തിൽ ഒരു ദാസിയല്ലേ. അവിടുത്തെ കല്പനകൾക്കു ഞാൻ കാത്തിരിക്കുകയല്ലേ. എനിക്കു മോഹമില്ലാഞ്ഞിട്ടല്ല, അതിനെ ഞാൻ ലജ്ജകൊണ്ടു് ഒളിപ്പിച്ചതാണു്. അമൂല്യരത്നമായാലും കാഴ്ചവെക്കുമ്പോൾ അതു പട്ടിൽ പൊതിഞ്ഞു മറച്ചുകൊണ്ടല്ലേ കാഴ്ച വെക്കുന്നതു്. എന്റെ മോഹവും പ്രേമവും, അതിനെ തന്നെ ഞാൻ ലജ്ജകൊണ്ടു മൂടുന്നുണ്ടെങ്കിലും അതു് അവിടുത്തെ തൃപ്പാദങ്ങളിൽ സമർപ്പിച്ചിട്ടുണ്ടെന്നു് ഇനി ഞാൻ പറഞ്ഞറിയിക്കേണ്ടതുണ്ടോ? ഗംഗാധരാ! എ

ൻെറ സ്വന്തം ഗംഗാധരാ! "ഇത്രയും ആലോചന ചെയ്തപ്പോൾ താൻ തന്നെ ചെന്നു് കതകു വിളിച്ചു നോക്കിയാലൊ എന്നും തോന്നാതിരുന്നില്ല. വാതിലിന്നടുത്തു ചെന്നു് കതകു മുട്ടിനോക്കി. അപ്പോഴും യാതൊരു ശബ്ദവും മറുവടിയുമില്ല. തൻെറ മോഹം വൃഥാവിലാണെന്നു തോന്നി. താൻ വിളിച്ചിട്ടുപോലും മിണ്ടിയില്ലല്ലോ എന്നു വിചാരിച്ചു് അല്പനേരം അനങ്ങാതെ നിന്നു. ഇപ്പോൾ വിളിച്ചതു് അമ്മയോ മററാരോ അല്ല, ശാരദയാണെന്നു് അറിയാത്തതുകൊണ്ടായിരിക്കാം മറുവടി പറയാതിരുന്നതെന്നും താൻതന്നെ ശബ്ദിക്കുന്നതായാൽ ഗംഗാധരൻ നായർ പാറിപ്പറന്നു വരുമെന്നും, ശാരദ ഉറച്ചു താഴെപ്പതിച്ച മോഹക്കൊടിക്കു വീണ്ടും ഉയർത്തിപ്പൊങ്ങിപ്പാൻ തുനിഞ്ഞു.

"ഗംഗാ—" എന്നു പകുതിയായപ്പോഴേക്കു, പതിവുപോലെ അയാളെ ഗംഗാധരാ എന്നു വിളിപ്പാൻ ധൈര്യമില്ലാതെ, ഒരു നൂതനലജ്ജ അവളുടെ കണ്ഠം തടഞ്ഞു. "ആ മരണപത്രത്തിലെ ശാസനം ഓർത്താലും, ഗംഗാധരൻ ഇപ്പോൾ ആഗ്രഹിക്കുന്നതോർത്താലും ഞാൻ എൻെറ പ്രിയതമനെ പേർ ചൊല്ലി കേവലം ഗംഗാധരാ എന്നു വിളിക്കുന്നതു് എത്ര അബദ്ധവും അന്യായവുമാണു്" എന്നു് അവളുടെ അന്തഃകരണം സാധൂകരിച്ചു. പിന്നെയെന്തിനെയാണു് അദ്ദേഹത്തെ വിളിക്കേണ്ടതെന്നു് അവൾക്കു മനസ്സിലായില്ല. പരിഷ്കൃതലോകത്തിൽ "തേനേ" "മധുരമേ", "പ്രിയതമേ", "നാഥ" എന്നൊക്കെ

വിളിക്കാറുള്ള കഥയും, പഴമക്കാർ "രേഹ", "പിന്നെ", "ഞാല്ലാ", "കേട്ടില്ലേ" എന്നൊക്കെക്കൊണ്ടു കുഴിച്ചുകൂട്ടുന്ന കഥയും രണ്ടും അവൾക്കു നിശ്ചയമുണ്ടായിരുന്നില്ല. അതുകൊണ്ട് എന്തു വേണ്ടുവെന്നറിയാതെ വാതിലും പിടിച്ചുകൊണ്ട് അവൾ നിന്നനില്പിൽ നിന്നു.

ഗംഗാധരൻ നായരാകട്ടെ, ഇതൊന്നും അറിയാതിരുന്നിട്ടില്ല. മനോവേദനയാകുന്ന കനൽക്കട്ടയിന്മേൽ കിടക്കുന്ന അയാൾക്ക്, ഇഷ്ടകാമിനിയുടെ ഹിതാനുസരണമുള്ള സരസസല്ലാപത്തെപ്പററിയുള്ള സ്മരണയാകുന്ന കുസുമശയ്യയിൽ കിടക്കുമ്പോളുണ്ടാകുന്ന ആ സുഖനിദ്രയും സ്വപ്നവും എങ്ങിനെയുണ്ടാകും! ശയ്യയെ ശപിച്ചും, ഉപധാനത്തെ ദുഷിച്ചും കൊണ്ടു തിരിഞ്ഞും മറിഞ്ഞും കിടന്നു ദീർഘനിശ്വാസവും തപ്തബാഷ്പവും പൊഴിച്ചു ഗംഗാധരൻനായർ അമ്പലക്കാട്ടിലെ കിടപ്പുമുറി എന്തൊരു നാകമാണെന്ന് അനുഭവിക്കുന്നതിന്നിടക്കായിരുന്നു ശാരദയുടെ അമ്മ ഇതിനിടക്കു വിളിച്ചുകൊണ്ടിരുന്നത്. ആരേയും കാണ്മാനും, വിശിഷ്യ, ആരോടും തന്റെ അസ്വാസ്ഥ്യത്തിന്റെ ഹേതുവേപ്പററി സംസാരിപ്പാനും ശക്തനാകാതെ അയാൾ അതിന്നു മറുവടി പറയാതിരിക്കുകയാണു ചെയ്തത്. ഈ സമയമെല്ലാം, ശാരദയോടു കോമളത്തിന്നു തന്റെ നേരെയുള്ള വിരോധത്തിന്നു കാരണമെന്താണെന്നു ചോദിപ്പാൻ അയാൾ ആലോചിച്ചിരുന്നു. എന്നാൽ അത് അപായകരമാണെന്നു തോന്നിയതിനാലാണ് അതിന്നു

പുറപ്പെടാതിരുന്നതു്. കടവിൽ ശാരദയുടെ സ്വരംതന്നെ "ഗം ഗാ--", എന്നു കേട്ടപ്പോൾ ധൈര്യമവലംബിച്ചു് അയാൾ എഴുനീററു വാതിൽ തുറപ്പാൻ ചെന്നു. കവാടപ്രശ്നത്തോടുകൂടി താൻ ശാരദയോടു് എന്താണു ചോദിപ്പാൻ പോകുന്നതു് എന്നു് ഒരു ആലോചനയും, ശാരദ പതിവുപോലെ ഗംഗാധരാ എന്നു മുഴുവൻ വിളിക്കാതിരുന്നതെന്താണു് എന്ന ഒരു സംശയവും ജനിച്ചു. ഗംഗാധരൻനായരും വാതിലിന്മേൽ കൈവെച്ച നിലയിൽ നില്പായി.

കാഞ്ചനവളകൾ അണിഞ്ഞ ശാരദയുടെ കരവും രോമാഞ്ചലിതമിട്ട ഗംഗാധരൻെറ പാണിയും അന്യോന്യം യോജിക്കുന്നതിനു പ്രതിബന്ധമായി നില്ക്കുന്ന ഒരു മരപ്പലകയുടെ സ്ഥിതി നോക്കുക. ഗംഗാധരനെ ഈശ്വരനായിക്കരുതുന്ന ശാരദയുടെ മുഗ്ദ്ധസ്വരമാണു് ഒരു ഭാഗം. "ഗംഗാ", എന്ന അർദ്ധോക്തിപോലും ഇളക്കിമറിച്ച ഹൃദയത്തെ പണിപ്പെട്ടു് അടക്കിക്കൊണ്ടിരിക്കുന്ന ഗംഗാധരൻ തലോടുകയാണു മറുഭാഗം. രണ്ടിന്നും ഇടയിൽ ഈ മരപ്പലകയും!. ദിവ്യപ്രേമത്തിൻെറ ശക്തിമത്തായ തള്ളലിൽ അനായാസേന ഐക്യത പ്രാപിപ്പാൻ ഓടിച്ചെല്ലുന്ന ഹൃദയയുഗ്മങ്ങൾക്കു, ജീവനും വികാരവും ഇല്ലാത്ത പ്രതിബന്ധങ്ങളാകുന്ന ഇത്തരം മരപ്പലകകൾ ആകമാനം ചുട്ടു കരിച്ചിരുന്നുവെങ്കിൽ ലോകത്തിൽ സന്താപം തുലോം കുറഞ്ഞിരുന്നേനെ!

ഗംഗാധരൻനായർ വാതിൽ തുറന്നു. അവരിരുവരുടെയും ദൃഷ്ടികൾ ഇടഞ്ഞു. അസാധാരണമായ ലജ്ജ

യും മന്ദസ്മിതവും കലൎന്ന ശാരദയുടെ വിമലമുഖവിലാസവും, അവളിൽ നവംനവമായി ജനിച്ച യുവസഹജമായ വികാരപരമ്പരകൾ അവളുടെ അംഗംപ്രതി ചെയ്തിരുന്ന ശില്പവേലയും, ശാരദയെ ഒരു സൃഷ്ടിവൈചിത്ര്യമായിട്ടാണു ഗംഗാധരന്നു തോന്നിപ്പിച്ചതു്. പതിവില്ലാത്ത ഗൌരവവും, വിളറിയ മുഖവും, അല്പസമായ വേഷവും, ജാള്യതയും, ക്ഷീണവും ഗംഗാധരനെ ഒരു ദയനീയരൂപത്തിലാക്കിക്കണ്ടപ്പോൾ ശാരദയുടെ ലജ്ജയെവിടെയൊ ചെന്നൊളിച്ചു. അനുതാപത്തിൻെറ കോമരമായിത്തീൎന്ന അവൾ "ഗംഗാധരൻ എന്താ ഇന്നു് ഊൺ കഴിക്കാതെ ഉറങ്ങുന്നതു്?" എന്നു സംശയംകൂടാതെ ചോദിച്ചു.

"ഞാൻ ഉറങ്ങിയില്ല."

ശാരദ അന്ധാളിച്ചു. ഉറങ്ങിയില്ലെങ്കിൽ അമ്മ എത്ര പ്രാവശ്യം വിളിച്ചിട്ടും അതു കേൾക്കാതിരിപ്പാനും, താൻ വിളിപ്പാൻ പുറപ്പെട്ടപ്പോൾ തന്നെ വേഗം വാതിൽ തുറപ്പാനും കാരണമെന്തായിരിക്കുമെന്നു് ഊഹിച്ചപ്പോഴേക്കു ലജ്ജ വീണ്ടും അവളെ ജയിച്ചുകഴിഞ്ഞു.

ഗം—ഉറക്കം മറ്റും എന്നെ ഉപേക്ഷിച്ചിരിക്കയാണെന്നു തോന്നുന്നു.

ശാ—അതു് ഊണിനേയും മറ്റും ഉപേക്ഷിച്ചതുകൊണ്ടായിരിക്കും. ഒന്നിനൊന്നു്—അതു സാധാരണയല്ലെ—എന്നാൽ എനി വേഗം ഊൺ കഴിക്കയല്ലെ?

ഗം — അല്ല. എനിക്ക് ഉണ്ണുന്നുണ്ട.

ശാ — ഇന്നെന്താണ് ഒരു പുതുമ. എന്താണിനി അസ്വാസ്ഥ്യം? ദേഹത്തിന്നു സുഖമില്ലായിരിക്കുമൊ?

ഗം — മനസ്സിനാണ് അസുഖം.

ശാ — അതു ഞാനും ഊഹിക്കാതിരുന്നില്ല.

ഗം — എന്താണു നീ ഊഹിച്ചതു്?

ശാ — നാടൊക്കെ എന്താണു വർത്തമാനം അതുതന്നെ.

ഗം — മരണപത്രമൊ?

ശാരദമ്മ വീണ്ടും ലജ്ജയായി. അവൾ കോമളത്തിന്റെ കഥതന്നെയായിരുന്നു ഊഹിച്ചിരുന്നതു്. പക്ഷേ, ഗംഗാധരൻനായർ മരണപത്രത്തെപ്പററി പ്രസ്താവിച്ചപ്പോൾ തനിക്കും സന്ദേഹമായി.

ശാ — അതുതന്നെയാണൊ?

ഗം — അല്ല. പിന്നെയെന്താണ്?

ശാ — എന്തായാലും ശരി. അതു് അത്ര ദുസ്സാദ്ധ്യമൊന്നുമല്ല. അതിനെക്കുറിച്ചു ചിന്തിച്ചു് ഇങ്ങിനെ ഊണും ഉറക്കും ഉപേക്ഷിക്കേണ്ടതൊന്നുമില്ല.

ഗം — ശാരദയ്ക്കു് എന്റെ മനോവിചാരം മനസ്സിലായിട്ടില്ല. അഥവാ അതു് അന്യഥാ ധരിച്ചിരിക്കയാണ്.

ശാ — എനിക്കറിയാം. ഏതായാലും ഊണു കഴിക്കുക തന്നെ. എന്നോടും ഭക്ഷണത്തോടും എന്തിനാണ് ഇങ്ങിനെയൊരു വൈരം.

UNIVERSITY
12 MAR 1929
MADRAS

# പതിനെട്ടാം അദ്ധ്യായം

## ചന്ദ്രികയും ചൂട്ടയും

ശാരദ — കുമാരേട്ടൻ വളരെ ദിവസമായിട്ടു ഞങ്ങളെ അന്വേഷിക്കാറില്ല. അവർ താമസവും ഇപ്പോൾ മേലെത്തറതന്നെയാക്കിയിരിക്കുന്നു. പക്ഷെ ആശാനും ഞങ്ങളെ വന്നു കാണാതായിരിക്കുന്നതാണ് അത്ഭുതം.

കേശവനുണ്ണി ആശാൻ — എനിക്കു പണ്ടത്തെപ്പോലെ ഇപ്പോൾ നിങ്ങളുടെ വീട്ടിൽ വരാൻ അത്രയേ ഉത്സാഹം തോന്നുന്നുള്ളു.

ശാ — അതെന്തുകൊണ്ടാണ്?

കേ — എന്തുകൊണ്ടാണെന്നു ശാരദയ്ക്കുതന്നെ ആലോചിച്ചാൽ അറിയാം. ശാരദ അത്ര ബുദ്ധിയില്ലാത്തവളല്ലല്ലൊ.

ശാരദയുടെ ആലോചന പലവിധത്തിലായിരുന്നു. മുമ്പ് ഒരു ദിവസം കുളക്കടവിൽനിന്നു കേട്ട നുണ അടിസ്ഥാനമാക്കുകയാണെങ്കിൽ ശാരദയ്ക്കു ആശാന്റെ നേരെ അനുരാഗമുണ്ടെന്നും അതു നാട്ടൊക്കെപ്പരന്നിട്ടുണ്ടെന്നും അദ്ദേഹം അറിഞ്ഞിട്ടുണ്ടായിരിക്കണം. അദ്ദേഹം സ്വപ്നേപി നിനച്ചിട്ടില്ലാത്ത ഒരു കാര്യത്തിൽ അദ്ദേഹത്തിന്നും, വിശിഷ്യ അവിവാഹിതയായ ഒരു യുവതിയ്ക്കും മാനഹാനി നേരിടുന്ന ഈ വക സം

കൾക്കും അപവാദങ്ങൾക്കും ഇടയാക്കാതിരിപ്പാൻ അറിവും ലോകപരിചയവും കൂടുതലുള്ള അദ്ദേഹമെങ്കിലും ശ്രമിക്കാതിരിക്കുമൊ? അതിനാലായിരിക്കും അദ്ദേഹത്തിന്നു് ഇപ്പോൾ അമ്പലക്കാട്ടിൽ വരുന്നതിന്നും ശാരദയോടു സംസാരിക്കുന്നതിന്നും ഹിതമില്ലാത്തതു് എന്നു ശാരദ തിരുമാനിച്ചു.

ശാ—എന്റെ ആലോചന ശരിയാണെങ്കിൽ അതു് കരു മതിയായ ഹേതുവായിട്ടില്ല.

ആ—ഏതു്?

ശാ—വിവരമില്ലാത്ത വല്ലവരും വല്ലതും പറയുന്നുണ്ടെങ്കിൽ അതു ബുദ്ധിയുള്ളവർ സാരമില്ലാതെ തള്ളിക്കളയുകയാണു വേണ്ടതു്.

ആ—ആട്ടെ. എന്താണു പറയുന്നതു. കേൾക്കട്ടെ.

ശാ—ആശാൻ കേൾക്കാത്തതൊന്നും ഞാനും കേട്ടിട്ടില്ല. ഞാൻ അങ്ങിനെയൊരു കാൎയ്യം മനസ്സിൽ വിചാരിച്ചിട്ടില്ല. ഈ നാട്ടിലെ പെണ്ണുങ്ങൾക്കു് എന്തുതന്നെ പറഞ്ഞുകൂടാ. ഞാൻ കുമാരേട്ടനേയും ആശാനേയും ഒരേ നിലയിൽ ജ്യേഷ്ഠന്മാരുടെ നിലയിലേ കരുതീട്ടുള്ളു. ബാക്കിയുള്ളവർ തെറ്റിദ്ധരിക്കുന്നതായാൽ അതിന്നു ഞാൻ ഉത്തരവാദിയല്ല. അതിന്നു് ആശാൻ എന്നോടു മുഷിയുന്നതെന്തിനാണു്?

ആ—ഓ, ഹോ, ഇങ്ങിനെ നാട്ടുകാർ എന്നേയും ശാരദയേയുംപറ്റി പറയുന്ന കഥ ഞാൻ അറിഞ്ഞിട്ടേയില്ല. ഛീ അതെന്തു് അസംബന്ധം?

ശാ—പിന്നെ എന്തു കാരണമാണെന്നു് എനിക്കറിയുന്നില്ല. അമ്പലക്കാടു തറവാടു പണ്ടുപണ്ടേ ആശാൻ

കയറിയിറങ്ങാറുള്ള സ്ഥലമാണ്. അവിടെ ആരും ആശാന്ന് അഹിതം പറയുന്നവരില്ല. കുമാരേട്ടനാണെങ്കിൽ അവർ ആശാൻെറ ഉററ സ്നേഹിതനുമാണ്.

ആ—കുമാരനുണ്ണി എന്തുകൊണ്ടാണ് അവിടെ വരാത്തതു്?

ശാ—എന്തുകൊണ്ടാണെന്നു ഞങ്ങൾക്കു നിശ്ചയമില്ല.

ആ—അതു പോട്ടെ. ഞാൻ വരട്ടെ. എനിക്ക് അല്പം തിരക്കുണ്ടു്.

ശാ—കൃഷ്ണമേ, ഞാൻ ഇത്ര ഒരു പാപിയായിത്തീൎന്നുവല്ലോ. സജ്ജനങ്ങളുടെ സംസൎഗ്ഗംപോലും എനിക്കു് അരുതെന്നോ. ആശാന്ന് എന്നോടു സംസാരിപ്പാൻ തന്നെ മടിയായല്ലോ. ഇനി മരിക്കുകയാണു നല്ലതു്.

ആ—ഹരി ശാരദേ! എനിക്കു നിന്നോടു സംസാരിപ്പാൻ മടിയെന്ത. എനിക്കു നല്ല സുഖമില്ലാത്തതിനാലാണ്. കുറച്ചു ദിവസമായി ഒന്നും മനസ്സിൽ പോകുന്നില്ല.

ശാ—മനസ്സിൽ ഒന്നും കടക്കാത്തതെന്താണ്? അവിടെ വേറെ വല്ലതും നിറഞ്ഞിരിക്കും.

ആ—അതുതന്നെയാണു ഞാൻ പറഞ്ഞതു്. ശാരദ ബുദ്ധിയില്ലാത്തവളല്ലല്ലോ.

ശാ—എന്നെ പരിഹസിക്കരുതേ. ഞാൻ ആലോചിച്ചിട്ടു് എനിക്ക് അതു മനസ്സിലാകുന്നില്ല.

ആ—എനിക്ക് അതു പറയുവാനും മനസ്സു വരുന്നില്ല.

ശാ__ആശാൻ വീട്ടിൽ വരുമെങ്കിൽ ക്രമേണ അതിന്നെല്ലാം മനസ്സു വരുമായിരുന്നു.

ആ__എനിക്കു് ഒരു ദിക്കിലും കയറിച്ചെല്ലുവാൻ മനസ്സില്ലാതായിരിക്കുന്നു. ഒന്നും വായിപ്പാനും ഇഷ്ടമില്ല. ആരോടും അധികം സംസാരിപ്പാനും രസം തോന്നുന്നില്ല.

ശാ__എന്നാൽ എനിക്കു കാൎയ്യം മനസ്സിലായി.

ആ__എന്താണു മനസ്സിലായതു്?

ശാ__അതു ഞാൻ പറയുന്നില്ല. ഒന്നു ചോദിക്കട്ടെ. അതു സംബന്ധിച്ച ഒരു കാരണംതന്നെയല്ലെ വീട്ടിൽ വരാതിരിക്കാനും?

ആ__അതും ഇതുമായി ബന്ധമൊന്നുമില്ല.

ശാ__ഇല്ലെ. തീൎച്ചയാണൊ? കോമളത്തിന്റെ കാമുകന്റെ ഗൃഹമായതുകൊണ്ടല്ലെ വീട്ടിൽ വരാത്തതു്.

ആ__ഛെ. അങ്ങിനെയൊന്നുമില്ല. എനിക്കു ഗംഗാധരൻനായരുടെ നേരെ അത്രേയ രസമുള്ളൂ. അയാളോളം ഞാൻ അത്ര കാൎയ്യം ചെയ്തിട്ടില്ലല്ലൊ. ആയാളാണെങ്കിൽ ഒരു സൎക്കാർ ഉദ്യോഗസ്ഥൻ. മനുഷ്യൎക്കു സാധാരണയല്ലെ അസൂയ തോന്നുന്നതു്. അയാൾക്കു് ഇപ്പോൾ അമ്പലക്കാൎയ്യം ഭവനവും സിദ്ധിച്ചു. ഇനി ഉടനെ അയാൾക്കു്. . . .

ശാ__ഉം. പറയൂ. അയാൾക്കു് എന്താണു്?

ആ__ഞാൻ എന്തിനാണു പറയുന്നതു്. ശാരദേ ഞാൻ എന്തൊരു ഭാഗ്യഹീനനാണു്!

ശാരദക്കു വീണ്ടും സംശയമായി. ദയനീയമായ

ആശാന്റെ നപരം അവളെ സീമാധികം വ്യസനപ്പെടുത്തി. മരണശാസനപ്രകാരം ഗംഗാധരൻനായൎക്ക ചേരുന്ന ഭവനവും പറമ്പും അയാൾക്കു കിട്ടുന്ന കഥ ആശാനെ വ്യസനപ്പെടുത്താൻ കാരണമെന്താണ്? അതൊ, അതിനോടുകൂടെത്തന്നെ അയാൾക്കു ചേരുന്ന—അഥവാ ചേരേണ്ടുന്ന കന്യകയെ—ശാരദയെ—കുറിച്ചായിരിക്കുമൊ ആശാൻ വ്യസനിക്കുന്നതു്. കഷ്ടമേ, ആശാനു തന്നിൽ അനുരാഗമുണ്ടെന്നു വരുമൊ? കുറച്ചു നിമിഷം മുമ്പു് അദ്ദേഹം തന്നെ അതിനെ അസംബന്ധം എന്നു് അഭിധാനം ചെയ്തുവല്ലൊ. ആശാനെ എന്തായാലും ആശ്വസിപ്പിക്കണമല്ലൊ എന്നു കരുതി അവൾ പറഞ്ഞു.

ശാ—ആശാൻ ഇങ്ങിനെ വ്യസനിക്കരുതു്. അയാൾക്കു് ഒരു പെണ്ണിനെ കിട്ടുന്നുവെങ്കിൽ ആശാനു സുന്ദരിമാരെ കിട്ടുമല്ലൊ. അതിനെപ്പററി എന്തിനാണു വ്യസനിക്കുന്നതു്.

ആ—ശാരദേ. എന്നെ ആളുകൾ തെറ്റിദ്ധരിച്ചിരിക്കയാണ്. എന്നെ സമൎത്ഥനാണെന്നും ബുദ്ധിമാനാണെന്നും ആശാനാണെന്നും ആളുകൾ അഭിമാനിക്കുന്നു. ഞാൻ ഒരു സാധാരണനാണേ. എനിക്കും ദുൎമ്മോഹങ്ങളും ദോഷങ്ങളുമില്ലെ?

ശാ—ആശാന്നു് എന്തു ദുൎമ്മോഹമാണുള്ളതു്?

ആ—ഞാൻ വളരെക്കാലം മുമ്പുതന്നെ മനസ്സുകൊണ്ടു് ഉറപ്പിച്ച ഒരു കാൎയ്യമാണിതു്. ഞാൻ ശേഖരിച്ച പാകമാവാൻ കാത്തിരിക്കുമ്പോൾ എന്റെ മുമ്പിൽ

വെച്ചല്ലേ ഈ മധുരഫലം വേറൊരാൾ തട്ടിക്കൊണ്ടു പോകുന്നതു്. അയ്യോ, ശാരദേ! എന്നെ അവൾ ഉപേക്ഷിക്കുമെ?

ശാരദയ്ക്കു കാൎയ്യം വ്യക്തമായി. മഹാവിദ്വാനും പണ്ഡിതകേസരിയും ഒരുപക്ഷേ സന്യാസംകൂടി സ്വീകരിച്ചേക്കുമെന്നു ജനങ്ങൾ ധരിക്കുന്ന ദേഹവും ആയ കേശവനുണ്ണി ആശാൻ അദ്ദേഹത്തിന്റെ ഹൃദയത്തിൽ കത്തിക്കാളുന്ന അനുരാഗതപനന്റെ ചൂടേററു കേഴുകയാണെന്നു ശാരദയ്ക്കു മനസ്സിലായി. അദ്ദേഹവും കോമളത്തിനെ വിചാരിച്ചാണു് ഇങ്ങിനെ കഷ്ടപ്പെടുന്നതു്. രണ്ടു ദിവസം മുമ്പു കോമളത്തിനെ വിചാരിച്ചു് ആഹാരനിദ്രാദികൾ കൈവിട്ട ഒരു യുവാവിന്റെ സങ്കടം കണ്ട അക്ഷികൾക്കു് ഇത്ര പെട്ടെന്നു് ഇങ്ങിനെ അതേ തരുണിയെ കാംക്ഷിച്ചു് ഉരുകുന്ന ഒരു ഹൃദയം കാണ്മാൻ ഇടയായതിൽ അവൾ അത്ഭുതപ്പെട്ടു.

ശാ-- ആശാൻ ഈ ചാപല്യമൊന്നും കാണിക്കരുതേ. ആരാണു് ആശാനെ കണ്ടാൽ കാമിക്കാത്തതു്? കോമളത്തിന്നു വിശേഷിച്ചും ആശാന്റെ നേരെ അനുരാഗമുണ്ടു്.

ആ--ഗംഗാധരൻനായരുടെ നേരെയൊ?

ശാ-- അയാൾ ഇപ്പോൾ നിരാശപ്പെട്ടിരിക്കയാണു്.

ആ-എന്തു്? കോമളത്തിന്നു് എന്റെ നേരെ അധികം സ്നേഹമുണ്ടോ?

ശാ--നിശ്ചയായും! അവൾ ഗംഗാധരൻനായരുടെ നേരെ കുറച്ചു വിരോധംകൂടി പ്രദൎശിപ്പിച്ചതായിട്ടു് എനിക്കു തോന്നുന്നുണ്ടു്.

ആ--ശാരദേ. അതു നേരാണൊ? എന്നാൽ കുമാരനുണ്ണി പറഞ്ഞതു നേരായിരിക്കുമൊ?

ശാ--എന്താണു പറഞ്ഞതു്?

ആ--കുമാരനുണ്ണി പ്രവൃത്തിച്ചതു് അന്യായമാണു്. ഒരു ദിവസം സന്ധ്യക്കു കോമളം ഒരു കടലാസ്സുകഷണം ഒരു വാഴപ്പോളയുടെ ഇടയിൽ ഒളിപ്പിച്ചുവെക്കുന്നതു കണ്ടു കുമാരനുണ്ണി അവൾ കാണാതെ അതു ചെന്നെടുത്തു. അതൊരെഴുത്തായിരുന്നു. കോമളം ഗംഗാധരന്നു് എഴുതിയതായിരുന്നു.

ശാ--ഉവ്വൊ? എന്നിട്ടു് അതിൽ എന്താണെഴുതിയിരുന്നതു്? എന്നെ സരസേ. ഞാനും അതു സംശയിച്ചു.

ആ--അതിൽ കോമളത്തിന്നു ഗംഗാധരൻനായരുടെ നേരെ അതിയായ അനുരാഗമുണ്ടായിരുന്നുവെന്നും, പക്ഷേ വേറൊരാൾക്കു തന്റെ നേരെ കുറെ അധികം സ്നേഹമുണ്ടായിരുന്നതിനാൽ അവൾക്കു ഗംഗാധരന്റെ ഹിതം അനുസരിപ്പാൻ തരമുണ്ടൊ എന്നു സംശയമാണെന്നും മറ്റുമായിരുന്നു എഴുതിയിരുന്നതു്.

ശാ--ആശാന്നു പിന്നെയെന്താണു സംശയം?

ആ--ആ വേറൊരാൾ ഞാൻതന്നെയാണൊ എന്നു് ആരറിഞ്ഞു?

ശാ--മറ്റാരാണു്?

ആ--ഈ എഴുത്തു ഗംഗാധരൻ കണ്ടിരുന്നുവെങ്കിൽ നന്നായിരുന്നു. എന്നാൽ പിന്നെ അയാളുടെ ബ

ധയില്ലായിരുന്നു. അയാൾ കാണുന്നതിന്നു മുമ്പെ കട്ടെടുത്തതല്ലേ വിഷമം. എന്നു മാത്രമല്ല. അതുംപോയ്പോയ വിവരം കോമളം അറിഞ്ഞാൽ അതു ഞാൻ ചെയ്തുവെന്നോ ചെയ്യിച്ചുവെന്നോ കോമളം ധരിച്ചാൽ എന്തു പോരായ്മയാണ്. കുമാരനുണ്ണി ചെയ്തു മഹാ അന്യായം!

ശാ__ഇത്ര സംശയിക്കാനൊന്നുമില്ല. ആശാൻ ഇനിയെങ്കിലും മനസ്സമാധാനത്തോടെ ഇരിക്കുകതന്നെ.

അവരിരുവരും പിരിഞ്ഞു.

പിന്നെ കൊത്തിയ കാകനെപ്പോലെ ശാരദ തനിക്കു കിട്ടിയ വർത്തമാനവും കൊണ്ട് അക്ഷമയായി കുറെ നേരം അങ്ങുമിങ്ങും നടന്നു. ഒടുവിൽ കോമളത്തിനെ കാണ്മാൻതന്നെ പുറപ്പെട്ടു. ചമ്പകക്കാവിൽ എത്തിയപ്പോൾ കോമളം ശാകുന്തളം വായിച്ചുകൊണ്ടിരിക്കയായിരുന്നു. അവളെക്കണ്ടു ശാരദ ഒന്നു ചിരിച്ചുവെങ്കിലും, കോമളത്തിന്നു ശാരദയെ ഇയ്യിടെയായി അത്ര ഇഷ്ടമില്ലാതിരുന്നതിനാൽ അവൾ അതിന്ന് ഒരു സന്തോഷംപോലും നടിച്ചില്ല. എന്തായാലും ശാരദ വിരോധം ഒന്നും ഭാവിക്കാതെ കോമളത്തെ അവരുടെ തൊടിയിലേക്കു ക്ഷണിച്ചു. അതും അവൾക്കു സമ്മതമായില്ല. എന്തായാലും പണ്ടത്തെ സ്നേഹമോർത്ത് അവൾ ശാരദയുടെ കൂടെ തൊടിയിലേക്കു പുറപ്പെട്ടു.

ശാ__കോമളം എന്താണു നന്നെ ക്ഷീണിച്ചിരിക്കുന്നതു്?

കോ—ഞാൻ ക്ഷീണിച്ചിട്ടുണ്ടോ?

ശാ- കുറച്ച്.

കോ-- അതു നിൻെറ കണ്ണിൻെറ കേടാണ്. (കന്നു ചിരിപ്പാൻ ശ്രമിച്ചുകൊണ്ടു്) ഇയ്യിടെയായി അങ്ങിനെയൊക്കെ തോന്നിത്തുടങ്ങിയിരിക്കും.

ശാ-- അതെന്താണു നീ അങ്ങിനെ പറയുന്നതു്? ഇയ്യിടെയായി എനിക്ക് എന്തു മാററമാണു വന്നിട്ടുള്ളതു്?

കോ-- മാററമല്ലേ ഇതൊക്കെ? യുവതികൾക്ക് ഇങ്ങിനെയൊക്കെയല്ലേ മാററമുണ്ടാകേണ്ടതു്? നീ ഭാഗ്യവതിയാണ്. സക്കാരുദ്യോഗസ്ഥൻ. പോരെങ്കിൽ വിട്ടും ഭവനവും.

ശാ-- ഞാൻ ഭാഗ്യവതിയാകുമായിരുന്നു. എനേക്കാൾ ഭാഗ്യവതികളും സുന്ദരികളും ചോലക്കരയിൽ ഇല്ലായിരുന്നുവെങ്കിൽ ഞാൻതന്നെയായിരുന്നു ഭാഗ്യവ വതി. പൂർണ്ണചന്ദ്രൻ തിളങ്ങി മിന്നുമ്പോൾ ആരാണു മഠിച്ചൂട്ടിനെ ആശ്രയിക്കുക.

കോ-- മതി, മതി, പരിഹാസം. എന്നിട്ടു് എന്നെ അന്വേഷിച്ചിട്ടല്ലേ ഇപ്പോൾ താമസംകൂടെ മാററി അമ്പലക്കാട്ടിലാക്കിയതു്! ഇപ്പോൾ എൻെറ കൂടെ തന്നെയല്ലേ എല്ലായ്പോഴും താമസം! നാട്ടുകാർ എന്തൊക്കെയാണു പറയുന്നതു്.

ശാ-- അതു പോട്ടെ, കോമളം. എന്നെക്കൊണ്ടു് എന്തു പറഞ്ഞാലും ഞാൻ കത്തെഴുതി എന്നു പറയുന്നുണ്ടോ. എനിക്കു കടലാസ്സിൽ എഴുതാൻ അറിയുകയില്ലല്ലോ.

കോമളത്തിനു് ഇതു് ഒരു വെട്ടുകൊണ്ടപോലെയായി

യി. താൻ ഗംഗാധരൻനായൎക്കു കത്തയച്ചിരുന്ന വിവരം നാട്ടുകാർ അറിഞ്ഞുവെന്നു മനസ്സിലായപ്പോൾ അവളുടെ ഭയം വൎദ്ധിച്ചു. ഏതായാലും തല്ക്കാലം അതു മറച്ചുവെച്ചു.

കോ—പിന്നെ ഞാൻ കത്തെഴുതി എന്നു പറയുന്നുണ്ടോ?

ശാ—അതെന്തോ. നീ എഴുതി എന്നു പറയുന്നില്ലയായിരിക്കാം. നിന്റെ എഴുത്താണെന്നു ചിലതൊക്കെ തെളിയുന്നുണ്ട്.

കോ—ശാരദേ. നീ കല്പിച്ചുകൂട്ടി ഇങ്ങിനെ ആളുകളെപ്പറ്റി അപവാദം പറവാൻ തുടങ്ങിയാൽ ഞാൻ അമ്മയോടു പറയും.

ശാ—ഞാൻതന്നെ പറയാം വേണമെങ്കിൽ. ആ പോയ കത്തു—വാഴയുടെചിടക്കു ഒളിപ്പിച്ച കത്തു—വേണമെങ്കിൽ ഞാനിപ്പോൾ കൊണ്ടുവന്നു കാണിക്കുകയും ചെയ്യാം. എനിക്കു പേടിയില്ല. നീ ആൎക്കാണ് ആ കത്തെഴുതിയതു്?

കോ—ആൎക്കായാലെന്താണു്. നിണക്കെന്തു വേണം?

ശാ—എനിക്കൊന്നും വേണ്ട. നിണക്കുതന്നെ വേണ്ടി വരും. കോമളം നീ കുറെ ദേഷ്യപ്പെട്ടാൽ ഞാൻ പേടിക്കയില്ല. പേരിപ്പോൾ നിന്റേതാണു ചീത്തയാകുന്നതു്.

കോ—ആതെ. അതെ. ശ്ലോകം എഴുതിക്കൊടുത്തിന്നോ?

ശാ — ഞാൻ ശ്ലോകം എഴുതിക്കൊടുത്തിട്ടുണ്ടെങ്കിൽ അതിന്നു് എനിക്കു സാമർത്ഥ്യമുണ്ടായിട്ടുതന്നെ. നീ കല്യാണിക്കു് എഴുതിയ കത്തു് ഇപ്പോൾ വേറൊരാൾ കണ്ടുപിടിച്ചു നിന്നെ ചീത്തയാക്കും; സൂക്ഷിച്ചോ. സാധാരണ ആളുകളുടെ കയ്യിലാണു കിട്ടിയിരുന്നതെങ്കിൽ സാരമില്ലായിരുന്നു, കേശവനുണ്ണി ആശാനെ നിണക്കറിയാമല്ലോ. അയാൾ ഇത്തരം ദുർമ്മാർഗ്ഗാചാരത്തെ ഒരിക്കലും സഹിക്കയില്ല. പോരെങ്കിൽ നീ കുറെക്കാലം അയാളോടു കളിച്ചു. പിന്നെ അയാളെ വേണ്ടെന്നുവെച്ചു വേറൊരാളോടായി. ഇതൊക്കെ തറവാട്ടുകാർക്കു പററിയതല്ല. അയാൾക്കു് അതുകൊണ്ടു കുണ്ഠിതവും ഉണ്ടു്.

കോ — മതി. മതി. നിന്റെ ഉപദേശമൊക്കെ. വേണമെങ്കിൽ നിണക്കുതന്നെ ആകരുതേ. ഞാനതിനു ഒരു വിരോധം പറഞ്ഞു. നിന്റെ മോഹം സാധിക്കാത്തതിന്നു് എന്നോടാണോ ദ്വേഷ്യപ്പെടേണ്ടതു്?

ശാ — എന്നാൽ അംബിനെയാക്കട്ടെ?

---

## പത്തൊമ്പതാം അദ്ധ്യായം.

---

### തിരോധാനം.

---

ഗംഗാധരൻനായർ പിന്നെയും രണ്ടുനാലു ദിവസങ്ങൾ ഭ്രാന്തപ്രായമായിത്തന്നെ കഴിച്ചു. താൻ അശ-

നത്തെയും, നിദ്രതന്നേയും വെറുത്തു രണ്ടു ദിവസംകൊണ്ടു തന്നെ അദ്ദേഹം ശോഷിതശരീരനായിത്തീൎന്നു. ചോലക്കരയിലെ ഓരോ വസ്തുക്കളും, തിരുവാററുപുഴയിൽനിന്നു വീശുന്ന കുളിർകാററുപോലും അദ്ദേഹത്തെ അസഹ്യപ്പെടുത്തി. യാതൊരു വസ്തുക്കൾ അദ്ദേഹത്തിന്നു് ആനന്ദദായകമായിരുന്നുവോ അതെ വസ്തുക്കൾ അദ്ദേഹത്തെ ഇപ്പോൾ ക്ലേശിപ്പിച്ചു. ചോലക്കരയിൽ ഒരു ദിക്കിലും ഇറങ്ങി സഞ്ചരിപ്പാൻ അയാൾക്കു് ഇഷ്ടമുണ്ടായിരുന്നില്ല. അമ്പലക്കാട്ടിൽ താമസിക്കുന്നതു തന്നെ അയാൾക്കു് അത്ര രസമില്ലാതായി. ശാരദയുടെ സാന്ത്വനവാക്കുകൾപോലും അയാൾക്കു് ഒരു പരിഹാസമായിത്തോന്നി. ഒരു ദിവസം സന്ധ്യക്കു താൻ കിടക്കയിൽ കിടന്നപ്പോൾ പതിവില്ലാത്ത ഒരു നിദ്ര തന്നെ ബാധിച്ചു. അതിൽ ഒരു ഏതാനുനിമിഷനേരം കിടന്നിരിക്കും. അപ്പോഴേക്കും താൻ ഞെട്ടിയുണൎന്നു. അതിസുന്ദരനായ ഒരാൾ ചമ്പകക്കാവിലെ കോമളത്തിന്റെ കയ്യും പിടിച്ചു് അവരുടെ ഉദ്യാനത്തിൽ നടക്കുന്നതായും, അവിടെ ഒരു മരം മറഞ്ഞുനിന്നിരുന്ന തന്റെ നേരെ കോമളം ഒരു അനുതാപദൃഷ്ടി പതിപ്പിച്ചതായും, അതോടുകൂടി അവൾ ഒരു ദീൎഘനിശ്വാസം വിട്ടതു് അവളുടെ വരൻ കാണുകയും അയാളുടെ ശാസനപ്രകാരം ഭൃത്യൻ കണ്ണുക്കുറുപ്പു് ഒരു തടിയൻവടിയുമായി തന്റെ പിന്നാലെ ഓടുകയും, അതു കണ്ടു പേടിച്ചു താൻ ഓടുമ്പോൾ ആ യുവാവു കൈകൊട്ടിച്ചിരിക്കുകയും കോമളക്കണ്ണിൽ വെള്ളം നിറക്കുകയും ചെയ്കതായും ഉള്ള ഒ

രു ഭയങ്കര സ്വപ്നമാണ് അയാളെ ഉണർത്തിയതു്. ഭയപ്പെട്ടു ഗംഗാധരൻനായർ കിടക്കയിൽ നിന്നു് എഴുനീററു് ആ മുറിക്കകത്തു തന്നെ അങ്ങട്ടുമിങ്ങട്ടും നടന്നുകൊണ്ടിരുന്നു.

നേരം പത്തു പന്ത്രണ്ടു നാഴിക രാത്രിയായിരിക്കണം. അമ്പലക്കാട്ടിൽ എല്ലാവരും ഉറങ്ങിയിരുന്നു. പതിവുപോലെ താൻ ഭക്ഷണമോ, തനിക്കായി അവിടെ കൊണ്ടുവെച്ചിരുന്ന പാലും പലഹാരവുമോ അന്നും ഗംഗാധരൻനായർ കഴിച്ചിരുന്നില്ല. ജനവാതിൽ തുറന്നു് അതിൽക്കൂടി അകത്തേക്കു വീശുന്ന കുളിർകാററു കുറച്ചുനേരം ഏററുകൊണ്ടു് അവിടെ നിന്നു. പുറത്തു മഹാന്ധകാരമായിരുന്നു. ആകാശത്തിൽ കാർമ്മേഘം ധാരാളമുണ്ടായിരുന്നു. അതിന്നിടയിൽക്കൂടി ഒരു നക്ഷത്രം താഴോട്ടു പതിക്കുന്നതു ഗംഗാധരൻനായരുടെ ദൃഷ്ടിയിൽപെട്ടു. 'ദൈവമേ, ഇതു് എന്റെ യോഗം തന്നെ. എന്റെ ഭാഗ്യതാരമായിരിക്കുമൊ ഈ വീണതും. ഞാൻ ദൃഷ്ടി പതിപ്പിക്കുന്ന ദിക്കിൽ നിന്നൊക്കെ എന്നെ എന്റെ യോഗത്തെ അനുസ്മരിപ്പിച്ചു പരിഹസിക്കുന്നുവല്ലൊ. ചമ്പകശ്ശേരിയിലെ എന്റെ രാമനമാത്രമല്ല, അമ്പലക്കാട്ടും ഈ ചോലക്കര ഗ്രാമം മുഴവനൊന്നും മാത്രവുമല്ല, പ്രകൃതിദേവിതന്നെ എന്നെ ഉപേക്ഷിച്ചതായിട്ടാണല്ലൊ എനിക്കു തോന്നുന്നതു്! കോമളം, കോമളം, ഞാനനുഭവിക്കുന്ന ഈ വേദന നീ അറിയുന്നുണ്ടോ. എന്നെ ഇങ്ങിനെ കൊല്ലാതെ കൊല്ലുവാൻ തക്കവണ്ണം നീ എന്തൊരു വിഷശസ്ത്രമാണു് ആ കത്തിൽ

എന്റെ നേൎക്ക് അയച്ചത്. പ്രിയതമെ! നിന്റെ കത്തിൽ എഴുതിയപോലെ തന്നെ മനസ്സിൽ ഒരിക്കലും കരുതുന്നില്ല. ആ കത്തു നീ എഴുതിയതാണെന്നു തന്നെ ഞാൻ വിശ്വസിക്കയില്ല.”

ഗംഗാധരൻനായരുടെ ഈ വിചാരധോരണയിൽ നിന്ന് അയാളെ വീണ്ടുകൊണ്ടതു പുറത്തുനിന്നു കേട്ട ഏതോ ഒരു ശബ്ദമായിരുന്നു. അതു കേട്ടപ്പോൾ ഗംഗാധരൻനായർ ഒന്നു ഞെട്ടി. പിന്നീട യാതൊരു ശബ്ദവും കേട്ടില്ല. അതിന്റെ സാരമെന്താണെന്നു മനസ്സിലാകാതെ ഗംഗാധരൻനായർ വീണ്ടും ആലോചനയിൽ മഗ്നനായി. “ആ ശബ്ദം തടിയൻവടിയും കൊണ്ടുവരുന്ന കണ്ണക്കുറുപ്പിന്റെ ചവിട്ടടിയായിരിക്കുമൊ. ഒരു സമയം താൻ കണ്ടതു സ്വപ്നമല്ലായിരിക്കുമൊ. ഒരു സമയം യഥാൎത്ഥസംഭവമായിരിക്കുമൊ. കുറച്ചുദിവസമായി താൻ ശിവാലയക്കോട്ടിൽനിന്ന് എങ്ങും ഇറങ്ങീട്ടില്ലല്ലൊ. പിന്നെ എന്തിനെയാണു് അങ്ങിനെ ഒരു സംഭവം നടന്നിട്ടുണ്ടെങ്കിൽ തന്നെ താൻ കാണുന്നതു്. കോമളത്തിന്റെ വിവാഹം കഴിഞ്ഞതായി ശാരദപോലും പറഞ്ഞുകേട്ടില്ലല്ലൊ. പിന്നെ ഇതൊക്കെ ഒരു വെറും സ്വപ്നമല്ലാതെന്താണു്.”

വീണ്ടും പുറത്തുനിന്ന് അതേശബ്ദം കേട്ടു. വീണ്ടും ഗംഗാധരൻനായർ ഭയപ്പെട്ടു. ഏതോ ഒരാളൊ ഒരു ജന്തുവൊ തന്നെ ഉപദ്രവിപ്പാൻ ഭാവിക്കുന്നുണ്ടെന്നു ഭയന്നു ജനവാതിലടപ്പാൻ എഴുനീറ്റു. അപ്പോഴെക്ക ന്റെ നെഞ്ഞത്തുതന്നെ എന്തൊ ഒരു സാധനം ഉ

കതിരോടെ വന്നു വീണു. ഗംഗാധരൻനായർ ഞെട്ടുന്നു അവിടെ തന്നെ ഒളിച്ചിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആ ശബ്ദവും കേൾക്കാതായി. അതു് ആരുടെയോ ചവിട്ടടിയായിരുന്നുവെന്നു് അയാൾക്കു തീർച്ചയായി. തന്റെ മേൽ പതിച്ചതെന്താണെന്നു് അതെടുത്തു സൂക്ഷ്മമായിപ്പരിശോധിച്ചു. വിളക്കിനടുത്തു കൊണ്ടുപോയി നോക്കിയപ്പോൾ അതു് ഒരു എഴുത്തോലയായിരുന്നു. അതിൽ, "ജീവനിൽ കൊതിയുണ്ടെങ്കിൽ പ്രഭാതത്തിനുമുമ്പു ചോലക്കര വിട്ടുകൊള്ളേണ്ടതാണു്. വീണ്ടും ഇവിടെ കണ്ടുവെങ്കിൽ മരണം നിശ്ചയമാണു്." എന്നു് എഴുതീട്ടുണ്ടായിരുന്നതിനു പുറമെ, ഇരുഭാഗത്തും ഒരു വാളിന്റെ ചിത്രം വരച്ചിട്ടുണ്ടായിരുന്നു.

ഗംഗാധരൻനായർക്കു ഭയം വർദ്ധിച്ചു. തനിക്കു പ്രബലനായ ഒരു ശത്രുവുണ്ടെന്നു മനസ്സിലായി. "എനിക്കു് ഇനി മരണംതന്നെയാണു യുക്തം. എന്റെ ആഗ്രഹം സാധിക്കാത്ത സ്ഥിതിക്കു ഞാൻ ജീവച്ഛവമായി ഇവിടെ ഇരിക്കുന്നതിൽഭേദം മരിക്കതന്നെയാണു്. അതുകൊണ്ടു മരണത്തിനെ ഞാൻ ഭയപ്പെടരുതു്. പക്ഷേ കോമളത്തെ ഓർക്കുമ്പോൾ മരിക്കുന്നതെങ്ങിനെയാണു്. അവൾ സുഖമായിരിക്കുന്നുണ്ടെന്നു കേൾപ്പാനെങ്കിലും ഞാൻ ജീവിച്ചിരിക്കേണ്ടിയിരിക്കുന്നു. അവളെ വിട്ടുപോവാൻ എനിക്കു മടിയുണ്ടെങ്കിലും എന്റെ ശത്രുക്കൾ അവളെ വിവാഹം കഴിച്ചാൽ പിന്നിടെങ്കിലും എനിക്കു് അവളെ ചോലക്കരയിൽ വന്നു കാണാമല്ലോ. കരുണാഹീനന്മാരായ വല്ലവരുടേയും കൈവാളി

നു ഞാൻ ഇരയായി ഒരു ദുർമ്മൃതി എന്തിനാണു ഞാൻ വരുത്തിക്കൂട്ടുന്നതു്. അല്ലാ, ഒരു സമയം കോമളം തന്റെ മനസ്സു മാറി എന്നോടു പൂർവ്വസ്നേഹം പ്രദർശിപ്പിക്കുന്നതായാൽ അപ്പോഴെങ്കിലും എനിക്കു് അവളുടെ സ്നേഹഭാജനമായിരിക്കാമല്ലോ. എതായാലും ഇവിടെ പാർത്തു മരിക്കുന്നതിൽ ഭേദം, എന്തെന്നേക്കുമൊ , സ്വല്പകാലത്തേക്കൊ ഇവിടം വിട്ടു പാർക്കുകയാണുത്തമം. എന്നുമാത്രമല്ല, ഇവിടം തല്ക്കാലം നരകതുല്യമായിരിക്കുന്നു. തീർച്ചയായും ഇവിടെനിന്നു പുലരുന്നതിന്നുമുമ്പു യാത്രപുറപ്പെടുകതന്നെ" എന്നു ഗംഗാധരൻനായർ തീർച്ചപ്പെടുത്തി. അത്യാവശ്യമുള്ളതും പ്രിയപ്പെട്ടതുമായ വസ്തുക്കൾ മാത്രം ഒരു ചെറുപെട്ടിയിൽ എടുത്തു നിറച്ചു് അരുണോദയത്തോടുകൂടി അമ്പലക്കാട്ടിൽനിന്നു യാത്രപുറപ്പെട്ടു നീലമല കയറി മറിഞ്ഞുപോയി.

നേരം പുലൎന്നു മൂന്നുനാലു നാഴിക കഴിഞ്ഞിട്ടും ഗംഗാധരൻനായർ ഉണരാതിരുന്നതിനെപ്പററി ശാരദയുടെ അമ്മ അത്ഭുതപ്പെട്ടു.

ശാ—ഇന്നലെ ഉറങ്ങുവാൻ വളരെ താമസിച്ചിരിക്കും. അതാണു് എഴുനില്ക്കാത്തതു്. അമ്മ ഇപ്പോൾ ബുദ്ധിമുട്ടിക്കണ്ട.

അ—ഇല്ല. ഞാൻ ശബ്ദിക്കാതെ നോക്കുന്നതേയുള്ളൂ. വാതിൽ കുറച്ചു തുറന്നുകിടക്കുന്നുണ്ടല്ലോ.

അമ്മ അല്പം തുറന്നുകിടന്ന വാതിലിൽകൂടി അകത്തു നോക്കി. അതിന്നകത്തു ഗംഗാധരൻനായരെ കണ്ടില്ല. കിടക്കയിലും അകത്തൊരേടത്തും അയാളുണ്ടാ

യിരുന്നില്ല. അതിനാൽ വാതിൽ തുറന്നു അകത്തു കടന്നു. അപ്പോൾ ശാരദയും അവിടെയെത്തി.

ശാ—എന്താണമ്മേ ഈ സാമാനമെല്ലാം ഇങ്ങിനെ വലിച്ചിട്ടിരിക്കുന്നതു്? എവിടെയൊ പുറത്തുപോയപോലെയിരിക്കുന്നുവല്ലൊ.

അ—കുടയും വടിയും കാണുന്നില്ലല്ലൊ.

ശാ—കൈപ്പെട്ടിയും കാണുന്നില്ല.

അ—ഇതാ ഈ വലിയപെട്ടി തുറന്നുകിടക്കുന്നു. ഇതിൽ സാമാനങ്ങൾ എല്ലാം വലിച്ചിട്ടിരിക്കുന്നു.

ശാ—അമ്മേ. ഗംഗാധരൻ നമ്മെ വിട്ടുപോയിരിക്കുന്നുവെന്നുതോന്നുന്നു. ഞാൻ രാത്രി ആരൊ നടന്നു പോകുന്ന ശബ്ദം കേട്ടിരിക്കുന്നു. അതാ അവിടെ അയാളുടെ ആ ഷായ തൂക്കിയിരുന്നതും എടുത്തിരിക്കുന്നു. അയാൾക്ക വേണ്ടതൊക്കെയെടുത്തു് അയാൾ എങ്ങട്ടൊ പോയിരിക്കുന്നു.

അ—നമ്മളോടു പറയാതെ പോകുമോ?

ശാ—നമ്മളോടു പറയാതെതന്നെയാണു പോയതു്. അതും രാത്രിയിൽ നമ്മൾ അറിയാതെകണ്ടും. ഇതിനകത്തു സാമാനം വലിച്ചെറിഞ്ഞിട്ടതു കണ്ടാൽ ഇനി ഇങ്ങട്ടു വരവില്ലെന്നും തോന്നുന്നു. അമ്മേ, അയാൾ പോയ്ക്കളഞ്ഞുവല്ലൊ.

അ—ശാരദേ! നമ്മൾ ഇനി എന്താണു നിവൃത്തി. അയാളെ ഞാൻ പല ആഗ്രഹവുംകൊണ്ടാണു് ഇവിടെ താമസിപ്പിച്ചതു്. അയാളെ ഇവിടെ താമസിപ്പിച്ചതുകൊണ്ടാണു് ആശാനും എന്റെ കുമാരനും കൂടെ

ഇവിടെ വരാത്തതു് എന്നല്ലേ നീ പറഞ്ഞതു്. നാം എല്ലാവരേയും വെറുപ്പിച്ചു. അദ്ദേഹവും പോയി.

ശാ—അയാൾ പോയ്ക്കളയുമെന്നു് എനിക്കു സംശയമുണ്ടായിരുന്നു.

അ—അതെന്താണു്. എന്നാൽ എന്നോടു പറയായിരുന്നില്ലേ?

ശാ—അയാൾക്കു കുറച്ചുദിവസമായി മനസ്സിന്നു സുഖമില്ല. അയാൾക്കു് ഇവിടെ താമസിക്കുന്ന കാര്യവും അത്ര ഇഷ്ടമുണ്ടായിരുന്നില്ല. അമ്മ അതറിഞ്ഞിട്ടില്ലല്ലൊ.

അ—ശാരദേ! എന്താണതു്. ഞാനെന്തറിയുന്നു. ഞാൻ കുളത്തിൽ പോകാറുണ്ടോ. തൊഴാൻ പോകാറുണ്ടോ. പിന്നെ ഞാനെവിടുന്നാണു് അതെല്ലാം അറിയേണ്ടതു്?

ശാ—അയാൾക്കു ചമ്പകക്കാവിലെ കോമളത്തിനെ വിവാഹം കഴിക്കേണമെന്നുണ്ടായിരുന്നു. അതിന്നു് അവൾ സമ്മതിച്ചില്ലത്രെ.

അ—ശിവ ശിവ! ഇതെല്ലാം ആര് പറഞ്ഞു. പുളുമ. പുളുമതന്നെ. എന്നാൽ അയാൾക്കു് അതു പറയായിരുന്നില്ലേ? നാരായണൻനായക്കു് അതു് എത്ര സന്തോഷമാകുമായിരുന്നു. ആരെങ്കിലും ഉണ്ടോ പെണ്ണിന്റെ സമ്മതം നോക്കീട്ടു വിവാഹം കഴിക്കാറു്? അറക്കുന്ന കോഴിയോടു സമ്മതം ചോദിക്കാറുണ്ടോ?

ശാ—അതുപോലെ പെണ്ണുങ്ങളെ കൊല്ലുകയാണോ അമ്മേ വിവാഹം?

അ—അല്ല, അങ്ങിനെ പറഞ്ഞു. ഇതിന്നൊക്കെ സമ്മതം ഭീനാക്കറുണ്ടോ?

ശാ—അതാണത്ര പരിഷ്കാരം. അങ്ങിനെ വേണ്ടതുമാണ്. ഒരു പുരുഷനും സ്ത്രീയും ഭാൎയ്യാഭൎത്താക്കന്മാരായാൽ അവരല്ലേ വളരെക്കാലം സുഖമായി യോജിച്ചിരിക്കേണ്ടതു്. അവൎക്ക യോജിപ്പും ഇഷ്ടവും ഇല്ലെങ്കിലോ?

അ—മതി. മതി. എനിക്ക കേട്ടതു്. ഏതൊരുത്തിക്കാണു വിവാഹം കഴിഞ്ഞിട്ട സ്നേഹമില്ലാതെ വന്നിട്ടുള്ളതു്? പുരുഷനു സ്നേഹമില്ലെന്നൊക്കെ കേട്ടിട്ടുണ്ടു്. സ്ത്രീക്ക സ്നേഹമില്ലെങ്കിലെന്താണ്?

ശാ—അവരുടെ ദാമ്പത്യം അത്ര സുഖകരമായിരിക്കയില്ല.

അ—ശാരദേ! ഈവക കുസൃതികളൊന്നും തലയിൽ കയററിവെക്കല്ലേ. ഞാൻ പറഞ്ഞു. ഇതെല്ലാം നീ ആ ഗംഗാധരനോട്ട പഠിച്ചതാണ്. ഞാനിപ്പോൾ നിൻെറ സമ്മതം നോക്കിട്ടാണോ നിന്നക്ക വിവാഹം ആലോചിച്ചതു് ?

ശാ—ഓ. അതും കഴിഞ്ഞുവോ?

അ—ഞാൻ അതിനെപ്പററി സംസാരിച്ചു. അയാൾക്കു് അതു് അത്ര ഹിതമായി എന്നു തോന്നുന്നില്ല.

ശാ—ഏതാൾക്കാണമ്മേ?

അ—ആ ക്കായാലെന്താണ്. അതൊന്നും നീ അറിയേണ്ടതല്ല.

ശാ—ഏങ്കിലും കേൾക്കട്ടെ. ആശാനോ?

അ—ആശാൻ! ആ– ഇനി അതുതന്നെ വേണ്ടിവരും. ഞാൻ ആലോചിച്ചതു ഗംഗാധരനെയാണു്.

ശാ—ഗംഗാധരനെയോ?

അ—അതെ–ഗംഗാധരനെത്തന്നെ. എന്താ, അവൻ അത്ര പോരാത്തവനാണോ. പോരെങ്കിൽ നമ്മൾ ഇരിക്കുന്ന ഈ ഭവനവും പറമ്പും അവന്റേതാണു്. അതു നമുക്കു കിട്ടുന്നമെങ്കിൽ മരണപത്രപ്രകാരം അങ്ങിനെതന്നെ വിവാഹം നടക്കണം.

ശാ—കഷ്ടം. കഷ്ടം!

അ—എന്താണിതിലൊരു കഷ്ടം?

ശാ—അമ്മ എപ്പഴാണു ഗംഗാധരനോടു് ഇതിനെപ്പററി സംസാരിച്ചതു?

അ—ഇന്നലെ വൈകുന്നേരം നീ തൊഴാൻ പോയപ്പോൾ. അയാൾ കുണ്ഠിതത്തോടെ ഇരിക്കുന്നതു കണ്ടു. പത്തിരുപത്തഞ്ചു വയസ്സായ പുരുഷന്മാർ ഇങ്ങിനെ കുണ്ഠിതത്തിൽ ഇരിക്കുന്നതു കണ്ടാൽ കാരണം എന്താണെന്നു മനസ്സിലാക്കിക്കൂടെ? രക്തം കണ്ടാൽ മുറിഞ്ഞിട്ടുണ്ടെന്നു് ഒരാൾ പറയണോ? നീ തൊഴാൻ പോകുമ്പോൾ നിന്നെത്തന്നെ നോക്കുന്നതും കണ്ടു. മരണപത്രവും ഓർത്തു. ഞാൻ ഗംഗാധരനോടു സ്വകാര്യം പറയുകതന്നെ ചെയ്തു.

ശാ—അയാൾ പേടിച്ചിരിക്കും. കഷ്ടം! ഇതിലൊക്കെ കുറച്ചൊരു മര്യാദ ഭാവിക്കണം, അമ്മേ. ആട്ടെ. അയാളെന്താണു മറുപടി പറഞ്ഞതു്?

അ—"മരണപത്രത്തിൽ അങ്ങിനെ എഴുതീട്ടുണ്ട്. മറിച്ചുപോയവർ ദീൎഘദൎശികളായിരിക്കാം. അങ്ങിനെ തന്നെ വേണ്ടിവരുന്നോ ആവൊ. ആട്ടെ ആലോചിച്ചു ചെയ്യാം!" എന്നാണ് അയാൾ മറുപടി പറഞ്ഞതു്.

ശാ—വെറുതെയാണോ അയാൾ കള്ളിപ്പോടിപ്പോയതു്. ഇവിടെ ഈ അകത്തുപോലും അമ്മ അയാൾക്കു സ്വൈരം കൊടുത്തില്ലല്ലൊ.

## ഇരുപതാം അദ്ധ്യായം.

### രഹസ്യവും പരസ്യവും.

കുറച്ചുദിവസമായി ഗംഗാധരൻനായരുടെ യാതൊരു വൎത്തമാനവും കേൾക്കാതിരുന്നപ്പോൾ കോമളത്തിന് അല്പാല്പം മനോവേദന തുടങ്ങി. "ശാരദയും ഗംഗാധരൻനായരും ഉടനെ ഭാൎയ്യാഭൎത്താക്കന്മാരായിത്തീരുമെന്നു ഞാൻ കേട്ടിരുന്ന വൎത്തമാനം വെറും ഒരു കിംവദന്തിയായിരിക്കുന്നതല്ലാതെ അതിനെപ്പററി പിന്നെ യാതൊന്നും കേട്ടില്ലല്ലൊ. ഒരു പക്ഷെ അതു് ഒരു കളവായിരിക്കുമെന്നും എനിക്കു സംശയമില്ലാതിരുന്നില്ല. എന്നാൽ ഞാൻ എഴുതിയ എഴുത്തിന്റെ അൎത്ഥമെന്താണ്? ഗംഗാധരൻനായൎക്കു് ശാരദയിൽ അനുരാഗമില്ലെങ്കിലും, അയാൾ അവരുടെ വിവാഹത്തെ,

പ്പററി സ്മരിച്ചിട്ടുപോലുമില്ലെങ്കിലും, ഇങ്ങിനെയൊരു കുററം അദ്ദേഹത്തിൻെറ തലയിൽ ഞാൻ കെട്ടിവെച്ചതു് അധൎമ്മമല്ലേ. അതുനിമിത്തം എൻെറ അനുരാഗത്തിന്നുതന്നെ ഹാനി തട്ടിയില്ലേ. മേലാൽ എന്നെ വഞ്ചിക്കാതിരിക്കേണമെന്നിങ്ങിനെ ഒരു കഠിനവാക്കു ഗംഗാധരൻനായൎക്കു എഴുതിയതു തെററല്ലേ. അതിന്നു എന്തടിസ്ഥാനമാണുള്ളതു്. ദൈവമേ, എൻെറ കത്തു് എന്തൊരു മഹാപാപത്തെയാണു വലിച്ചിട്ടതു്. കയ്യിൽ കിട്ടിയ ഒരു കനകക്കട്ടയെ കുപ്പയിൽ വലിച്ചെറിയുകയല്ലേ ഞാൻ ചെയ്തതു്. ആ സുകുമാരനായ യുവാവു തന്നെത്തന്നെ എനിക്കു സമൎപ്പിക്കുമ്പോൾ ഞാൻ ആ എഴുത്തുകൊണ്ടു് അയാളുടെ മുഖത്തു ചവിട്ടുകയല്ലേ ചെയ്തതു്. ഇനി അയാൾ ഒരുകുറിയെങ്കിലും ഇങ്ങട്ടു തിരിഞ്ഞു നോക്കുമോ? എന്തൊരു മഹാപരാധമാണു ഞാൻ ചെയ്തതു്. അയാളുടെ നില എന്തായിരിക്കും. എന്തൊരു മനോവേദനയാണു് അയാൾ അനുഭവിക്കുന്നുണ്ടായിരിക്കുക. കഷ്ടമേ! ഞാൻ എന്തിന്നു അയാളെ ഇങ്ങിനെ സന്താപകൂപത്തിൽ തള്ളിവിട്ടു. അയാൾ എത്ര മാന്യൻ. ശാരദയുടെ ഇക്കളികളിലൊന്നും അയാൾ അണുവും കുലുങ്ങിയില്ലെന്നല്ലേ ശാരദതന്നെ പറഞ്ഞതു്. അയാൾക്കു സിദ്ധിക്കുന്ന ഒരു വലിയ വസ്തു വേപ്പോലും അയാൾ ഉപേക്ഷിച്ചിട്ടല്ലേ എൻെറ പ്രേമത്തെ അയാൾ അൎത്ഥിച്ചതു്. അതിന്നു ഞാൻ ഇങ്ങിനെയാണോ മറുപടി പറയേണ്ടതു്. ഈശ്വരാ, അയാൾ ഇപ്പോൾ എവിടെയായിരിക്കും. അയാളെപ്പററി

യാതൊരു വൎത്തമാനവും കേൾക്കാനില്ലല്ലോ. അയാൾ ഇപ്പോൾ ചമ്പകക്കാവിലെ തൊടിയിൽ വരുന്നതായാൽ ഞാൻ അയാളുടെ കാല്ക്കൽ വീണു സൎവ്വാപരാധവും ക്ഷമിപ്പാൻ ഞാൻ അയാളോട് അപേക്ഷിക്കാമായിരുന്നു. ഒരു നോക്ക് എനിക്കു കാണ്മാൻ സാധിക്കുയില്ലേ. ഞാൻ ഇത്ര പാപിയാണോ. എന്നെപ്പററി ജനങ്ങളും പറയുന്നുവെന്നല്ലേ കേട്ടതു്. ഞാൻ എഴുതിയ കത്തു് എനിക്കു ശത്രുവായിട്ടല്ലേ തീൎന്നതു്. അതു വല്ലവരും അറിഞ്ഞിരുന്നുവെങ്കിൽ ഇനി എനിക്കാരാണ് ഒരു ശരണം? അതു സാരമില്ലാതാക്കി എന്റെ കുററം സൎവ്വവും ക്ഷമിച്ച് എന്നെ സ്വീകരിപ്പാൻ എന്റെ ഗംഗാധരനല്ലാതെ മററാരാണ് എനിക്കുള്ളതു്. എന്റെ ഗംഗാധരാ-പ്രാണനാഥാ-അങ്ങുന്ന് എവിടെ?-" കോമളത്തിന്റെ നയനങ്ങളിൽനിന്ന് ഓരോ മുത്തുതുള്ളികൾ അവളുടെ മേൽമുണ്ടിന്മേൽ വീണു.

കുളക്കടവിൽ എത്തിയിരുന്നതിനാൽ അപ്പോൾ ക്ഷണത്തിൽ അവളുടെ സങ്കടമെല്ലാം മറച്ചു കണ്ണുനീർ തോൎത്തി ആരും ഇല്ലാത്ത ഒരു കടവിൽ കുളിപ്പാൻ ചെന്നിറങ്ങി. ചോലക്കരയിൽ എന്നുവേണ്ട കേരളത്തിൽ ഏതു ഗ്രാമത്തിലും അതതു ഗ്രാമത്തിലെ വൎത്തമാനങ്ങൾ പരത്തുവാൻ അത്യന്തോപയുക്തമായിത്തീരുന്നതു കുളക്കടവുകളാണല്ലോ. അതിനാൽ അവിടെ അന്നേത്തെ ദിവസം പലരും ഒരേ ഒരു വിശേഷസംഭവത്തെപ്പററിത്തന്നെ പല അഭിപ്രായങ്ങളും പുറപ്പെടുവിക്കുന്നതാണു കോമളത്തിനു കേൾപ്പാനിടയായതു്. കേ

മളം കുളക്കടവിലെത്തിയപ്പോൾതന്നെ ഒന്നുരണ്ടു പേർ ഞാനൊന്നും അറിയില്ലേ. ഞാനൊന്നും പറഞ്ഞില്ലേ" എന്നു പറഞ്ഞു സംഭാഷണരംഗത്തിൽനിന്നു പിന്മാറുന്നതും, ഒരു സ്ത്രീ "ശ്ശൂ-ശ്ശൂ" എന്നു ബാക്കിയുള്ളവരുടെ സംഭാഷണത്തെ തടയുന്നതും അവൾ കേൾക്കാതിരുന്നില്ല. എന്നാൽ അതിലൊന്നും അപ്പോൾ അവൾക്ക് അത്ര ശ്രദ്ധ പതിഞ്ഞിരുന്നില്ല. ക്രമേണ താനും അനന്തത്തെ സംഭാഷണവിഷയമായിരുന്നെന്നു മനസ്സിലായപ്പോൾ ആ ആൾക്കൂട്ടത്തിലെ ചില ഭാവഭേദങ്ങളുടെ അർത്ഥം അവൾക്കു സുവ്യക്തമായി.

ഒരു കോണിൽനിന്നു ചിലർ ഇങ്ങിനെ സംസാരിച്ചു:—

ഒരുവൾ—അതെന്താ. അയാൾ ചോലക്കരയിൽ ചവിട്ടിയപ്പോൾതന്നെ ഞാൻ തിച്ചയാക്കിയിരിക്കുന്നു, കാൎയ്യമെല്ലാം അവതാളത്തിൽ കലാശിക്കുമെന്ന്.

രണ്ടാമത്തേവൾ— അതെന്താണ്.

ഒന്നാം— ആദ്യത്തെ നോട്ടത്തിൽതന്നെ അവൻ അപ്പുക്കുട്ടനാണെന്നു് എനിക്കു മനസ്സിലായിരുന്നു. അവൻ ശാരദയുടെ ഒരു ഭാവിവരനാകുമെന്നും അപ്പോൾതന്നെ തീച്ചപ്പെടുത്തി. പക്ഷെ വന്ന രണ്ടാമത്തെ ദിവസംതന്നെ ചമ്പകക്കാവിലെ തൊടിയിൽ കടക്കുന്നതു കണ്ടപ്പോൾതന്നെ കാൎയ്യം അവതാളമാണെന്നും ഞാൻ തിച്ചയാക്കി.

മൂന്നാമ— പക്ഷെ കോമളമല്ലല്ലൊ അയാളെ ഇവിടെ നിന്നു ഓടിച്ചതു്?

ഒന്നാമ — കോമളവും ഇതിൽ കുററക്കാരത്തിയാണ്.

മൂന്നാമ — അതു വെറുതെ നിങ്ങൾ പറയുന്നതാണ്. നിങ്ങൾ കാൎയ്യം മുഴുവൻ അറിഞ്ഞിട്ടില്ല. മാണിക്കത്തെ ഞാൻ ഇപ്പൊഴ കണ്ടതെയുള്ളു. അവളാണ് എന്നോട പറഞ്ഞത് ഇന്നലെ രാത്രി അമ്പലക്കാട്ടിൽ നടന്ന സംഭവം

രണ്ടാമ — എന്താണിത്രയൊക്കെ ഒരു സംഭവം നടന്നത്. കേൾക്കട്ടെ.

മൂന്നാമ — അതു ഞാനറിഞ്ഞില്ലേ. മീനാക്ഷി! നിണക്ക ശാരദയെപ്പററി സത്യം പറഞ്ഞാലും വിശ്വാസമാകയില്ലല്ലൊ.

മീനാക്ഷി — അങ്ങിനെയൊന്നുമില്ല. അമ്മാളുവിന്നു ശാരദയെ കണ്ടുകൂടാ. അതുകൊണ്ട് എന്തെങ്കിലും പറയണം, അതുതന്നെ.

അമ്മാളു — ഞാനെന്തിനാണ് എന്തെങ്കിലും പറയുന്നത് മാണിക്കത്തോട ചോദിച്ചാൽ അറിയരുതെ? ഇന്നാലെ സന്ധ്യക്കു ശാരദ തൊഴുതു മടങ്ങിച്ചെന്നു — ദുൎഗ്ഗാദേവിയോട നല്ലവണ്ണം പ്രാൎത്ഥിച്ചു ചെന്നു — ഗംഗാധരൻനായരോട നേരിട്ടു — എനിക്ക കഴിയില്ല പറയാൻ — നാണമില്ലാത്ത വൎഗ്ഗമാണ് ഈ പെണ്ണുങ്ങൾ അല്ലേ കല്യാണി?

കല്യാണി — അതെ അതെ. നീ മുഴുവൻ പറ. കേൾക്കട്ടെ.

അ — നിങ്ങൾ എന്നാ വിവാഹം കഴിക്കുക എന്നു ചോദിച്ചുവത്രെ

മി—ശിവ! ശിവ! ഇങ്ങിനെയൊന്നും പറയരുതേ.

അ—നിങ്ങൾക്കു വിശ്വാസമാകയില്ല എന്തു പറഞ്ഞാലും.
എന്നിട്ട് അയാൾ അതു സമ്മതിച്ചില്ല.

ക—ഞാനും അതു വിശ്വസിക്കുന്നു. അതു ശരിയായിരിക്കണം. അയാൾ അതു സമ്മതിക്കയില്ല. അതിന്നു കാരണമുണ്ട്.

അ—എന്താണു കാരണം?

ക—പറയാം. നിന്റെ കഥ പറഞ്ഞുകഴിയട്ടെ.

അ—എന്നാൽ ഞാൻ ചുരുക്കിപ്പറയാം. അതുകൊണ്ടു ശാരദ കരഞ്ഞുകൊണ്ട് അമ്മയോടു പറഞ്ഞുവത്രെ. അമ്മയ്ക്ക് അതുകൊണ്ടു ദ്വേഷ്യം വന്നു. പുലരുന്നതിന്നു മുമ്പുതന്നെ അയാളെ അവിടെനിന്ന് അടിച്ചോടിച്ചു.

കോമളം ഇതെല്ലാം ശ്രദ്ധിച്ചു കേൾക്കുന്നുണ്ടായിരുന്നു. ശാരദ നേരിട്ടു ഗംഗാധരനോടു ഭർത്താവായിരിപ്പാൻ പ്രാർത്ഥിച്ചു എന്നു പറഞ്ഞുകേട്ടപ്പോൾ കോമളത്തിന്റെ ഹൃദയം ഈർഷ്യകൊണ്ടും വ്യസനംകൊണ്ടും ജൃംഭിച്ചു. "അതെ, അവൾ അതിന്നു മടിക്കയില്ല. എന്തൊരു നീചയാണ് അവൾ. അവളുടെ രാക്ഷസവേഷം ഞാൻ കണ്ടില്ലേ അന്ന്. (ആലോചിച്ചു) ഞാൻ എന്തിന്ന് അവളോടു ദ്വേഷ്യപ്പെടുന്നു. അവൾ ഭാഗ്യവതിയാണു. അവൾക്ക് അദ്ദേഹത്തോട് അങ്ങിനെ ചോദിപ്പാനെങ്കിലും ഭാഗ്യമുണ്ടായില്ലേ. (കുറച്ചു കഴിഞ്ഞ്) നാണംകെട്ട പെണ്ണല്ലേ ശാരദ. അല്ലെങ്കിലും

ന

ഇങ്ങിനെ ലജ്ജയില്ലാതെ ചെന്നു ചോദിക്കുമോ (വീണ്ടും ആലോചിച്ചു) ഈശ്വരാ! ഇവൾ എന്തിനു ഇതു ചെയ്തു! അദ്ദേഹം എങ്ങട്ടു പോയിരിക്കുമോ? അമ്പലക്കാട്ടിൽനിന്നു പുറത്താക്കിയാൽ അയാൾക്ക് അതു സ്വന്തഗൃഹമാകകൊണ്ട് അവരെ അവിടെനിന്നു പുറത്താക്കാമായിരുന്നില്ലേ. ആ തേവിടിശ്ശി ശാരദ തെണ്ടിനടക്കണമായിരുന്നു വിടില്ലാതെ. അങ്ങിനെ ചെയ്യാൻ അത്ര നീചനാണോ അയാൾ. സ്ത്രീകളെ രക്ഷിക്കേണ്ടതു പുരുഷധർമ്മമല്ലേ." ഇത്രയും ആലോചന പോയപ്പോഴേക്കു വീണ്ടും തന്റെ ശ്രദ്ധ അവരുടെ സംഭാഷണത്തിലേക്കുതന്നെ തിരിഞ്ഞു.

മീനാക്ഷി — ഞാൻ കേട്ടതു് അങ്ങിനെയൊന്നുമല്ല.

കല്യാണി — അതെന്താണു കേൾക്കട്ടെ.

അമ്മാളു — നില്ക്കട്ടെ. നില്ക്കട്ടെ. നിന്റെ കഥ പറഞ്ഞില്ലല്ലോ. നിനക്ക് അതു വിശ്വാസമായില്ല എന്നു പറവാൻ കാരണമെന്തായിരുന്നു. അതു കേൾക്കട്ടെ ആദ്യം.

കല്യാണി — അതു മറ്റൊന്നുമല്ല. ഗംഗാധരനു ശാരദ കിട്ടുമെന്നു മോഹിക്കുന്നതു വെറുതെയാണ്. ഗംഗാധരനും നമ്മളുടെ . . . പേർ ഞാൻ പറയുന്നില്ല. അവളും വലിയ സ്നേഹത്തിലായിരുന്നുവെന്നു നിങ്ങൾക്കറിയില്ലേ. അയാൾ കണ്ടാലും ശാരദയെക്കാൾ സുന്ദരിയല്ലേ.

മീ — സുന്ദരി! ശാരദയുടെ പകുതി സൗന്ദര്യം ഇല്ല.

അ—അതൊക്കെ പോട്ടെ മീനാക്ഷി. അതിലൊന്നും
നി നിൻെറ ശാരദയ്ക്കു വേണ്ടി വാശി പിടിക്കണ്ട.

ക—ഗംഗാധരന്നു് അവളെ കിട്ടുമെങ്കിൽ പിന്നെ അ
യാൾ ശാരദയെ തിരിഞ്ഞുനോക്കുമോ? അവൾക്കു
ഗംഗാധരനിലും ഗംഗാധരന്നു് അവളിലും വലിയ
സ്നേഹമുണ്ടു്. പോരെങ്കിൽ ഗംഗാധരൻ വന്നതിൽ
പിന്നെ ഇവിടുത്തെ പെൺകിടാങ്ങൾക്കൊക്കെ ഒരു
പുതിയ നിശ്ചയമുണ്ടല്ലോ. അനുരാഗമത്രെ. അ
ന്യോന്യസ്നേഹമുണ്ടെങ്കിൽ മാത്രമേ വിവാഹം ആ
വാൻ പാടുള്ളുവത്രെ. എന്നെങ്കിലുമായിക്കോട്ടെ.
എനിക്കു് ആ കാലം ഒക്കെ കഴിഞ്ഞിരിക്കുന്നു. എനി
വേണമെങ്കിൽ എൻെറ മനോഹരയ്ക്കു പ്രായമായിട്ടു
വേണം.

അ—ഛെ. എന്തിനാണു് അങ്ങിനെ വെക്കുന്നതു്. അ
ദ്ദേഹം മരിച്ചിട്ടു കൊല്ലം നാലായില്ലെ. നിങ്ങൾ
ക്കും ഗംഗാധരൻെറ വഴിയെ നടക്കുന്നതിന്നു് ഇനി
വിരോധമില്ല.

ക—മതി. മതി. ഇനി എനിക്കൊരു ഗംഗാധരനും വേ
ണ്ട. ഗംഗാധരനും വേണ്ട. എൻെറ മകൾ മനോ
ഹരയ്ക്കു പ്രായമാകുന്നതുവരെ ഞാൻ അടങ്ങിയിരു
ന്നോളാം. സ്നേഹവും അനുരാഗവും ഒക്കെ ശാരദയും
ഗംഗാധരനുംതന്നെയായിക്കോട്ടെ.

മീ—നിങ്ങൾക്കൊക്കെ ശാരദയെ കളിയാക്കണം. അ
ത്ര മാത്രമെ അറിയുകയുള്ളു. കാര്യം ഒന്നും ആലോചി
ക്കയില്ല. നിങ്ങൾക്കെന്തിനാണു രണ്ടു ചെവി. ഇ

നി ഇതൊക്കെ പെരുമ്പറ അടിച്ചു കേൾപ്പിക്കുന്നു. എന്നാലേ ഇതൊക്കെ നിങ്ങൾ കേൾക്കുകയുള്ളു. അങ്ങാടിയിൽ ഒക്കെ പാട്ടാണ്.

അ—എന്തു്?

മീ—എന്താണു കഥ! ശാരദയെ നിങ്ങൾ കുറ്റം പറഞ്ഞുവല്ലൊ. ഗംഗാധരന്നു് ആരാണു കത്തെഴുതിയതു്. അനുരാഗത്തെപ്പറ്റി കടലാസ്സിൽ കത്തെഴുതാൻ ആൎക്കാണു വശമുള്ളതു്? അതു കേൾക്കട്ടെ. എന്താണ് അമ്മാളു മിണ്ടാത്തതു്? കത്തെഴുതി പഴപ്പോളയുടെ ഇടയിൽ ഒളിപ്പിച്ചുവെച്ചു. അതു ഗംഗാധരനല്ല ഒരു രസികൻ മോഷ്ടിച്ചു. എന്നോടു ശാരദയാണെന്ന പറഞ്ഞതു്.

അ—എന്നാൽ രസികൻ എന്നല്ല, രസിക എന്നു പറ. അതിലും ഭേദം 'കള്ളത്തി' എന്നോ 'ധൃഷ്ട'യെന്നോ പറയുകയാണു നല്ലതു്.

മീ—പോ. പോ. ശാരദയല്ല മോഷ്ടിച്ചതു്. ആ ആളെ ഞാൻ പറയുന്നില്ല. വലിയ മഹാനായി നടക്കുന്നില്ലെ ഒരാൾ. സുഭദ്രയെ കക്കാൻ വന്ന സന്യാസിയെപ്പോലെ, ആ ആശാനാണു മോഷ്ടിച്ചതു്.

അ—ഛീ. ഛീ. എന്തെങ്കിലും പറയരുതേ.

ക—അമ്മാളു! ഈ മീനാക്ഷിക്കു ഭ്രാന്താണ്. ആശാനെപ്പറ്റി പറവാൻ ഒരു ലക്ഷ്യം!

മീ—ഇരിക്കട്ടെ. കേൾക്കൂ. എന്നോടു ശാരദ പറഞ്ഞതാണ്. ആ കത്തു വേണമെങ്കിൽ ഞാൻ ഇപ്പോൾ കൊണ്ടുവന്നു കാണിച്ചുതരാം. അതിൽ എഴുതിയിരിക്കുന്നു

ആ സുന്ദരിക്കും ഗംഗാധരനെക്കാൾ സ്നേഹം വേറൊരാളെയാണെന്ന് - അതെ - മനസ്സിലായോ?

അ—ആരെയാണ്?

മീ—നിന്റെ ആശാനെത്തന്നെ! അവൾക്ക് ആശാനെത്തന്നെ വേണമത്രെ.

കോമളം ഭയംകൊണ്ടും വ്യസനംകൊണ്ടും നിന്നദിക്കിൽനിന്നു വിറപ്പാൻ തുടങ്ങി. അവൾക്ക് ഈ കേട്ട വർത്തമാനമോരോന്നും ഓരോ മിന്നൽപിണർ തലയിൽ തട്ടിയമാതിരി തോന്നി. താൻ രഹസ്യമായി വെച്ചിരുന്ന കഥകളൊക്കെ കുളക്കടവിൽ പരസ്യമാണെന്നു കണ്ടപ്പോൾ അവൾക്കു ലജ്ജ സഹിക്കവയ്യാതായി. വേലയില്ലാത്ത വികൃതിപ്പെണ്ണുങ്ങൾ ഓരോന്നും തന്റെ കഥകൾ ഇങ്ങിനെ കൊട്ടിഘോഷിക്കുന്നുവല്ലോ എന്ന് അത്യന്തം സങ്കടമായി. ഇതു് അമ്മയോ അമ്മാമൻ നാരായണൻനായരോ അറിഞ്ഞാൽ തന്റെ കഥയെന്തായിരിക്കുമെന്ന ഭയം തന്നെ ജീവശ്ശവമാക്കി. താൻ ഈശ്വരനെന്നു കരുതിയിരുന്ന ആശാൻ ഈ വക ദുർമ്മാർഗ്ഗിയായിത്തീർന്നതിനെക്കുറിച്ച് അത്ഭുതപ്പെട്ടു. കരുതിക്കൂട്ടി തന്നെ അവമാനിപ്പാൻ കച്ചകെട്ടിത്തുനിഞ്ഞ ആശാനെയും ശാരയെയും ജീവനോടെ ദഹിപ്പിപ്പാൻ തക്ക അത്ര ദേഷ്യം അവൾക്കുണ്ടായിരുന്നതിനാൽ കോപംകൊണ്ട് അവളുടെ ദേഹമാസകലം വിറച്ച് ഒരുവിധത്തിൽ എങ്ങിനെയോ സ്വഗൃഹത്തിൽ എത്തി വീണു.

## ഇരുപത്തൊന്നാം അദ്ധ്യായം

### ആശാന്റെ മതം.

വൈദ്യർ ജ്വരബാധയാണെന്നും സാരമില്ലെന്നും പറഞ്ഞുവെങ്കിലും കാരണവൻ നാരായണൻനായൎക്ക് അതു് അത്ര ബോദ്ധ്യമായിരുന്നില്ല. പണ്ടു് ഒരു കുറി കോമളത്തിന്നുണ്ടായിരുന്നതിനെക്കാൾ എത്രയോ ഭയങ്കരമായിരുന്നു ഇപ്പോഴത്തെ പനി. അന്നു ക്ഷീണം തന്നെയുണ്ടായിരുന്നുവെങ്കിലും രോഗി അടങ്ങിക്കിടക്കാറുണ്ടായിരുന്നു. ഇപ്പോഴാകട്ടെ കോമളത്തിന്നു് അടങ്ങിക്കിടപ്പാൻ വയ്യാതാണു വന്നതു്. നിദ്ര എന്നതു് അവളെ ഉപേക്ഷിച്ചിട്ടു ദിവസങ്ങൾതന്നെ കുറെ കഴിഞ്ഞു. ദേഹം തീക്കനൽപോലെ ചുട്ടുപിടിച്ചുകൊണ്ടു തന്നെയും ഇരുന്നു. എന്നുമാത്രമല്ല, കഥയില്ലാതെ കോമളം ഓരോന്നു പറഞ്ഞുകൊണ്ടിരുന്നു. അതു ജ്വരം വൎദ്ധിച്ചു സന്നി ആയിത്തീൎന്നാലുള്ള സ്വഭാവമാണെന്നു നാരായണൻനായൎക്കും അറിയാമായിരുന്നു.

നാരായണൻനായർ — സാരമില്ലെങ്കിൽ ദേഹത്തിൽനിന്നു ചൂടു വിട്ടിട്ടില്ലല്ലോ. എത്ര ദിവസമായി ഇങ്ങിനെ തീക്കനൽപോലെ ചുട്ടുപിടിച്ചിരിക്കുന്നു!

വൈ — ഒരുവിധത്തിൽ അങ്ങിനെ ചൂടു നില്ക്കുന്നതു നന്നായിട്ടാണു. അതുകൊണ്ടു് അപായമൊന്നുമില്ല.

നാരാ — വൈദ്യർ പറയുന്നതു് എനിക്കത്ര വിശ്വാസമാകുന്നില്ല. കോമളം കഥകെട്ടു് എന്തൊക്കെയോ

പറയുന്നുവല്ലോ. ഇങ്ങിനെ ബോധമില്ലാതെ പറയു
ന്നതു ചിത്തയല്ലേ? അതു സന്നിയുടെ ലക്ഷണമല്ലേ?
വൈ--സന്നിക്കും അങ്ങിനെയുണ്ടാകും. പക്ഷേ സ
ന്നിയുടെ മററു യാതൊരു ലക്ഷണവുമില്ലല്ലോ. ഏ
തായാലും ഇന്നു് ഈ കഷായം മാത്രയ്ക്കു മാത്രയ്ക്കു
കൊടുക്കട്ടെ. രാത്രി കഞ്ഞി കൊടുത്തു് ഒരു ഗുളിക
യും കൊടുക്കട്ടെ. നാളെ രാവിലെ വരാം. ഇന്നു
രോഗിയുടെ ജന്മനക്ഷത്രവുമാണല്ലോ.

വൈദ്യർ പുറത്തേക്കിറങ്ങി. ഒരു നാലഞ്ചുനിമി
ഷം കഴിയുമ്പോഴേക്കു കേശവനുണ്ണി ആശാൻ ചമ്പക
ക്കാവിൽ വന്നുചേന്നു. വളരെക്കാലമായിട്ടു് ആശാൻ
ചമ്പകക്കാവിൽ പോയിട്ടില്ലായിരുന്നു. അതിനാൽ
അന്നു് അവിടെക്കടന്നുചെന്നപ്പോൾ നാരായണൻനാ
യർക്കും മററും അദ്ദേഹത്തിൻെറ നേരെ കുറെ അധികം
താല്പര്യമായി. കോമളത്തിൻെറ രോഗം നിമിത്തം
അസ്വസ്ഥമാനസനായ നാരായണൻനായർ ആശാ
ൻെറ വരവുകൊണ്ടുള്ള സന്തോഷം നിമിത്തം പതിവി
ല്ലെങ്കിലും അന്നു് ആശാനു് ഒരു പുല്പായയെടുത്തിട്ടു
കൊടുത്തു. പ്രായം അധികരിച്ച കാരണവർ നാരാ
യണൻനായരുടെ മുമ്പിൽ കേശവനുണ്ണി ഇതുവരെയി
ലും ഇരുന്നിട്ടില്ലാത്തതിനാലും, അങ്ങിനെ തനിക്കു കാ
രണവർതന്നെ ഇരിക്കാൻ കൊടുക്കുന്ന പതിവു് അന്നു
പുതുതായിരുന്നതിനാലും ആശാൻ ഇതു കണ്ടു് അല്പ
മൊന്നു പരിഭ്രമിച്ചു.

ആശാൻ--ജ്യേഷ്ഠനെന്താണു് ഇന്നു വല്ലാതെ പരിഭ്രമി
ച്ചിരിക്കുന്നതു്?

നാരാ__കേശവനുണ്ണി. എന്റെ തലയിലെഴുത്തു് ഇങ്ങിനെയായിരിപ്പായല്ലോ. അങ്ങിനെയെങ്ങാൻ വന്നുപോയാൽ പിന്നത്തെ കഥയെന്താണു്? അയ്യോ. എനിക്കതു വിചാരിച്ചുകൂടാ!

നാരായണൻനായരുടെ സ്വരം അവ്യക്തമായി അയാളുടെ കണ്ണുകളിൽ ജലം നിറഞ്ഞു. സഹിക്കവയ്യാത്ത വ്യസനത്തോടെ അയാൾ വീണ്ടും തുടന്നുപറഞ്ഞു.

നാരാ__വൈദ്യർ ഇന്നു കഴിഞ്ഞാൽ മാത്രമേ രണ്ടാലെന്നു പറയുവാൻ കഴികയുള്ളുവെന്നല്ലെ പറഞ്ഞതു്. അയാൾക്കുകൂടി ഇത്ര പേടിയായാൽ എന്റെ കോമളത്തിന്റെ കഥയെന്താണു്? അവൾക്കു വല്ല അപായവും വന്നാൽ പിന്നെ ഞാനെന്തിനാണു ജീവിച്ചിരിക്കുന്നതു്? ചമ്പകക്കാവു തറവാട്ടു് എന്ന പേരുതന്നെ ആളുകൾ മറന്നുപോകുമല്ലോ. അവൾ എന്റെ തറവാട്ടിൽ ഒരേ ഒരു സന്തതിയല്ലെ.

ആശാൻ__നിങ്ങൾ എന്താണു വല്ലാതെ അന്ധാളിച്ചിരിക്കുന്നതായി തോന്നുന്നുവല്ലോ. രോഗം അത്ര സാരമുള്ളതായിട്ടു് എനിക്കു തോന്നുന്നില്ല.

നാരാ__നിങ്ങൾ കാണാഞ്ഞിട്ടല്ലെ. ഇതാ വരണം, അകത്തു കടന്നു നോക്കാമല്ലോ. ആരാണവിടെ? കുട്ടി! അകമൊക്കെ വൃത്തിയാക്കിയാട്ടെ. കേശവനുണ്ണിയെ കാണിച്ചാൽ രോഗത്തിന്റെ ശരിയായ സ്ഥിതി അറിയാം.

ആശാൻ__നില്ക്കട്ടെ, നില്ക്കട്ടെ. ഇപ്പോൾ ഞാൻ അകത്തു വരുന്നില്ല. ഒരുസമയം രോഗിക്കു് അതു ഹിതമല്ലെങ്കിലോ.

നാരാ__ശിവ! ശിവ! അഹിതമോ? ആശാനെ ഞങ്ങൾക്കു പ്രത്യേകം താല്പൎയ്യമല്ലേ. ഇഷ്ടമുള്ള ജനങ്ങളെ കണ്ടാൽ തന്നെ രോഗത്തിന്നു ഭേദം കാണും.

ആശാൻ__ഏതായാലും ഞാൻ ഇതാ ഈ അടുത്ത മുറിയിൽനിന്നു രോഗത്തിന്റെ സ്ഥിതി നോക്കി മനസ്സിലാക്കിക്കൊള്ളാം. എന്നെ രോഗി കാണേണ്ട.

എന്നു നാരായണൻനായരും ആശാനുംകൂടി അകത്തു കടന്നു. കോമളം കിടക്കുന്ന മുറിയുടെ അടുത്ത മുറിയിലുള്ള ജനവാതിലിൽക്കൂടി രോഗിയെ നോക്കിക്കൊണ്ടു നില്പായി. നാരായണൻനായർ എന്തോ പറയുവാൻ തുനിഞ്ഞപ്പോൾ ആശാൻ ആംഗ്യം കാട്ടി അയാളെ വിലക്കി. രോഗി എന്തോ പിറുപിറുത്തുകൊണ്ടിരുന്നതിനെ ആശാൻ ശ്രദ്ധിച്ചു കേട്ടു.

"വാഴ-വാഴ-ഒരു വാഴ-രണ്ടു വാഴ-മൂന്നു വാഴ-പിള്ളവാഴ-എഴുത്തു-എഴുത്തു-എന്റെ എഴുത്തു-ഹാഹാ-പോയി-പോയി-മതി-മതി-നിന്റെ അഹങ്കാരം-ശാരദേ-അഹങ്കാരി-രാക്ഷസി-നീയും നിന്റെ കാമുകനും-നിന്റെ ശ്ലോകക്കാരൻ-അക്ഷരശ്ലോകക്കാരനും-എന്റെ കത്താണെന്നു-കേട്ടോ-വിശക്കുന്നു അമ്മെ-ദാഹിക്കുന്നു-മരുന്നു വേണ്ടാ-വേണ്ടാ-വേണ്ടാ-അതു ഗുളികയല്ലെ-അതു വേണ്ടാ-വെള്ളം മതി-പച്ചവെള്ളം-ആശാന്റെ ക്രൂരത നോക്കു-കേശവനുണ്ണി എത്ര ദുൎമ്മാൎഗ്ഗി-അതെ-ദുൎമ്മാൎഗ്ഗി-ദുഷ്ടൻ-ഒരു പെണ്ണിനെ ചതിച്ചു-പെണ്ണൻ-അയാൾ ഈ എന്നെ-എന്നെ-എന്നെയും ഇട്ടിനെ-മതി, ശാരദെ-അഹങ്കാരം-ഗം

ഗാധരാ—നീയെങ്കിലും—എന്നെ രക്ഷിക്കുകയില്ലേ—ഈ ശാരദയുടെ കണ്ണിൽ എന്താണു—തീപ്പൊരിയൊ—അമ്മെ—ആ വെള്ളം ശാരദയുടെ കണ്ണിൽ ഒഴിച്ചേക്കണം—കൊണ്ടുവാ—ഞാനൊന്നൊഴിക്കാം—ഇതാ ഈ കണ്ണു കാണുമ്പോൾ പേടിയാകുന്നു—ഗംഗാധരാ—ഗംഗാധരാ—ഗംഗാധരാ—വാ—വാ—ഞാൻ വേറെ ഒരെഴുത്തെഴുതാം—ഇവരെന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ. നമുക്കു രണ്ടാൾക്കും പക്ഷികളെപ്പോലെ പറന്നുപോകാം—എന്നാൽ ആശാൻ വെടിവെക്കുമൊ—എന്നാൽ രണ്ടാൾക്കും മരിക്കാം."

കോമളം ഇങ്ങിനെ ഓരോരോ വാക്കുകൾ സംസാരിക്കുന്നതു കേട്ടപ്പോൾ ആശാന്റെ ഹൃദയം പിളൎന്നുപോയി. അവളുടെ വാക്കുകൾ അവ്യക്തങ്ങളെങ്കിലും, അവ ഓരോന്നും അതിനുചിതമായ ഭാവത്തോടും വികാരത്തോടുംകൂടിപ്പുറപ്പെടുന്നതു കണ്ടപ്പോൾ ആശാന്നു അത്ഭുതമായി. അവളുടെ വാക്കുകൾ ഒന്നായി ആലോചിച്ചുനോക്കിയപ്പോൾ ആശാന്റെ നയനങ്ങൾ അശ്രുപൂൎണ്ണങ്ങളായിത്തീൎന്നു.

"സൌരഭ്യമേറിയ ഒരു മനോഹരകുസുമം. അതു നന്ദനോദ്യാനതുല്യമായ ഒരു സുമവാടിയിൽ മാന്യസ്ഥാനത്തു നില്ക്കുന്നു. അത്യന്തസുന്ദരമായ ആ പുഷ്പം കാണികൾക്കൊക്കെ അത്യന്താനന്ദത്തെ നല്കുന്നു. അതു വളരെ ദൂരത്തോളം നാലുപാടും അതിന്റെ പരിമളം പരത്തുന്നു, ആ ദിവ്യപ്രസൂനത്തെ ഒരു മുണ്ടുകൊണ്ടു

കുത്തിക്കുത്തിശ്ശകലമാക്കി, മണ്ണിൽ പറിച്ചിട്ടു ചവിട്ടിത്തേക്കുകയൊ?"

"എന്റെ മോഹം എത്ര നീചമാണു്! ഞാൻ നിമിത്തമല്ലെ ഈ ലോകൈകസുന്ദരി ഇങ്ങിനെ മരണശയ്യയിൽ വീണതു്? എന്റെ പ്രേമം എത്രതന്നെ ദൃഢവും ദിവ്യവുമായിരിക്കട്ടെ. എന്റെ ധർമ്മമെന്താണു്? ലോകത്തിൽ സുന്ദരങ്ങളായ വസ്തുക്കളെ നശിപ്പിക്കുകയാണൊ? ലോകത്തിൽ സുന്ദരങ്ങളായ വസ്തുക്കൾ എവിടെയൊക്കെയാണൊ കാണ്മാനുള്ളതു, സകലജീവജാലങ്ങൾക്കും ആനന്ദത്തെ പ്രദാനം ചെയ്യുന്ന ആവക മനോഹരവസ്തുക്കളെയൊക്കെ ആരാഞ്ഞറിഞ്ഞു് അവയെ ത്രിവിധകരണങ്ങളെക്കൊണ്ടു സംഹരിച്ചു പരിത്രാണനം ചെയ്കയല്ലെ എന്റെ ധർമ്മം? പ്രകൃതിദേവിയുടെ മന്ദഹാസങ്ങളല്ലെ ലോകത്തിലെ മനോഹരവസ്തുക്കൾ. അവയെ ആരെങ്കിലും നശിപ്പിക്കാൻ തുനിയുന്നതു് അവരുടെ അജ്ഞതയെയും അഹങ്കാരത്തെയും കൊട്ടിഘോഷിക്കുകയല്ലെ. ലോകത്തിൽ സുന്ദരവസ്തുക്കളെ വർദ്ധിപ്പിച്ചു പ്രകൃതിദേവിയെക്കൊണ്ടു കൂടുതൽ മന്ദഹസിപ്പിപ്പാനല്ലെ ഞാൻ തുനിയേണ്ടതു്. ഹാ! ആ മഹാധർമ്മത്തിന്റെ മുമ്പിൽ എന്റെ മനോവേദന എന്തു സാരമാണു്!"

"കോമളത്തിന്റെ അനുരാഗമൊ? അതിന്നു ഞാനെന്തിനാണു മോഹിക്കുന്നതു്. അവൾ ഗംഗാധരാ എന്നു് എത്ര വ്യക്തമായിട്ടാണു വിളിക്കുന്നതു്. എന്നെ അവൾ എങ്ങിനെ വെറുക്കുന്നു. കുമാരനുണ്ണിയുടെ നിച

കൃത്യംകൊണ്ടാണു് അവർ എന്നെ വെറുക്കുന്നതു്. അല്ലാതെ ഞാൻ യാതൊന്നും അവൾക്കു് അഹിതം പ്രവത്തിച്ചിട്ടില്ല. പക്ഷെ എന്റെ സ്നേഹിതൻ, എന്റെ ഗുണത്തെ കാംക്ഷിച്ചിട്ടാണെങ്കിലും, ചെയ്ത നീചകൃത്യത്തിന്റെ ഫലം ഞാൻ അനുഭവിക്കാതെ കഴികയില്ലല്ലൊ. മറെറാന്നു് അധൎമ്മമാണു ഞാൻ പ്രവൎത്തിച്ചതു്. ഈ മഹാസുന്ദരിയെ സ്നേഹിച്ചതു് ഒരു തെററായിരിക്കയില്ലല്ലൊ. എന്റെ സ്നേഹം സാരമില്ല. ഗംഗാധരനും അവളും തമ്മിലുള്ള പരസ്പരാനുരാഗമാകുന്ന മദ്ധ്യാഹ്നസൂൎയ്യപ്രകാശത്തിൽ എന്റെ സ്നേഹം ഒരു മിന്നാമിനുങ്ങിയുടെ വെളിച്ചമായി തോന്നുന്നു. തീൎച്ചയായും ഇവർ അന്യോന്യം യോജിച്ചിരിക്കേണ്ടതു ന്യായവും ധൎമ്മവും ആണു്. മനസ്സേ! അടങ്ങു. ഹൃദയമേ! നീ അനുഭവിക്കുന്ന വേദന ശിഥിലമാണു്. നേരെ മറിച്ചു് അവർ രണ്ടുപേർ അനുഭവിക്കുന്ന വേദന ഓൎക്കു്."

"ഏതേതിടങ്ങളിലാണു ലോകത്തിൽ സ്വാഭാവികമായി ഐക്യത്തിന്നു് ഉത്സാഹം കാണുന്നതു്, അതതു ഏകീകരണത്തിന്നും സംബന്ധത്തിന്നും പ്രയത്നിക്കുന്നതല്ലേ പുരുഷധൎമ്മം, അഥവാ മനുഷ്യധൎമ്മംതന്നെ. ഈശ്വരചൈതന്യത്തെ അടിസ്ഥാനപ്പെടുത്തി അതിനെ അവലംബമാക്കി എന്തൊരു ദിവ്യകൎമ്മമാണൊ നടക്കുന്നതു് അതിനെ ആരാഞ്ഞറിഞ്ഞു് അതിന്നു സഹായിക്കേണ്ടതു മനുഷ്യധൎമ്മമാണു്. ശിഥിലമായ സ്വാൎത്ഥലാഭത്തിന്നു മോഹിച്ചോ, അല്പമായ എന്തോ വേദനയെ ഭയന്നൊ, ലോകത്തിന്നു് അത്യന്തം ആന-

ന്ദമായകങ്ങളായ കാൎയ്യങ്ങളെ മൂടക്കുന്നതുപോലെ മഹാപാപമെന്താണുള്ളതു്! സ്വന്തസഹായമില്ലാതെ തന്നെ നടക്കുന്ന കൎമ്മങ്ങളിൽ സഹായിക്കുന്നതു് എത്രമോഗുണകരം തന്നെ. എന്നാൽ ദൈവേച്ഛ നടക്കേണ്ട ഇടങ്ങളിൽ സഹായിക്കുകകൂടി ചെയ്താൽ അതിൻെറ ഫലം എത്ര വലുതായിരിക്കും. വിശിഷ്യ ഈ മാതിരി സംഗതികളിൽ അവരവരുടെ സഹായം രണ്ടു ഹൃദയത്തെ ആനന്ദിപ്പിപ്പാൻ പൎയ്യാപ്തമാകുന്നുണ്ടെങ്കിൽ അതിലധികം മഹത്തരമായ ഈശ്വരാരാധനമെന്താണുള്ളതു്. "ഈശ്വരൻ" എന്നാൽ ആനന്ദമല്ലാതെ മറെറന്താണു്? ആ ആനന്ദത്തെ നിലനിൎത്തിപ്പോരാൻ സദാ ത്രിവിധകരണത്തെക്കൊണ്ടും പ്രവൎത്തിക്കുന്നതല്ലേ യഥാൎത്ഥത്തിൽ ഈശ്വരാരാധനം. മനുഷ്യസമുദായത്തിൽ എന്നല്ല, പ്രാണികളുടെ സമൂഹത്തിൽ എവിടെയെല്ലാമാണോ മനോവേദനയൊ സങ്കടമൊ കാണുന്നതു് അവയെല്ലാം ആരാഞ്ഞറിഞ്ഞു് അവയുടെ നിവാരണാൎത്ഥം ആയുസ്സിനെയും, ജീവനെയും ബലികഴിപ്പാൻകൂടി സന്നദ്ധനായിരിക്കുകയാണു് എൻെറ ധൎമ്മം, എൻെറ മതം. അല്ലാതെ സന്യസിച്ചതുകൊണ്ടും വനവാസം സ്വീകരിച്ചതുകൊണ്ടും നാം ദൈവഹിതം പ്രവൎത്തിക്കുന്നില്ല. പ്രാണിജാലങ്ങളുടെ ഇടയിൽ ആനന്ദത്തെ സുസ്ഥാപിപ്പാൻ സദാ പ്രയത്നിക്കുകയാണു വാസ്തവത്തിൽ ശരിയായ ഈശ്വരാരാധന."

നാരാ—കേശവനുണ്ണി എന്താണു കുറെ നേരമായല്ലോ

മൌനം സ്വീകരിച്ചിട്ട്. എന്താണു രോഗത്തിന്റെ സ്ഥിതി മനസ്സിലായില്ലെന്നുണ്ടോ. അതെ, കുറെ പ്രയാസമാണു മനസ്സിലാക്കാൻ. അതോ കേശവനുണ്ണിക്കും കുറെ പേടിയുണ്ടോ?

ആ—സാരമില്ല. ഇതു നാളേക്കു മാറുന്നതാണ്. ഞാൻ ആലോചിച്ചേടത്തോളം ഇത് ഒരു ഭയംകൊണ്ടു വന്നതാണ്.

നാ—എന്നാൽ വൈദ്യർ ഒന്നും പറഞ്ഞില്ലല്ലോ.

ആ—വൈദ്യക്കു ഭയത്തിന്നു ചികിത്സിപ്പാനറികയില്ലല്ലോ. അതുകൊണ്ടാണ്. ഇതിന്നു് ഒരു മരുന്നേ ഉള്ളൂ. അതു ഞാൻ പറയാം.

നാ—എന്താണതു്?

ആ—അതിന്നു മുമ്പു ജ്യേഷ്ഠൻ ഒരു കാര്യം ചെയ്യേണ്ടതുണ്ടു്. നമുക്കു പുറത്തേക്കു പോകാം. ഇവിടെ രോഗിയുടെ അടുത്തുവെച്ച് ഒന്നും പറയണ്ട.

നാ—അങ്ങിനെയാകാം. ഇവിടെവെച്ചു പറയുന്നതിന്നു വിരോധമില്ല. അവൾക്ക് ഒന്നുംതന്നെ പറഞ്ഞാൽ മനസ്സിലാകാറില്ല. എന്റെ കോമളത്തിന്റെ ബോധം വീണ്ടും തിരികെ കിട്ടിയാൽ മതിയായിരുന്നു. അവൾ ഭ്രാന്തുപോലെയല്ലേ പറയുന്നതു്!

ആശാനും നാരായണൻനായരും പുറത്തിറങ്ങി. മുറ്റത്തുനിന്ന് എന്തോ കുറച്ചുനേരം സ്വകാര്യം സംസാരിച്ചു. ഒടുവിൽ ആശാൻ ചമ്പകക്കാവിൽനിന്ന് ഇറങ്ങുമ്പോൾ ശ്രീദേവിയെ രാവിലെ അയച്ചുതരുവാൻ . . .

ക്കണേ." എന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തു. കോമളത്തിൻെറ അമ്മ, കല്യാണിഅമ്മ സന്ധ്യക്ക വിളക്ക കൊളുത്തി കിഴക്കെ വരാന്തയിൽ വെച്ച "ദീപം, ദീപം" എന്നു ജ്യേഷ്ഠൻ നാരായണൻനായരെ അറിയിച്ചപ്പോൾ, അദ്ദേഹം പ്രസന്നവദനനായി തൊഴുന്നതു കണ്ടു. കല്യാണിഅമ്മ അത്ഭുതപ്പെട്ടു മുഖത്തുതന്നെ നോക്കി. അതിന്നു നാരായണൻനായർ "ആശാൻെറ യുക്തി ഫലിക്കുമെന്നാണു തോന്നുന്നത്. വൈദ്യരുടെ മരുന്നിനേക്കാൾ ആശാൻെറ യുക്തിക്കാണ് അധികം ഫലം" എന്നു പറഞ്ഞു..

## ഇരുപത്തിരണ്ടാം അദ്ധ്യായം.

### പ്രഥമശിഷ്യ.

കേശവനുണ്ണി ആശാൻ അപ്പോഴും ചിന്താമഗ്നനായിത്തന്നെയിരിക്കുന്നതേയുള്ളൂ. കോമളത്തിൻെറ രോഗനിവാരണാർത്ഥവും, അവളുടെ ആനന്ദത്തെ ആസ്ഥാപിക്കേണ്ടതിന്നും എന്തൊക്കെയാണു പ്രവർത്തിക്കേണ്ടതെന്നു കുറെ നേരം ആലോചിക്കും: ഉടനെ അദ്ദേഹത്തിൻെറ ഹൃദയത്തിൽ ദൃഢമായുന്നി നില്ക്കുന്ന അനുരാഗം അതിൻെറ ശക്തി പ്രയോഗിച്ച് ആശാനെ ഭ്ഃ വശനാക്കും. ഇങ്ങിനെ ആനന്ദമതകർത്താവും അനു

രാഗപരവശനമായി മറിമാറി കുറച്ചുനേരം കഴിച്ചു. അപ്പോഴാണു് അസാധാരണമായി ശാരദ മേലേത്താത്തറവാട്ടിൽ കടന്നുവന്നതു്. ശാരദയെ കണ്ടപ്പോൾ കേശവനുണ്ണിആശാൻ, കോമളം തലേന്നു പറഞ്ഞിരുന്ന ഓരോ വാക്കുകൾ ഓൎത്തു. ശാരദയുടെ മന്ദസ്മിതത്തിന്നു, ആശാന്റെ വിചാരവും വിഷാദവും കലൎന്ന മുഖബിംബത്തിൽ യാതൊരു ഭാവഭേദത്തെയും വരുത്തുവാൻ സാധിച്ചില്ല. അതിനാൽ അവൾ അത്ഭുതപ്പെട്ടു പറഞ്ഞു.

ശാ— ഇപ്പോഴും കോമളത്തിന്റെ കഥ വിചാരിച്ചു വ്യസനിച്ചുകൊണ്ടിരിക്കയാണെന്നു തോന്നുന്നുവല്ലൊ.

ആ— പാവം. അവൾ ഈ സ്ഥിതിയിലായതിന്നു വല്ലൊ.

ശാ— അതു കളിച്ചിട്ടു തോൎത്താതെയിരുന്നതിനാൽ നേരിട്ട ജ്വരമല്ലെ. അവളുടെ അഹങ്കാരമല്ലേ തോൎത്താതെയിരുന്നതു്.

ആ— അവൾ പറയുന്നതു ശാരദയുടെ അഹങ്കാരമാണെന്നാണു്.

ശാ— ആശാൻ അവൾ പറയുന്നതല്ലേ വിശ്വസിക്കയുള്ളു.

ആ— ശരി. ശാരദേ. ഞാൻ നിങ്ങളുടെ കുട്ടിക്കളിയിലൊന്നും ചേരുന്നില്ല. കോമളം വളരെ ക്ഷീണിച്ചിരിക്കുന്നു. അവളെ ഇന്നുതന്നെ രക്ഷിച്ചിട്ടില്ലെങ്കിൽ അവൾ അപായത്തിലായി എന്നു വരാം. അതുകൊണ്ടു വളരെ നേരം സംസാരിച്ചിരിപ്പാൻപോലും തരമില്ല

ശാ — ഇന്നലത്തെ സന്ദർശനത്തിന്റെ ഫലമാണെന്നു തോന്നുന്നു ഇതൊക്കെ. ഗംഗാധരൻ ഇവിടെ ഇല്ലാത്തതു നല്ലതരം. കുറെയൊക്കെ അനുരാഗം വിളമ്പീട്ടുണ്ടായിരിക്കും ഇന്നലെ അല്ലേ? കോമളം എന്തു സമർത്ഥയാണ്.

ആ — ഞാൻ അവളെ കണ്ടതല്ലാതെ അവൾ എന്നെ കണ്ടിട്ടുതന്നെയില്ല. ഞങ്ങൾ സംസാരിച്ചിട്ടും ഇല്ല. എനിക്ക് എന്റെ അനുരാഗത്തെപ്പറ്റി ലവലേശം ചിന്തയില്ല.

ശാ — എന്തു്?

ആ — അതെ. എന്റെ ആ മൂഢപ്രേമത്തെപ്പറ്റി ഞാൻ അത്ര ഗണിക്കുന്നില്ല.

ശാ — ശിവ ശിവ! പുരുഷന്മാരുടെ വാക്കുകൾ എങ്ങിനെയാണു വിശ്വസിക്കേണ്ടതു്. രണ്ടുദിവസംമുമ്പു കോമളത്തിന്റെ പേരും വിളിച്ചു കരഞ്ഞുകൊണ്ടിരുന്ന ആൾക്ക് ഇന്ന് അവളുടെ നേരെ പ്രേമമില്ലത്രെ

ആ — എനിക്കു പ്രേമമില്ലെന്നോ.

ശാ — ഹേ. ഇത്ര പെട്ടെന്നു മാറിയോ? ആ കോമളം — തനിത്തങ്കം — അവളുടെ സ്വഭാവവും അറിവും ഒക്കെ ഓർത്താൽ അവൾക്കു യോജിച്ച ഒരു വരൻ ഇന്ന് ആരാണ്?

ആ — ശാരദേ. നീ എന്നെ വെറുതെ വ്യസനിപ്പിക്കരുതേ. ഞാൻ അതിൽനിന്നു പിൻവലിച്ചിരിക്കുന്നു.

ശാ — അത്ഭുതം! ഇത്ര പെട്ടെന്നോ?

ആ— അതെ. അവളുടെ ഹിതത്തിന്നും, അവളുടെ ജീവസംരക്ഷണത്തിന്നും അത്ത് അത്യാവശ്യമായിരിക്കുന്നു.

ശാ— ശരി. ശരി. പക്ഷെ ഒരാൾ പിൻവലിച്ചതുകൊണ്ടായില്ലല്ലൊ.

ആ— പിന്നെ ആരാണു പിൻവലിക്കേണ്ടത്. ഗംഗാധരനോ?

ശാ— അല്ല, കുമാരേട്ടൻ.

ആ— അയാളെ ഞാൻ പിൻവലിപ്പിച്ചുകൊള്ളാം.

ശാ— എന്നാൽ ഗംഗാധരന്നു കോമളത്തെ എളുപ്പത്തിൽ കരസ്ഥമാക്കാം. ചിലൎക്കൊക്കെ വിഡ്ഢിയായിരിക്കാം. വേറെ ചിലൎക്ക നാട്ടിൽ പരിഹസിച്ചു നടപ്പാൻ ഒരു വിഷയവും ആയി.

ആ— അതെല്ലാം ഇരിക്കട്ടെ. കോമളത്തിന്റെ ജീവനെ അതുകൊണ്ടു തിരിച്ചുകിട്ടുമെങ്കിൽ ചിലൎക്ക് അതു സഹിക്കുന്നതിന്ന് എന്താണു വിരോധം?

ശാ— ഇതും അതുമായിട്ട് എന്താണു ബന്ധം, ജ്വരവും, പരിഹാസവും?

ആ— കോമളത്തിന്നു ജ്വരമല്ല. അവൾ വല്ലാതെ ഭയപ്പെട്ടിരിക്കയാണ്. അതിന്നു നീയും ഞാനും ഒക്കെ കാരണവുമാണ്.

ശാ— ഞാനൊ?

ആ— അതെ. ഞാനും. നാം ചെയ്ത പാപത്തിന്നു നാം തന്നെ പ്രായശ്ചിത്തവും ചെയ്യേണ്ടതാണ്. ഞാനറിയാതെയാണെങ്കിലും, എനിക്കുവേണ്ടി കുമാരന്റ്

ണ്ണി അവളുടെ എഴുത്തു മോഷ്ടിച്ചതും, നീ അവളെ പരിഹസിച്ചതും നിമിത്തമാണു് അവളുടെ മനസ്സിനു് ഒരു അസ്വാസ്ഥ്യവും, തന്നിമിത്തം ദേഹത്തിനു ചൂടും വന്നിട്ടുള്ളതു്. ഞാൻ ഇന്നലെ അവൾ പറയുന്നതു ശ്രദ്ധിച്ചു കേട്ടു. പാവം. എന്നെ പെണ്ണൻ എന്നും ചതിയൻ എന്നും അവൾ ബോധമില്ലാതെയിരുന്നിട്ടുപോലും ശകാരിക്കുന്നു. നിന്നെ അവൾ സ്വപ്നത്തിൽപോലും ഒരു രാക്ഷസിയെയെന്നവണ്ണം ഭയപ്പെടുന്നു. നാം രണ്ടുപേരും ഇങ്ങിനെ അവളെ ഒരു മരണശയ്യയിൽ പതിപ്പിച്ചുവല്ലൊ.

ശാ__ആശാൻ പറഞ്ഞതു കേൾക്കുമ്പോൾ എനിക്കു് ഒരു ശരം തറച്ച വേദനയാകുന്നു. ഞാൻ അന്നു വെറുതെ പരിഹസിച്ചതാണു്. അവൾ അതു് അത്ര കാര്യമായിക്കരുതുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഈശ്വരാ! ഞാൻ എന്തിനു് അതു ചെയ്തു! അയ്യോ! കോമളത്തിനെ ഒരുവിധത്തിലും ഉപദ്രവിക്കേണമെന്നു ഞാൻ മനസ്സിൽ വിചാരിക്കപോലും ചെയ്തിട്ടില്ല. അവളെ ഞാൻ സ്നേഹിക്കുന്നതു് ഈശ്വരനുതന്നെയേ അറിയാവൂ. അവൾ ഞാൻ സ്നേഹിച്ച രണ്ടാളെത്തന്നെ സ്നേഹിച്ചു...... അല്ലല്ല. അവൾ എന്നെ എത്രതന്നെ ഉപദ്രവിച്ചിട്ടും ഞാൻ അവളെ ദ്രോഹിച്ചില്ല. ഞാൻ എന്നും എന്നും അവൾക്കു ഗുണകരമായിട്ടേ ചെയ്കയുള്ളൂ. ഞാൻ എന്താണു ചെയ്യേണ്ടതു്. കോമളത്തിന്റെ രോഗം മാറാൻ ഞാൻ എന്തു ചെയ്യണം. അവളുടെ കാല്ക്കൽ വീഴട്ടെ?

ആ—വേണ്ട. വേണ്ട. ശാരദയുടെ ഈ പശ്ചാത്താപം തന്നെ നിന്റെ പാപത്തിന്നു മതിയായ പരിഹാരമാണ്. പക്ഷെ ശാരദയ്ക്കു വല്ലതും ഇക്കാൎയ്യത്തിൽ പ്രവൎത്തിക്കേണമെന്നുണ്ടെങ്കിൽ എന്നെ സഹായിച്ചാൽ മതി.

ശാ—എന്ത്?

ആ—ഞാനും അവളെ സഹായിക്കാൻ തയ്യാറായിരിക്കയാണ്. ഞാൻ ഇന്നു രാവിലെ ശ്രീദേവിയെ വരുത്തി രോഗിക്കു ഹിതമായ വൎത്തമാനങ്ങൾ ക്രമേണ പറഞ്ഞു് അവളുടെ അസ്വാസ്ഥ്യം തീൎപ്പാൻ ഏല്പിച്ചിട്ടുണ്ടു. നാരായണൻനായർ കോമളം കേൾക്കത്തക്കവണ്ണം കല്യാണിയമ്മയോടു ഗംഗാധരന്റെ വിവാഹത്തെപ്പറ്റിയും പറയും. അതുകൊണ്ടുതന്നെ രോഗത്തിന്നു കുറെ ആശ്വാസം കിട്ടും.

ശാ—ആശാന്റെ മനോഭാവം അത്ഭുതംതന്നെ.

ആ—എന്റെ പ്രേമമാണ് അതിന്നു കാരണം.

ശാ—താൻ സ്നേഹിക്കുന്ന ഒരു യുവതിയെ, താൻ സൎവ്വാത്മനാ ആരാധിക്കുന്ന ഒരു സുന്ദരിയെ, വേറൊരാൾക്കു വിവാഹംകഴിച്ചുകൊടുപ്പാൻ ഉത്സാഹിക്കുന്ന ഒരു കഥതന്നെ അത്ഭുതകരമായിട്ടാണു തോന്നുന്നതു്. അതിന്നു പുറമെ അങ്ങിനെ ചെയ്വാൻ ഒരാളെ പ്രോത്സാഹിപ്പിക്കുന്നതു് അയാളുടെ പ്രേമവുമാണത്രെ. ഇതെല്ലാം ഒരു മായയായിട്ടു തോന്നുന്നു.

ആ—ശാരദെ! ഞാൻ കോമളത്തെ സ്നേഹിക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. പക്ഷെ കോമളത്തിന്നു

ഗംഗാധരൻെറ നേരെയുള്ള അനുരാഗം, അവൾക്ക് എൻെറ നേരെയുള്ള അനുരാഗത്തെക്കാൾ കൂടുതലാണ്. ഞാൻ എൻെറ സ്വാൎത്ഥലാഭത്തിന്നു മോഹിച്ച് ഇതിൽ തുനിയുന്നതായാൽ അവളുടെയും ഗംഗാധരൻെറയും രണ്ടു ഹൃദയങ്ങൾ പൊട്ടുന്നതു് എനിക്കു കാണേണ്ടതായിട്ടാണു വരുന്നതു്. മനോവേദന എല്ലാവൎക്കും അസഹ്യമല്ലേ? എന്നുമാത്രമല്ല, ആ മനോവേദന സഹിച്ച് അന്യരുടെ മനോവേദനയെ നിരാകരിക്കുവാൻ ശ്രമിക്കുന്നവനല്ലേ ധീരൻ? എനിക്ക് അതു സഹിപ്പാൻ ധൈൎയ്യമുണ്ട്. ആ പാവം, കോമളത്തിന്നും ഗംഗാധരന്നും അതു സഹിപ്പാൻ സാധിച്ചില്ലെന്നു വരാം. എൻെറ മോഹസാദ്ധ്യത്തിന്നു രണ്ടു ഹൃദയത്തെ ബലികഴിക്കേണ്ടിവരുന്നതായാൽ അതിൽപരം പാപം എന്താണുള്ളതു്!

ശാ—ആശാൻെറ അറിവ് അത്ഭുതംതന്നെ.

ആ—എന്നുമാത്രമല്ല ഒരാളുടെ നേരെ—ഒരു സ്ത്രീയുടെ നേരെതന്നെയാകട്ടെ—യുള്ള പ്രേമം അയാളുടെ ദേഹത്തെയോ മാംസത്തെയോ കരസ്ഥമാക്കാനുള്ള ഒരു ആയുധമല്ല. പ്രേമം എന്നതു് അയാളുടേയോ അവളുടേയോ ഹിതം എന്തോ അതിന്നനുകൂലിച്ചു പ്രവൎത്തിപ്പാൻ പ്രോത്സാഹിപ്പിക്കേണ്ട ഒരു യന്ത്രം മാത്രമാണ്. ഞാൻ മരിച്ചാലാണു നിണക്കു സുഖവും സന്തോഷവുമെങ്കിൽ, ആ സുഖവും സന്തോഷവും നിണക്കു നല്കുവാൻ എന്നെ ഒരു പാഷാണക്കട്ടിയെ ശരണം പ്രാപിപ്പിക്കുന്ന ഒരു മാന്ത്രികശക്തിയാണു

പ്രേമം. എന്നുമാത്രമല്ല പ്രേമപ്പെട്ടവരുടെ ഹിതത്തിന്നും സുഖത്തിന്നും വേണ്ടി ജീവനെപ്പോലും ബലികഴിക്കുവാൻ സാധിക്കുന്നുവെങ്കിൽ അതാണു മഹാഭാഗ്യം. പ്രേമവും സ്നേഹവും ചുരുങ്ങിയ വിലക്കു വാങ്ങുവാൻ കിട്ടുകയില്ല. അനേകജന്മങ്ങളിൽപോലും ജീവനെ സസന്തോഷം ബലികഴിച്ചിട്ടു പ്രേമത്തെ അൎത്ഥിക്കുന്നവരാണു യഥാൎത്ഥത്തിൽ അതിന്റെ ശക്തി അറിഞ്ഞവർ. പ്രേമത്തിന്റെ മാൎവ്വിടം ഒരു ആനന്ദശയ്യ തന്നെയാണ്. എന്നാൽ പ്രേമത്തിന്റെ ഇരുകരങ്ങളും പാഷാണവും കട്ടാരിയുമാണ്. ആ പാഷാണവും കട്ടാരിയുംകൊണ്ടാണു പ്രേമം അതിന്റെ ചരമസേവകന്മാരെ പിടിച്ച് ആനന്ദശയ്യയാകുന്ന മാറോടണക്കുന്നത്. ശാരദേ! എനിക്കു മരിക്കേണ്ട ഭാഗ്യമില്ല. എനിക്ക് എത്രയോ ശിഥിലമായ ഒരു ത്യാഗം മാത്രമേ ഈ കാൎയ്യത്തിൽ വേണ്ടതായിട്ടുള്ളു.

ശാ—കേവലം സാധാരണമായ ജ്ഞാനമല്ലാതെ, പ്രേമത്തെപ്പററിയുള്ള ഈ ദൈവികമായ ജ്ഞാനം എനിക്ക് ഇതിന്നുമുമ്പുണ്ടായിരുന്നില്ല. ഈ നവ്യജ്ഞാനം നിമിത്തം എനിക്കും എന്റെ ജീവിതത്തെ ഒരു നൂതനപന്ഥാവിലേക്കു തിരിപ്പാൻ ആഗ്രഹം ജനിച്ചിരിക്കുന്നു.

ആ—ശാരദേ! ഞാൻ പറയുന്നതു മുഴുവൻ കേൾക്കു. ഒരു ചെറിയ ത്യാഗം നിമിത്തം എനിക്കു സിദ്ധിക്കുന്നതെന്താണെന്നാണു നീ ആലോചിക്കുന്നതു്. രണ്ടു

ഹൃദയത്തിൽ കവിഞ്ഞൊഴുകുന്ന ആനന്ദം. ആ ആനന്ദം കണ്ടുകൊണ്ടിരിപ്പാൻതന്നെ എത്ര ഭാഗ്യം വേണം. ലോകത്തിൽ എവിടെ നോക്കിയാലും സന്താപമേ കാണ്മാനുള്ളൂ. എന്നാൽ വല്ല ദിക്കിലും ആ സന്താപത്തെ നിരാകരിച്ച് ആനന്ദത്തെ ആസ്ഥാപിപ്പാൻ നമുക്കു സാധിക്കുന്നതായാൽ, അത് ആനന്ദരൂപിയായ ജഗദീശ്വരൻെറ മുഖ്യമായ ആരാധനമായിട്ടാണു കരുതേണ്ടതു്. ശാരദേ! എനിക്ക് ഇനി ലോകത്തിൽ വേറെ ഒരു മോഹവുമില്ല. ഏതേതിടത്തിലാണോ സന്താപവും മനോവേദനയും കാണുന്നതു് അതാതിടങ്ങളിൽ ചെന്ന് എന്നാൽ കഴിയുന്നവണ്ണം അതിനെ നിരാകരിക്കാനൊ, ശിഥിലീകരിപ്പാനൊ, ആനന്ദത്തെ ആസ്ഥാപിപ്പാനൊ ശ്രമിക്കുവാനാണ് ഇനി ഞാനുറച്ചിട്ടുള്ളതു്. അതാണ് എൻെറ ധൎമ്മവും എൻെറ മതവും.

ശാ—സ്വാമി.

ആ—ശാരദേ! എന്താണു സ്വാമി എന്നു വിളിക്കുന്നതു്.

ശാ—സ്വാമി! ആ മതത്തിൽ അങ്ങെ ഒന്നാമത്തെ ശിഷ്യയാണു ഞാൻ.

ആ—നീ അതിസമൎത്ഥയാണ്. നിണക്ക് ഒരു ദിവ്യഹൃദയമാണുള്ളതു്. ഒന്നാമതായി നീ കോമളത്തിൻെറ ഹൃദയപീഡയെ തീൎക്കണം.

ശാ—സ്വാമി! ഇതാ ഞാൻ അതിന്നു തയ്യാറായി. എന്താണു ചെയ്യേണ്ടതെന്നു കല്പിച്ചാലും.

ആ—കുമാരനുണ്ണിയെ ഞാൻ വശത്താക്കിക്കഴിഞ്ഞിരിക്കുന്നു. അയാൾ ഗംഗാധരനെത്തിരഞ്ഞുപോയിരി

ക്കയാണ്. അദ്ദേഹത്തെ കണ്ടുപിടിച്ചു കൊണ്ടുവരേണ്ടുന്ന ഭാരം ഞാനും കുമാരനുണ്ണിയും ഏററു. ശാരദ കോമളത്തിൻെറ രോഗത്തിൻെറ ശമനത്തിന്ന് ഉത്സാഹിക്കണം.

ശാ.— സ്വാമി! ഇതാ ഞാൻ അതിന്നു യത്നശീലയായി.

ശാരദ പുറത്തിറങ്ങിപ്പോയ ഉടനെ കേശവനുണ്ണി വീണ്ടും ചിന്താമഗ്നനായി. കെട്ടിനിൎത്തിയ വൎഷജലം പോലെയൊ, കൂട്ടിലിട്ടടച്ച കേസരിവീരനെപ്പോലെയൊ, അടക്കി ഒതുക്കിയ കേശവനുണ്ണിയുടെ പ്രേമം കരുഭാഗത്തുകൂടി വീണ്ടും പൊട്ടിപ്പുറപ്പെട്ടു. തനിക്കു നേരിട്ട നഷ്ടത്തെപ്പററിയും, തൻെറ നിൎഭാഗ്യത്തെപ്പററിയും, തൻെറ ഹൃദയത്തിൽ തറച്ച ശസ്ത്രത്തെപ്പററിയും ചിന്തിച്ചു വ്യസനം സഹിക്കവയ്യാതായി. അയാളുടെ കണ്ണുകളിൽനിന്നു സന്താപാശ്രു ഇരുകവിൾത്തടങ്ങളിൽക്കൂടിയും പ്രവഹിപ്പാൻതുടങ്ങി.

---

# ഇരുപത്തിമൂന്നാം അദ്ധ്യായം.

## വിചിത്രശലഭം

പല ഭയവും പരിഭ്രമവുമാണ് ആദ്യം തോന്നിയിരുന്നതെങ്കിലും ക്രമേണ കോമളത്തിന്നു ശാരദയുടെ വാക്കുകൾ വിശ്വാസമായി. അവളുടെ സ്വഭാവത്തിലും സംഭാഷണത്തിലും ഒരു ഗൌരവവും ശാന്തതയും സ്പഷ്ടമായി കാണാമായിരുന്നു. രാക്ഷസിയെന്നു തോ

ന്നിയിരുന്ന ശാരദയെ ഇന്നു കോമളത്തിന്നു് ഒരു സന്യാസിനിയെന്നും തോന്നാതിരുന്നില്ല. ശ്രീദേവിയും കാരണവർ നാരായണൻനായരും പറഞ്ഞിരുന്ന അതേ സന്തോഷവൎത്തമാനംതന്നെയായിരുന്നു ശാരദയും പറഞ്ഞിരുന്നതു്. നാരായണൻനായർ ഗംഗാധരന്റെ വിവാഹത്തെപ്പറ്റി സംസാരിച്ചപ്പോൾ കോമളത്തിന്റെ ജ്വരം എത്രാണ്ടു് ആശ്വാസമാവുകയും, ശ്രീദേവി അയാളുടെ സ്നേഹത്തെപ്പറ്റിയും അയാൾ ഉടനെ വരാനിടയുള്ളതിനെപ്പറ്റിയും പറഞ്ഞു ധരിപ്പിച്ചപ്പോൾ അവളുടെ സുഖക്കേടു തന്നെ ഒളിച്ചോടുകയും ചെയ്തിരുന്നുവെങ്കിൽ, അവളുടേയും ഗംഗാധരന്റേയും വിവാഹത്തിന്നുവേണ്ടി കേശവനുണ്ണിയും കുമാരനുണ്ണിയും ശാരദയും എന്തും പ്രവൎത്തിപ്പാൻ തയ്യാറാണെന്നു പറഞ്ഞപ്പോൾ കോമളത്തിന്റെ ക്ഷീണംപോലും നിശ്ശേഷം മാറിയിരുന്നു. താൻ തന്റെ യഥാൎത്ഥമിത്രങ്ങളെയാണു ശത്രുക്കളായിക്കരുതിയിരുന്നതെന്നും, തന്റെ ആലോചനക്കുറവു് എത്ര ശോചനീയമാണെന്നും വിചാരിച്ചു കോമളം അത്ഭുതപ്പെട്ടു.

കോ — ശാരദേ! ആശാനെ ഞാൻ ഒരു വികൃതിയായി ധരിച്ചതിന്നു് എനിക്കു് എന്തൊരു ശിക്ഷയാണു ഞാൻ കല്പിക്കേണ്ടതു്.

ശാ — അതിന്നു കോമളം വേണ്ട പ്രായശ്ചിത്തം ചെയ്തു കഴിഞ്ഞു. പശ്ചാത്താപംപോലെ വലുതായ പ്രായശ്ചിത്തം ഒന്നുംതന്നെയില്ല എന്നു സ്വാമി പറയാറുണ്ടു്.

കോ — ആരാണെടോ സ്വാമി?

ശാ — നാമെല്ലാം ഏറെ മുമ്പ് ആശാനാണെന്നു കരുതിയിരുന്നുവോ അയാൾ തന്നെ. ആരാണ് ഇതുവരേയും തന്റെ ദിവ്യഹൃദയത്തിലെ രഹസ്യങ്ങളെ ലൌകികകാര്യങ്ങൾകൊണ്ടു മറച്ചുവെച്ചിരുന്നതു് ആ മഹാത്മാവുതന്നെയാണു സ്വാമി. "ദയാനന്ദസ്വാമി"യും അവിടത്തെ ശിഷ്യരായ ഞങ്ങളും ഇനി ലോകോപകാരാത്ഥം ഞങ്ങളുടെ ജീവനെ വിനിയോഗിപ്പാൻ ഉറച്ചുകഴിഞ്ഞിരിക്കുന്നു. ലോകത്തിൽ ഏതേതിടങ്ങളിലാണൊ മനോവേദന കാണുന്നതു് അതതിടങ്ങളിൽ ചെന്നു് അവയെ യഥാശക്തി നിരാകരിക്കുകയാണു സ്വാമിയുടെ മതം. എന്നോട് ആദ്യമായി കോമളത്തിന്റെ രോഗം ശമിപ്പിപ്പാൻ കല്പിച്ചിരിക്കുന്നു.

ശാരദ ഒരു ദിവസം കോമളത്തിന്റെ ഹൃദയത്തിൽ തീക്കനൽ കോരിയിട്ടിരുന്നുവെങ്കിൽ, അവിടെ ഇന്നു് അവൾ കളുർപ്പൂർ ആറാടിട്ടുണ്ടു്. തന്റെ സ്നേഹിതയായിരുന്ന കോമളത്തിന്റെ രോഗശമനത്തിനു വല്ലതും തന്നാൽ ചെയ്യാൻ സാധിച്ചതിനെപ്പററി സന്തോഷിച്ചും, സ്വാമിയുടെ ഒന്നാമത്തെ ശാസനം നിവ്വിച്ചും നിറവേററിയതിൽ തന്നെത്താൻ അഭിനന്ദിച്ചും കൊണ്ടു ശാരദ അമ്പലക്കാട്ടിലെ മുററത്തു നിലാവെളിച്ചത്തിൽ അങ്ങട്ടുമിങ്ങട്ടും നടക്കുകയായിരുന്നു. ഒന്നുരണ്ടു കുറി അവൾ ആ ശീതകിരണനെ ശപിച്ചു. ചന്ദ്രി

കണ്ട് ആ വക ചേതോവികാരങ്ങൾ ജനിപ്പിപ്പാൻ സാധിക്കുന്നതു് ഒരു ന്യൂനതയായിട്ടു് ഇന്നു് ആദ്യമായിരുന്നു അവൾ കരുതിയിരുന്നതു്. ഏതായാലും ശീതകിരണനും, മന്ദമാരുതനും, അവരുടെ മലക്കാവിന്നും ഒന്നും ശാരദയെ അവളുടെ നൂതനചിന്തയിൽനിന്നു് ഒന്നു തിരിഞ്ഞുനോക്കിക്കുവാൻ പോലും സാധിച്ചില്ല. കോമളത്തിന്റെ രോഗം ശമിച്ചു. അവൾ ഗംഗാധരനെ കാത്തിരിക്കുകയാണല്ലോ. സ്വാമിയും കുമാരേട്ടനും ആയാളെ കണ്ടില്ലെന്നു വരുമോ? എന്നായിരുന്നു അവളുടെ അപ്പോഴത്തെ ആലോചന. "തന്റെ മാതാവു തന്റെ വിവാഹത്തെപ്പറ്റി പറഞ്ഞതുകൊണ്ടാണല്ലോ അയാൾ അവിടെനിന്നു പോയ്ക്കളഞ്ഞതു്. അതിനാൽ അയാൾ എങ്ങിനെയാണു തിരികെ അമ്പലക്കാട്ടിൽ വരുന്നതു് എന്നും അവൾക്കു് ഒരു ഭീതി ചേർന്നു.

അല്പസമയത്തിന്നുള്ളിൽ ആരുടെയോ ഒരു കാലടിശബ്ദം പടിവാതില്ക്കൽനിന്നും കേട്ടു. അവളുടെ ശ്രദ്ധ അതിൽ ഉറച്ചു. ആരോ ഒരാൾ പടിവാതില്ക്കൽനിന്നും അകത്തു നോക്കി തന്നെ കണ്ടപ്പോൾ മുന്നോട്ടു നീട്ടിയ തല പിന്നോട്ടു തന്നെ വലിച്ചതായിട്ടു തോന്നി. ശാരദ സധൈര്യം അങ്ങോട്ടു നടന്നു. പടിവാതിൽ തുറന്നു.

മുഷിഞ്ഞ മുണ്ടും, കീറിയ കുപ്പായവും, വിളർത്ത വദനവും, പാറിപ്പറക്കുന്ന തലമുടിയുമായി ഗംഗാധരൻ നായർ അവിടെ പടിവാതിലിന്റെ ഒരു ചുമരും പിടിച്ചു് ഒളിച്ചുനിൽക്കുന്നതാണു ശാരദ കണ്ടതു്. തേടിയ

വള്ളി കാലിൽ തടഞ്ഞതുകൊണ്ടുള്ള സന്തോഷവും, ഗംഗാധരൻനായരുടെ വേഷം കണ്ട വ്യസനവും ശാരദയെ ഒരേ നിമിഷത്തിൽ അസ്വസ്ഥയാക്കി.

ഗംഗാധരൻനായരാകട്ടെ, ചോലക്കരയിൽനിന്നു താൻ വിട്ടുപോയ സമയം മുതൽ കേവലം ഒരു ഭ്രാന്തന്റെ നിലയിൽ പല ദിക്കിലും സഞ്ചരിക്കയായിരുന്നു. കോമളത്തെക്കൂടാതെയുള്ള തന്റെ ജീവിതത്തിൽ അയാൾക്ക് അതിയായ വെറുപ്പു തോന്നി. തൽക്കാലത്തെ വല്ല ദ്വേഷ്യവും നിമിത്തം അവൾ എന്തെങ്കിലും ഒരു ഴുത്തിൽ എഴുതിയിരുന്നുവെങ്കിൽ തന്നെ അതിന്ന് അവളുടെ പരിഭവം തീർപ്പാനല്ലെ താൻ ഉത്സാഹിക്കേണ്ടതു് എന്നും കോമളത്തെ വിട്ട ജീവച്ഛവമായി നടക്കുന്നതിൽ ഭേദം കോമളത്തിനു വേണ്ടി മരിക്കുകയല്ലേ എന്നും തോന്നുകയാൽ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഗംഗാധരൻനായരുടെ കാൽ വീണ്ടും ചോലക്കരയിലേക്ക തന്നെ തിരിഞ്ഞു. കഴിയുമെങ്കിൽ ഒന്നു കോമളത്തെക്കണ്ട വീണ്ടും തന്റെ ഉദ്യോഗത്തിൽതന്നെ പോയിച്ചേരാം എന്നും ആലോചിച്ച് ചോലക്കരക്കു തിരിച്ചു. വഴിക്കുവെച്ചു വൈദ്യരുടെ മുഖത്തുനിന്നു കോമളത്തിന്റെ ദേഹാസ്വാസ്ഥ്യത്തെപ്പററിയും അറിഞ്ഞു. നേരെ അമ്പലക്കാട്ട് എത്തി ശാരദയെ ആദ്യം കാണാമെന്നു് ഉറച്ചിട്ടായിരുന്നു ഗംഗാധരൻനായർ പുറപ്പെട്ടതു്. അവിടെയെത്തിയപ്പോൾ ആദ്യം കണ്ടതു ശാരദയെയാണെന്നറിഞ്ഞു സമാധാനിച്ചു.

"ആവു. ശാരദയാണൊ. ഞാൻ ജയിച്ചു."

"ഗംഗാധരാ! വേഗം അകത്തു വരണം"

"ശാരദേ! വേണ്ട. ഞാൻ അകത്തു വരുവാൻ ഭാഗ്യവാനല്ല."

"അങ്ങിനെ പറയരുതു്. ഇതു നിങ്ങളുടെ സ്വന്തം ഗൃഹമാണു്. ഇവിടെ വരുന്നതിന്നു് ആരുടേയും സമ്മതം വേണ്ടല്ലോ."

"വേണ്ട. വേണ്ട. ഞാൻ അകത്തു വരുന്നില്ല."

"ഗംഗാധരാ! അമ്മ വല്ലതും അറിവില്ലാതേയൊ ആലോചനയില്ലാതെയോ പറഞ്ഞുപോയിട്ടുണ്ടെങ്കിൽ അതൊക്കെ നിങ്ങൾ ക്ഷമിക്കേണ്ടതല്ലേ. ഗംഗാധരന്നു ഹിതമില്ലാത്ത ഒരു കാര്യത്തിൽ ഞാൻ പ്രവേശിക്കുമോ? എന്നുതന്നെയല്ല, ഞാൻ അവിവാഹിതയായിത്തന്നെ ജന്മം മററു വിധത്തിൽ ഉപകാരപ്രദമാക്കുവാൻ നിശ്ചയിച്ചിരിക്കയാണു്."

ഗം—ഞാൻ അതൊന്നും വിചാരിച്ചിട്ടല്ല അകത്തു വരുന്നില്ലെന്നു പറഞ്ഞതു്. അകത്തു വരുന്നതു് അപായകരമാണു്.

ശാ—എന്താണപായം?

ഗംഗാ—ഇതാ, ഇതു നോക്കു. (എന്നു തൻെറ കയ്യിൽ സൂക്ഷിച്ചിട്ടുണ്ടായിരുന്ന ഓലയെടുത്തു് ശാരദയുടെ കയ്യിൽ കൊടുത്തു. ചന്ദ്രികയിൽ അവൾ അതിൽ കണ്ണോടിച്ചു.

ശാ—ഇതുകൊണ്ടാണോ ഗംഗാധരൻ ഇവിടെനിന്നു് ഓടിപ്പോയതു്.

ഗം—അതെ.

ശാ—എന്തു ഭീരുത്വം? ഇതു് ആരുടെ എഴുത്താണെന്നു് എനിക്കറിയാം. അയാൾ എന്തു കാരണംകൊണ്ടാണു് എഴുതിട്ടുള്ളതെന്നും എനിക്കറിയാം. ഇതിനെപ്പററി യാതൊന്നും ഭയപ്പെടേണ്ട. ഗംഗാധരാ, അതിന്നു ഞാൻതന്നെ ഉത്തരവാദി.

ഗം—ശാരദേ! ഞാൻ നിന്നോടു് ഒരു സ്വകാൎയ്യവൎത്തമാനം ചോദിപ്പാനാണു വന്നതു്.

ശാ—ഗംഗാധരാ! ഞാൻ ഇപ്പോൾ ഒരു സന്യാസിനിയാണു്. അതു് അദ്യം ഓൎത്തിട്ടു പിന്നെ എന്നോടു എന്തു വൎത്തമാനവും ചോദിക്കാം.

ഗം—കോമളത്തിന്റെ സുഖക്കേടു മാറുവാൻ പ്രയാസമാണോ. എന്നാൽ എനിക്കവളെ ഒരു കുറി കാണ്മാൻ സാധിക്കയില്ലേ. ആ വൈദ്യരെ ഞാൻ ഇന്നു രാവിലെ കണ്ടപ്പോൾ അയാൾ പറഞ്ഞതു കോമളം ഇന്നലെ രാത്രി കഴിച്ചതുതന്നെ പ്രയാസപ്പെട്ടിട്ടാണെന്നാണു്. അയ്യോ. എന്റെ കോമളം! എന്റെ കോമളം! നിന്നെ എനിക്കു് ഒന്നു കാണ്മാൻ സാധിക്കയില്ലേ. ശാരദേ! ഇന്നു രാത്രി തന്നെ എനിക്കു കോമളത്തെ കാണ്മാൻ—

ശാ—ഗംഗാധരാ! പരിഭ്രമിക്കരുതേ. കോമളത്തിന്റെ രോഗം നിശ്ശേഷം മാറിയിരിക്കുന്നു. അവൾ എഴുനീററു പുറത്തു തൊടിയിൽപോലും നടന്നുതുടങ്ങിയിരിക്കുന്നു.

ഗം—ഈശ്വരാ. മതി. മതി. ഇനി ഞാൻ പോകട്ടെ. ഇനി അവൾ സുഖമായിരിക്കുന്നുവെന്ന സമാധാനത്തോടെ പോകാമല്ലോ.

ശാ—എവിടത്തേക്കാണു പോകുന്നതു്?

ഗം—നാളെ രാവിലെ കോയമ്പത്തൂരേക്കു പോകണം. എൻെറ കല്പന കഴിയാറായിരിക്കുന്നു.

ശാ—പക്ഷെ ഞങ്ങളെയൊക്കെ ഇങ്ങിനെ വിട്ടുപോവുകയാണോ?

ഗം—ഇല്ല. ഞാൻ വല്ലപ്പോഴും ഇവിടെ കോമളത്തിൻെറയും നിങ്ങളുടേയും ഒക്കെ ക്ഷേമവാർത്ത അറിവാൻ വരാതിരിക്കയില്ല.

ശാ—എന്നാൽ കോമളത്തോടു യാത്ര ചോദിക്കേണ്ടേ.

ഗം—അവൾ എന്നോടു ദേഷ്യപ്പെട്ടിരിക്കയാണു്. അവൾക്കു് എന്നെ കാണുവാൻ ഹിതമുണ്ടാകയില്ല.

ശാ—കുമാരേട്ടനേയും സ്വാമിയേയും കണ്ടില്ലെന്നുണ്ടോ?

ഗം—ഏതാണു സ്വാമി?

ശാ—പണ്ടത്തെ കേശവനുണ്ണി. ഇപ്പോൾ ദയാനന്ദസ്വാമി അദ്ദേഹം സന്യസിച്ച കഥ അറിയില്ലെന്നുണ്ടോ.

ഗം—ഇല്ല.

ശാ—സന്യാസം എന്നുവെച്ചാൽ പരോപകാരാർത്ഥം ജീവനെ വിനിയോഗിക്ക എന്നു മാത്രം.

ഗം—അപ്പോൾ കോമളത്തിന്നോ?

ശാ—കോമളം ഗംഗാധരൻെറ വരവും പ്രതീക്ഷിച്ചിരിക്കയാണു്.

ഗം—ശാരദേ! നീ എന്നെപ്പരിഹസിക്കരുതേ. ഞാനനുഭവിക്കുന്ന മനോവേദന നിണക്കു നിശ്ചയമില്ല. എൻ്റെ വ്രണത്തിൽ നീ എന്തിനാണു് ഇങ്ങിനെ തീക്കൊള്ളികൊണ്ടു കുത്തുന്നതു്?

ശാ—ഗംഗാധരാ! ഞാൻ പറഞ്ഞതു് വാസ്തവമാണു്. കുമാരേട്ടനും സ്വാമിയും നിങ്ങളെ അന്വേഷിച്ചു നടക്കുകയാണു്.

പടിവാതിൽക്കൽ വീണ്ടും ആരുടെയോ ശബ്ദം കേട്ടു രണ്ടാളും തിരിഞ്ഞു നോക്കി. കുമാരനുണ്ണിയും ദയാനന്ദസ്വാമിയും അകത്തു കടക്കുന്നതു കണ്ടപ്പോൾ ശാരദയുടെ സന്തോഷം വർദ്ധിച്ചു.

ശാ—സ്വാമി! ഗംഗാധരൻനായർ ഇതാ.

സ്വാ—ശാരദേ! നീയാണു ഭാഗ്യവതി. ഞങ്ങൾ എവിടെയെല്ലാം ചുററിത്തിരിഞ്ഞു. നീയല്ലേ ആദ്യം ഗംഗാധരൻനായരെ കണ്ടെത്തിയതു്. ഇദ്ദേഹം ഇങ്ങട്ടു വന്നിട്ടുണ്ടെന്നറിഞ്ഞു ഞങ്ങൾ ഇവിടെ വന്നതാണു്.

കു—ഗംഗാധരൻനായരേ! ഞാൻ ഒരു മഹാപാപിയാണു്.

ഗം—എന്താണതു്?

കു—ഞാനാണു കോമളത്തിൻെറ ഒരു എഴുത്തു മോഷ്ടിച്ചതു്.

ഗം—ഹാ എവിടെ ആ എഴുത്തു്?

കു—അതു ഞാൻ നശിപ്പിച്ചു കളഞ്ഞു. എന്നു മാത്രമ

ല്ല, ഞാനാണ് ഒരു കാലയിൽ ഒരെഴുത്തെഴുതി നി ങ്ങളെ പേടിപ്പിച്ചതു്.

ശാ—ഈ എഴുത്തു കുമാരേട്ടന്റെ കയ്യക്ഷരമാണെന്നു് എനിക്കറിയാം. അതു് അന്നുതന്നെ എന്നെ കാ ണിച്ചിരുന്നുവെങ്കിൽ പരിഭ്രമത്തിന്നു വകയില്ലായി രുന്നു.

കു—ഈ എന്റെ ദുഷ്കർമ്മങ്ങൾക്കു പരിഹാരം ചെയ്യാൻ എന്നാൽ സാധിക്കയില്ല. അതെല്ലാം നിങ്ങൾ ക്ഷ മിക്കണം.

ഗം—അതൊക്കെ നിങ്ങൾ ചെയ്തതാണെന്നു ഞാൻ അറിഞ്ഞിട്ടും ഇല്ല. അതുകൊണ്ടു നിങ്ങളുടെ നേരെ എനിക്കു പരിഭവവും ഇല്ല.

സ്വാ—ശാരദേ! ഇനി ഇതിന്നപ്പുറത്തെ കാര്യത്തിന്നു തുനിയുകതന്നെ.

* * * * * *

ഗംഗാധരൻനായരും പത്നിയുംകൂടി അമ്പലക്കാ ടിൽ എത്തിച്ചേൎന്നു. അവിടെ ആ നവദമ്പതികളെ അനുഗ്രഹിപ്പാനൊ അവരുടെ ഒരു ദൎശനം സിദ്ധിപ്പാ നൊ വളരെ അധികം പേർ സന്നിഹിതരായിട്ടുണ്ടാ യിരുന്നു. അവരെല്ലാം യഥാസ്ഥാനത്തിലിരുന്നു. കാ രണവർ നാരായണൻനായരും കുമാരനുണ്ണിയും ഗംഗാ ധരൻനായരുംകൂടി എന്തോ ഒരു കടലാസ്സു വായിച്ചു തിരുത്തുകയും അതിനെപ്പറ്റി അഭിപ്രായം പറയുകയും ചെയ്തുകൊണ്ടിരുന്നു. കോമളമാകട്ടെ ശാരദയുടെ ചു മലിൽനിന്നു് അവളുടെ മുഖം നിവൎത്തിയതേയില്ല. അ വളുടെ അശ്രുധാരകൊണ്ടു ശാരദയുടെ ചുമലിൽ ഇട്ടി രുന്ന മുണ്ടു മുഴുവൻ നനഞ്ഞുപോയി. അവളുടെ ഹൃദ

യം അത്ര്യയധികം അസ്വാസ്ഥമായിരുന്നു. ഏതാനും നിമിഷങ്ങൾ ഇങ്ങിനെ കഴിഞ്ഞപ്പോൾ ദയാനന്ദസ്വാമിയുടെ മെതിയടിയുടെ ഒച്ച കേട്ടു് എല്ലാവരും അങ്ങോട്ടുതന്നെ നോക്കി. സ്വാമിജി ശിരസ്സു മുണ്ഡമാക്കി, കഴുത്തിൽനിന്നു തൂങ്ങി കാൽവ്വു ചുംബിക്കുന്ന ശുദ്ധധവളമായ ഒരു കുപ്പായമിട്ടു, തലയിൽ ഒരു ചെറു വസ്ത്രം അണിഞ്ഞു, കയ്യിൽ ഒരു ദണ്ഡുമായി മെതിയടിയിട്ടു വരുന്ന വരവായിരുന്നു അവരുടെയെല്ലാം ദൃഷ്ടിയെ പെട്ടെന്നാകർഷിച്ചതു്. നിശ്ശബ്ദമയമായിരുന്ന അമ്പലക്കാട്ടിലെ മുററത്തെപ്പന്തലിൽ രണ്ടുപേരുടെ ഹൃദയം തുടിക്കുന്ന ശബ്ദം കേൾക്കാമായിരുന്നു. സ്വാമി ആസനസ്ഥനായി. കോമളം, അമ്പലക്കാട്ടുപറമ്പും ഭവനവും "ദയാനന്ദനികേതന"മാക്കിത്തീക്കുവാൻ തീരുകൊടുക്കുന്ന ആ ദാനപത്രം സ്വാമിയുടെ കയ്യിൽ കൊടുത്തു നമ്രമുഖിയായി നിന്നു. അവളുടെ നയനങ്ങളിൽനിന്നു രണ്ടു മുത്തുമണികൾ അവളുടെ കാൽപടത്തിൽ പതിച്ചു. സ്വാമിയുടെ അക്ഷികളും ബാഷ്പപൂണ്ണമായിത്തീന്നു. അദ്ദേഹത്തിന്റെ ആംഗ്യത്തെ അനുസരിച്ചു ഗംഗാധരൻനായരും കോമളത്തിന്റെ അരികത്തു ചെന്നു നിന്നു. ദയാനന്ദസ്വാമി എഴുനീററു ഇരുപാണികളും നീട്ടി ആ നവദമ്പതികളെ അനുഗ്രഹിച്ചു. അവർ നീങ്ങിയതിന്നു ശേഷം ചോലക്കരക്കാരായ ജനങ്ങൾ ആബാലവൃദ്ധം ദയാനന്ദസ്വാമിയുടെ അനുഗ്രഹം വാങ്ങി. സ്വാമി, "ഈ ദയാനന്ദനികേതനം" പരോപകാരാത്ഥം പ്രവത്തിക്കുന്നവരുടെ സങ്കേതസ്ഥാനമാണു്. എവിടെ എവരുടെയാണോ മനോവേദന കാ

ണന്നത്ത് അവിടെയെല്ലാം ആ മഃനാവേദനസ്സുള്ള പരിഹാരമാകുന്ന സഹായഭേഷജം ഈ ആശ്രമത്തിൽനിന്നും പ്രവഹിക്കമാറാകട്ടെ!" എന്നു പ്രാർത്ഥിച്ചു.

അന്നു സന്ധ്യ കഴിഞ്ഞു. ചമ്പകക്കാവിലെ തൊടിയിൽ ചന്ദ്രികയിൽനിന്ന് ഇങ്ങിനെ ഒരു സംഭാഷണം കേൾക്കായി.

"ചിത്രശലഭത്തെപ്പിടിച്ച കാഴ്ചബംഗ്ലാവു സ്ഥാപിപ്പാനല്ലെ ഇവിടെ കല്പനയെടുത്തു വന്നത്. എന്താണ് അവയെപ്പിടിക്കാത്തത്. അതാ നോക്കു. എത്ര ശലഭങ്ങളാണു പറന്നു കളിക്കുന്നത്!"

"രാമനേ! മതി മതി. ഞാൻ ഒരു വലിയ നല്ല വിചിത്രശലഭത്തെ കൈവശമാക്കിട്ടുണ്ട്. ഇനി എനിക്കു വേറെ ശലഭമെന്തിനാണ്. നാം ഉടനെ കോയമ്പത്തൂർ എത്തിയാൽ, ഞാൻ കയ്യിലാക്കിയ ഈ രാമനശ്ശലഭത്തെ കാട്ടി, എൻെറ മറവുള്ള ഉദാസീനതയെയൊക്കെ സാരമില്ലാതാക്കിക്കൊള്ളാം. രാമനേ! ഇന്നത്തെ ചന്ദ്രികയ്ക്ക് എന്തോ ഒരു പ്രത്യേകം സുഖം തോന്നുണ്ട് ഇല്ലേ?"

"ആ സുഖം മനസ്സുകൊണ്ടു ഞാൻ പല കുറിയും അനുഭവിച്ചിട്ടുണ്ട്. ചന്ദ്രിക എന്നും ഇതുപോലെതന്നെയാണ്. പക്ഷെ നമ്മുടെ മനസ്സിന്നു ഭേദം വന്നിട്ടുണ്ടായിരിക്കും."

"അതെ, രാമനയുടെ അറിവും അതിശയകരം തന്നെ!

ശുഭം.

21 NOV 1953